കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

കേരള കാർഷിക സർവ്വകലാശാല

വെള്ളാനിക്കര, തൃശ്ശൂർ

ഓഡിറ്റ് റിപ്പോർട്ട്

2015-16

നമ്പർ.കെ.എസ്.എ.(എ.ജി.യു.) എ.1-613/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
കേരള കാർഷിക സർവ്വകലാശാല
ഓഡിറ്റ് കാര്യാലയം,
വെള്ളാനിക്കര, തൃശ്ശൂർ - 680 656.
ഫോൺ - 0487 2438171, 72, 73
ഇമെയിൽ- agriuty.ksad@kerala.gov.in
തിയ്യതി:

ജോയിന്റ് ഡയറക്ടർ

ദി കംപ് ട്രോളർ,
കേരള കാർഷിക സർവ്വകലാശാല,
വെള്ളാനിക്കര

സർ,

വിഷയം:- കേരള കാർഷിക സർവ്വകലാശാലയുടെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് അയക്കുന്നത് സംബന്ധിച്ച്.

കേരള കാർഷിക സർവ്വകലാശാലയുടെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു.

റിപ്പോർട്ടിലെ ബന്ധപ്പെട്ട ഖണ്ഡികകളുടെ പകർപ്പ് എല്ലാ സ്റ്റേഷൻ മേധാവികൾക്കും നൽകേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസങ്ങൾക്കകം ഇതു സംബന്ധിച്ച പരാമർശങ്ങൾക്ക് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) എന്നിവ പ്രകാരം മറുപടി നൽകുന്നതിന് താൽപര്യപ്പെടുന്നു.

വിശ്വസ്തതയോടെ,

ജോയിന്റ് ഡയറക്ടർ.

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
2. ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
3. അഗ്രി. ഫാംസ്, വകുപ്പ സെക്രട്ടറി, ഗവ.സെക്രട്ടറിയേറ്റ്, തിരുവനന്തപുരം. (ഉപരിപത്രം സഹിതം)
4. ബഹു.വൈസ് ചാൻസിലർ, കെ.എ.യു., വെള്ളാനിക്കര
5. രജിസ്ട്രാർ, കെ.എ.യു., വെള്ളാനിക്കര.
6. ഓഫീസ് കോപ്പി.

ബി.കെ.എസ്.

സൂചിക

ആമുഖം			
ഘടനാനില			
പൊതുഅവലോകനം			
ഭാഗം-1			
ധനകാര്യവും, ധനവിനിയോഗവും			
1-1		ബജറ്റ്	4
1-2		വാർഷിക കണക്ക്	4-5
1-3		ഗ്രാന്റുകളുടെ വിവരം	5
1-4		ഇയർമാർക്ക്ഡ് ഫണ്ടുകൾ	5-8
1-5		ഓഡിറ്റ് ഫീസ്	9-13
ഭാഗം-2			
വിഷയാധിഷ്ഠിത നിരീക്ഷണങ്ങൾ			
2-1	വാർഷിക കണക്ക് - അപാകതകൾ		14-21
	2-1-1	സർവ്വകലാശാല ഫണ്ട് - മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ ഫണ്ട് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.	15
	2-1-2	ഐ.സി.എ.ആർ 100%, ഐ.സി.എ.ആർ. കോ-ഓർഡിനേറ്റ് പ്രോജക്ട് (75%) എന്നീ ഫണ്ടിനങ്ങളുടെ വരവിനത്തിൽ 6,71,53,136/- രൂപ കുറവു കാണുന്നു.	15-16
	2-1-3	ഐ.സി.എ.ആർ. പ്രൊജക്ടുകളുടെ ചെലവിന്റെ 25% സർവ്വകലാശാല ഫണ്ടിൽ നിന്ന് നൽകുന്നതിലുള്ള അവ്യക്തത	16-17
	2-1-4	ഐ.സി.എ.ആർ. പ്രൊജക്ടുകളുടെ നടത്തിപ്പ് സർവ്വകലാശാലക്ക് ലഭിക്കാനുള്ളത് 8,04,71,476/- രൂപ	17
	2-1-5	തിരിച്ചറിഞ്ഞിട്ടില്ലാത്ത ഫണ്ട് (8888)	17-18
	2-1-6	ബാങ്ക് ചാർജ്ജ് ഈടാക്കൽ - ക്രമപ്രകാരമല്ല	18

	2-1-7	ആഭ്യന്തര വരവ് - സർവ്വകലാശാലാ അക്കൗണ്ടിലേക്ക് കൃത്യമായി നിക്ഷേപിക്കുന്നില്ല.	18-19
	2-1-8	ആഭ്യന്തര വരവ് - വാർഷിക കണക്കിലെയും അതിന്റെ ഷെഡ്യൂളിലേയും തുകകളിൽ വ്യത്യാസം	19
	2-1-9	എഫ്.സി.ആർ.എ. അക്കൗണ്ട് - അപാകതകൾ	19-20
	2-1-10	വിവിധ കേന്ദ്രങ്ങളിലെ വാർഷിക കണക്കുകളിലെ നീക്കിയിരിപ്പിലുള്ള അപാകതകൾ	20
	2-1-11	സർവ്വകലാശാല വാർഷിക കണക്കും, കേന്ദ്രങ്ങളിൽ തയ്യാറാക്കുന്ന കണക്കുകളും സമാന രീതിയിലല്ല	20
	2-1-12	നിർദ്ദേശങ്ങൾ	21
2-2	**ഇൻവോയ്സ് വഴിയുള്ള വിൽപ്പന (ക്രെഡിറ്റ് സെയിൽ) നിയമപരമാക്കണം**		21-24
	2-2-1	ക്രെഡിറ്റ് സെയിൽ വിൽപ്പന നിയമപരമല്ല	21-22
	2-2-2	നടപടിക്രമങ്ങളിൽ അവ്യക്തത	22
	2-2-3	ഇൻവോയ്സുകൾ വഴിയുള്ള വിൽപ്പന ഇനത്തിൽ സർവ്വകലാശാലക്ക് ലഭിക്കാനുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെടുന്നില്ല	22-24
	2-2-4	ആശങ്കകൾ	24
	2-2-5	ഓഡിറ്റ് നിർദ്ദേശങ്ങൾ	24
2-3	**മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിലെ അപാകതകൾ**		25-27
	2-3-1	മുൻകൂറുകൾ നൽകുന്നത് സംബന്ധിച്ച് Temperory Advance for specified purpose)	25-26
	2-3-2	മുൻകൂറുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച്	26-27
	2-3-3	നിർദ്ദേശങ്ങൾ	27
2-4	**സർവ്വകലാശാലയിലെ രശീതികളുടെ കമ്പ്യൂട്ടറൈസേഷൻ - പൊതുവായ അപാകതകൾ**		28-30
2-5	**വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ**		30-34
	2-5-1	റേറ്റ് കോൺട്രാക്ട് മുഖേനയുള്ള വാങ്ങലുകൾ	31-32

	2-5-2	"റിപ്പീറ്റ് ഓർഡർ" അടിസ്ഥാനമാക്കിയുള്ള വാങ്ങലുകൾ	33
	2-5-3	സ്റ്റോർ പർച്ചേസ് മാന്വൽ ലംഘിച്ചുകൊണ്ടുള്ള വാങ്ങലുകൾ	33-34
2-6	**പോളിഹൗസുകൾ/ ഗ്രീൻ ഹൗസുകൾ/ മിസ്റ്റ് ചേമ്പറുകൾ - നിർമ്മാണത്തിലെ അപാകതകൾ**		34-36
	2-6-1	അംഗീകൃത ഡാറ്റ തയ്യാറാക്കിയിട്ടില്ല	35
	2-6-2	സമാന സ്വഭാവത്തിലുള്ള നിർമ്മിതികൾക്ക് വ്യത്യസ്ത നിരക്കിലുള്ള യൂണിറ്റ് കോസ്റ്റ്	35-36
	2-6-3	നിർദ്ദേശങ്ങൾ	36
2-7	**സർവ്വകലാശാലാ ക്വാർട്ടേഴ്സ് - ലഭിക്കേണ്ടതും, ലഭിച്ചതുമായ വാടക ഉറപ്പാക്കുന്നതിലുള്ള അപാകതകൾ**		36-39
	2-7-1	ക്വാർട്ടേഴ്സ് അനുവദിച്ചുകൊണ്ടുള്ള അലോട്ട്മെന്റ് രജിസ്റ്ററുകൾ ആനുകാലികമല്ല	37
	2-7-2	ഡി.സി.ബി. തയ്യാറാക്കുന്നില്ല	37-38
	2-7-3	വാടക – പ്രത്യേക ബജറ്റ് ശീർഷകത്തിൽ ബുക്ക് ചെയ്യുന്നില്ല	38
	2-7-4	ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ	38-39
	2-7-5	വാടക രജിസ്റ്ററുകൾ അപൂർണ്ണമാണ്	39
	2-7-6	ഓഡിറ്റ് നിർദ്ദേശങ്ങൾ	39
ഭാഗം - 3			
സ്റ്റേഷൻ ഓഡിറ്റിന്റെ ഭാഗമായ നിരീക്ഷണങ്ങൾ			
3-1	**കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ആസ്ഥാന കാര്യാലയം - വെള്ളാനിക്കര**		40-45
	3-1-1	കുറഞ്ഞ നിരക്കിൽ ക്വോട്ട് ചെയ്ത ക്വട്ടേഷൻ മതിയായ കാരണങ്ങൾ കൂടാതെ തള്ളി ഉയർന്ന നിരക്കിലുള്ളത് സ്വീകരിച്ചു. 2016-ലെ കെ.എ.യു. ഡയറി അച്ചടിയിൽ 61,500/- രൂപ നഷ്ടം.	40-41

	3-1-2	2016 ലെ സർവ്വകലാശാല ഡയറി വിറ്റുവരവ് വിവരങ്ങൾ അവ്യക്തം	41-42
	3-1-3	ഡയറി അച്ചടി, പുറം കരാർ നൽകിയതിന്റെ സാധുത വ്യക്തമല്ല	42
	3-1-4	രശീതി ബുക്കുകൾ മുഴുവനായി ഉപയോഗിക്കുന്നില്ല	42-43
	3-1-5	സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം ഒടുക്കുന്നു.	43-44
	3-1-6	വാഹനങ്ങളുടെ പരിപാലനം, ലോഗ് ബുക്ക് പരിപാലനം-അപാകതകൾ	44-45
3-2	**അഗ്രിക്കൾച്ചർ കോളേജ്, വെള്ളായണി**		45-53
	3-2-1	മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 10,000/- രൂപയ്ക്ക് മുകളിലുള്ള ക്ലെയിമിന് ഡി.എം.ഒ.യുടെ പരിശോധനാ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല	45-46
	3-2-2	ഡെപ്യൂട്ടേഷൻ കാലയളവിലെ ശമ്പള കുടിശ്ശിക സർവ്വകലാശാല ഫണ്ടിൽ നിന്നും നൽകി - 3,08,774/- രൂപ നിരാകരിക്കുന്നു	46
	3-2-3	കാർഷിക കോളേജ് ഗ്രൗണ്ട് വാടകയ്ക്ക് നൽകുന്നത് - വാടക അഡ്വാൻസായി സ്വീകരിക്കുന്നില്ല	46-48
	3-2-4	കാർഷിക കോളേജ് ഗ്രൗണ്ട് വാടകയ്ക്ക് നൽകിയത് - വാടക ഇനത്തിൽ ഒടുക്കിയ തുകയിൽ കുറവ് വന്നത് - 21,300/- രൂപ ഒടുക്ക് വരുത്തേണ്ടതാണ്	48
	3-2-5	കാർഷിക കോളേജ് ഗ്രൗണ്ട് വാടകയ്ക്ക് നൽകിയത് - വാടക ഒടുക്ക് വരുത്താത്തത് - 36,750/- രൂപ ഒടുക്കേണ്ടതാണ്	49
	3-2-6	വരവ് തുക ഒടുക്കിയതിൽ 1,500/- രൂപ കുറവ്	49-50
	3-2-7	പുറത്ത് നിന്നും ക്ലാസ്സ് എടുക്കുമ്പോൾ വരുന്ന അദ്ധ്യാപകർക്ക് നൽകുവാനുള്ള ഹോണറേറിയം, ആവശ്യത്തിൽ കൂടുതൽ മുൻകൂറായി മാറി പ്രോജക്ട് ഹെഡുമാർക്ക് നൽകുന്നു. - ഈ പ്രവണത ഒഴിവാക്കണം	50
	3-2-8	അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല – 3,00,000/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്	50
	3-2-9	വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ	51

	3-2-10	കോളേജിന് തനതായി സ്റ്റോക്ക് രജിസ്റ്ററുകൾ ഇല്ല	51-52
	3-2-11	സ്റ്റേഷനറി സാധനങ്ങൾ ഒരുമിച്ച് വാങ്ങാത്തത് സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധം	52-53
	3-2-12	പത്ര പരസ്യങ്ങൾ ചെയ്യുന്നത് - പബ്ളിക് റിലേഷൻസ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല – സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം	53
3-3	**കോളേജ് ഓഫ് കോ-ഓപ്പറേഷൻ & ബാങ്കിങ്ങ്, വെള്ളാനിക്കര**		53-59
	3-3-1	ഡെവലപ്മെന്റ് ഗ്രാന്റ് ചെലവ് - അപാകതകൾ	53-55
	3-3-2	മൻക്കുറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം	55-56
	3-3-3	ഇൻസ്പക്ഷണൽ കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നില്ല	56-57
	3-3-4	മൻക്കുർ ക്രമീകരിച്ചിട്ടില്ല	57-58
	3-3-5	AMC ഏർപ്പെടുന്നതിന് കാലതാമസം നേരിട്ടത്	58-59
	3-3-6	പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല	59
3-4	**പടന്നക്കാട് അഗ്രിക്കൾച്ചറൽ കോളേജ്**		59-65
	3-4-1	ഫാം പ്രവർത്തനങ്ങളുടെ പരിശോധന സംബന്ധിച്ച്	59-61
	3-4-2	റിവോൾവിങ്ങ് ഫണ്ട് - ഫയൽ പൂർണ്ണമായി ഹാജരാക്കിയില്ല	61-62
	3-4-3	ഇൻവോയ്സുകൾ തീർപ്പാക്കുന്നതിൽ അവ്യക്തത	62-63
	3-4-4	ടെയിനീസ് ഹോസ്റ്റൽ & ഗസ്റ്റ്ഹൗസ് നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം ബാക്കിയുള്ള തുകക്ക് ഫർണിച്ചർ വാങ്ങിയത് ശരിയായ അക്കൗണ്ട് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല	63
	3-4-5	കെ.എ.യു. പ്രസ്സിൽ നിന്നും പുസ്തകം അച്ചടിച്ച് ലഭിച്ചിട്ടില്ല	63-64
	3-4-6	നിയമപ്രകാരം ഈടാക്കേണ്ട ആദായ നികുതി, മൂല്യവർദ്ധിക നികുതി എന്നിവ ഈടാക്കിയിട്ടില്ല	64-65
	3-4-7	മൻക്കുർ ക്രമീകരിക്കുന്നതിന് കാലതാമസം	65

3-5	**കോളേജ് ഓഫ് ഫോറസ്ട്രി, വെള്ളാനിക്കര.**		**65-73**
	3-5-1	യാത്രാബില്ലുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ	**65-66**
	3-5-2	പിഴ സർവ്വകലാശാലാഫണ്ടിൽ നിന്ന് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.	**66-67**
	3-5-3	ടെണ്ടർ ഫോറങ്ങളുടെ വില ഈടാക്കുന്നില്ല.	**67**
	3-5-4	യാത്രാച്ചെലവ്,ടിപ്പ് ഷീറ്റുകൾ സമർപ്പിച്ചതിലെ അപാകതകൾ	**68**
	3-5-5	കോളേജ് ഓഫ് ഫോറസ്ട്രി-സ്കീം നം.4008-ജി.ഐ.എസ്. ബേസ്ഡ് കപ്പാസിറ്റി ബിൽഡിംഗ് ഫോർ സ്പെഷ്യൽ പ്ലാനിംഗ് ഇൻ അഗ്രികൾച്ചറൽ ആന്റ് അനലൈസ്ഡ് സെക്ടേഴ്സ്-ടെണ്ടർ പരസ്യം നൽകുന്നതിനായി സർവ്വകലാശാല ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു.	**69-71**
	3-5-6	സോളാർ ഇൻവെർട്ടർ വാങ്ങി സ്ഥാപിച്ചത് - രണ്ടാമതും വാങ്ങിയതിന് നടപടിക്രമം പാലിച്ചിട്ടില്ല	**71-72**
	3-5-7	നിർമ്മാണ പ്രവൃത്തികളിൽ കേരള പൊതുമരാമത്ത് വകുപ്പ് ചട്ടം പാലിക്കുന്നില്ല	**72-73**
	3-5-8	ടെണ്ടർ/ക്വട്ടേഷൻ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല	**73**
3-6	**ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**		**73-75**
	3-6-1	വാർഷിക കണക്കിലെ വ്യത്യാസം	**73-74**
	3-6-2	പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	**74**
	3-6-3	ഹാജർ പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല	**74-75**
	3-6-4	റിപീറ്റ് ഓർഡർ പ്രകാരം വാങ്ങൽ നടത്തിയത്	**75**
3-7	**ഇൻസ്പക്ഷണൽ ഫാം, വെള്ളായണി**		**75-79**
	3-7-1	നഴ്സറിയിലേയ്ക്ക് ഇഷ്യു ചെയ്ത നടീൽ വസ്തുക്കളുടെ വിശദാംശങ്ങൾ ലഭ്യമല്ല-73,500/-രൂപ തടസ്സപ്പെടുത്തുന്നു.	**75-76**

	3-7-2	'ഹരിതശ്രീ സ്വയം സഹായ സംഘ'ത്തിന് തുക അനുവദിച്ചത്- പ്രസ്തുത സ്ഥാപനത്തിന്റെ അസൽ ബില്ലുകൾ ഹാജരാക്കിയിട്ടില്ല-12288/- രൂപ തടസ്സപ്പെടുത്തുന്നു.	76-77
	3-7-3	ക്ലാസ് IV ജീവനക്കാരനായ ശ്രീ.എസ്.അശോകന്റെ ശമ്പളപരിഷ്കരണം നടത്തിയതിൽ പിഴവുകളും അപാകതകളും - കുടിശ്ശിക തുക കൂട്ടുതലായി നൽകിയത്-4528/- രൂപ	77-79
	3-7-4	നഴ്സറി ഒബ്സർവേഷൻ രജിസ്റ്റർ പരിപാലിക്കുന്നില്ല	79
3-8	**കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് & ടെക്നോളജി, തവനൂർ**		79-85
	3-8-1	യൂണിവേഴ്സിറ്റി സെന്റർ, തവനൂർ നേരിട്ട് നടത്തുന്ന മരാമത്ത് പ്രവൃത്തികൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ക്വട്ടേഷൻ വഴി ഏല്പിച്ചു കൊടുക്കുന്നു.	79-80
	3-8-2	ഒരു ലക്ഷം മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല	80-81
	3-8-3	ക്വട്ടേഷൻ ക്ഷണിക്കാതെയുള്ള വാങ്ങൽ നടപടി - 69,000/- രൂപ തടസ്സപ്പെടുത്തുന്നു.	81
	3-8-4	മുൻകൂർ കൈപ്പറ്റി നാളിതുവരെയായിട്ടും ക്രമീകരിച്ചിട്ടില്ല	82
	3-8-5	ജീവനക്കാരുടെ അവധികൾ കൃത്യമായി ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല – അനുവദനീയമായതിലും അധികം അവധികൾ അനുവദിച്ചു.	83
	3-8-6	ഹാജർ സർട്ടിഫിക്കറ്റ് ഇല്ലാതെ വേതനം നൽകി - ക്രമവിരുദ്ധം	83
	3-8-7	ഓൺലൈൻ യു.പി.എസ്. നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ല	83
	3-8-8	പർച്ചേയ്സിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്	84-85
3-9	**സെൻട്രൽ ലൈബ്രറി, വെള്ളാനിക്കര**		85-86
	3-9-1	ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് ഇല്ല	85-86

3-10	**കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ അക്കാദമി, വെള്ളാനിക്കര**		**86-88**
	3-10-1	വാർഷിക കണക്കുകളിൽ യഥാർത്ഥ വരവ് ഉക, നീക്കിയിരുപ്പ്, മുന്നിരിപ്പ് എന്നിവ പ്രതിഫലിക്കുന്നില്ല	**86-87**
	3-10-2	സ്കോളർഷിപ്പ് അക്കൌണ്ടിൽ (ഇ-ഗ്രാന്റ്സ്) ഉക അവശേഷിക്കുന്നു.	**88**
3-11	**അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെന്റ്, COH**		**88-90**
	3-11-1	അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ്ങ് പ്രവർത്തനം - അവലോകനം	**88-90**
3-12	**എ.എം.പി.ആർ.എസ്., ഓടക്കാലി**		**90-93**
	3-12-1	സ്ഥാനക്കയറ്റത്തിനു കുടിശ്ശിക നൽകിയതു സംബന്ധിച്ച്	**90-91**
	3-12-2	ടിഷ്യുകൾച്ചർ തൈകളുടെ ഉൽപ്പാദനം - വരവിൽ കൂടുതൽ ചെലവ്	**92-93**
3-13	**അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി**		**93-95**
	3-13-1	കുളം നിർമ്മാണം - അപാകതകൾ	**93-95**
	3-13-2	ഇൻവോയ്സുകൾ തീർപ്പാക്കിയിട്ടില്ല	**95**
3-14	**കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി**		**95-96**
	3-14-1	ഫണ്ട് വകമാറ്റി ചെലവഴിച്ചു - 1,06,333/- രൂപ തടസ്സപ്പെടുത്തുന്നു	**95-96**
3-15	**ഹോർട്ടികൾച്ചർ കോളേജ്,വെള്ളാനിക്കര - ഡിപ്പാർട്ട്മെന്റ് ഓഫ് പ്ലാന്റ് ബ്രീഡിംഗ് & ജെനറ്റിക്സ്**		**96-98**
	3-15-1	ഫൈനൽ ബിൽ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല	**96-97**
	3-15-2	ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ - 4,31,550/- തടസ്സപ്പെടുത്തുന്നു.	**97-98**
3-16	**വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ**		**98-102**
	3-16-1	'AICRP on Tropical Fruits' – ഉപകരണങ്ങൾ വാങ്ങിയത് ഇൻസ്റ്റാൾ ചെയ്തിട്ടില്ല	**98-99**
	3-16-2	ലോഗ്ബുക്ക് ശരിയായി പരിപാലിക്കുന്നില്ല	**99**

	3-16-3	ട്രീ രജിസ്റ്റർ ആനുകാലികമല്ല	99
	3-16-4	തെങ്ങു കയറുന്നതിന് കൂലി നൽകിയത് - തുക തടസ്സപ്പെടുത്തുന്നു	99-100
	3-16-5	ഹാർവസ്റ്റ് രജിസ്റ്ററിലെ അപാകതകൾ	100
	3-16-6	'വാഴയിലെ ജനിതകസമ്പത്ത്' - പുസ്തകം അച്ചടിച്ച് ലഭ്യമായിട്ടില്ല	100
	3-16-7	വാർഷിക കണക്ക് - ബാങ്ക് നീക്കിയിരിപ്പിലെ വ്യത്യാസം	101
	3-16-8	ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ളാന്റിന് കൈമാറിയ തുക – പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല	101-102
3-17	**കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം**		102-112
	3-17-1	ഇൻവോയ്സ് മുഖേന വിൽപ്പന, സ്ഥാപനത്തിന് ഭീമമായ തുക വരവിനത്തിൽ ലഭിക്കാനുണ്ട്	102-104
	3-17-2	ലോഗ് ബുക്ക് പരിപാലനത്തിൽ അപാകത	104
	3-17-3	പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല	105
	3-17-4	എസ്.എച്ച്.ജി. ഗ്രൂപ്പുകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന ഇനങ്ങളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല	105
	3-17-5	ആർ.ഡി.ആർ. ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല	106
	3-17-6	ശീർഷകം മാറി ചെലവ് ചെയ്ത - 4,674/- രൂപ തടസ്സപ്പെടുത്തുന്നു	106-107
	3-17-7	മൂല്യവർദ്ധിത നികുതി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല	107
	3-17-8	ഭരണ സാങ്കേതിക അനുമതിയിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കൺസോളിഡേറ്റഡ് പേയിൽ വേതനം നൽകി - 82,950/- രൂപ നിരാകരിക്കുന്നു	107-109
	3-17-9	സർവ്വീസ് ടാക്സ് സർക്കാരിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല	109-111
	3-17-10	ഫാം സ്റ്റാഫിന് ഹോണറേറിയം അനുവദിച്ചു - 2,000/- രൂപ തടസ്സപ്പെടുത്തുന്നു	111-112

3-18	**കോക്കനട്ട് റിസർച്ച് സ്റ്റേഷൻ, ബാലരാമപുരം**		112-114
	3-18-1	കോക്കനട്ട് ഹാർവസ്റ്റ് രജിസ്റ്ററിൽ ഓരോ രജിസ്റ്ററിലേയും ആകെ തേങ്ങകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല	112
	3-18-2	ഹാച്ചിംഗ് യൂണിറ്റിലേക്ക് നൽകുന്ന മുട്ടകൾക്ക് ആനുപാതികമായ ഉൽപ്പാദനം ഉറപ്പാക്കേണ്ടതാണ്	113
	3-18-3	ബാങ്ക് ചാർജ്ജ് ഇനത്തിൽ എസ്.ബി.റ്റി ഈടാക്കിയ തുകകൾ തിരികെ വാങ്ങണം - 1064/- രൂപ	113
	3-18-4	വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ	114
3-19	**കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ**		114-116
	3-19-1	നഴ്സറി ഫാം ആവശ്യത്തിലേക്കായി ചാണകം വിതരണം ചെയ്ത വ്യക്തി വാഹനത്തിന്റെ വേയ് ബ്രിഡ്സ് രസീത് ഹാജരാക്കിയിട്ടില്ല	114
	3-19-2	മുൻകൂർ യാത്രാബത്ത - അപാകതകൾ	115-116
3-20	**ഏലം ഗവേഷണ കേന്ദ്രം, പാമ്പാടുംപാറ.**		116
	3-20-1	ഹാർവെസ്റ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.	116
3-21	**കരമന ക്രോപ്പിങ്ങ് സിസ്റ്റം റിസർച്ച് സെന്റർ**		117-123
	3-21-1	അന്തർ സംസ്ഥാന യാത്രാ-വിമാന യാത്രാബത്ത 59,635/- രൂപ തടസ്സപ്പെടുത്തുന്നു	117
	3-21-2	ടെയിനിങ്ങ് ഹാൾ - സെയിൽസ് കൗണ്ടർ നിർമ്മാണം - അപാകതകൾ	117-118
	3-21-3	KAICO-യിൽ നിന്നുമുള്ള വാങ്ങലിലെ അപാകതകൾ	118-119
	3-21-4	ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ വയറിങ്ങ് ലൈസൻസ് സർട്ടിഫിക്കറ്റ് ഉള്ള ഏജൻസിയെ ഏൽപ്പിച്ചിട്ടില്ല	119-120
	3-21-5	റേറ്റ് കോൺട്രാക്ട് ഇല്ലാത്ത സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തിയതിലെ അപാകതകൾ	120
	3-21-6	എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, ലേബർ ചാർജ്ജ് സാധന വിലയിൽ നിന്നും ഒഴിവാക്കി കാട്ടേഷൻ ഇല്ലാതെയും പ്രവർത്തി നടപ്പാക്കിയതിലെ അപാകതകൾ	120-121

	3-21-7	രജിസ്റ്ററുകളുടെ പരിപാലനം - കൂടുതൽ ശ്രദ്ധ നൽകണം	121-123
3-22	**കാഡ്ബറി - കൊക്കോ ഗവേഷണ കേന്ദ്രം, വെള്ളാനിക്കര**		123-125
	3-22-1	സ്റ്റേഷനിലെ ആർ.എഫ്. ബാങ്ക് അക്കൗണ്ടുകൾ ഒറ്റ അക്കൗണ്ടാക്കി മാറ്റിയത് - ഉപയോഗിക്കാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്	123
	3-22-2	ചികിത്സാ ചെലവ് മുൻകൂർ അനുവദിച്ചത് ക്രമീകരിച്ചിട്ടില്ല	124
	3-22-3	ക്വട്ടേഷൻ ക്ഷണിക്കാതെ ഒരേ സാധനങ്ങൾ വിവിധ ഘട്ടങ്ങളിലായി വാങ്ങിയത് ക്രമപ്രകാരമല്ല	124-125
3-23	**സെന്റർ ഫോർ പ്ലാന്റ് ബയോടെക്നോളജി ആന്റ് മോളിക്യുലാർ ബയോളജി**		125-132
	3-23-1	ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനം - ഉൽപ്പാദന ചെലവ് കൂടുതൽ	125-127
	3-23-2	റിവോൾവിങ്ങ് ഫണ്ട് - മറ്റ് പ്രൊജക്ടുകളുടെ വരവുകൾ കൂടി കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു	127-128
	3-23-3	ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനം - സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല	128
	3-23-4	വ്യത്യസ്ത ഇനം ഇഞ്ചി വിത്തുകൾ വേർതിരിക്കാതെ സ്റ്റോക്കിൽ ചേർത്ത് വിൽപ്പന നടത്തി	129
	3-23-5	എസ്റ്റിമേറ്റ് തുകയിലും അധികരിച്ച് ചെലവ് - അംഗീകാരം ലഭ്യമായിട്ടില്ല	129-130
	3-23-6	സോളാർ പ്ലാന്റ് - നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല	130-131
	3-23-7	സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ പാലിച്ചിട്ടില്ല	131-132
	3-23-8	നീക്കിയിരിപ്പ് തുക – അപാകത സംബന്ധിച്ച്	132
3-24	**ഒ.എഫ്.ആർ. സെന്റർ, എ.ആർ.എസ്. ക്യാമ്പസ്, തിരുവല്ല.**		133

	3-24-1	എസ്.ബി.റ്റി.യുമായി ഏർപ്പെട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് അക്കൗണ്ടുകളിൽ നിന്നും തുകകൾ ഈടാക്കിയിരിക്കുന്നു - തിരികെ ഈടാക്കേണ്ടതായ തുക 1563/- രൂപ	133
3-25	**ഡിപ്പാർട്ട്മെന്റ് ഓഫ് പോമോളജി ഫ്ലോറികൾച്ചർ, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**		133-136
	3-25-1	ദിവസവേതനാടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ ജോലി ചെയ്ത ദിവസങ്ങൾ വ്യക്തമാക്കിയിട്ടില്ല.	133-134
	3-25-2	കരാർ തൊഴിലാളികളുടെ നിയമനം, ക്വട്ടേഷൻ, നിയന്ത്രണസംവിധാനം എന്നിവയിലെ അപാകതകൾ	134-135
	3-25-3	ഡീസൽ ജനറേറ്ററുകൾ-വാങ്ങൽ നടപടിക്രമങ്ങൾ, പരിപാലനം, അപാകതകൾ	135-136
3-26	**പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം**		137-139
	3-26-1	തെരഞ്ഞെടുപ്പ് ദിവസത്തെ വേതനം നൽകിയതിലെ അപാകതകൾ	137-138
	3-26-2	ഇൻവോയ്സ് ക്രമീകരിക്കാത്തതു സംബന്ധിച്ച്	138
	3-26-3	പരിശീലനാർത്ഥികളിൽ നിന്നും ഈടാക്കുന്ന സർവ്വീസ് ടാക്സ് - സർക്കാരിലേക്ക് അടവാക്കിയിട്ടില്ല	138-139
3-27	**ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ, കൊട്ടാരക്കര.**		139-145
	3-27-1	മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് - വർക്ക്, ബില്ല്, എം.ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല.	139-140
	3-27-2	കുരുമുളക് നഴ്സറി സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ ശ്രദ്ധിക്കേണ്ടത്	140-141
	3-27-3	മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് നൽകിയതിലെ അപാകത 5,690/- രൂപ തടസ്സപ്പെടുത്തുന്നു	141
	3-27-4	യാത്രാബത്ത 1100/- രൂപ അധികമായി നൽകിയത് നിരാകരിക്കുന്നു.	141
	3-27-5	നഴ്സറി സ്റ്റോക്ക് രജിസ്റ്റർ, വിൽപ്പന രജിസ്റ്റർ എന്നിവയുടെ പരിപാലനത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെടുത്തുന്നു.	142

	3-27-6	കറന്റ് അക്കൗണ്ടിൽ തുകകൾ നിക്ഷേപിക്കുന്നു - പലിശ ഇനത്തിൽ ഭീമമായ നഷ്ടം	142-143
	3-27-7	സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നു.	143
	3-27-8	റബ്ബർ മരങ്ങളുടെ ടാപ്പിംഗ് ജോലികൾക്ക് കരാർ നൽകിയത്- അപാകതകൾ-മരങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നു	144
	3-27-9	വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ	145
3-28	**പ്ളാന്റേഷൻ ക്രോപ്സ് & സ്പൈസസ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**		145-150
	3-28-1	കരാർ അടിസ്ഥാനത്തിൽ piecemeal ആയി കാട്ടേഷൻ ക്ഷണിച്ചതിനാൽ ആദായനികുതി നഷ്ടം	145-150
3-29	**അഗ്രികൾച്ചറൽ മൈക്രോബയോളജി & അഗ്രികൾച്ചറൽ മെറ്റീരിയോളജി, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**		151-152
	3-29-1	ഇൻവോയ്സുകൾ തീർപ്പാക്കിയിട്ടില്ല	151
	3-29-2	UFAST ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പിൽ വ്യത്യാസം	152
3-30	**സീഡ് ടെക്നോളജി യൂണിറ്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**		152
	3-30-1	ഇൻവോയ്സുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച്	152
3-31	**എൻ.എ.ആർ.പി. വെള്ളായണി**		153-167
	3-31-1	യാത്രാ ബത്ത അനുവദിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല	153-155
	3-31-2	ഖരമാലിന്യ സംസ്കരണ പദ്ധതി - പ്രവർത്തനക്ഷമമല്ല	155-156
	3-31-3	സ്പെക്ട്രോമീറ്റർ വാങ്ങൽ നടപടികൾ - അപാകതകൾ (National Project on Management of Soil Health & Fertility Stationery Soil testing lab project)	156-157

	3-31-4	സമയബന്ധിതമായി കരാർ വച്ച് പർച്ചേസ് ഓർഡർ നൽകാത്തത് കാരണം അധിക നിരക്ക് നൽകേണ്ടി വന്നു	157-158
	3-31-5	ക്ഷാമബത്ത കുടിശ്ശിക – അധിക തുക കൈപ്പറ്റിയത് 4,535/- രൂപ നിരാകരിക്കുന്നു	158-159
	3-31-6	അഡ്വാൻസ് തുകകളുടെ തിരിച്ചടവ് യഥാസമയം നടക്കുന്നില്ല – അടിയന്തിര നടപടിയെടുക്കുന്നത് സംബന്ധിച്ച്	159-163
	3-31-7	കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960- വ്യവസ്ഥകൾ പാലിക്കാതെയുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 41,165/- രൂപ തടസ്സപ്പെടുത്തുന്നു.	163-164
	3-31-8	സിഡ്കോയിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നത് - കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധം	164
	3-31-9	രജിസ്റ്റർ ഓഫ് ടെണ്ടർ പരിപാലിക്കുന്നതിലെ അപാകതകൾ	164-165
	3-31-10	യാത്രാബത്ത ബില്ലുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ ചൂവടെ ചേർക്കുന്നു	165
	3-31-11	ഔദ്യോഗിക കാറിന് ഇന്ധനക്ഷമത കുറവ്, ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് റീ-ടെസ്റ്റ് ചെയ്യാതെ വാഹനം ഓടിച്ചതിൽ സർവ്വകലാശാലയ്ക്ക് ഭീമമായി നഷ്ടം	165-166
	3-31-12	വാഹനത്തിന്റെ ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ	166-167
3-32	**എ.ഐ.എൻ.പി. ഓൺ പെസ്റ്റിസൈഡ് റെസിജ്യു**		167-169
	3-32-1	ഉപകരണങ്ങൾ വാങ്ങിയ ശേഷം അവ സ്ഥാപിക്കുവാൻ ദീർഘമായ കാലതാമസം നേരിടുന്നു	167-168
	3-32-2	സർക്കാർ അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്ക് മെഡിക്കൽ റീ-ഇംബേഴ്സ് മെന്റ് ആനുകൂല്യം നൽകിയത് - ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല – 14,194/- രൂപ തടസ്സപ്പെടുത്തുന്നു	168-169

3-33	**കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ.**		169-174
	3-33-1	ഫണ്ട് കൈമാറുന്നതിൽ കാലതാമസം-പ്രോജക്ട് പൂർത്തീകരണം വൈകുന്നു.	169-171
	3-33-2	ബൗണ്ടറി നിർമ്മാണത്തിനായി വാങ്ങിയ എം.എസ്. ആങ്കിൾസ്, ചെയിൻ ലിങ്ക്സ് എന്നിവ ഉപയോഗിക്കാതെ കിടക്കുന്നു.	171
	3-33-3	പുസ്തകം അച്ചടിച്ചിട്ടില്ല	171
	3-33-4	പെപ്പർ സാമ്പിൾ സ്ക്രീനിംഗിനായി തുക നൽകി റിസൾട്ട് പൂർണ്ണമായും ലഭിച്ചിട്ടില്ല.	172
	3-33-5	ഹൈടെക് നഴ്സറിക്കായി പോളി ഹൗസ് നിർമ്മാണം-സെമിനാർ ഹാൾ റീമോഡലിംഗ്-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.	172
	3-33-6	കർഷകർക്ക് പച്ചക്കറിത്തൈകൾ നൽകൽ-വിതരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.	173
	3-33-7	ഉദ്പ്പാദിപ്പിച്ച കുരുമുളക് തൈകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല : 73170/- രൂപ തടസ്സപ്പെടുത്തുന്നു.	173-174
3-34	**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ**		174-188
	3-34-1	പ്രോസ്സസ്സിങ്ങ് ലാബിലെ ഉൽപ്പന്നങ്ങളുടെ വിപണനം - ഉണഭോക്താക്കൾക്ക് രശീതി നൽകുന്നില്ല	174-175
	3-34-2	ടിഷ്യുകൾച്ചർ വാഴത്തൈകളുടെ ഉൽപ്പാദനം ലാഭകരമാക്കേണ്ടതാണ്	175-177
	3-34-3	കാബേജ് - കോളിഫ്ളവർ തൈകളുടെ ഉൽപ്പാദനം - സ്റ്റോക്കിൽ രേഖപ്പെടുത്തി കാണുന്നില്ല	177-178
	3-34-4	ചാണകത്തിന്റെ ഉപയോഗം - രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ - അപാകതകൾ	178-179
	3-34-5	പോളി ഹൗസുകൾ/ഗ്രീൻ ഹൗസുകൾ/ മിസ്റ്റ് ചേമ്പർ നിർമ്മാണം - അപാകതകൾ	179-180
	3-34-6	അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല	180-181

	3-34-7	മെറ്റാലിക് ബോർഡുകൾ സ്ഥാപിച്ചത് - ക്വട്ടേഷൻ വിളിക്കാതെ തുക നൽകിയിരിക്കുന്നു	182
	3-34-8	പൂപ്പൊലി - ലൈറ്റ് & സൗണ്ട് ക്വട്ടേഷൻ വിളിച്ച് നടപ്പാക്കിയത്, അപാകതകൾ - 21,32,069/- രൂപ തടസ്സപ്പെടുത്തുന്നു	182-183
	3-34-9	ഇൻവോയ്സുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം	184-187
	3-34-10	വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല – 'പൂപ്പൊലി' 2015-16 വർഷത്തെ ഓഡിറ്റ് നടത്തിയിട്ടില്ല	187-188
	3-34-11	നീക്കിയിരിപ്പ് തുക-തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു	188
	3-34-12	മുൻവർഷം ഒടുക്കാൻ അവശേഷിച്ച LIC, IT തുകകൾ തൻവർഷവും ഒടുക്കിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.	188
3-35	**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം**		189-191
	3-35-1	സർവ്വകലാശാലയുമായി ഒപ്പിട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എസ്.ബി.റ്റി. ചാർജ്ജുകൾ ഈടാക്കിയിരുന്നു- 7,127/- രൂപ തിരികെ ഊടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.	189
	3-35-2	ചെക്ക് വഴി തുകകൾ അക്കൗണ്ടിലേക്ക് ഒടുക്കിയത് കളക്ഷനിൽ കുറവ്- 2,962/-രൂപ	189-190
	3-35-3	എസ്.ബി.റ്റി. കറന്റ് അക്കൗണ്ട് സൂക്ഷിക്കുന്നു- പലിശയിനത്തിൽ ലഭിക്കേണ്ട തുക ലഭിക്കുന്നില്ല- സർവ്വകലാശാലയ്ക്ക് ഭീമമായ നഷ്ടം.	190
	3-35-4	വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ	190-191
3-36	**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി**		191-196
	3-36-1	പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി ചെലവാക്കി	191
	3-36-2	തീർപ്പാക്കാത്ത ഇൻവോയ്സുകൾ	191-192
	3-36-3	സ്യൂഡോമോണാസ്, ട്രൈക്കോഡർമ്മ – സ്റ്റോക്കിൽ കുറവ് - 29,430/- രൂപ നഷ്ടം	192-194
	3-36-4	F D രജിസ്റ്റർ സൂക്ഷിക്കുന്നില്ല	194
	3-36-5	ക്വട്ടേഷൻ ക്ഷണിക്കാതെയുള്ള വാങ്ങലുകൾ	195

	3-36-6	നീക്കിയിരിപ്പ് തുക – അപാകതകൾ	195-196
	3-36-7	റീകൺസീലിയേഷൻ - ബാങ്ക് നീക്കിയിരിപ്പ് തുക തെറ്റ്	196
3-37	**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്**		197-199
	3-37-1	ബുക്ക് ലെറ്റ് പ്രിന്റിങ്ങിന് തുക നൽകിയത് - ബുക്ക് ലെറ്റ് ലഭിച്ചിട്ടില്ല	197
	3-37-2	ഡി.ഡി.കൾ യഥാസമയം ഹാജരാക്കിയില്ല – സർവ്വകലാശാലയ്ക്ക് നഷ്ടം 7,500/- രൂപ	197-198
	3-37-3	പദ്ധതി പ്രവർത്തനങ്ങൾക്ക് 10,00,000/- രൂപ നൽകിയെങ്കിലും പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം	198-199
3-38	**ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കായംകുളം.**		199
	3-38-1	സെയിൽസ് കൗണ്ടർ നടത്തിപ്പ് നിർദ്ദേശങ്ങൾ പാലിക്കണം	199
3-39	**റൈസ് റിസർച്ച് സ്റ്റേഷൻ, മങ്കൊമ്പ്**		200-203
	3-39-1	നെല്ല് ഗവേഷണ കേന്ദ്രത്തിലെ ബോട്ട് അറ്റകുറ്റപ്പണികൾ നടത്തിയതിലെ അപാകതകൾ	200-201
	3-39-2	കാലാവസ്ഥാ വ്യതിയാനവും വെള്ളപ്പൊക്കവും സംബന്ധിച്ച മുന്നറിയിപ്പ് നൽകാനുള്ള പദ്ധതി - ഉപയോഗത്തിൽ വരുത്തേണ്ടതാണ്.	201-203
	3-39-3	ആദായ നികുതി ഈടാക്കുന്നതിൽ കുറവ്	203
3-40	**നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില.**		203-205
	3-40-1	രശീതിന്റെ ഉപയോഗം - അപാകതകൾ	203-204
	3-40-2	ഫണ്ട് വകമാറ്റി ചെലവഴിച്ചു. 17,000/- രൂപ തടസ്സപ്പെടുത്തുന്നു.	204-205
	3-40-3	വാർഷിക കണക്കിലെ നീക്കിയിരുപ്പ്, മുന്നിരിപ്പ് തുകകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.	205
3-41	**ഓർണിത്തോളജി ഡിപ്പാർട്ട്മെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര**		205-206

	3-41-1	റിപീറ്റ് ഓർഡർ പ്രകാരം വാങ്ങൽ നടത്തിയത്	205-206
	3-41-2	അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല	206
3-42	**കുട്ടനാട് പാക്കേജ്, (അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ്ങ് പ്രോജക്ട്)**		206-208
	3-42-1	വൻ തുക ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ പാഴാക്കുന്നു	206-208
3-43	**കമ്പോസ്റ്റ് എൻറിച്ച്മെന്റ് യൂണിറ്റ്**		208-210
	3-43-1	കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഹാജർ രേഖപ്പെടുത്തുന്നില്ല	208
	3-43-2	ലേബർ കോൺട്രാക്ടറിൽ നിന്നും ഇൻകംടാക്സ് ഈടാക്കിയിട്ടില്ല	209
	3-43-3	വാർഷിക ധനകാര്യ പത്രികയിലെയും യു-ഫാസ്റ്റി-ലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല.	210
3-44	**സെൻട്രൽ നഴ്സറി, വെള്ളാനിക്കര**		210-215
	3-44-1	കന്നുകാലി ഇൻഷുറൻസ് പുതുക്കിയില്ല. നഷ്ടപരിഹാരത്തുക നഷ്ടപ്പെട്ടു	210-211
	3-44-2	ലൈവ് സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനത്തിലെ അപാകതകൾ	211-212
	3-44-3	ഗോട്ട് - ഷീപ്പുകൾക്ക് ഇൻഷുറൻസ് ഇല്ല	212
	3-44-4	ലൈവ്സ്റ്റോക്ക് ഫാമിൽ നിന്നുള്ള പാൽ വിൽപ്പന	213
	3-44-5	ഡി.എം.എസ്. രജിസ്റ്റർ പരിപാലിക്കുന്നതിലെ പോരായ്മകൾ	213
	3-44-6	രശീതി ബുക്കുകൾ, കമ്പ്യൂട്ടർ രശീതികൾ, സോഫ്റ്റ് വെയർ, ഇൻവോയ്സ് എന്നിവയിലെ പൊതു അപാകതകൾ	214-215
3-45	**ഒലേരി കൾച്ചർ ഡിപ്പാർട്ട്മെന്റ്**		215-216
	3-45-1	ഇൻവോയ്സുകൾ ക്രമീകരിച്ചിട്ടില്ല.	215-216
3-46	**സെൻട്രൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി**		216-218
	3-46-1	നാളിതുവരെ മുൻകൂർ ക്രമീകരിച്ചിട്ടില്ല – നടപടികൾ സ്വീകരിക്കേണ്ടതാണ്	216

	3-46-2	അഡ്വാൻസ് തുക കൈപ്പറ്റി മൂന്നു മാസത്തിനകം ക്രമീകരിച്ചിട്ടില്ല. പലിശ കണക്കാക്കി തിരിച്ചു പിടിക്കേണ്ടതാണ്.	217-218
3-47	**കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി.**		218-222
	3-47-1	കാട്ടേഷൻ ക്ഷണിക്കാതെയുള്ള വാങ്ങൽ നടപടികൾ-ക്രമവിരുദ്ധം	218-219
	3-47-2	നിർമ്മാണ പ്രവൃത്തി - വാറ്റ് ഈടാക്കിയിട്ടില്ല	219
	3-47-3	റിവോൾവിംഗ് ഫണ്ടുകൾ-വരവിൽ കൂടുതൽ ചെലവ്	220
	3-47-4	പൂരം സ്റ്റാൾ നടത്തിപ്പിനു നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല -35,000/-	220
	3-47-5	വാർഷിക കണക്ക് - അപാകതകൾ	221-222
3-48	**കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി പ്രസ്സ്, മണ്ണുത്തി.**		222-224
	3-48-1	സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് പ്രസ്സിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു.	222-223
	3-48-2	ഉപയോഗശൂന്യമായ ഉപകരണങ്ങൾ ലേലം ചെയ്ത് ഒഴിവാക്കേണ്ടതാണ്	223-224
3-49	**കൃഷി വിജ്ഞാന കേന്ദ്രം, അമ്പലവയൽ**		224-232
	3-49-1	വെർട്ടിക്കൽ ഗാർഡൻ നിർമ്മാണം - ആർ.കെ.വി.വൈ പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധം - 34,173/- രൂപ തടസ്സപ്പെടുത്തുന്നു	224-225
	3-49-2	താൽക്കാലിക ജീവനക്കാർക്ക് മുൻകൂറുകൾ നൽകൽ	225
	3-49-3	മുൻകൂർ ക്രമീകരിച്ചിട്ടില്ല	225-226
	3-49-4	ഇൻവോയ്സുകൾ ക്രമീകരിക്കാത്തത്	226-227
	3-49-5	യാത്രാബത്ത – അധിക തുക കൈപ്പറ്റി - 4180/- രൂപയുടെ ചെലവ് നിരാകരിക്കുന്നു	227-230
	3-49-6	ഹാജർ രേഖകൾ, മസ്റ്റർ റോളുകൾ എഴുതി സൂക്ഷിക്കുന്നില്ല. 25,150/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.	230

	3-49-7	സ്റ്റോക്ക് രജിസ്റ്ററുകളിലെ രേഖപ്പെടുത്തലുകൾ അവ്യക്തവും അപൂർണ്ണവുമാണ്	230-231
	3-49-8	ഉപകരണം വാങ്ങി ഒരു വർഷമായിട്ടും ഉപയോഗിക്കുന്നില്ല – 1,49,500/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	231
	3-49-9	വിനിയോഗ വിവരങ്ങൾ ലഭ്യമല്ല – 54,070/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു	231-232
3-50	**കൃഷി വിജ്ഞാൻ കേന്ദ്രം, പാലക്കാട്**		232-236
	3-50-1	ഡിസ് പ്ലേ സിസ്റ്റം നാളിതുവരെ ലഭിച്ചിട്ടില്ല – 59,894/- രൂപ തടസ്സപ്പെടുത്തുന്നു	232-233
	3-50-2	ഗ്രാമീണസ്ത്രീകൾക്കായി ഭക്ഷ്യ സംസ്കരണത്തിൽ ചെറുകിട സംരംഭ പദ്ധതി-വ്യാവസായിക അടിസ്ഥാനത്തിൽ ഉദ്പ്പാദനം ആരംഭിച്ചിട്ടില്ല.	233-235
	3-50-3	കാലഹരണപ്പെട്ടതും, അറ്റകുറ്റപ്പണികൾ ആവശ്യമായതുമായ ഉകരണങ്ങൾ സ്റ്റോക്കിൽ സൂക്ഷിക്കുന്നു.	235-236
	3-50-4	ആവശ്യത്തിൽ കൂടുതൽ സോയിൽ ഹെൽത്ത് കാർഡ് അച്ചടിച്ച് സ്റ്റോക്ക് ചെയ്ത - അധിക ചെലവ് 7,850/- രൂപ	236
3-51	**കൃഷി വിജ്ഞാൻ കേന്ദ്രം, കണ്ണൂർ**		237-239
	3-51-1	ഇൻവോയ്സുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച്	237-238
	3-51-2	സ്കീമുകൾക്കായി ഡിജിറ്റൽ ആൽബം, പുസ്തകം അച്ചടിക്കൽ എന്നിവക്കായി തുക ചെലവഴിച്ചെങ്കിലും, ആൽബവും പുസ്തകവും ലഭ്യമാക്കിയില്ല	239
3-52	**കൃഷി വിജ്ഞാന കേന്ദ്രം, കോട്ടയം**		239-240
	3-52-1	മുൻകൂർ തുക ക്രമീകരിച്ചിട്ടില്ല – തുക പലിശ സഹിതം ഈടാക്കേണ്ടതാണ്	239-240
	3-52-2	വൈദ്യുതി, ടെലഫോൺ ബില്ലുകൾ അടവ് രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	240

3-53	**കൃഷി വിജ്ഞാൻ കേന്ദ്രം, മലപ്പുറം**		240-241
	3-53-1	പച്ചക്കറി കൃഷിക്കുള്ള സ്ഥിര പന്തൽ നിർമ്മാണം - അപാകതകൾ	240-243
	3-53-2	ക്വട്ടേഷൻ തൊഴിലാളികളുടെ പ്രവൃത്തി മൂല്യം രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല	243-244
	3-53-3	ക്വട്ടേഷൻ/ടെണ്ടർ വിളിക്കാതെ രാസവസ്തുക്കൾ വാങ്ങിയത്	244-246
	3-53-4	ഇൻവോയ്സുകൾ തീർപ്പാക്കിയിട്ടില്ല:	247
	3-53-5	റിവോൾവിങ്ങ് ഫണ്ട് - ബാങ്ക് നീക്കിയിരിപ്പിൽ വ്യത്യാസം	248
3-54	**കൃഷി വിജ്ഞാൻ കേന്ദ്രം, തൃശ്ശൂർ**		248-251
	3-54-1	റിവോൾവിങ്ങ് ഫണ്ടിൽ നിന്ന് എസ്.എച്ച്.ജി.കൾക്ക് സെക്യൂരിറ്റി ചാർജ്ജസ് നൽകിയത് അംഗീകരിക്കുന്നില്ല – 62,400/- രൂപ തടസ്സപ്പെടുത്തുന്നു	248-249
	3-54-2	വാഹന മെയിന്റനൻസ് സംബന്ധിച്ച്	249-250
	3-54-3	സ്റ്റേറ്റ് പ്ലാൻ പ്രൊജക്ട് - പൂർത്തിയാക്കിയിട്ടില്ല – 9,86,420/- രൂപ തടസ്സപ്പെടുത്തുന്നു	250-251
3-55	**ആറ്റിക്, മണ്ണുത്തി**		251-258
	3-55-1	സ്റ്റോക്ക് രജിസ്റ്ററിലെ അപാകത – പ്രാഥമിക പരിശോധനയിൽ 11,56,714/- രൂപയുടെ മൂല്യം വരുന്ന വിത്തുകളുടെ വിപണനത്തിന്റെ ആധികാരികത വ്യക്തമായിട്ടില്ല	251-255
	3-55-2	ക്യാൻസൽ ചെയ്ത കമ്പ്യൂട്ടർ രശീതികൾ - ഒറിജിനൽ സൂക്ഷിക്കുന്നില്ല	256
	3-55-3	ഗുണഭോക്താക്കൾക്ക് രശീതി (ടി.ആർ.5) നൽകുന്നില്ല	256
	3-55-4	വാട്ടർ മാനേജ്മെന്റ് സെന്റർ വെള്ളാനിക്കരയിൽ നിന്നും മണ്ണ് കൊണ്ടുവന്നതു സംബന്ധിച്ച്	257-258
	3-55-5	നഴ്സറി ഷെഡ്, പോളി ഹൗസ് എന്നിവയുടെ നിർമ്മാണം സംബന്ധിച്ച്	258

3-56	**കൃഷി വിജ്ഞാന കേന്ദ്രം, കൊല്ലം**		258-260
	3-56-1	വാഹനത്തിന്റെയും, ലോഗ് ബുക്ക് പരിപാലനത്തിലെയും അപാകതകൾ	258-259
	3-56-2	വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ	259-260
	3-56-3	ബാങ്ക് ചാർജ്ജ് ഇനത്തിൽ എസ്.ബി.റ്റി. ഇകകൾ ഈടാക്കിയിരിക്കുന്നു - മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിങ്ങിന് വിരുദ്ധം	260
3-57	**വെള്ളിമാടുംകുന്ന് ഇൻഫർമേഷൻ-കം-സെയിൽസ് സെന്റർ, കോഴിക്കോട്**		260-262
	3-57-1	ടിപ്പ്ഷീറ്റുകൾ ലഭ്യമാക്കിയിട്ടില്ല	260-261
	3-57-2	രശീതികൾ ലഭ്യമാക്കിയിട്ടില്ല	261-262
3-58	**ഡി.പി.പി. ഓഫീസ്, വെള്ളാനിക്കര**		262-267
	3-58-1	ഫർണിച്ചർ പർച്ചേസ്-സ്റ്റോർ പർച്ചേസ് മാന്വൽ-നടപടിക്രമങ്ങൾ പാലിച്ചില്ല.	262-263
	3-58-2	ഡിപ്പാർട്ട്മെന്റൽ എർത്ത് ഫില്ലിംഗ് - കൺവെയൻസ് നൽകിയത് - ചെലവ് നഷ്ടം-8973/- രൂപ	263-264
	3-58-3	സർവ്വകലാശാലാ ക്വാർട്ടേഴ്സ് - വാടക രജിസ്റ്റർ പരിശോധനയിലെ അപാകതകൾ	265-266
	3-58-4	ആസ്തി രജിസ്റ്റർ കാലികമല്ല.	266-267
3-59	**എഞ്ചിനീയറിങ്ങ് ഡിവിഷൻ, തവനൂർ**		267-268
	3-59-1	എഞ്ചിനീയറിങ്ങ് ഡിവിഷന്റെ വർക്കുമായി ബന്ധപ്പെട്ടുള്ള വാർഷിക കണക്ക് യു-ഫാസ്റ്റുമായി ബന്ധപ്പെടുത്തിയിട്ടില്ല	267
	3-59-2	ഇ-ടെണ്ടർ നടപ്പാക്കിയില്ല	267
	3-59-3	ഡ്രൈയിങ്ങ് യാർഡ് നിർമ്മാണം - അധികസ്ഥലത്ത് കടപ്പക്കല്ല് വിരിച്ചത് - 3,678/- രൂപ നിരാകരിയ്ക്കുന്നു	268

3-60	**മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര.**		269-274
	3-60-1	മെക്കാനിക്കൽ വർക്ഷോപ്പ്-ഭീമമായ കുടിശ്ശിക-ഈടാക്കുന്നില്ല.	269-272
	3-60-2	ഇന്ധനക്ഷമതയില്ലാത്തതും പ്രവൃത്തിക്കാത്തതുമായ വാഹനങ്ങൾ ലേലംചെയ്യുവാൻതീരുമാനമെടുത്തത്-നാളിതുവരെ തുടർനടപടികൾ സ്വീകരിച്ചിട്ടില്ല	272-273
	3-60-3	മെക്കാനിക്കൽ വർക് ഷോപ്പ്-വരവു തുകകൾക്ക് ക്യാഷ് രസീതി നൽകുന്നില്ല	273
	3-60-4	സ്ഥിരം തൊഴിലാളിയുടെ ശമ്പളനിർണ്ണയം-അപാകതകൾ	274
3-61	**എഞ്ചിനീയറിംഗ് ഡിവിഷൻ. കുമരകം.**		274-275
	3-61-1	മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് അനുവദിച്ചത്-ചട്ടങ്ങൾ പാലിച്ചിട്ടില്ല	274-275
3-62	**എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ, കുമരകം**		275
	3-62-1	മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്	275
3-63	**കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി എസ്റ്റേറ്റ്, വെള്ളാനിക്കര.**		276
	3-63-1	സർവ്വകലാശാല ഭൂമിയിലെ റബ്ബർ മരങ്ങളുടെ റെഗുലർ/സ്പോട്ടർ ടാപ്പിംഗ്-ലേലത്തുക അടയ്ക്കാൻ ബാക്കിയുള്ളതേ സംബന്ധിച്ച്	276
ഭാഗം-4			
പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും			
4-1	**ഫണ്ടുകളുടെ വിവരം**		277-280
4-2	**ഓഡിറ്റ് പ്രത്യവലോകനം**		277-280
	4-2-1	സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരം	277-280
	4-2-2	കേന്ദ്ര സംസ്ഥാന സർക്കാറുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം	280
അനുബന്ധം 1		വാർഷിക കണക്ക്	281-284
അനുബന്ധം 2		നോൺ പ്ലാൻ	285

അനുബന്ധം 3	പ്ളാൻ	**286**
അനുബന്ധം 4	ഐ.സി.എ.ആർ.75% ഫണ്ട് വിശദാംശങ്ങൾ	**287**
അനുബന്ധം 5	ഐ.സി.എ.ആർ. 100% ഫണ്ട് വിശദാംശങ്ങൾ	**288**
അനുബന്ധം 6	ബാഹ്യ ഏജൻസികളുടെ സഹായത്തോടെയുള്ള മറ്റ് പദ്ധതികൾ	**289-292**
അനുബന്ധം 7	സ്ഥാപനം തിരിച്ചുള്ള തനത് വരുമാന വിശദാംശങ്ങൾ	**293-294**
അനുബന്ധം 8	സ്റ്റേഷൻ ചെലവു വിവരങ്ങൾ	**295-301**
അനുബന്ധം 9	31-03-2016-ലെ ഡീറ്റെയിൽസ് ഓഫ് എഫ്.ബി.എസ്. ഫിക്സഡ് ഡെപ്പോസിറ്റ്സ് അറ്റ് സബ് ട്രഷറി, തൃശ്ശൂർ	**302-303**
അനുബന്ധം10	31-03-2016-ലെ ഡീറ്റെയിൽസ് ഓഫ് ഡബ്ളിയു.എഫ്. എസ്. ഫിക്സഡ് ഡെപ്പോസിറ്റ്സ് അറ്റ് സബ് ട്രഷറി, തൃശ്ശൂർ	**304**
അനുബന്ധം 11	31-03-2016-ലെ ഡീറ്റെയിൽസ് ഓഫ് ഡബ്ളിയു.എഫ്. ബി.എസ്. ഫിക്സഡ് ഡെപ്പോസിറ്റ്സ് അറ്റ് സബ് ട്രഷറി, തൃശ്ശൂർ	**305**
അനുബന്ധം 12(1)	2015-16 വർഷത്തെ പ്രൊജക്ടുകൾക്ക് വിനിയോഗ സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ - ഐ.സി.എ.ആർ. കോ-ഓർഡിനേറ്റഡ് പ്രോജക്ട്സ് - 75% - ഡീറ്റെയിൽസ് ഓഫ് എ.യു.സി.	**306-309**
അനുബന്ധം 12(2)	2015-16 വർഷത്തെ പ്രൊജക്ടുകൾക്ക് വിനിയോഗ സാക്ഷ്യപത്രം നൽകിയതിന്റെ വിശദാംശങ്ങൾ - ഐ.സി.എ.ആർ. കോ-ഓർഡിനേറ്റഡ് പ്രോജക്ട്സ് - 100% - ഡീറ്റെയിൽസ് ഓഫ് എ.യു.സി.	**310**
അനുബന്ധം 12(3)	അദർ എക്സ്റ്റേണൽ എയ്ഡഡ് പ്രോജക്ട്സ് - ഡീറ്റെയിൽസ് ഓഫ് എ.യു.സി.	**311-313**
അനുബന്ധം 12(4)	ജി.ഒ.കെ.പ്രോജക്ട്സ് - 2015-16	**314-319**
അനുബന്ധം 13	ഡി.ഡി.ഒ.-മാരുടെ ലിസ്റ്റ്	**320-323**
അനുബന്ധം 14	എൻഡോവ്മെന്റുകളുടെ പട്ടിക	**324-327**

സർവ്വകലാശാലയുടെ അധികാരസ്ഥാനങ്ങൾ

ഘടനാ നില

ജനറൽ കൗൺസിൽ

എക്സിക്യൂട്ടീവ് കമ്മീറ്റി

അക്കാദമിക് കൗൺസിൽ

ഫാക്കൽട്ടികൾ

ഓരോ ഫാക്കൽട്ടിക്കുമുള്ള ബോർഡ് ഓഫ് സ്റ്റഡീസ്

സ്റ്റാറ്റ്യൂട്ട് പ്രകാരം നിശ്ചയിക്കുന്ന മറ്റു ബോഡികൾ

സർവ്വകലാശാലയ്ക്ക് കീഴിലുള്ള സ്ഥാപനങ്ങൾ

കോളേജുകൾ

അഗ്രിക്കൾച്ചറൽ കോളേജ്, വെള്ളായണി.
കോ-ഓപ്പറേഷൻ ബാങ്കിങ്ങ് & മാനേജ്മെന്റ് കോളേജ്, വെള്ളാനിക്കര
അഗ്രിക്കൾച്ചറൽ കോളേജ്, പടന്നക്കാട്
ഫോറസ്ട്രി കോളേജ്, വെള്ളാനിക്കര
ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് & ടെക്നോളജി, തവനൂർ
അക്കാദമി ഓഫ് ക്ലൈമറ്റ് ചെയ്ഞ്ച് എജ്യുക്കേഷൻ ആന്റ് റിസർച്ച്, വെള്ളാനിക്കര

ഗവേഷണ കേന്ദ്രങ്ങൾ

അരോമാറ്റിക് ആന്റ് മെഡിസിനൽ പ്ലാന്റ്സ് റിസർച്ച് സ്റ്റേഷൻ, ഓടക്കാലി
അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി
കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി
വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ
അഗ്രിക്കൾച്ചറൽ റിസർച്ച് സ്റ്റേഷൻ, ആനക്കയം
കോക്കനട്ട് റിസർച്ച് സ്റ്റേഷൻ, ബലരാമപുരം
കാഷ്യു റിസർച്ച് സ്റ്റേഷൻ, മാടക്കത്തറ
കാർഡമം റിസർച്ച് സ്റ്റേഷൻ, പാമ്പാടുംപാറ
ക്രോപ്പിങ്ങ് സിസ്റ്റംസ് റിസർച്ച് സെന്റർ, കരമന
കൊക്കോ റിസർച്ച് സെന്റർ (സി.സി.ആർ.പി.), വെള്ളാനിക്കര
ഇ.സി.എഫ്. യൂണിറ്റ്, തിരുവല്ല
പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം
ഫാമിങ്ങ് സിസ്റ്റംസ് റിസർച്ച് സ്റ്റേഷൻ, സദാനന്ദപുരം
കുരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി
പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്
ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കായംകുളം
റൈസ് റിസർച്ച് സ്റ്റേഷൻ, മങ്കൊമ്പ്
റൈസ് റിസർച്ച് സ്റ്റേഷൻ, വൈറ്റില
കാർഷിക ഗവേഷണ കേന്ദ്രം, തിരുവല്ല

മറ്റ് സ്ഥാപനങ്ങൾ

കെ.എ.യു. ഹെഡ്ക്വാർട്ടേഴ്സ്, വെള്ളാനിക്കര
ഇന്റേണൽ ഓഡിറ്റ് സർക്കിൾ (എൻ.ആർ.), കോഴിക്കോട്
ഇന്റേണൽ ഓഡിറ്റ് സർക്കിൾ (എസ്.ആർ.), വെള്ളായണി
കെ.എ.യു. സ്കൂൾ, വെള്ളാനിക്കര
ഇൻസ്ട്രക്ഷണൽ ഫാം, വെള്ളാനിക്കര
ഇൻസ്ട്രക്ഷണൽ ഫാം, വെള്ളായണി
സെന്റർ ഫോർ ഇ-ലേണിങ്ങ് ഇൻ അഗ്രിക്കൾച്ചർ
യൂണിവേഴ് സിറ്റി ലൈബ്രറി, വെള്ളാനിക്കര
ഡയറക്ടർ ഓഫ് എക്സ്റ്റൻഷൻ
സെൻട്രൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി
കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി
കെ.എ.യു. പ്രസ്സ്, മണ്ണുത്തി
സബ് സെന്റർ ഓഫ് ആർ.എ.ആർ.എസ്. പീലിക്കോട്, മഞ്ചേശ്വർ
ആറ്റിക്, മണ്ണുത്തി
ഇൻഫർമേഷൻ കം സെയിൽസ് സെന്റർ, കോഴിക്കോട്
ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ പ്ളാന്റ്, വെള്ളാനിക്കര
എഞ്ചിനീയറിങ്ങ് ഡിവിഷൻ, കുമരകം
എഞ്ചിനീയറിങ്ങ് ഡിവിഷൻ, തവനൂർ
എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ, മണ്ണുത്തി
എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ, വെള്ളാനിക്കര
എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ, വെള്ളായണി
മെക്കാനിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെള്ളായണി
ഇലക്ട്രിക്കൽ സബ് ഡിവിഷൻ, വെള്ളാനിക്കര
എഞ്ചിനീയറിങ്ങ് സബ് ഡിവിഷൻ, കുമരകം
കെ.എ.യു. എസ്റ്റേറ്റ്

കൃഷി വിജ്ഞാന കേന്ദ്രങ്ങൾ

കൃഷി വിജ്ഞാന കേന്ദ്രം, വയനാട്
കൃഷി വിജ്ഞാന കേന്ദ്രം, പാലക്കാട്
കൃഷി വിജ്ഞാന കേന്ദ്രം, കണ്ണൂർ
കൃഷി വിജ്ഞാന കേന്ദ്രം, കോട്ടയം
കൃഷി വിജ്ഞാന കേന്ദ്രം, മലപ്പുറം
കൃഷി വിജ്ഞാന കേന്ദ്രം, തൃശ്ശൂർ.
കൃഷി വിജ്ഞാന കേന്ദ്രം, കൊല്ലം

പ്രത്യേക സ്കീമുകൾ, വിവിധ ഡിപ്പാർട്ട്മെന്റുകൾ

എൻ.എ.ആർ.പി. (എസ്.ആർ.), വെള്ളായണി
എ.ഐ.എൻ.പി. ഓൺ പെസ്റ്റിസൈഡ് റെസിഡ്യൂസ്
എന്റമോളജി ഡിപ്പാർട്ട്മെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.
സെന്റർ ഫോർ പ്ലാന്റ് ബയോ-ടെക്നോളജി ആന്റ് മോളികുലാർ ബയോളജി, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.
ഫ്ളോറികൾച്ചർ ഇംപ്രൂവ്മെന്റ് പ്രോജക്ട്, വെള്ളാനിക്കര
സെന്റർ ഫോർ ഇൻഫർമേഷൻ ടെക്നോളജി ആന്റ് ഇൻസ്ട്രുമെന്റേഷൻ, വെള്ളാനിക്കര
പ്ലാന്റേഷൻ ക്രോപ്സ് ആന്റ് സ്പൈസസ് ഡിപ്പാർട്ട്മെന്റ്, വെള്ളാനിക്കര
അഗ്രിക്കൾച്ചറൽ മെറ്റീരിയോളജി ഡിപ്പാർട്ട്മെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.
സീഡ് ടെക്നോളജി യൂണിറ്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.
പ്ലാന്റ് പാത്തോളജി ഡിപ്പാർട്ട്മെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
പ്രോസസ്സിങ്ങ് ടെക്നോളജി ഡിപ്പാർട്ടുമെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
അഗ്രോണമി ഡിപ്പാർട്ടുമെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
സെന്റർ ഫോർ ജെന്റർ സ്റ്റഡീസ് ഇൻ അഗ്രിക്കൾച്ചർ, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
അഗ്രിക്കൾച്ചർ മൈക്രോബയോളജി ഡിപ്പാർട്ടുമെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.
എ.ഐ.സി.ആർ.പി. ഓൺ നീമറ്റോഡ്, എൻ.എ.ആർ.പി., വെള്ളായണി
റേഡിയോ ട്രേസർ ലാബ്, വെള്ളാനിക്കര
ഡിപ്പാർട്ടുമെന്റ് ഓഫ് സോയിൽ സയൻസ് ആന്റ് അഗ്രിക്കൾച്ചറൽ കെമിസ്ട്രി, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
കോക്കനട്ട് മിഷൻ, പടന്നക്കാട്
ഡി.ബി.ടി. ബൈറാക് മെറ്റബോളിയം അനാലിസിസ് ഇൻ ജിഞ്ചർ, വെള്ളാനിക്കര
ഡിപ്പാർട്ടുമെന്റ് ഓഫ് അഗ്രോണമി, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
പ്ലാന്റ് പ്രൊപ്പഗേഷൻ ആന്റ് നഴ്സറി മാനേജ്മെന്റ് യൂണിറ്റ്, വെള്ളാനിക്കര
ഒലേരിക്കൾച്ചർ ഡിപ്പാർട്ടുമെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര
ട്രെയിനിങ്ങ് സർവ്വീസ് സ്കീം, വെള്ളായണി
പ്ലാന്റ് ബ്രീഡിങ്ങ് ആന്റ് ജനിറ്റിക്സ് ഡിപ്പാർട്ടുമെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.
അഗ്രിക്കൾച്ചറൽ ഇക്കണോമിക്സ് ഡിപ്പാർട്ട്മെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.
ബയോ കൺട്രോൾ ഓഫ് ക്രോപ് പെസ്റ്റ് (ബി.സി.സി.പി.), വെള്ളാനിക്കര

അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ട്മെന്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

എ.ഐ.സി.ആർ.പി. ഓൺ മെഡിസിനൽ ആന്റ് അരോമാറ്റിക് പ്ളാന്റ്, വെള്ളാനിക്കര.

എ.ഐ.സി.വി.ഐ.പി., ഡിപ്പാർട്ടുമെന്റ് ഓഫ് ഒലേരിക്കൾച്ചർ, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.

കൂട്ടനാട് പാക്കേജ്, ആർ.ആർ.എസ്., മങ്കൊമ്പ്.

നമ്പർ - കെ.എസ്.എ.(എ.ജി.യു.)എ 1-613/17 തീയതി.

കേരള കാർഷിക സർവ്വകലാശാലയുടെ 2015-16 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

(1971-ലെ കേരള കാർഷിക സർവ്വകലാശാലാ നിയമം, വകുപ്പ് 47(2), 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം, വകുപ്പ് 13 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : 1) ശ്രീ. ഇ.കെ.പ്രകാശൻ,
ജോയിന്റ് ഡയറക്ടർ.
01.04.2015 മുതൽ 11.06.2015 വരെ
2) ശ്രീ.കെ.യു.ചേക്കുട്ടി,
ജോയിന്റ് ഡയറക്ടർ ഇൻ ചാർജ്ജ്
12.06.2015 മുതൽ 17.06.2015 വരെ
3) ശ്രീ.ഡി.സാങ്കി
ജോയിന്റ് ഡയറക്ടർ
18.06.2015 മുതൽ 07.07.2016 FN
4) ശ്രീ.മധുസൂനൻ.പി.എൻ.
ജോയിന്റ് ഡയറക്ടർ
07.07.2016 FN മുതൽ 17.5.2017 FN
5) വർഗ്ഗീസ് കെ.ഡി
17.5.2017 FN മുതൽ തുടരുന്നു

ഓഡിറ്റ് നടത്തിയ കാലയളവ് : 01.04.2016 മുതൽ 31.05.2017 വരെ

സർവ്വകലാശാല ഉദ്യോഗസ്ഥർ :

വൈസ് ചാൻസലർ : ഡോ.പി.രാജേന്ദ്രൻ
01.04.2015 മുതൽ 31.03.2016 വരെ.

രജിസ്ട്രാർ : ഡോ.പി.വി.ബാലചന്ദ്രൻ
01.04.2015 മുതൽ 31.03.2016 വരെ

കംപ് ട്രോളർ : ഡോ.ജോയ് മാത്യു
01.04.2015 മുതൽ 31.03.2016 വരെ

ആമുഖം

കേരള കാർഷിക സർവ്വകലാശാലക്ക് വേണ്ടി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് പുറപ്പെടുവിക്കുന്ന 38-ാമത് ഓഡിറ്റ് റിപ്പോർട്ടാണിത്.

നാല് ഭാഗങ്ങളായുള്ള ഈ റിപ്പോർട്ടിൽ ബജറ്റ്, വാർഷിക കണക്ക്, ഗ്രാന്റുകളുടെ വിവരങ്ങൾ, ഓഡിറ്റ് ഫീസ് എന്നിവ സംബന്ധിച്ച വിവരങ്ങളാണ് ഭാഗം 1-ൽ പ്രതിപാദിച്ചിരിക്കുന്നത്. ഭാഗം-2-ൽ വിഷയാധിഷ്ഠിത നിരീക്ഷണങ്ങളും ഭാഗം-3 ൽ സർവ്വകലാശാലയുടെ വിവിധ സ്റ്റേഷനുകളെക്കുറിച്ചുള്ള നിരീക്ഷണങ്ങളുമാണ് ചേർത്തിട്ടുള്ളത്. ഭാഗം-4-ൽ ഓഡിറ്റ് പ്രത്യവലോകനമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

വിഷയാധിഷ്ഠിത നിരീക്ഷണങ്ങൾ ഉൾക്കൊള്ളുന്ന ഭാഗം 2-ൽ കേരള കാർഷിക സർവ്വകലാശാല വാർഷിക കണക്ക് അപാകതകൾ (ഖണ്ഡിക 2-1), ക്രെഡിറ്റ് സെയിൽ സംബന്ധിച്ച് (ഖണ്ഡിക 2-1), മുൻകൂറുകൾ തീർപ്പാക്കാത്തത് സംബന്ധിച്ച് (ഖണ്ഡിക 2-3), വാങ്ങൽ നടപടികളിലെ അപാകതകൾ (ഖണ്ഡിക 2-5), തുടങ്ങിയ 7 വിഷയങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

സർവ്വകലാശാലക്ക് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ ഓഡിറ്റ് വേളയിൽ കണ്ടെത്തിയ നിരീക്ഷണങ്ങളാണ് ഭാഗം 3-ൽ രേഖപ്പെടുത്തിയിട്ടുള്ളത്.

സർവ്വകലാശാലക്ക് ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ, സർവ്വകലാശാല ഫണ്ടിനുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരങ്ങൾ എന്നിവയുടെ സംക്ഷിപ്തമാണ് ഭാഗം 4-ൽ പ്രതിപാദിച്ചിരിക്കുന്നത്.

Left Blank

ഭാഗം - 1
ധനകാര്യവും, ധനവിനിയോഗവും

1-1 ബജറ്റ്, റിവൈസ്ഡ് ബജറ്റ്

2015-16 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ താഴെ ചേർക്കുന്നു.

	വരവ് (കോടിയിൽ)	ചെലവ് (കോടിയിൽ)
ബജറ്റ്	423.48	460.78
റിവൈസ്ഡ് ബജറ്റ്	474.67	381.93

1-2 വാർഷിക കണക്ക്

സർവ്വകലാശാലയുടെ വാർഷിക കണക്കുകൾ അപൂർണ്ണമാണ്. വാർഷിക കണക്ക-കളെക്കുറിച്ചുള്ള വിശദമായ വിവരങ്ങൾ ഈ റിപ്പോർട്ടിലെ ഭാഗം 2-ലെ ഖണ്ഡിക 1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

വരവ്

	മുന്നിരിപ്പ്	1,29,59,40,689/-
എ)	പദ്ധതിയേതരം (നോൺ പ്ലാൻ) പദ്ധതി - സ്റ്റാറ്റ്യൂട്ടറി ഗ്രാന്റ്	2,50,53,00,100/-
ബി)	പദ്ധതി ധനസഹായം (പ്ളാൻ ഗ്രാന്റ് - സ്റ്റാറ്റ്യൂട്ടറി ഗ്രാന്റ്)	29,17,41,400/-
സി)	സ്റ്റാറ്റ്യൂട്ടറി ഗ്രാന്റിതര ധനസഹായങ്ങൾ (ഇ.എ.പി. പ്രൊജക്ട്) (ഐ.സി.എ.ആർ, ഒ.ഇ.എ.പി., ജി.ഒ.കെ.)	34,37,66,900/-
ഡി)	റിവോൾവിങ്ങ് ഫണ്ട് (ഐ.സി.എ.ആർ., കെ.എ.യു., ഇ.എ.പി.)	25,39,84,494/-

ഇ)	ആഭ്യന്തര വരുമാനം	65,08,60,179/-
	ആകെ	**5,34,15,93,762/-**
	ലോൺ & സസ്പെൻസ്	16,03,46,214/-
	ഒട്ടാകെ	**5,50,19,39,976/-**

ചെലവ്

എ)	പദ്ധതിയേതര ചെലവുകൾ	2,60,06,20,124/-
ബി)	പദ്ധതി ചെലവുകൾ	23,94,85,458/-
സി)	സ്റ്റാറ്റ്യൂട്ടറി ഗ്രാന്റിതര പ്രൊജക്ട് ചെലവുകൾ	74,01,01,651/-
ഡി)	റിവോൾവിങ്ങ് ഫണ്ട്	18,12,79,501/-
ഇ)	മറ്റു ചെലവുകൾ (ബാങ്ക് പലിശ, സെക്യൂരിറ്റി ഡെപ്പോസിറ്റ്)	5,78,03,103/-
	ആകെ	**3,81,92,89,837/-**
	ലോൺ & സസ്പെൻസ്	18,36,50,000/-
	ഒട്ടാകെ	**4,00,29,39,837/-**
	നീക്കിയിരിപ്പ്	**1,49,90,00,139/-**

1-3 ഗ്രാന്റുകളുടെ വിവരം

പദ്ധതി ഗ്രാന്റുകൾ, പദ്ധതിയേതര ഗ്രാന്റുകൾ എന്നിവ അനുബന്ധം 2, 3, 4, 5, 6 എന്നിവയായി ചേർത്തിരിക്കുന്നു.

1-4 ഇയർ മാർക്ക്ഡ് ഫണ്ടുകൾ

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ ആവർത്തിച്ച് ആവശ്യപ്പെട്ടിട്ടും വാർഷിക കണക്കിനോടൊപ്പം ഇയർമാർക്ക്ഡ് ഫണ്ടുകളായ ജനറൽ പ്രൊവിഡന്റ് ഫണ്ട് (ജി.പി.എഫ്.) വെൽഫെയർ ഫണ്ട് സ്കീം (ഡബ്ല്യു.എഫ്.എസ്.), ഫാമിലി

ബെനിഫിറ്റ് സ്കീം (എഫ്.ബി.എസ്.) വർക്കേഴ്സ് പ്രൊവിഡന്റ് ഫണ്ട് (ഡബ്ല്യു.പി.എഫ്.) വർക്കേഴ്സ് വെൽഫെയർ ഫണ്ട് സ്കീം (ഡബ്ല്യു.ഡബ്ല്യു.എഫ്.എസ്.), വർക്കേഴ്സ് ഫാമിലി ബെനിഫിറ്റ് സ്കീം (ഡബ്ല്യു.എഫ്.ബി.എസ്.), ലോൺസ് & അഡ്വാൻസസ്, പെൻഷൻ ഫണ്ട് എന്നിവയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ഇയർമാർക്ക്ഡ് ഫണ്ടുകൾ ഉൾപ്പെടെ എല്ലാ വിഭാഗം ഫണ്ടുകളുടെ വിവരങ്ങളും വാർഷികകണക്കിൽ ഉൾപ്പെടുത്തേണ്ടതാണ്.

വിവിധ സെക്ഷനുകളിൽ നിന്നുള്ള രജിസ്റ്ററുകൾ പരിശോധിച്ച്, ജി.പി.എഫ്., എഫ്.ബി.എസ്., ഡബ്ല്യു.എഫ്.എസ്., ഡബ്ല്യു.പി.എഫ്., ഡബ്ല്യു.എഫ്.ബി.എസ്., ഡബ്ല്യു.ഡബ്ല്യു.എഫ്.എസ്. എന്നിവയുടെ വാർഷിക കണക്കുകളുടെ സംക്ഷിപ്തവും, ജി.പി.എഫ്., ഡബ്ല്യു.പി.എഫ്. എന്നിവയിലേക്ക് സർവ്വകലാശാലയുടെ പൊതു ഫണ്ടിൽ നിന്നും നൽകേണ്ട വലിയ കുടിശ്ശികയുടെ വിവരവും ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഡബ്ല്യു.പി.എഫ്., എഫ്.ബി.എസ്., ഡബ്ല്യു.എഫ്.എസ്., ഡബ്ല്യു.എഫ്.ബി.എസ്. എന്നിവയുടെ സ്ഥിരനിക്ഷേപങ്ങളുടെ വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.

1A ജി.പി.എഫ് സംക്ഷിപ്തം 2015-16

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	993986	ഫണ്ട്	176400000	ക്ലോഷർ	107071090	എസ്.ബി. അക്കൗണ്ട്	419758
ട്രഷറി അക്കൗണ്ട്	5388596	ഡി.ഡി, ചെക്ക്	5811027	NRA	68361500	TPA അക്കൗണ്ട്	6136350
		പലിശ ട്രഷറി അക്കൗണ്ട്	747754	TA	7539826	ഫിക്സഡ് ഡെപ്പോസിറ്റുകൾ	0
		പലിശ(SB)	187161				
	6382582		183145942		182972416	ആകെ നീക്കിയിരിപ്പ്	6556108

1B ജി.പി.എഫ് ഫണ്ടുകളുടെ വത്യാസം

വർഷം	മുന്നിരിപ്പ്	സബ്സ്ക്രിപ്ക്ഷൻ റീഫണ്ട് കുടിശ്ശിക	പലിശ	മൊത്തം	പിൻവലിക്കൽ	നീക്കിയിരിപ്പ്	ഫണ്ട് കൈമാറിയത്	ബാങ്കിൽ യഥാർത്ഥ നീക്കിയിരിപ്പ്	ഫണ്ടുകളുടെ കുറവ്
2015-2016	1048374645	117691780	88245678	205937458	182972416	1071339687	176400000	6556108	1064783579

2A ഡബ്ല്യു.പി.എഫ് സംക്ഷിപ്തം 31.03.2016

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	646171	ഫണ്ട്	22941909	പേയ്മെന്റ്സ്	22926365	എസ്.ബി. അക്കൗണ്ട്	732263
ട്രഷറി അക്കൗണ്ട്	36921476	പലിശ ട്രഷറി അക്കൗണ്ട്	4041977	ചെക്ക് ബുക്ക് ഫീ	200	TPA അക്കൗണ്ട്	10963453
സ്ഥിര നിക്ഷേപം	18505000	പലിശ(SB)	70748	FD ക്ലോസ്ഡ്	13000000	ഫിക്സഡ് ഡെപ്പോസിറ്റുകൾ	35505000
	56072647		27054634		35926565		47200716

2B ഡബ്ല്യു.പി.എഫ് ഫണ്ടുകളുടെ വത്യാസം

വർഷം	മുന്നിരിപ്പ്	സബ്സ്ക്രിപ്ക്ഷൻ റീഫണ്ട് കുടിശ്ശിക	പലിശ	മൊത്തം	പിൻവലിക്കൽ	നീക്കിയിരിപ്പ്	ഫണ്ട് കൈമാറിയത്	ബാങ്കിൽ യഥാർത്ഥ നീക്കിയിരിപ്പ്	ഫണ്ടുകളുടെ കുറവ്
2015-16	84788431	18059650	4093318	106941399	22926565	84014834	23012657	47200716	36814118

3 എഫ്.ബി.എസ് സംക്ഷിപ്തം 2015-16

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
FD	29650000	പലിശ(FD)	2492427	പേയ്മെന്റ്സ്	1529725	FD	31350000
SB അക്കൗണ്ട്	525695.92	ഫണ്ട്	756000	FD	1700000	SB അക്കൗണ്ട്	669890.92

		സബ്സ്ക്രിപ്ക്ഷൻ	89175				
		പുതിയ FD	1700000				
		പലിശ(SB)	36318				
	30175695,92		5073920		3229725		32019890.92

4 ഡബ്ല്യു.എഫ്.എസ് ഫണ്ടിന്റെ സംക്ഷിപ്തം 2015-16

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
FD	6900000	പലിശ(FD)	624090	പേയ്മെന്റ്സ്	844313	FD	7900000
SB അക്കൗണ്ട്	1002319	ഫണ്ട്	780000	FD	1000000	SB അക്കൗണ്ട്	649432
		സബ്സ്ക്രിപ്ക്ഷൻ	54580				
		പുതിയ FD	1000000				
		പലിശ(SB)	32756				
	7902319		2491426		1844313		8549432

5 ഡബ്ല്യുഡബ്ല്യു.എഫ്.എസ് ഫണ്ടിന്റെ സംക്ഷിപ്തം 2015-16

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
SB അക്കൗണ്ട്	278835	പലിശ(SB)	15609	ക്ലോഷർ	222842	SB അക്കൗണ്ട്	672162
		ഫണ്ട്	600000				
		Admn. fee സബ്സ്ക്രിപ്ക്ഷൻ	560				
	278835		616169		222842		672162

6 ഡബ്ല്യുഎഫ്.ബി.എസ് ഫണ്ടിന്റെ സംക്ഷിപ്തം 2015-16

മുന്നിരിപ്പ്		വരവ്		പിൻവലിക്കൽ		നീക്കിയിരിപ്പ്	
FD	2000000	പലിശ(SB)	5671	ക്ലോഷർ	393270	SB അക്കൗണ്ട്	2088674
SB അക്കൗണ്ട്	116123	ഫണ്ട്	360150				
		സബ്സ്ക്രിപ്ക്ഷൻ	0				
	2116123		365821		393270		2088674

1-5 ഓഡിറ്റ് ഫീസ്

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട് വകുപ്പ് 19(1), 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടത്തിലെ ചട്ടം 24 എന്നിവ പ്രകാരം സർവ്വകലാശാല ഓഡിറ്റ് ഫീസ് സർക്കാരിലേക്ക് ഒടുക്കേണ്ടതുണ്ട്. ജി.ഒ.(പി)368/09/ഫിൻ, തീയതി.28.08.2009, ജി.ഒ.(പി)541/10/ഫിൻ. തീയതി. 15.10.2010 എന്നിവ പ്രകാരവും S.R.O. No.813/2009 നമ്പരായി കേരള ഗസറ്റിൽ പ്രസിദ്ധീകരിച്ച 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം റൂൾ 24, സബ് റൂൾ 1-ൽ വരുത്തിയ ഭേദഗതിയുടെ അടിസ്ഥാനത്തിലും ഓഡിറ്റ് ഫീസ് യഥാക്രമം പുനർ നിർണ്ണയിച്ചിട്ടുണ്ട്.

പുനർ നിർണ്ണയിച്ച ഓഡിറ്റ് ഫീസിന്റെ വർഷം തിരിച്ചുള്ള വിശദവിവരങ്ങളും മുന്നിരിപ്പുൾപ്പെടെ സർവ്വകലാശാല ഒടുക്കു വരുത്തിയതും ഇനി ഒടുക്കു വരുത്തുവാൻ അവശേഷിക്കുന്നതുമായ തുകകളുടെ വിശദവിവരങ്ങളും ചുവടെ ചേർക്കുന്നു.

I. 2009-10

ഇനം	വരവ്
ഫീസ് വരുമാനം	88,79,377/-
ഓഡിറ്റ് ചാർജ്ജ് 1%	88,794/-

II. 2010-11

കോളേജ് വസ്തുവകകളിൽ നിന്നുള്ള വരുമാനം	3,44,08,721/-
ഫീസ് വരുമാനം	2,01,23,055/-
സർവ്വകലാശാല ആഭ്യന്തര വരുമാനം	2,55,31,473/-

റിവോൾവിങ്ങ് ഫണ്ട്	1,06,75,101/-
നിക്ഷേപങ്ങളിൽ നിന്നുള്ള വരുമാനം	7,07,95,460/-
മറ്റ് പലവക വരുമാനം	14,68,93,315/-
ആകെ	---------- 30,84,27,125/-
ഓഡിറ്റ് ചാർജ്ജ് 1%	30,84,271/-

III. 2011-12

കോളേജുകളിൽ നിന്നുള്ള വരുമാനം	80,89,746/-
ഫീസ് വരുമാനം	3,38,45,387/-
സർവ്വകലാശാല വസ്തുവകകളിൽ നിന്നുള്ള വരുമാനം	4,79,26,821/-
റിവോൾവിങ്ങ് ഫണ്ട്	8,37,09,617/-
പലിശ	3,56,46,513/-
പലവക വരുമാനം	19,00,43,852/-
ആകെ	---------- 39,92,61,936/-
ഓഡിറ്റ് ചാർജ്ജ് 1%	39,92,619/-

IV. 2012-13

കോളേജ് വസ്തുവകകളിൽ നിന്നുള്ള വരുമാനം	54,58,035/-
സർവ്വകലാശാല വസ്തുവകകളിൽ നിന്നുള്ള വരുമാനം	5,95,57,676/-
ഫീസ് വരുമാനം	3,67,56,686/-
റിവോൾവിങ്ങ് ഫണ്ട്	8,34,48,952/-
പലിശ + മിസലേനിയസ് വരുമാനം	5,05,41,543/-
ആകെ	---------- 23,57,62,892/-
ഓഡിറ്റ് ചാർജ്ജ് 1%	23,57,629/-

V. 2013-14

റിവോൾവിങ്ങ് ഫണ്ട്	12,23,53,354/-
ഫീസ് വരുമാനം	4,82,44,641/-
കോളേജുകളിൽ നിന്നുള്ള വരുമാനം	1,07,87,386/-
സർവ്വകലാശാല വസ്തുവകകളിൽ നിന്നുള്ള വരുമാനം	7,29,18,821/-
പലിശ	4,93,32,641/-
മിസലേനിയസ്	15,55,91,720/-
ആകെ	---------- 45,92,28,563/-
ഓഡിറ്റ് ചാർജ്ജ് 1%	45,92,286/-

VI. 2014-15

റിവോൾവിങ്ങ് ഫണ്ട്	19,89,33,049/-
ഫീസ് വരുമാനം	5,28,95,471/-
കോളേജുകളിൽ നിന്നുള്ള വരുമാനം	75,96,455/-
സർവ്വകലാശാല വസ്തുവകകളിൽ നിന്നുള്ള വരുമാനം	7,98,30,316/-
പലിശ	3,42,35,895/-
മിസലേനിയസ്	7,74,17,820/-
ആകെ	---------- 45,09,09,006/-
ഓഡിറ്റ് ചാർജ്ജ് 1%	45,09,090/-

VII. 2015-16

റിവോൾവിങ്ങ് ഫണ്ട്	25,39,84,494/-
ഫീസ് വരുമാനം	6,21,55,625/-

കോളേജുകളിൽ നിന്നുള്ള വരുമാനം	1,07,93,617/-
സർവ്വകലാശാല വസ്തുവകകളിൽ നിന്നുള്ള വരുമാനം	5,41,17,278/-
പലിശ	4,90,77,016/-
മിസലേനിയസ്	47,31,09,825/-
ആകെ	---------- 90,32,37,855/-
ഓഡിറ്റ് ചാർജ്ജ് 1%	90,32,379/-

2008-09 വരെയുള്ള കുടിശ്ശിക ഉൾപ്പെടെ 2009-10 മുതൽ 2015-16 വരെ കാർഷിക സർവ്വകലാശാല ഒടുക്കിയതും, ഒടുക്കാൻ ബാക്കി നില്ക്കുന്നതുമായ ഓഡിറ്റ് ചാർജ്ജിന്റെ വർഷം തിരിച്ചുള്ള വിവരം ചുവടെ പ്രതിപാദിക്കുന്നു

	വർഷം	ഓഡിറ്റ് ചാർജ്ജ്	അടവാക്കിയ തുക	അടവാക്കാനുള്ള തുക
എ)	2008-09 വരെയുള്ള ഓഡിറ്റ് ചാർജ്ജ് കുടിശ്ശിക	6,66,03,900/-	7,01,87,604/- (5848967 x 12) ചലാൻ നം. 762/29.09.15, 469/16.10.15, 798/12.11.15, 399/09.12.15, 796/07.01.16, 569/06.02.16, 692/14.03.16, 1086/05.04.16, 197/05.05.16, 542/07.06.16, 696/08.07.16, 457/04.08.16	59,39,609/-
	2009-10	88,794/-		
	2010-11	30,84,271/-		
	2011-12	39,92,619/-		
	2012-13	23,57,629/-		
	ആകെ	---------- 7,61,27,213/-		
ബി)	2012-13 വരെയുള്ള ഓഡിറ്റ് ചാർജ്ജ് കുടിശ്ശിക	59,39,609/-	57,29,501/- ചലാൻ നം. KL006842309/ 24.03.17	93,11,484/-

	2013-14	45,92,286/-		
	2014-15	45,09,090/-		
		---------- 1,50,40,985/-		
സി)	2014-15 വരെയുള്ള ഓഡിറ്റ് ചാർജ്ജ് കുടിശ്ശിക	93,11,484/-	-	1,83,43,863/-
	2015-16	90,32,379/-		
		---------- 1,83,43,863/-		

ഈ തുക "0070-Other Administrative Charges, 60-Other receipts, 110- fee for government audit, 99- Audit charges" എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് ഒടുക്കേണ്ടതും ഒടുക്കു വിവരം അസ്സൽ ചലാൻ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

ഭാഗം - 2
പൊതു പരാമർശങ്ങൾ

2-1 വാർഷിക കണക്ക് - അപാകതകൾ

ലക്ഷ്യം : വാർഷിക കണക്കിലെ അപാകതകളുടെ പരിശോധന.

മാനദണ്ഡം : i) കേരള ഫിനാൻഷ്യൽ കോഡ്
ii) കേരള ട്രഷറി കോഡ്
iii) കേരള കാർഷിക സർവ്വകലാശാല നിയമം
iv) കേരള കാർഷിക സർവ്വകലാശാല സ്റ്റാറ്റ്യൂട്ട്.

സർവ്വകലാശാലക്ക് സ്വന്തമായി 'ഫിനാൻഷ്യൽ ആന്റ് അക്കൗണ്ട് റൂൾസ്' നിലവിലില്ലാത്തതിനാൽ സംസ്ഥാന സർക്കാരിന്റെ 'ഫിനാൻഷ്യൽ ആന്റ് അക്കൗണ്ട് റൂൾസ്' അവലംബിച്ച കൊണ്ടാണ് കണക്കുകൾ തയ്യാറാക്കേണ്ടത്. (കാർഷിക സർവ്വകലാശാല ആക്ട് 1971, സർവ്വകലാശാല സ്റ്റാറ്റ്യൂട്ട് ജി.ഒ. (എം.എസ്.)നം.257/79/എ.ഡി. തീയതി.23-06-1979). എന്നാൽ സർവ്വകലാശാല നാളിതുവരെയായും അക്രൂവൽ രീതിയിൽ വാർഷിക കണക്ക് തയ്യാറാക്കുന്നില്ല. അതുകൊണ്ട് തന്നെ വാർഷിക കണക്ക് സമഗ്രമല്ല.

ഫണ്ട് ട്രാൻസ്ഫറുകൾ, ഡെപ്പോസിറ്റ് വർക്കുകൾ (ഡി.പി.പി.) എന്നിവ വാർഷിക കണക്കുകളിലേക്ക് ഉൾപ്പെടുത്തുമ്പോൾ അപാകതകൾ സംഭവിക്കുന്നുണ്ട്. ക്രെഡിറ്റ് സെയിൽ വഴി സർവ്വകലാശാലക്ക് ലഭിക്കാനുള്ള ഭീമമായ തുകകൾ ഒരുകണക്കിലും ഉൾപ്പെടുത്തുന്നില്ല. വികേന്ദ്രീകൃതമായ ഒരു സാമ്പത്തിക ക്രമം നിലനിൽക്കുന്നതു കൊണ്ടും മേൽ സൂചിപ്പിച്ച സങ്കീർണ്ണമായ പ്രവർത്തന മേഖലകൾ നിലനിൽക്കുന്നതിനാലും സിംഗിൾ എൻട്രി (കാഷ് ബേയ്സ്) അക്കൗണ്ടിങ്ങ് രീതി അവലംബിച്ചുകൊണ്ട് തയ്യാറാക്കുന്ന വാർഷിക കണക്കുകൾ അതുകൊണ്ട് തന്നെ അപൂർണ്ണവുമാണ്.

2-1-1 <u>സർവ്വകലാശാല ഫണ്ട് - മുന്നിരിപ്പ്, നീക്കിയിരിപ്പ് തുകകളുടെ ഫണ്ട് തിരിച്ചുള്ള കണക്കുകൾ ലഭ്യമല്ല.</u>

2015-16 സാമ്പത്തിക വർഷത്തിലെ സർവ്വകലാശാല കണക്കുകൾ പ്രകാരം മുന്നിരിപ്പ് തുക 1,29,59,40,689/- രൂപയും വർഷാന്ത്യ നീക്കിയിരിപ്പ് 1,49,90,00,139/- രൂപയുമാണ്. ടി തുകകളുടെ ഫണ്ട് തിരിച്ചുള്ള നീക്കിയിരിപ്പ് വിശദാംശങ്ങൾ ലഭ്യമല്ല. അടിയന്തിരമായി ഇത് പരിശോധിക്കേണ്ടതും ഫണ്ട് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കേണ്ടതുമാണ്.

2-1-2 <u>ഐ.സി.എ.ആർ 100%, ഐ.സി.എ.ആർ. കോ-ഓർഡിനേറ്റ് പ്രോജക്ട് (75%) എന്നീ ഫണ്ടിനങ്ങളുടെ വരവിനത്തിൽ 6,71,53,136/- രൂപ കുറവു കാണുന്നു.</u>

1. ഐ.സി.എ.ആർ. 100% ഫണ്ടിന്റെ 2015-16 വർഷത്തെ ആകെ വരവ് 5,43,56,600/- രൂപയാണ് വാർഷിക കണക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഐ.സി.എ.ആർ., ഗ്രാന്റ് രജിസ്റ്റർ XII (ഫിനാൻസ് സെക്ഷൻ) പ്രകാരവും, ടി പ്രൊജക്ടുകൾക്കായി സർവ്വകലാശാല തന്നെ നൽകിയിട്ടുള്ള വിവിധ യു.സി.കൾ പ്രകാരവും ഈ ഇനത്തിൽ 11,10,74,529/- രൂപ ഫണ്ടിങ്ങ് ഏജൻസിയിൽ നിന്നും ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം 5,67,17,929/-.

2. ഐ.സി.എ.ആർ. കോ-ഓർഡിനേറ്റഡ് പ്രോജക്ട(75%)കളുടെ വാർഷിക കണക്കു പ്രകാരമുള്ള ആകെ വരവ് തുക 11,14,45,700/- രൂപയാണ്. എന്നാൽ മേൽ സൂചിപ്പിച്ച രജിസ്റ്റർ പ്രകാരവും, യു.സി. പ്രകാരവും 12,18,80,912/- രൂപ സർവ്വകലാശാലക്ക് ലഭിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. വ്യത്യാസം 1,04,35,212/-.

ഫണ്ടിന്റെ പേര്	വാർഷിക കണക്ക് പ്രകാരം രേഖപ്പെടുത്തിയ വരവ്	രജിസ്റ്റർ പ്രകാരം സർവ്വകലാശാലക്ക് ലഭിച്ച രേഖപ്പെടുത്തിയ വരവ്	വ്യത്യാസം
ഐ.സി.എ.ആർ. 100%	5,43,56,600/-	11,10,74,529/-	5,67,17,929/-
ഐ.സി.എ.ആർ കോ-ഓർഡിനേറ്റ് പ്രോജക്ട് 75%	11,14,45,700/-	12,18,80,912/-	1,04,35,212/-
			6,71,53,136/-

മേൽ സൂചിപ്പിച്ച 'കുറവ് വന്ന തുക' 'തിരിച്ചറിഞ്ഞിട്ടില്ലാത്ത ഫണ്ട്' (8888) എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്. സാമ്പത്തിക വർഷം അവസാനിച്ചിട്ടും, ടി പ്രൊജക്ടുകൾക്ക് വിനിയോഗ സാക്ഷ്യപത്രങ്ങൽ നൽകിയിട്ടുപോലും സർവ്വകലാശാല വാർഷിക കണക്കിൽ ടി ഫണ്ട് 'തിരിച്ചറിഞ്ഞിട്ടില്ലാത്ത ഫണ്ട്' എന്ന ശീർഷകത്തിൽ കിടക്കുന്നത് ഗൗരവമേറിയ വിഷയമാണ്. ഇത് സൂചിപ്പിക്കുന്നത് സർവ്വകലാശാല അക്കൗണ്ടിങ്ങ് സമ്പ്രദായത്തിന്റെ പോരായ്മകളും, ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ കാര്യക്ഷമത ഇല്ലായ്മയുമാണ്.

2-1-3 ഐ.സി.എ.ആർ. പ്രൊജക്ടുകളുടെ ചെലവിന്റെ 25% സർവ്വകലാശാല ഫണ്ടിൽ നിന്ന് നൽകുന്നതിലുള്ള അവ്യക്തത

ഐ.സി.എ.ആർ. കോ-ഓർഡിനേറ്റഡ് പ്രൊജക്ടുകളിൽ മൊത്തം ചെലവിന്റെ 75% ഐ.സി.എ.ആർ.-ഉം 25% യൂണിവേഴ്സിറ്റിയുമാണ് വഹിക്കുന്നത്. 2015-16 വർഷത്തിൽ ഇത്തരത്തിലുള്ള 39 പ്രൊജക്ടുകളിലായി 17,73,95,950/- രൂപ ചെലവായിട്ടുണ്ട്. ഇതിന്റെ 75%-മായ 13,38,06,824/- ആണ് ടി ഇനത്തിൽ ഐ.സി.എ.ആർ. 75% ശീർഷകത്തിൽ വരേണ്ട ആകെ ചെലവ് തുക. എന്നാൽ ടി ശീർഷകത്തിലാണ് മേൽ സൂചിപ്പിച്ച മുഴുവൻ ചെലവും ബുക്ക് ചെയ്തിരിക്കുന്നത്. സർവ്വകലാശാല വിഹിതമായ 25% ചെലവ് മറ്റ് ശീർഷകങ്ങളിൽ ബുക്ക് ചെയ്തതായി

കാണുന്നില്ല. കൂടാതെ ടി തുക കൈമാറിയതു സംബന്ധിച്ച വിശദാംശങ്ങൾ വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടുമില്ല.

2-1-4 ഐ.സി.എ.ആർ. പ്രൊജക്ടുകളുടെ നടത്തിപ്പ് സർവ്വകലാശാലക്ക് ലഭിക്കാനുള്ളത് 8,04,71,476/- രൂപ

ഐ.സി.എ.ആർ. കോ-ഓർഡിനേറ്റഡ് പ്രൊജക്ടുകളുടെയും (75% ഫണ്ടിങ്ങ് - 39 എണ്ണം) ഐ.സി.എ.ആർ. 100% ഫണ്ട് നൽകുന്ന പ്രൊജക്ടുകളുടെയും (30 എണ്ണം) നടത്തിപ്പുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം 8,04,71,476/- രൂപ ഫണ്ടിങ്ങ് ഏജൻസിയിൽ നിന്നും ലഭിക്കാനുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ട്	മുന്നിരിപ്പ്	വരവ്	ചെലവ്	നീക്കിയിരിപ്പ്
ഐ.സി.എ.ആർ. കോ-ഓർഡിനേറ്റഡ് പ്രോജക്ട് 75%	(-) 16,78,346/-	12,18,80,912/-	13,38,06,824/- (മൊത്തം ചെലവിന്റെ 75%)	(-) 1,36,04,258/-
ഐ.സി.എ.ആർ. 100%	(-) 2,13,41,393/-	11,10,74,529/-	15,66,00,354/-	(-) 6,68,67,218/-
ആകെ				**(-) 8,04,71,476/-**

മേൽ സൂചിപ്പിച്ച കണക്കു പ്രകാരം 8,04,71,476/- രൂപ ടി ഫണ്ടിനത്തിൽ കുറവാണ്. കുറവായി കാണുന്ന ടി തുകക്ക് സമാനമായ തുക ഏത് ഫണ്ടിൽ നിന്നാണ് എടുത്ത് ഉപയോഗിച്ചിരിക്കുന്നതെന്ന് കണക്കുകളിൽ വ്യക്തമല്ല.

2-1-5 തിരിച്ചറിഞ്ഞിട്ടില്ലാത്ത ഫണ്ട് (8888)

2015-16 സാമ്പത്തിക വർഷാവസാനം 12,69,79,100/- രൂപ തിരിച്ചറിഞ്ഞിട്ടില്ലാത്ത ഫണ്ടുകൾ എന്ന ശീർഷകത്തിൽ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയതായി കാണുന്നു. 2015 ഏപ്രിൽ, മെയ്, ജൂൺ, ജൂലായ് മാസങ്ങളിലായിട്ടാണ് മേൽ സൂചിപ്പിച്ച

ധനസഹായങ്ങളിൽ ഏറെയും ലഭിച്ചിരിക്കുന്നത്. വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിവിധ ഫണ്ടിങ്ങ് ഏജൻസികൾ നൽകിയ ധനസഹായം ഇത്രയും കാലം കഴിഞ്ഞിട്ടും തിരിച്ചറിയപ്പെടാതെ കിടക്കുന്നത് ഗുരുതരമായ വീഴ്ചയാണ്.

2-1-6 ബാങ്ക് ചാർജ്ജ് ഈടാക്കൽ - ക്രമപ്രകാരമല്ല

ടി സാമ്പത്തിക വർഷത്തിൽ വാർഷിക കണക്ക് പ്രകാരം 5,08,44,147/- രൂപ ബാങ്കിങ്ങ് ചാർജ്ജ് ഇനത്തിൽ ചെലവായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സർവ്വകലാശാലയും, എസ്.ബി.ടി. ഹെഡ് ഓഫീസ്, തിരുവനന്തപുരവും പരസ്പരം ഒപ്പുവെച്ച 26-02-2015-ലെ കരാർ പ്രകാരം "Free collection of cheques/bills, free issuance of Dds/Mts bank shall levy no service charges" തുടങ്ങിയ ഉറപ്പുകൾ സർവ്വകലാശാലക്ക് നൽകിയിട്ടുണ്ട്. മേൽ കരാറിനു വിരുദ്ധമായി ഇത്രയും തുക ബാങ്ക് ചാർജ്ജിനത്തിൽ ഈടാക്കിയത് പരിശോധിച്ച് തുക തിരികെ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-1-7 ആഭ്യന്തര വരവ് - സർവ്വകലാശാലാ അക്കൗണ്ടിലേക്ക് കൃത്യമായി നിക്ഷേപിക്കുന്നില്ല.

2015-16 വാർഷിക കണക്ക് പ്രകാരം സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനം 90,48,44,673/- (25,39,84,494/-+65,08,60,179/-) രൂപയാണ്. എന്നാൽ ടി തുകയിൽ നിന്നും 55,69,93,120/- രൂപ മാത്രമാണ് സർവ്വകലാശാലയുടെ ആഭ്യന്തര വരുമാനത്തിന്റെ അക്കൗണ്ടിലേക്ക് (A/c.No. 57006546406, A/c.No. 67347312827) നിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. 34,78,51,553/- രൂപ ടി അക്കൗണ്ടിൽ കുറവായി കാണുന്നു. ടി അക്കൗണ്ടിലേക്ക് കൈമാറാതെ അവശേഷിക്കുന്ന 34,78,51,553/- രൂപ വിവിധ കേന്ദ്രങ്ങളിലെ അക്കൗണ്ടുകളിലായി അവശേഷിക്കുന്നുണ്ട്.

ആകെ ആഭ്യന്തര വരവ്	-	90,48,44,673/-
സർവ്വകലാശാല ആഭ്യന്തര വരുമാന അക്കൗണ്ടിലേക്ക് നിക്ഷേപിക്കപ്പെട്ട തുക	-	55,69,93,120/-
വ്യത്യാസം	-	34,78,51,553/-

ഇത്രയും തുക സർവ്വകലാശാലക്കു കീഴിലുള്ള വിവിധ കേന്ദ്രങ്ങളിലെ ബാങ്ക് അക്കൗണ്ടുകളിൽ കിടക്കുന്നതു കൊണ്ട് തന്നെ ടി തുക ആവശ്യമായ കാര്യങ്ങൾക്ക് ഉപയോഗിക്കുവാൻ സർവ്വകലാശാലക്ക് സാധിക്കുന്നില്ല.

2-1-8 ആഭ്യന്തര വരവ് - വാർഷിക കണക്കിലെയും അതിന്റെ ഷെഡ്യൂളിലേയും തുകകളിൽ വ്യത്യാസം

വാർഷിക കണക്ക് പ്രകാരം സർവ്വകലാശാലയുടെ ആകെ ആഭ്യന്തര വരുമാനം 90,48,44,673/- രൂപയാണ്. (25,39,84,494/- + 65,08,60,179/-). എന്നാൽ ഇതിന് അടിസ്ഥാനമാക്കിയ വിവിധ കേന്ദ്രങ്ങൾ തിരിച്ചുള്ള ആഭ്യന്തര വരവ് കണക്കിന്റെ ഷെഡ്യൂളിൽ ആകെ വരവ് തുക 88,20,02,402/- രൂപയാണ്. വ്യത്യാസം 2,28,42,271/-.

2-1-9 എഫ്.സി.ആർ.എ. അക്കൗണ്ട് - അപാകതകൾ

എഫ്.സി.ആർ.എ. അക്കൗണ്ട് (A/c. No.30020984940) റീകൺസീലിയേഷൻ പട്ടിക പ്രകാരം മുന്നിരിപ്പ് - 1,26,689/-, വരവ് - 5,118/-, നീക്കിയിരിപ്പ് - 1,31,807/- രൂപയുമാണ്. എന്നാൽ സർവ്വകലാശാലാ വാർഷിക കണക്കിൽ ടി അക്കൗണ്ടിന്റെ ഓപ്പണിങ്ങ് ബാലൻസ് (-)77,88,483/- രൂപയും, ക്ലോസിങ്ങ് ബാലൻസ് 1,31,807/- രൂപയുമാണ്. ഇതിൽ അൺ കാഷ്ഡ് ചെക്ക് ആയി 2,02,98,633/- രൂപയും രേഖപ്പെടുത്തി കാണുന്നു. എന്നാൽ ടി അക്കൗണ്ടിന്റെ ക്യാഷ് ബുക്ക് പ്രകാരം

അൺകാഷ്ഡ് ഇനത്തിൽ തുകകൾ നിലനിൽക്കുന്നില്ല. ടി കണക്കിൽ ബാങ്ക് നീക്കിയിരിപ്പായി നൽകിയിരിക്കുന്ന തുക 11,21,848/- രൂപയാണ്. എന്നാൽ ടി അക്കൗണ്ടിന്റെ പാസ്ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്ന നീക്കിയിരിപ്പ് തുക 1,31,807/- രൂപ മാത്രമാണ്. അപാകതകൾ എത്രയും പെട്ടെന്ന് പരിഹരിക്കേണ്ടതാണ്.

2-1-10 വിവിധ കേന്ദ്രങ്ങളിലെ വാർഷിക കണക്കുകളിലെ നീക്കിയിരിപ്പിലുള്ള അപാകതകൾ

സർവ്വകലാശാലക്ക് കീഴിൽ പ്രവർത്തിക്കുന്ന വിവിധ കേന്ദ്രങ്ങളുടെ വാർഷിക കണക്കുകളിൽ നീക്കിയിരിപ്പ് തുകകൾ തെറ്റായി രേഖപ്പെടുത്തി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	കേന്ദ്രത്തിന്റെ പേര്	ഖണ്ഡിക നമ്പർ
1	ബി.ആർ.എസ്.കണ്ണാറ	3-16-7
2	സെന്റർ ഫോർ പ്ളാന്റ് ബയോടെക്നോളജി & മോളികുലാർ ബയോളജി	3-23-8
3	അഗ്രിക്കൾച്ചറൽ മൈക്രോബയോളജി	3-29-2
4	ആർ.എ.ആർ.എസ്. അമ്പലവയൽ	3-34-11
5	ആർ.എ.ആർ.എസ്., പട്ടാമ്പി	3-36-6
6	കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി	3-47-4
7	കെ.വി.കെ., മലപ്പുറം	3-53-15

മേൽ അപാകതകൾ പരിഹരിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-1-11 സർവ്വകലാശാല വാർഷിക കണക്കും, കേന്ദ്രങ്ങളിൽ തയ്യാറാക്കുന്ന കണക്കുകളും സമാന രീതിയിലല്ല

സർവ്വകലാശാലക്ക് കീഴിലുള്ള എല്ലാ കേന്ദ്രങ്ങളുടെയും വരവുചെലവ് കണക്കുകളുടെ ആകെ തുകയാണ് സർവ്വകലാശാലയുടെ വാർഷിക കണക്ക്. എന്നാൽ ടി രണ്ട് തലത്തിലുള്ള കണക്കുകളും സമാനരീതിയിലല്ല തയ്യാറാക്കുന്നത്.

2-1-12 നിർദ്ദേശങ്ങൾ

1. സർവ്വകലാശാല സ്വന്തമായ 'ഫിനാൻഷ്യൽ & അക്കൗണ്ടിങ്ങ് റൂൾസ് തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. ഡബിൾ എൻട്രി രീതിയിൽ കണക്കുകൾ സൂക്ഷിക്കേണ്ടതാണ്.
3. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കേണ്ടതാണ്.

(i) കത്ത് നമ്പർ കെ.എസ്.എ.(എ.ജി.യു.)എ 1-661/17(1) തീ.30.03.17
ii) " കെ.എസ്.എ.(എ.ജി.യു.)എ 1-661/17(3) തീ.09.05.17
iii) " കെ.എസ്.എ.(എ.ജി.യു.) എ 1-661/17(4) തീ.30.05.17)

2-2 ഇൻവോയ്സ് വഴിയുള്ള വിൽപ്പന (ക്രെഡിറ്റ് സെയിൽ) നിയമപരമാക്കണം

ലക്ഷ്യം : ഇൻവോയ്സുകൾ വഴിയുള്ള വിൽപ്പനകൾ നിയമപരമാണോയെന്നുള്ള പരിശോധന.

മാനദണ്ഡം : i) കേരള ഫിനാൻഷ്യൽ കോഡ്
ii) സർവ്വകലാശാലാ ഉത്തരവുകൾ

കാർഷിക സർവ്വകലാശാലയുടെ കീഴിൽ ചെടികൾ, വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ എന്നിവയുടെ വിൽപ്പനയുമായി ബന്ധപ്പെട്ട് സർക്കാരിന്റ വിവിധ വകുപ്പുകൾക്കും, സർവ്വകലാശാലയിലെ വിവിധ കേന്ദ്രങ്ങൾ പരസ്പരവും ഇൻവോയ്സുകൾ (ക്രെഡിറ്റ് സെയിൽ) പ്രകാരമുള്ള വിൽപ്പനകൾ നടത്തുന്നുണ്ട്. എന്നാൽ ഇത്തരം വിൽപ്പനയിൽ വിവിധ തരത്തിലുള്ള പോരായ്മകൾ നിലനിൽക്കുന്നതായി കാണുന്നു.

2-2-1 ക്രെഡിറ്റ് സെയിൽ വിൽപ്പന നിയമപരമല്ല

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1, ആർട്ടിക്കിൾ 30 പ്രകാരം "No articles of Government shall be sold on credit excepts where special rules....." - ഇങ്ങനെ പറയുന്നു. ഇതു പ്രകാരം ഏതെങ്കിലും പ്രത്യേക ഉത്തരവ് പ്രകാരം മാത്രമാണ്

ഇത്തരത്തിലുള്ള വിൽപ്പന രീതികൾ അവലംബിക്കാൻ പാടുള്ളൂ. ഓഡിറ്റ് അന്വേഷണം നമ്പർ 661/17(2) തീയതി. 30.03.17 പ്രകാരം സർവ്വകലാശാല കംപ് ട്രോളർക്കും, 2015-16 ഓഡിറ്റിന്റെ ഭാഗമായി സർവ്വകലാശാലക്ക് കീഴിലുള്ള എല്ലാ കേന്ദ്രങ്ങൾക്കും നൽകിയ ഓഡിറ്റ് അന്വേഷണങ്ങൾ പ്രകാരവും സർവ്വകലാശാലക്ക് കീഴിലുള്ള ഇൻവോയ്സ് വഴി (ക്രെഡിറ്റ് സെയിൽ)യുള്ള വിൽപ്പന നിയമപരമാക്കിയതിന്റെ രേഖകൾ നൽകാൻ ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ടി വിൽപ്പന നിയമപരമാക്കിയതിന്റെ രേഖകൾ സർവ്വകലാശാലയിൽ നിന്നും ഇതുവരെ ലഭിക്കുകയുണ്ടായില്ല. ഇതിൽ നിന്നും സർവ്വകലാശാലയിൽ ഇത് നിയമപരമാക്കിയിട്ടില്ല എന്ന് ഓഡിറ്റ് അനുമാനിക്കുന്നു.

2-2-2 നടപടിക്രമങ്ങളിൽ അവ്യക്തത

ഇൻവോയ്സുകൾ വഴിയുള്ള വിൽപ്പന സംബന്ധിച്ച നടപടിക്രമങ്ങളിൽ അവ്യക്തത നിലനിൽക്കുന്നതായി കാണുന്നു.

1. സർവ്വകലാശാലയിലെ ഒരു കേന്ദ്രത്തിന് ഇൻവോയ്സുകൾ വഴി ആർക്കൊക്കെ ഉൽപ്പന്നങ്ങൾ നൽകാവുന്നതാണ്.
2. എത്ര തുകവരെ ഇത്തരത്തിൽ വിൽപ്പന നടത്താവുന്നതാണ്.
3. ക്രെഡിറ്റ് സെയിൽ തീർപ്പാക്കാനുള്ള കാലാവധി നിശ്ചയിച്ചിട്ടുള്ളതായി കാണുന്നില്ല.
4. കാലാവധി കഴിഞ്ഞിട്ടുള്ള ഇത്തരത്തിലുള്ള തുകകൾ തിരിച്ചു പിടിക്കാനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമല്ല.

2-2-3 ഇൻവോയ്സുകൾ വഴിയുള്ള വിൽപ്പന ഇനത്തിൽ സർവ്വകലാശാലക്ക് ലഭിക്കാനുള്ള തുകകൾ വാർഷിക കണക്കിൽ ഉൾപ്പെട്ടുന്നില്ല

ഇത്തരത്തിലുള്ള വിൽപ്പന വഴി പ്രതിവർഷം ഭീമമായ തുകകൾ സർവ്വകലാശാലക്ക് ലഭിക്കേണ്ടതായുണ്ട്. എന്നാൽ ടി തുകകളുടെ കണക്കുകൾ സർവ്വകലാശാല വാർഷിക കണക്കുകളിൽ ഉൾപ്പെടാറില്ല. വാർഷിക കണക്കുകളിൽ ഉൾപ്പെടാത്തതുകൊണ്ട്

തന്നെ സർവ്വകലാശാലക്ക് ലഭിക്കാനുള്ള തുകകളുടെ കണക്ക് വിവരങ്ങൾ അപ്രസക്തമാവുകയാണ് ചെയ്യുന്നത്. സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ വർഷങ്ങളോളം പഴക്കമുള്ള തീർപ്പാക്കാനുള്ള ഇൻവോയ്സുകൾ നിലനിൽക്കുന്നതായി കാണുന്നു.

2015-16 വർഷത്തിൽ ഇൻവോയ്സ് തീർപ്പാക്കാൻ ബാക്കി കിടക്കുന്ന സ്ഥാപനങ്ങൾ, തുക

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ആകെ തുക
1	കെ.വി.കെ., അമ്പലവയൽ	7,49,261/-
2	ഒളറികൾച്ചർ ഡിപ്പാർട്ട്മെന്റ്	12,113/-
3	സീഡ് ടെക്നോളജി, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര.	2,74,580/-
4	കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം	17,80,334/-
5	അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി	14,250/-
6	അഗ്രിക്കൾച്ചർ മൈക്രോബയോളജി & അഗ്രിക്കൾച്ചർ മീറ്റിറോളജി	86,000/-
7	കെ.വി.കെ., മലപ്പുറം	3,98,875/-
8	പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി	4,43,647/-
9	കെ.വി.കെ. കണ്ണൂർ	76,040/-
10	ആർ.എ.ആർ.എസ്., അമ്പലവയൽ	77,26,149/-
11	സെൻട്രൽ നഴ്സറി, വെള്ളാനിക്കര	3,20,767/-
		---------- 1,18,82,016/- =========

ഇത്രയും ഭീമമായ തുക വാർഷിക കണക്കുകളിൽ ഉൾപ്പെടാതെ പോവുന്നത് ഗൗരവമേറിയ വിഷയമാണ്. ലഭിക്കാനുള്ള തുകകൾ സംബന്ധിച്ച് വർഷാന്ത്യ കണക്കുകൾ തയ്യാറാക്കേണ്ടതും, തീർപ്പാക്കാൻ ബാക്കി കിടക്കുന്ന തുകകൾ കാരി

ഫോർവേഡ് ചെയ്യേണ്ടതും, സമയപരിധി നിശ്ചയിച്ചുകൊണ്ട് തീർപ്പാക്കേണ്ടതുമാണ്. കൂടാതെ ഈ മേഖലയിൽ ശക്തമായ നിയന്ത്രണ സംവിധാനം കൊണ്ടുവരേണ്ടതുമാണ്.

2-2-4 ആശങ്കകൾ

ഇൻവോയ്സുകളുടെ അച്ചടി സംബന്ധിച്ച് ആധികാരികത നിലനിൽക്കുന്നതായി കാണുന്നില്ല. ഇൻവോയ്സുകൾ വഴി വിൽപ്പന നടക്കുന്ന എല്ലാ കേന്ദ്രങ്ങളും അവിടെ തന്നെയാണ് ഇൻവോയ്സുകൾ അച്ചടിച്ചു വരികയോ, കമ്പ്യൂട്ടർ പ്രിന്റ് വഴി തയ്യാറാക്കുകയോ ചെയ്യുന്നത്. കൂടാതെ ഇതിന് ഒരു ഏകീകൃത സ്വഭാവം നിലനിൽക്കുന്നതായും കാണുന്നില്ല. ഒരു വർഷം ഒരു കേന്ദ്രത്തിൽ അച്ചടിക്കുന്ന ഇൻവോയ്സുകൾ, ആയതിന്റെ സ്റ്റോക്ക് എന്നിവ സംബന്ധിച്ച വിവരങ്ങൾ പല കേന്ദ്രങ്ങളിലും സൂക്ഷിക്കുന്നില്ല. ഇത്തരത്തിലുള്ള ഒരു അയഞ്ഞ സംവിധാനത്തിൽ തെറ്റായ പ്രവണതകൾ ഉണ്ടാകാനുള്ള സാദ്ധ്യത വളരെ കൂടുതലാണ്.

2-2-5 ഓഡിറ്റ് നിർദ്ദേശങ്ങൾ

1. ഇൻവോയ്സ് വിൽപ്പന നിയമപരമാക്കുകയും ആയത് സംബന്ധിച്ചുള്ള വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുകയും ചെയ്യുക.
2. റസീറ്റ് സമ്പ്രദായം പോലെതന്നെ ഇൻവോയ്സുകളും കംപ് ട്രോളറുടെ കീഴിൽ കേന്ദ്രീകൃതമായി അച്ചടിച്ച്, ബുക്ക് നമ്പറും, പേജ് നമ്പറും ചേർത്ത് വിതരണം ചെയ്യുന്ന രീതികൾ അവലംബിക്കുക.
3. ഇൻവോയ്സുകൾ തീർപ്പാക്കാനുള്ള സമയപരിധി നിശ്ചയിക്കുക.
4. ലഭിക്കാനുള്ള തുകകളുടെ സംക്ഷിപ്തം വർഷമനുസരിച്ച് തയ്യാറാക്കുകയും, കാരി ഫോർവേഡ് ചെയ്ത് സൂക്ഷിക്കുകയും ചെയ്യുക.
5. ഇൻവോയ്സുകൾ സംബന്ധിച്ച കൃത്യവും പൂർണ്ണവുമായ വിവരങ്ങൾ അതാത് കേന്ദ്രങ്ങൾ യഥാസമയം സർവ്വകലാശാലക്ക് നൽകേണ്ടതും ആയത് വാർഷിക കണക്കിന്റെ ഭാഗമായി ഉൾപ്പെടുത്തേണ്ടതുമാണ്.

2-3 മുൻകൂർ തുകകൾ ക്രമീകരിക്കുന്നതിലെ അപാകതകൾ

ലക്ഷ്യം : മുൻകൂർ തുകകളുടെ അനുമതി, തിരിച്ചടവ് എന്നിവ ക്രമപ്രകാരമാണോ എന്നുള്ള പരിശോധന.

മാനദണ്ഡം : i) കേരള ഫിനാൻഷ്യൽ കോഡ്
ii) ജി.ഒ.(പി) നമ്പർ 419/11 ധനം തീയതി.04.10.11
iii) സർവ്വകലാശാല ഉത്തരവുകൾ

സർവ്വകലാശാലക്ക് കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ കണ്ടിജന്റ് ഇനത്തിൽ താൽക്കാലികമായി നൽകുന്ന മുൻകൂറുകൾ ക്രമപ്രകാരമായി തീർപ്പാക്കുന്നില്ല. മുൻകൂറുകൾ നൽകുന്നത് സംബന്ധിച്ചും, അത് തീർപ്പാക്കുന്നത് സംബന്ധിച്ചും കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 99-ലും ജി.ഒ.(പി) നമ്പർ, 419/11 ധനം തീയതി. 04-10-11-ലും വ്യക്തമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. എന്നാൽ അത് സർവ്വകലാശാല കൃത്യമായി പാലിക്കുന്നില്ല.

2-3-1 മുൻകൂറുകൾ നൽകുന്നത് സംബന്ധിച്ച് (Temperory Advance for specified purpose)

ഫിനാൻഷ്യൽ കോഡ് പ്രകാരം പെർമനെന്റ് അഡ്വാൻസ് (94), temperory advance (99), Advance for contingent charges to be incurred on tour(100), Advance for law charge എന്നിവയാണ് കണ്ടിജന്റ് അഡ്വാൻസ് ഇനത്തിൽ ഉൾപ്പെടുന്നത്. ഇതിൽ ആർട്ടിക്കിൾ 99, പരാമർശിക്കുന്ന തരത്തിലുള്ള അഡ്വാൻസുകളാണ് സർവ്വകലാശാലയിൽ പൊതുവായി കാണുന്നത്.

സർക്കാരിന്റെ അംഗീകാരത്തോടു കൂടി കൃത്യമായ മാനദണ്ഡങ്ങളും, നിയന്ത്രണങ്ങളും പാലിച്ച് പ്രത്യേക ആവശ്യങ്ങൾക്ക് മാത്രമായാണ് ആർട്ടിക്കിൾ 99 പ്രകാരമുള്ള മുൻകൂറുകൾ സർക്കാർ സംവിധാനത്തിൽ ലഭ്യമാവുന്നത്. എന്നാൽ സർവ്വകലാശാലയെ സംബന്ധിച്ചിടത്തോളം ഇത്തരം നിയന്ത്രണ സംവിധാനത്തോടെയല്ല മുൻകൂറുകൾ പലപ്പോഴും അംഗീകരിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് പൊതുവിൽ കണ്ടുവരുന്ന പോരായ്മകൾ ചുവടെ കൊടുക്കുന്നു.

- സർവ്വകലാശാലയിൽ വികേന്ദ്രീകൃതമായ ഒരു സാമ്പത്തിക ക്രമം നിലനിൽക്കുന്നതു കൊണ്ട്തന്നെ ഇതിലെ ഓരോ ഘടകത്തിനും (ഡി.ഡി.ഒ., സ്റ്റേഷൻ ഹെഡ്സ്, എ.ഡി.ആർ., ഡീൻ മുതലായവർ) അംഗീകരിച്ചു കൊടുക്കാവുന്ന മുൻകൂർ തുകകളുടെ പരിധി നിശ്ചയിച്ചിട്ടില്ല.
- ആർക്കൊക്കെ മുൻകൂറുകൾ നൽകാം എന്നും വ്യക്തമല്ല. പല കേന്ദ്രങ്ങളിലും താൽക്കാലിക ജീവനക്കാരുടെ പേരിൽ പോലും (ഖണ്ഡിക നമ്പർ 3-49-2) മുൻകൂറുകൾ നൽകി കാണുന്നുണ്ട്.
- നൽകിയ മുൻകൂറുകൾ തീർപ്പാക്കുന്നതിൽ നിയന്ത്രണ സംവിധാനം ഫലപ്രദമല്ല. മുൻകൂർ കൈപ്പറ്റിയ ഉദ്യോഗസ്ഥൻ അത് തീർപ്പാക്കിയിട്ടില്ലെങ്കിൽ പോലും, അദ്ദേഹത്തിന്റെ പേരിൽ തന്നെ വീണ്ടും മുൻകൂറുകൾ നൽകുന്നുണ്ട്.

2-3-2 മുൻകൂറുകൾ തീർപ്പാക്കുന്നത് സംബന്ധിച്ച്

അനുവദിച്ച മുൻകൂറുകൾ തീർപ്പാക്കുന്നതിലും, യഥാസമയത്ത് തീർപ്പാക്കാത്ത മുൻകൂർ തുകകൾ പലിശ സഹിതം തിരിച്ചുപിടിക്കുന്നതിലും സർവ്വകലാശാല നടപടികൾ സ്വീകരിക്കുന്നില്ല. ജി.ഒ.(പി) നമ്പർ 419/11 ധനം തീയതി.04.10.11 പ്രകാരം, ഇത്തരത്തിൽ നൽകിയ മുൻകൂറുകൾ മൂന്നുമാസത്തിനുള്ളിൽ ക്രമീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം നൽകിയ തുക അതിന്റ 18% പലിശ സഹിതം തിരിച്ചുപിടിക്കേണ്ടതാണ്. ഇത്തരത്തിലുള്ള സർക്കാർ ഉത്തരവ് നിലവിലുണ്ടെങ്കിലും മുൻകൂറുകൾ മൂന്നുമാസത്തിനുള്ളിൽ തീർപ്പാക്കുന്നില്ല. ഇത് പാർട്ട് III-ലെ വിവിധ സ്റ്റേഷനുകളിലെ ഓഡിറ്റ് ഖണ്ഡികകളിൽ സൂചിപ്പിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം തീർപ്പാക്കാത്ത മുൻകൂർ തുകകളുടെ സ്റ്റേഷൻ തിരിച്ചുള്ള കണക്കുകൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	ആകെ തുക
1	അഗ്രിക്കൾച്ചർ കോളേജ്, വെള്ളായണി	3,00,000/-
2	കെ.വി.കെ., കോട്ടയം	2,000/-
3	അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് കോളേജ്, തവന്നൂർ	61,500/-
4	സി.ടി.ഐ., മണ്ണുത്തി	1,25,000/-
5	സി.സി.ബി. & എം. വെള്ളാനിക്കര	2,19,000/-
6	കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി	35,000/-
7	പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ	6,41,900/-
8	പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി	7,000/-
9	എൻ.എ.ആർ.പി., വെള്ളായണി	56,54,813/-
	ആകെ	---------- 70,46,213/- =========

ഭീമമായ തുകകൾ തീർപ്പാക്കാതെ നിലനിൽക്കുന്നത് നിയന്ത്രണ സംവിധാനത്തിന്റെ അപാകതകൾ ആണ്. ടി തുകകൾ എത്രയും പെട്ടെന്ന് തിരിച്ചുപിടിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2-3-3 നിർദ്ദേശങ്ങൾ

- മുൻകൂറുകളുടെ അംഗീകാരം, സാമ്പത്തിക പരിധി സംബന്ധിച്ച് വ്യക്തമായ മാനദണ്ഡങ്ങൾ രൂപീകരിക്കുക.
- മുൻകൂറുകളുടെ തീർപ്പാക്കൽ സംബന്ധിച്ച കേരള ഫിനാൻഷ്യൽ കോഡ്, സർക്കാർ ഉത്തരവുകൾ എന്നിവ പ്രകാരമുള്ള നടപടികൾ സ്വീകരിക്കുക.
- ഫലപ്രദമായ നിയന്ത്രണ സംവിധാനം ഏർപ്പെടുത്തുക

2-4 സർവ്വകലാശാലയിലെ രശീതികളുടെ കമ്പ്യൂട്ടറൈസേഷൻ - പൊതുവായ അപാകതകൾ

ലക്ഷ്യം : സർവ്വകലാശാലയിലെ രശീതികളുടെ കമ്പ്യൂട്ടറൈസേഷൻ-പൊതുവായ അപാകതകളുടെ പരിശോധന.

മാനദണ്ഡങ്ങൾ : 1. കേരള ഫിനാൻഷ്യൽ കോഡിലെ വ്യവസ്ഥകൾ.
2. കേരള കാർഷിക സർവ്വകലാശാലയിലെ രശീതികളുടെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട ഉത്തരവുകൾ/ സർക്കുലറുകൾ.

സർവ്വകലാശാലയിലെ രശീതികളുടെ കമ്പ്യൂട്ടറൈസേഷനുമായി ബന്ധപ്പെട്ട് ഉപയോഗിക്കുന്ന പ്രിന്റിങ്ങ് പേപ്പർ മുതൽ സോഫ്റ്റ് വെയർ നിർമ്മാണം വരെയുള്ള പ്രക്രിയകൾ ആധികാരികമായല്ല നടന്നുവരുന്നത്. ഓഡിറ്റ് നിരീക്ഷണങ്ങൾ ചുവടെ ചേർക്കുന്നു.

1. ഇൻഫർമേഷൻ സെയിൽസ് സെന്റർ, മണ്ണുത്തിയിലാണ് (എ.ടി.ഐ.സി.) ആദ്യമായി രശീതികൾ കമ്പ്യൂട്ടർവത്കരിച്ചത്. ഇതിനെ അടിസ്ഥാനമാക്കി 06.04.2011-ലെ സർവ്വകലാശാല ഉത്തരവ് നം.ബി.ജി./എ 1/8839/11 പ്രകാരം കമ്പ്യൂട്ടർ രശീതി സമ്പ്രദായം മറ്റ് സ്റ്റേഷനുകളിലും നടപ്പാക്കാനും, 18.01.2016-ലെ ഗവേഷണ വിഭാഗം മേധാവിയുടെ പരിപത്ര നം.ആർ.1/68289/02 പ്രകാരം എല്ലാ സ്റ്റേഷനുകളിലും സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തുവാനും നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ സർവ്വകലാശാല ആസ്ഥാന കാര്യാലയം ഉൾപ്പെടെ ഭൂരിഭാഗം സ്റ്റേഷനുകളിലും ഇപ്പോഴും മാനുവൽ രശീതികളാണ് ഉപയോഗിക്കുന്നത്. സർവ്വകലാശാലയിലെ എല്ലാ സ്റ്റേഷൻ/യൂണിറ്റുകളിലും ഏകീകൃതമായ കമ്പ്യൂട്ടർ രശീതി സമ്പ്രദായം നടപ്പിലാക്കിയിട്ടില്ല.
2. 23/05/2014-ലെ സർവ്വകലാശാല ഉത്തരവ് നം.ബി.റ്റി./എ 2/7479/2014 പ്രകാരം ഇ-ഗവേണൻസ് - യു.എസ്.എ.ഐ.എം. (USAIM) സോഫ്റ്റ് വെയറാണ് വിൽപ്പന കേന്ദ്രത്തിൽ ഉപയോഗിക്കേണ്ടത്. എന്നാൽ വിവിധ സ്റ്റേഷനുകളിലെ വില്പന കേന്ദ്രങ്ങളിൽ വിവിധ ഇനം സോഫ്റ്റ് വെയർ ഒരേ ആവശ്യത്തിന്

ഉപയോഗിക്കുന്നു. ഉദാ: ആറ്റിക് വിൽപ്പന കേന്ദ്രം, മണ്ണുത്തി. ആയതിനാൽ എല്ലാ സ്റ്റേഷൻ/യൂണിറ്റുകളിലും ഏകീകൃതമായ കമ്പ്യൂട്ടർ രശീതി സോഫ്റ്റ് വെയർ സമ്പ്രദായം നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3. യു.എസ്.എ.ഐ.എം. സോഫ്റ്റ് വെയർ സർവ്വകലാശാലയിലെ അക്കൗണ്ടിങ്ങ് സോഫ്റ്റ് വെയറായ യൂഫാസ്റ്റുമായി ഓഡിറ്റ് തിയ്യതി വരെയും ലിങ്ക് ചെയ്യപ്പെട്ടിട്ടില്ല. യു.എസ്.എ.ഐ.എം. സോഫ്റ്റ് വെയർ യൂഫാസ്റ്റുമായി ബന്ധിപ്പിച്ച് സ്റ്റേഷനുകളുടെ വരവുകൾ കാലികമാക്കേണ്ടതാണ്.

4. സോഫ്റ്റ് വെയർ അപ്ഡേഷനുമായി ബന്ധപ്പെട്ട് നടന്ന പ്രധാന തീരുമാനങ്ങളുടെ ഉത്തരവുകൾ/മിനിറ്റ്സ് എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. സോഫ്റ്റ് വെയറിന്റെ ഉപയോഗ രീതിയുടെ യൂസർ മാനുവൽ സോഫ്റ്റ് വെയറിൽ ലഭ്യമാണെങ്കിലും വിവിധ സ്റ്റേഷനുകളുടെ പ്രവർത്തന രീതി വ്യത്യസ്തമായതിനാൽ സ്റ്റേഷൻ അടിസ്ഥാനത്തിൽ സോഫ്റ്റ് വെയറിന്റെ ഉപയോഗത്തിലുള്ള പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ട മാനുവലുകൾ, മാർഗ്ഗ നിർദ്ദേശങ്ങൾ എന്നിവ പുറപ്പെടുവിക്കേണ്ടതാണ്.

5. സർവ്വകലാശാലയുടെ മുഴുവൻ പ്രവർത്തനങ്ങളും കമ്പ്യൂട്ടറൈസേഷൻ പരിധിയിൽ വരുന്നുണ്ടെങ്കിലും കാലാനുസൃതമായ പരിഷ്കരണങ്ങൾ ഇനിയും പൂർത്തീകരിച്ചിട്ടില്ല. ഉദാഹരണമായി സർവ്വകലാശാല ഈടാക്കുന്ന വിവിധയിനം ഫീസുകൾ, പിഴകൾ, വാടകകൾ, സെക്യൂരിറ്റി ഡെപ്പോസിറ്റുകൾ, ടെന്റർ ഫോറത്തിന്റെ വില, ഓഡിറ്റ് റിക്കവറികൾ എന്നിവ ഇപ്പോഴും മാനുവൽ രശീതി മുഖേനയാണ് സ്വീകരിക്കുന്നത്. ആയതിനാൽ സർവ്വകലാശാലയ്ക്ക് വരവിനത്തിലും അല്ലാതേയും ലഭിക്കുന്ന എല്ലാ തുകകളും കമ്പ്യൂട്ടർ രശീതി മുഖേന സ്വീകരിക്കാനാവശ്യമായ അപ്ഡേഷനുകൾ സോഫ്റ്റ് വെയറിൽ വരുത്തേണ്ടതാണ്.

6. സോഫ്റ്റ് വെയർ സ്ഥാപിച്ചതിന് ശേഷം സോഫ്റ്റ് വെയറിനെ സംബന്ധിച്ച് വിവിധ സ്റ്റേഷനുകളിൽ നിന്ന് ഇ-മെയിൽ വഴി ലഭിക്കുന്ന ആവശ്യകതകളും പ്രശ്നങ്ങളും അതാത് സമയങ്ങളിൽ സർവ്വകലാശാല സമയബന്ധിതമായി

പരിഹരിക്കാറുണ്ടെങ്കിലും, ഇതു സംബന്ധിച്ച രേഖപ്പെടുത്തലുകളും രജിസ്റ്ററുകളും നിലവിലില്ല.

7. കമ്പ്യൂട്ടർ രശീതി സമ്പ്രദായം നിലവിലുള്ള സ്റ്റേഷനുകളിൽ, രസീതി പ്രിന്റിങ്ങിന് ഉപയോഗിക്കുന്ന പേപ്പർ റോളുകൾ അതാതിടങ്ങളിലെ ലോക്കൽ മാർക്കറ്റിൽ നിന്ന് വാങ്ങി ഉപയോഗിക്കുന്ന രീതിയാണ് നിലവിലുള്ളത്. ആയതിന്റെ ആധികാരികത, സ്റ്റോക്കിങ്ങ്, വിതരണം എന്നിവയ്ക്ക് സർവ്വകലാശാലാ കേന്ദ്രത്തിന് യാതൊരു നിയന്ത്രണവുമില്ല. ആയതിനാൽ പ്രിന്റ് ചെയ്യുന്നതിനുള്ള സ്റ്റേഷനറിക്ക് ഒരു കേന്ദ്രീകൃത ഫോർമാറ്റ്, ശേഖരണം, വിതരണം എന്നിവ ആവശ്യമാണ്.

8. പ്രധാന സ്റ്റോക്കിൽ ഉൾപ്പെടുത്തിയ ഉൽപ്പന്നങ്ങളുടെ സ്റ്റോക്കിലെ അളവിൽ നിന്നും ഒരു നിശ്ചിത ശതമാനം നിയമാനുസൃതം എഴുതിത്തള്ളുവാനുള്ള (അനിവാര്യമായ സാഹചര്യത്തിൽ മാത്രം) അവകാശം ഉത്തരവാദപ്പെട്ട അധികാരികൾക്കുണ്ടെങ്കിലും ആയതിനുള്ള വ്യവസ്ഥ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.

(ഓഡിറ്റ് എൻകയറി നമ്പർ 07/ 11.05.2017).

2-5 വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ

ലക്ഷ്യം : വാങ്ങൽ നടപടിക്രമങ്ങളിലെ അപാകതകൾ പരിശോധിക്കൽ.
മാനദണ്ഡം : i) കേരള സ്റ്റോർ പർച്ചേസ് മാന്വൽ
ii) സർവ്വകലാശാല ഉത്തരവുകൾ.

കേരള കാർഷിക സർവ്വകലാശാലയിൻ കീഴിൽ വരുന്ന വിവിധ സ്ഥാപനങ്ങളിൽ വിവിധ ഉപകരണങ്ങൾ, പരീക്ഷണാവശ്യങ്ങൾക്കായുള്ള രാസവസ്തുക്കൾ തുടങ്ങിയവയുടെ വാങ്ങലുകൾ നിരന്തരം നടത്തുന്നുണ്ട്. സർവ്വകലാശാലക്ക് സ്വന്തമായി ഒരു പർച്ചേസ് റൂൾ ഇല്ലാത്ത സാഹചര്യത്തിൽ കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013, സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ, സർവ്വകലാശാലയുടെ ഉത്തരവുകൾ എന്നിവ പാലിച്ചുകൊണ്ടാണ്

വാങ്ങലുകൾ നടത്തേണ്ടത്. 2015-16 ഓഡിറ്റ് വേളയിൽ മേൽ ഉത്തരവുകൾ പാലിക്കാതെ തന്നെ വാങ്ങലുകൾ നടത്തിയതായി ശ്രദ്ധയിൽപ്പെട്ടു. ക്വട്ടേഷൻ/ടെണ്ടർ വിളിക്കാതെ വാങ്ങൽ നടത്തുക, റേറ്റ് കോൺട്രാക്ട് പ്രകാരം സർക്കാർ അംഗീകൃത സ്ഥാപനങ്ങളായ കെയ്കോ, റെയ്ഡ്കോ, സിഡ്കോ എന്നിവയിൽ നിന്നും വാങ്ങാവുന്നവ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും വാങ്ങുക, സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ നിന്നും അവർ ഉൽപാദിപ്പിക്കാത്ത സാധനങ്ങൾ വാങ്ങുക, ക്വട്ടേഷൻ/ടെണ്ടർ പ്രകാരം ഒരുമിച്ച് വാങ്ങാവുന്ന സ്റ്റേഷനറി സാധനങ്ങൾ അപ്രകാരം ചെയ്യാതെ കൂടുതൽ തവണകളായി വാങ്ങുക തുടങ്ങിയവ അപാകതകളിൽ ചിലതാണ്.

2-5-1 റേറ്റ് കോൺട്രാക്ട് മുഖേനയുള്ള വാങ്ങലുകൾ

2-5-1-1 ഹോർട്ടികൾച്ചർ കോളേജിലെ റേറ്റ് കോൺട്രാക്ട് ഉത്തരവ് മറ്റു സ്റ്റേഷനുകളിൽ ബാധകമാക്കുന്നതിന് നിയമസാധുത ഇല്ല

രാസവസ്തുക്കൾ, ഗ്ളാസ്സ് വെയർ തുടങ്ങിയവ വാങ്ങുന്നതിനായി കോളേജ് ഓഫ് ഹോർട്ടികൾച്ചർ അസോസിയേറ്റ് ഡീൻ പുറപ്പെടുവിച്ച നം. GL(1)/4850/2015 തീയതി.26.11.15 ഉത്തരവിന്റെ അടിസ്ഥാനത്തിൽ മറ്റു സ്റ്റേഷനുകളിലും ഇത് അടിസ്ഥാനമാക്കി വാങ്ങലുകൾ നടത്തുന്ന പ്രവണത നിലനിൽക്കുന്നുണ്ട്. (കെ.വി.കെ., മലപ്പുറം, ഖണ്ഡിക 3). സർവ്വകലാശാലയുടെ ഡെലിഗേഷൻ ഓഫ് പവേഴ്സിലെ സാമ്പത്തികാധികാരങ്ങൾ, ക്രമ നമ്പർ 26 പ്രകാരം ഹോർട്ടികൾച്ചർ കോളേജിലോ അനുബന്ധ വകുപ്പുകളിലോ അല്ലാതെ മറ്റു സ്ഥാപനങ്ങളിൽ നടത്തുന്ന വാങ്ങലുകൾക്ക് മേൽ ഉത്തരവ് ബാധകമാക്കുന്നതിന് സാധുതയില്ല. (ഉദാ: കെ.വി.കെ., മലപ്പുറം - ഖണ്ഡിക 3).

2-5-1-2 റേറ്റ് കോൺട്രാക്ടിലെ "ഫാൾ ക്ളോസ്" സംബന്ധിച്ച നിബന്ധനകൾ പാലിച്ചിട്ടില്ല

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 13.16 ലെ "ഫാൾ ക്ളോസ്" പ്രകാരം റേറ്റ് കോൺട്രാക്ടിൽ ഏർപ്പെട്ടിരിക്കുന്ന കമ്പനികൾ കരാർ പ്രകാരം നൽകാമെന്ന്

പറഞ്ഞ ഉൽപ്പന്നങ്ങൾ കരാർ തുകയിൽ കുറഞ്ഞ നിരക്കിൽ മറ്റെതെങ്കിലും വ്യക്തികൾക്കോ സ്ഥാപനങ്ങൾക്കോ വിൽക്കുകയോ വാഗ്ദാനം നൽകുകയോ ചെയ്തുകഴിഞ്ഞാൽ റേറ്റ് കോൺട്രാക്ടിൽ ഉദ്ധരിച്ച ടി ഉൽപ്പന്നത്തിന്റെ തുക സ്വയമേവ മേൽ സൂചിപ്പിച്ച തുകയ്ക്ക് സമാനമായി കുറയുന്നതാണ്.

ഹോർട്ടിക്കൾച്ചറൽ കോളേജിലേക്ക് രാസവസ്തുക്കൾ വാങ്ങുന്നതിനായി ഏർപ്പെട്ടിരിക്കുന്ന അസോസിയേറ്റ് ഡീനിന്റെ 26.11.15-ലെ GL(1)/4850/2015 നമ്പർ ഉത്തരവിൽ, അസോസിയേറ്റ് സയന്റിഫിക്ക്, കൊച്ചി, എന്ന സ്ഥാപനം ബോറോസിൽ, ടാർസൻ എന്നീ കമ്പനികളുടെ ഉല്പന്നങ്ങൾക്ക് യഥാക്രമം 7.5%, 7% ഡിസ്കൗണ്ട് നൽകിക്കൊണ്ടാണ് കരാറിൽ ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ ഇതേ കമ്പനി ഇതേ ഉല്പന്നങ്ങൾക്ക് നെല്ല ഗവേഷണ കേന്ദ്രം, വൈറ്റിലയുമായി ഉണ്ടാക്കിയ കരാർ പ്രകാരം (നം. B-430/15 തീയതി.16.06.15) യഥാക്രമം 27.5%, 16% ഡിസ്കൗണ്ട് നൽകിയതായും കാണുന്നു. വിശദാംശങ്ങൾ താഴെ പറയുന്നു.

നം.	കരാർ ഏർപ്പെട്ട കമ്പനി	കമ്പനി നൽകുന്ന ഉല്പന്നങ്ങൾ	ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കരയ്ക്ക് അനുവദിക്കുന്ന ഡിസ്കൗണ്ട്	വൈറ്റില, നെല്ല ഗവേഷണ കേന്ദ്രത്തിന് അനുവദിക്കുന്ന ഡിസ്കൗണ്ട്	വ്യത്യാസം
1	ദി അസോസിയേറ്റ് സയന്റിഫിക് കമ്പനി	ബോറോസിൽ	7.5%	27.5%	20%
2	ദി അസോസിയേറ്റ് സയന്റിഫിക് കമ്പനി	ടാർസൻ	7%	16%	9%

പ്രതിവർഷം ലക്ഷക്കണക്കിന് രൂപ വിലവരുന്ന രാസവസ്തുക്കൾ ഹോർട്ടികൾച്ചർ കോളേജിലും സർവ്വകലാശാലയുടെ മറ്റ് കേന്ദ്രങ്ങളിലും ഹോർട്ടികൾച്ചർ കോളേജിന്റെ റേറ്റ് കോൺട്രാക്ട് അനുസരിച്ച് വാങ്ങിക്കുന്നുണ്ട്. റേറ്റ് കോൺട്രാക്ടിലെ "ഫോൾ ക്ലോസ്" വ്യവസ്ഥ പാലിക്കാത്തതു മൂലം സർവ്വകലാശാലയ്ക്ക് ഭീമമായ നഷ്ടമാണ് സംഭവിക്കുന്നത്.

2-5-2 "റിപ്പീറ്റ് ഓർഡർ" അടിസ്ഥാനമാക്കിയുള്ള വാങ്ങലുകൾ

സർവ്വകലാശാലയുടെ ഏതെങ്കിലുമൊരു സ്ഥാപനത്തിൽ ഒരു പ്രത്യേക ഉപകരണം വാങ്ങുന്നതിന് ഇതേ ഉപകരണം വാങ്ങിയ സർവ്വകലാശാലയിലെ തന്നെ വേറൊരു സ്ഥാപനത്തിന്റെ പർച്ചേസ് ഓർഡറിനെ അടിസ്ഥാനമാക്കുന്ന രീതി ഉണ്ട്. റിപ്പീറ്റ് ഓർഡർ എന്നറിയപ്പെടുന്ന ഈ രീതിയിൽ ടെണ്ടർ/ക്വട്ടേഷൻ വിളിക്കാതെയാണ് വാങ്ങലുകൾ നടത്തുന്നത്. ഉദാഹരണം ഡിപ്പാർട്ട്മെന്റ് ഓഫ് പ്ലാന്റ് ബ്രീഡിങ്ങ് ആന്റ് ജനറ്റിക്സ് ഖണ്ഡിക-2, കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി, ഖണ്ഡിക-1. മത്സരാധിഷ്ഠിതമായ ക്വട്ടേഷൻ/ടെണ്ടർ നടപടികൾ സ്വീകരിക്കാതെ ഇത്തരത്തിൽ വാങ്ങലുകൾ നടത്തുമ്പോൾ സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഉപകരണങ്ങൾ/ വസ്തുക്കൾ കുറഞ്ഞ നിരക്കിൽ ലഭിക്കാനുള്ള സാദ്ധ്യതയാണ് ഇല്ലാതാവുന്നത്. കൂടാതെ ഇത്തരത്തിലുള്ള വാങ്ങലുകൾക്ക് യാതൊരു നിയമസാധുതയും നിലനിൽക്കുന്നില്ല.

2-5-3 സ്റ്റോർ പർച്ചേസ് മാന്വൽ ലംഘിച്ചുകൊണ്ടുള്ള വാങ്ങലുകൾ

കേരള സ്റ്റോർ പർച്ചേസ് മാന്വൽ ലംഘിച്ചുകൊണ്ടുള്ള വാങ്ങലുകൾ സർവ്വകലാശാലയിൽ നടന്നുവരുന്നതായി ഓഡിറ്റിൽ കണ്ടെത്തിയിട്ടുണ്ട്. ഉദാഹരണങ്ങൾ താഴെ പറയും വിധമാണ്.

ക്രമ നം.	പരാമർശം	സ്ഥാപനം	ഖണ്ഡിക നമ്പർ
1	ഒരു ലക്ഷത്തിനു മുകളിലുള്ള വാങ്ങലിന് ടെണ്ടർ വിളിച്ചിട്ടില്ല	i) കെ.എ.ഇ.ടി., തവനൂർ ii) ഡി.പി.പി. ഓഫീസ്, വെള്ളാനിക്കര	3-2 3-1
2	റേറ്റ് കോൺട്രാക്ട് ഇല്ലാത്ത സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങൽ നടത്തി	കരമന ക്രോപ്പിങ്ങ് റിസർച്ച് സെന്റർ	3-6

3	റേറ്റ് കോൺട്രാക്ട് പ്രകാരം ഒത്തുമിച്ച് വാങ്ങാതെ സ്റ്റേഷനറി സാധനങ്ങൾ തവണകളായി വാങ്ങി	സി.ഒ.എ., വെള്ളായണി	3-11
4	ക്വട്ടേഷൻ ക്ഷണിക്കാതെ വാങ്ങൽ നടത്തി	i) ആർ.എ.ആർ.എസ്., പട്ടാമ്പി ii) കാഡ്ബറി കൊക്കോ ഗവേഷണ കേന്ദ്രം, വെള്ളാനിക്കര	3-5 3-3

2-6 പോളിഹൗസുകൾ/ ഗ്രീൻ ഹൗസുകൾ/ മിസ്റ്റ് ചേമ്പറുകൾ - നിർമ്മാണത്തിലെ അപാകതകൾ

ലക്ഷ്യം : പോളിഹൗസുകൾ/ ഗ്രീൻ ഹൗസുകൾ എന്നിവയുടെ നിർമ്മിതികൾ ക്രമപ്രകാരമാണോ?

മാനദണ്ഡം : പി.ഡബ്ല്യു.ഡി. മാന്വൽ

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കേന്ദ്രങ്ങളിൽ പോളി ഹൗസുകൾ/ ഗ്രീൻ ഹൗസുകൾ/ മിസ്റ്റ് ചേമ്പറുകൾ എന്നിവയുടെ നിർമ്മിതികൾക്കായി പ്രതിവർഷം വളരെയധികം തുക ചെലവഴിക്കുന്നുണ്ട്. എന്നാൽ ഇത്തരം നിർമ്മിതികൾക്ക് ആധാരമാക്കുന്ന അടിസ്ഥാന ഡാറ്റകൾ സമാനരീതിയിലുള്ളതല്ല. ഇത്തരം പ്രവൃത്തികൾ സിവിൽ വർക്കിന്റെ വിഭാഗത്തിൽ ഉൾപ്പെടാത്തതുകൊണ്ട് തന്നെ പി.ഡബ്ല്യു.ഡി., സി.പി.ഡബ്ല്യു.ഡി. അംഗീകൃത ഡാറ്റകളും, സ്പെസിഫിക്കേഷനുകളും അടിസ്ഥാനപ്പെടുത്തുവാൻ സാധിക്കുകയുമില്ല. അതുകൊണ്ട് തന്നെ ഇത്തരം നിർമ്മാണ പ്രവൃത്തികളിൽ അപാകതകൾ നിലനിൽക്കുന്നതായി കാണുന്നു.

2-6-1 അംഗീകൃത ഡാറ്റ തയ്യാറാക്കിയിട്ടില്ല

നിലവിൽ ഇത്തരം നിർമ്മാണ പ്രവൃത്തികൾ ആധാരമാക്കുന്നത് അംഗീകൃതമായ ഏത് നിയമത്തിന്റെ, മാന്വലിന്റെ അടിസ്ഥാനത്തിലാണ് എന്ന് വ്യക്തമല്ല. സിവിൽ വർക്ക് വിഭാഗത്തിൽ ഉൾപ്പെടാത്തതുകൊണ്ട് തന്നെ പി.ഡബ്ല്യു.ഡി., സി.പി.ഡബ്ല്യു.ഡി. മാന്വലുകൾ ടി പ്രവർത്തനങ്ങൾക്ക് ബാധകമാവുന്നില്ല. ടി നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ അടിസ്ഥാനമാക്കേണ്ട ഡാറ്റകൾ സംബന്ധിച്ചും യൂണിവേഴ്സിറ്റി തലത്തിൽ വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങൾ ഇല്ല. അതുകൊണ്ട് തന്നെ സമാനമായ നിർമ്മാണ പ്രവർത്തികൾ വ്യത്യസ്ത നിരക്കുകളിൽ ചെയ്യേണ്ടി വരുന്നുണ്ട്. കൂടാതെ നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് പൊതുവിൽ അനുവർത്തിക്കേണ്ട നടപടി ക്രമങ്ങൾ പല സ്ഥലങ്ങളിലും പാലിക്കപ്പെടുന്നുമില്ല.

(ഓഡിറ്റ് ഖണ്ഡിക നമ്പർ 3-11-1)

2-6-2 സമാന സ്വഭാവത്തിലുള്ള നിർമ്മിതികൾക്ക് വ്യത്യസ്ത നിരക്കിലുള്ള യൂണിറ്റ് കോസ്റ്റ്

സമാന സ്വഭാവത്തിലുള്ള ഇത്തരം നിർമ്മിതികൾക്ക് വ്യത്യസ്ത നിരക്കിലുള്ള യൂണിറ്റ് കോസ്റ്റ് വരുന്നതായി കാണുന്നുണ്ട്. ഉദാഹരണം ചുവടെ ചേർക്കുന്നു.

സ്ഥാപനം	ഇനം	വിസ്തീർണ്ണം	യൂണിറ്റ് കോസ്റ്റ്	ആകെ ചെലവ്	ബിൽ നമ്പർ
ആർ.എ.ആർ. എസ്. അമ്പലവയൽ	മിസ്റ്റ് ചേമ്പർ	200 എം^{2}	848/എം^{2}	1,69,600/-	1035/ 08.02.15
ആർ.എ.ആർ. എസ്. അമ്പലവയൽ	മിസ്റ്റ് ചേമ്പർ	600 എം^{2}	784/എം^{2}	4,70,400/-	1965/ 31.03.16

മേൽ സൂചിപ്പിച്ച മിസ്റ്റ്ചേമ്പറിന്റെ നിർമ്മാണത്തിൽ യൂണിറ്റ് കോസ്റ്റ് രണ്ട് നിരക്കിലാണ് നൽകിയിരിക്കുന്നത്. ഒരേ തരത്തിലുള്ള ഒരേ നിർമ്മാണ പ്രവർത്തനത്തിന് വ്യത്യസ്ത യൂണിറ്റ് നിരക്കുകൾ നൽകാനിട വരുന്നത് മേൽ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള (2-6-1) മാർഗ്ഗ നിർദ്ദേശങ്ങളുടെയും നടപടിക്രമങ്ങളുടെയും അഭാവത്താലാണ്.

2-6-3 നിർദ്ദേശങ്ങൾ

1. ഈ മേഖലയിലെ വിദഗ്ദ്ധരുമായി ചേർന്ന് നിർമ്മാണ പ്രവർത്തനങ്ങൾക്ക് അവലംബിക്കേണ്ട ഒരു 'സ്റ്റാന്റേർഡ് ഡാറ്റ' അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.
2. നിർമ്മാണ പ്രവർത്തികളിൽ അവലംബിക്കുന്ന പൊതുവായ മാനദണ്ഡങ്ങൾ ടി പ്രവർത്തികളിലും പാലിക്കേണ്ടതാണ്.

2-7 സർവ്വകലാശാലാ ക്വാർട്ടേഴ്സ് - ലഭിക്കേണ്ടതും, ലഭിച്ചതുമായ വാടക ഉറപ്പാക്കുന്നതിലുള്ള അപാകതകൾ

ലക്ഷ്യം : സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിലുള്ള ക്വാർട്ടേഴ്സുകളിൽ നിന്നുള്ള വാടക കുടിശ്ശിക വരുമാനം സർവ്വകലാശാലയ്ക്ക് കൃത്യമായി ലഭിക്കുന്നുണ്ടോ - പരിശോധന.

മാനദണ്ഡം :
i) കേരള ഫിനാൻഷ്യൽ കോഡ്
ii) കേരള ട്രഷറി കോഡ്
iii) Rules for the allottment of occupation of Agriculture University employees Quarters.

ആമുഖം

സർവ്വകലാശാലയ്ക്ക് കീഴിലുള്ള ക്വാർട്ടേഴ്സുകളുടെ വാടക ഉറപ്പാക്കുന്നതിനും അത് പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഫലപ്രദമായി നിലനിൽക്കുന്നതായി കാണുന്നില്ല. അതുകൊണ്ട് തന്നെ സർവ്വകലാശാലക്ക് വരവായി ഈ ഇനത്തിൽ പ്രതിവർഷം ലഭിക്കേണ്ട തുക, ലഭിച്ച തുക, ലഭിക്കാനുള്ള തുക എന്നിവ സംബന്ധിച്ച

കണക്കുകളിൽ വ്യക്തത ഇല്ല. ഇതിന് കാരണമായി വരുന്നത് താഴെ സൂചിപ്പിച്ച ഘടകങ്ങളാണ്.

1. ക്വാർട്ടേഴ്സ് അനുവദിച്ചുകൊണ്ടുള്ള അലോട്ട്മെന്റ് രജിസ്റ്ററുകൾ ആനുകാലികമല്ല.
2. പ്രതിവർഷം ലഭിക്കേണ്ട വാടക സംബന്ധിച്ച് ഡി.സി.ബി. തയ്യാറാക്കുന്നില്ല.
3. വാടക ഇനത്തിൽ ലഭിക്കുന്ന വരവ് തുകകൾ ഒരു പ്രത്യേക ശീർഷകത്തിൽ ബുക്കു ചെയ്യുന്നില്ല.
4. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ
5. വാടക രജിസ്റ്റർ (റെന്റ് റിക്കവറി രജിസ്റ്റർ) അപൂർണ്ണമാണ്.

2-7-1 ക്വാർട്ടേഴ്സ് അനുവദിച്ചുകൊണ്ടുള്ള അലോട്ട്മെന്റ് രജിസ്റ്ററുകൾ ആനുകാലികമല്ല

ക്വാർട്ടേഴ്സ് അനുവദിക്കുമ്പോൾ ജീവനക്കാരുടെ പേര് വിവരം, അടിസ്ഥാന ശമ്പളം, ക്വാർട്ടേഴ്സ് നമ്പർ തുടങ്ങിയ വിശദാംശങ്ങൾ രേഖപ്പെടുത്തി, ആനുകാലികമായി സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ അപൂർണ്ണമാണ്. അതുകൊണ്ട് പ്രതിവർഷം ഈ ഇനത്തിൽ ലഭിക്കേണ്ട വാടക കുടിശ്ശിക, ഒഴിഞ്ഞു കിടക്കുന്ന ക്വാർട്ടേഴ്സുകളുടെ എണ്ണം, വാടക ഈടാക്കുന്നതിലെ മാനദണ്ഡങ്ങൾ എന്നിവ സംബന്ധിച്ചുള്ള സംക്ഷിപ്തം ലഭ്യമല്ല.

2-7-2 ഡി.സി.ബി. തയ്യാറാക്കുന്നില്ല

കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 5(1) പ്രകാരം 'Revenue due to Government should be properly assessed and demands made as and when they became due for collection' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കൂടാതെ ആർട്ടിക്കിൾ 5-ൽ 2, 3, 4, 5, 6 എന്നിവയിലും റവന്യൂ വരവ് ഉറപ്പാക്കുന്നത് സംബന്ധിച്ച് വ്യക്തമായ നടപടിക്രമങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്.

എന്നാൽ ക്വാർട്ടേഴ്സ് വാടക സംബന്ധിച്ച് ഡി.സി.ബി. തയ്യാറാക്കുന്നില്ല. അതുകൊണ്ട് തന്നെ ടി ഇനത്തിൽ ലഭിക്കാനുള്ള റവന്യൂ വരവ് മുൻകൂട്ടി നിർണ്ണയിക്കാനും, അത് ഉറപ്പാക്കാനുള്ള നടപടിക്രമങ്ങളും സർവ്വകലാശാല സ്വീകരിച്ചിട്ടില്ല.

2-7-3 <u>വാടക – പ്രത്യേക ബജറ്റ് ശീർഷകത്തിൽ ബുക്ക് ചെയ്യുന്നില്ല</u>

സർവ്വകലാശാലക്ക് വാടക ഇനത്തിൽ ലഭിക്കുന്ന വരവുകൾ പ്രത്യേക ശീർഷകത്തിൽ ബുക്ക് ചെയ്യുന്നില്ല. അതുകൊണ്ട് തന്നെ പ്രതിവർഷം ലഭിക്കുന്ന വരവ് തുകകളുടെ കണക്കുകൾ ലഭ്യമല്ല. സർവ്വകലാശാലയുടെ ബജറ്റ് പ്രകാരം '226' ആണ് വാടകയ്ക്ക് നൽകിയിരിക്കുന്ന 'detailed head'. എന്നാൽ ടി ശീർഷകത്തിൽ ഈ ഇനത്തിൽ വരുന്ന ചെലവുകൾ മാത്രമേ ബുക്ക് ചെയ്യപ്പെടുന്നുള്ളൂ. വരവിനത്തിൽ 'Income from fees, Income from college properties, interests, miscellaneous pension" എന്നീ തരംതിരിവുകൾ മാത്രമേ നിലനിൽക്കുന്നുള്ളൂ. ഇതിനെ അടിസ്ഥാനമാക്കിക്കൊണ്ടാണ് വാർഷിക കണക്കുകൾ തയ്യാറാക്കുന്നതും. അതുകൊണ്ട് തന്നെ ഡീറ്റെയിൽഡ് ഹെഡ് തിരിച്ചുള്ള റവന്യൂ വരവിന്റെ കണക്കുകൾ ലഭ്യമാവുന്നില്ല.

2-7-4 <u>ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകൾ</u>

ഈ ഇനത്തിൽ ലഭിക്കേണ്ട റവന്യൂ വരവുകൾ ഉറപ്പു വരുന്നതിൽ വരുന്ന വീഴ്ചകളിൽ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിലെ അപാകതകളും കാരണമാവുന്നുണ്ട്. ഉദാഹരണമായി സർവ്വകലാശാല ക്വാർട്ടേഴ്സ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയ ചട്ടങ്ങളിൽ (Rules for the allotment and occupation of Kerala Agricultural University employees Quarters) ചട്ടം XIV-ൽ 7 പ്രകാരം, ക്വാർട്ടേഴ്സിൽ താമസക്കാരായ ജീവനക്കാരുടെ ശമ്പളത്തിൽ വരുന്ന മാറ്റങ്ങൾ, ട്രാൻസ്ഫർ മുതലായ വിവരങ്ങൾ ഓഫീസ് തലവൻമാർ അതാത് സമയത്ത് ക്വാർട്ടേഴ്സ് 'Alloting authority'-യെ അറിയിക്കേണ്ടതാണ്. എന്നാൽ ഈ ഒരു ആഭ്യന്തര നിയന്ത്രണ സംവിധാനം സർവ്വകലാശാലയിൽ ഇപ്പോൾ നിലനിൽക്കുന്നില്ല. (ഓഡിറ്റ്

അന്വേഷണം നമ്പർ 2/ 09-05-17). അതുകൊണ്ട് തന്നെ ക്വാർട്ടേഴ്സ് താമസക്കാരായ ജീവനക്കാരുടെ ശമ്പള വർദ്ധനവിന് ആനുപാതികമായി വാടക ഇനത്തിൽ വരുന്ന മാറ്റങ്ങൾ കൃത്യമായി പരിശോധിക്കാനും, അതാത് സമയങ്ങളിൽ ഈ ഇനത്തിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിലും അപാകതകൾ സംഭവിക്കാവുന്നതാണ്.

2-7-5 വാടക രജിസ്റ്ററുകൾ അപൂർണ്ണമാണ്

വാടക ഇനത്തിലുള്ള വരവ് രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ കാലികമാക്കി സൂക്ഷിക്കുന്നില്ല. സ്റ്റേഷനുകളിലെ വാടക രജിസ്റ്റർ പരിശോധനയിൽ ഡി.പി.പി. ഓഫീസിൽ സൂക്ഷിക്കുന്ന Rent Recovery Registers പരിശോധിച്ചതിൽ ആയത് അപൂർണ്ണമാണെന്ന് കണ്ടെത്തുകയുണ്ടായി. ഇത് പ്രകാരം ഈ ഇനത്തിൽ ലഭിച്ചതും ലഭിക്കേണ്ടതുമായ തുകകളുടെ ആനുകാലിക വിവരങ്ങൾ ലഭ്യമല്ല. അപൂർണ്ണമായ ടി രജിസ്റ്റർ പ്രകാരമാണെങ്കിൽ ഭീമമായ ഒരു തുക വാടകയിനത്തിൽ സർവ്വകലാശാലയ്ക്ക് ലഭിക്കുവാനുള്ളതായി കാണുന്നു.

2-7-6 ഓഡിറ്റ് നിർദ്ദേശങ്ങൾ

1. വർഷാരംഭത്തിൽ ക്വാർട്ടേഴ്സ് വാടക വരവ് സംബന്ധിച്ചുള്ള ഡി.സി.ബി. തയ്യാറാക്കേണ്ടതാണ്.
2. ഈ ഇനത്തിലുള്ള വരവ് അനുവദിച്ച ഡീറ്റെയിൽഡ് ഹെഡിൽ തന്നെ ബുക്ക് ചെയ്യുക.
3. ആവശ്യമായ രേഖപ്പെടുത്തലുകൾ ഉൾക്കൊള്ളിച്ച് ബന്ധപ്പെട്ട രജിസ്റ്ററുകൾ ആനുകാലികമാക്കുക.
4. ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമാക്കുക

(ഓഡിറ്റ് എൻക്വയറി നമ്പർ 02/ 04-05-17
ഓഡിറ്റ് എൻക്വയറി നമ്പർ 02 എ/ 09-05-17).

ഭാഗം - 3
സ്റ്റേഷൻ ഓഡിറ്റിന്റെ ഭാഗമായ നിരീക്ഷണങ്ങൾ

3-1 കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി ആസ്ഥാന കാര്യാലയം - വെള്ളാനിക്കര.

3-1-1 കുറഞ്ഞനിരക്കിൽ കോട്ട് ചെയ്ത ക്വട്ടേഷൻ മതിയായ കാരണങ്ങൾ കൂടാതെ തള്ളി ഉയർന്ന നിരക്കിലുള്ളത് സ്വീകരിച്ചു. 2016-ലെ കെ.എ.യു.ഡയറി അച്ചടിയിൽ 61500/- രൂപ നഷ്ടം.

CBV No. 239/2/2016 ആകെ ബിൽ തുക – 3,06,465/- രൂപ
ഫയൽ നം. PRO/160/15 ചെക്ക് നമ്പർ - 983489/ 25.02.2016

2016 ലെ എക്സിക്യൂട്ടീവ് ഡയറിക്കായി 05.10.2015 ന് PRO/160/15 നമ്പറിൽ സർവ്വകലാശാല ക്വട്ടേഷൻ ക്ഷണിച്ചു. രണ്ട് കമ്പനികൾ, എല്ലോറ സ്റ്റേഷണറി, ശിവകാശി 14.10.2015 തിയ്യതിയിലും, ഈഗിൾ പ്രസ്സ്, ചെന്നൈ 13.10.2015 തിയ്യതിയിലും ക്വട്ടേഷൻ സമർപ്പിച്ചു. 27.10.2015 ന് ചേർന്ന പർച്ചേസ് കമ്മിറ്റി എല്ലോറ സ്റ്റേഷണറിയുടെ താഴ്ന്ന നിരക്കിലുള്ള ക്വട്ടേഷൻ തള്ളി ഈഗിൾ പ്രസ്, ചെന്നൈ യുടെ ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ അംഗീകരിച്ച് സപ്ലൈ ഓർഡർ നൽകി. ഇതുമായി ബന്ധപ്പെട്ട പ്രധാന ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

1. എല്ലോറ സ്റ്റേഷണറീസ്, ഡയറി ഒന്നിന് 120 രൂപയ്ക്കാണ് ക്വട്ടേഷൻ നൽകിയത്. ഈഗിൾ പ്രസാകട്ടെ ഒന്നിന് 181.50 രൂപയ്ക്കും. ഉയർന്ന നിരക്കിലുള്ള ക്വട്ടേഷൻ സ്വീകരിക്കുക വഴി ഒന്നിന് 61.50/- രൂപ പ്രകാരം 1000 കോപ്പികൾക്ക് 61500/- രൂപ അധികച്ചെലവ് ഉണ്ടായിട്ടുണ്ട്.
2. താഴ്ന്ന നിരക്കിലുള്ള ക്വട്ടേഷൻ തള്ളുന്നതിനായി മിനുട്സിൽ ചേർത്ത വാചകം താഴെ ചേർക്കുന്നു. 'The samples produced by Ellora Stationaries, Sivakasi did not meet expected standards while the sample produced by Eagle Press, Chennai was found to be good quality'.

ഇതിൽ ക്വട്ടേഷൻ ഉറപ്പിക്കുന്നതിന് മുമ്പ് വിലയിരുത്തപ്പെട്ടതായി കാണിച്ച രണ്ട് സാമ്പിളുകളും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

3. ക്വട്ടേഷൻ നോട്ടീസിൽ ആവശ്യപ്പെട്ടത് പ്രകാരമുള്ള സ്പെസിഫിക്കേഷനുകൾ, അതായത് സൈസ്, ടൈപ്പ്, കവർ, ഇന്നർ പേജ്, പ്രിന്റിംഗ്, അഡീഷണൽ പേജ്, ഉള്ളടക്കം ഇവ രണ്ട് കമ്പനികളും പാലിച്ചതായാണ് ഫയലിലെ ക്വട്ടേഷനുകൾ പരിശോധിച്ചപ്പോൾ കണ്ടത്. പിന്നെ എന്തടിസ്ഥാനത്തിൽ പ്രതീക്ഷിത നിലവാരം ഇല്ല എന്നതിനാൽ ക്വട്ടേഷൻ നിരസിച്ചു എന്ന് വ്യക്തമല്ല.

4. മേൽ പറഞ്ഞ കാര്യമല്ലാതെ കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്കുള്ളിൽ വരുന്ന ഒരു വ്യവസ്ഥയും കുറഞ്ഞ ടെണ്ടർ നിരസിക്കുന്നതിന് ബാധകമായി മിനുട്സിൽ ചൂണ്ടിക്കാണിച്ചിട്ടില്ല. പ്രസ്തുത വിവരങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് സർവ്വകലാശാല മറുപടി സമർപ്പിച്ചിട്ടില്ല. തൃപ്തികരമായ മറുപടിയുടെ അഭാവത്തിൽ അധികമായി ചെലവിട്ട 61500/- രൂപ സർവ്വകലാശാലയ്ക്കുണ്ടായ നഷ്ടമായി ഓഡിറ്റിൽ വിലയിരുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 5/ 09.05.2017).

3-1-2 <u>2016 ലെ സർവ്വകലാശാല ഡയറി വിറ്റവരവ് വിവരങ്ങൾ അവ്യക്തം</u>

2016 ലെ സർവ്വകലാശാലാ ഡയറികൾ സ്ലിം ഡയറി 2975 എണ്ണം, എക്സിക്യൂട്ടീവ് ഡയറി 1000 എണ്ണം എന്നിവ പി.ആർ.ഒ. യൂണിറ്റ് സ്റ്റോക്ക് രജിസ്റ്റർ വോള്യം-III, പേജ് 32 ൽ സ്റ്റോക്കെടുത്തിട്ടുണ്ട്. ഇതിൽ 50 എക്സിക്യൂട്ടീവ് ഡയറികൾ ഒന്നിന് 200 രൂപ നിരക്കിലും 100 സ്ലിം ഡയറികൾ ഒന്നിന് 50/- രൂപ നിരക്കിലും വിറ്റതായി കാണിച്ചിട്ടുണ്ട്. അതായത്,

50	X	200	=	10000
100	X	50	=	5000
				15000/-
				========

മേൽക്കാണിച്ച 15000/- രൂപ ഏത് വിധത്തിൽ വിറ്റുവെന്നോ, എങ്ങിനെ തുക വരവുവെച്ചുവെന്നോ വ്യക്തമല്ല. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് സ്ഥാപനം മറുപടി നൽകിയിട്ടില്ല. വ്യക്തമായ മറുപടി നൽകാത്ത പക്ഷം 15000/- രൂപ വരവു-നഷ്ടമായി കണക്കാക്കി ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 5/9-5-17).

3-1-3 ഡയറി അച്ചടി, പുറം കരാർ നൽകിയതിന്റെ സാധുത വ്യക്തമല്ല

2016 ലെ യൂണിവേഴ്സിറ്റി ഡയറികളിൽ 2975 എണ്ണം സ്ലിം ഡയറികൾ 42 രൂപ നിരക്കിലും , 1000 എണ്ണം 181.50/- രൂപ നിരക്കിലും പ്രിന്റ് ചെയ്യുന്നതിന് ഈഗിൾ പ്രസ്, ചെന്നൈ എന്ന സ്ഥാപനത്തിന് പുറം കരാർ നൽകിയിട്ടുണ്ട്. യൂണിവേഴ്സിറ്റിക്ക് സ്വന്തമായി പ്രസ്സ് ഉണ്ട് ഏന്നിരിക്കെ ഇത്രയും ഡയറികൾ പുറമെ അച്ചടിക്കുന്നതിന് മുമ്പ് സ്വന്തം പ്രസിൽ അച്ചടിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചതായി കാണുന്നില്ല. ആകെ ഡയറി അച്ചടിക്കായി 306465/- രൂപ ചെലവിട്ടിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് അന്വേഷണത്തിന് സർവ്വകലാശാല മറുപടി നൽകിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം നം. 05/9-5-2017). മേൽ കാരണത്താൽ ചെലവായ തുക (3,06,465) ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

3-1-4 രശീതി ബുക്കുകൾ മുഴുവനായി ഉപയോഗിക്കുന്നില്ല

അക്കാഡമിക് വിഭാഗത്തിൽ അഡ്മിഷനുവേണ്ടി ഉപയോഗിക്കുന്ന രശീതി ബുക്കുകൾ മുഴുവനായി ഉപയോഗിക്കാതെ ക്യാഷ് സെക്ഷനിൽ തിരിച്ചുനൽകിയതിന്റെ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം.	രശീതി ബുക്ക് നം.	ഉപയോഗിക്കാത്ത രശീതി നം.
1	59935	20 മുതൽ 100 വരെ
2	62283	26 മുതൽ 100 വരെ
3	62354	21 മുതൽ 100 വരെ

രശീതിബുക്കുകൾ മുഴുവനായി ഉപയോഗിക്കാതെ ക്യാഷ് സെക്ഷനിലേക്ക് കൈമാറുന്നത് ശരിയായ നടപടിയല്ല. ആയതിനാൽ ക്യാഷ് സെക്ഷനിൽ സൂക്ഷിക്കുന്ന ഇത്തരം രശീതി ബുക്കുകളിലെ ഉപയോഗിക്കാത്ത രശീതികൾ ക്യാൻസെൽ ചെയ്ത് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതും, രശീതി ബുക്കുകൾ മുഴുവനായി ഉപയോഗിച്ചതിനുശേഷം മാത്രം പുതിയ രശീതി ബുക്കുകൾ നൽകുവാനും ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 02/ 09.05.2017).

3-1-5 <u>സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വാഹനങ്ങളുടെ ഇൻഷുറൻസ് പ്രീമിയം ഒടുക്കുന്നു.</u>

G.O.(P)No.428/2014/Fin. തിയ്യതി, 01.10.14 പ്രകാരം സർവ്വകലാശാലയിലെ ജനറൽ ഇൻഷുറൻസ് ഇടപാടുകൾ സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖാന്തിരം മാത്രമേ നടത്താൻ പാടുള്ളൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ കാർഷിക സർവ്വകലാശാല ഹെഡ് ക്വാർട്ടേഴ്സിന്റെ കീഴിലുള്ള വാഹനങ്ങളുടെ ഇൻഷുറൻസ് പുതുക്കിയിട്ടുള്ളത് കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ് മുഖാന്തിരമല്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വാഹന രജിസ്ട്രേഷൻ നം.	വൗച്ചർ നം./അഡ്വാൻസ് വൗച്ചർ നം./വൗച്ചർ നം./ചെക്ക് നം. & തിയ്യതി	അഡ്ജസ്റ്റ്മെന്റ് വൗച്ചർ നം.	തുക
1	KL-08 BD 1454	83/15-16, 858481, 14/05/15	202/15-16	11626
2	KL-08 BD 538		202/15-16	21652
3	KL-08 AQ 5414	41/15-16, 858454, 27/04/15	ഇല്ല	8470
4	KL-08 AM 3805	107/15-16, 858492, 20/05/15	200/15-16	8746

5	KL-08 BB 6794	611/15-16 545296, 2/11/2015	667/15-16	21559
ആകെ				72053

ഇതോടനുബന്ധിച്ച് 11/09/17 തിയ്യതിയിൽ 5-എ നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയിരിക്കുന്നതിൽ G.O(P)428/2014/Fin. ഉത്തരവ് പാലിക്കപ്പെടുന്നതിനുള്ള തുടർ നടപടികൾ കൈക്കൊള്ളുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. G.O(P)428/2014/Fin. സർക്കാർ ഉത്തരവിന് മുമ്പും പലതവണ ഉത്തരവുകളായും സർക്കുലറുകളായും ഈ വിഷയത്തിൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ സർവ്വകലാശാല നിർദ്ദേശങ്ങൾ നടപ്പിലാക്കുവാൻ നടപടി കൈക്കൊള്ളാത്തത് ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. ഭാവിയിൽ ജനറൽ ഇൻഷ്വറൻസ് ഈടപാടുകൾ കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തിരം നടത്തുവാനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 5-എ/ 11.05.2017).

3-1-6 വാഹനങ്ങളുടെ പരിപാലനം, ലോഗ് ബുക്ക് പരിപാലനം-അപാകതകൾ

കേരള സർവ്വകലാശാല ആസ്ഥാനത്തിന് കീഴിൽ വരുന്ന വാഹനങ്ങളുടെ ലോഗ് ബുക്ക് പരിപാലനത്തിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. G.O.(Ms)No.115/2003/Fin. തിയ്യതി, 24.03.2003 ഖണ്ഡിക 4 പ്രകാരം വാഹനങ്ങളുടെ ഇന്ധനക്ഷമത പരിശോധന വർഷത്തിലൊരിക്കൽ നടത്തുവാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഭൂരിപക്ഷം വാഹനങ്ങളുടെ ലോഗ് ബുക്കുകളിൽ വാർഷിക ഇന്ധനക്ഷമത പരിശോധന നടത്തിയിട്ടുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

2. G.O.(Ms)No.113/2006/Fin. തിയ്യതി, 24/02/2003 ഖണ്ഡിക 17 പ്രകാരം ഏപ്രിൽ മുതൽ സെപ്റ്റംബർ വരെയുള്ള മാസങ്ങളിൽ ഉപയോഗിച്ച ഇന്ധനത്തിന്റെ ശരാശരി ഉപയോഗം കണക്കാക്കി ഓരോമാസത്തിലേയും ഇന്ധന ഉപയോഗത്തിന്റെ ഉയർന്ന പരിധി കണക്കാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് കണക്കാക്കി നിശ്ചയിച്ചിട്ടില്ല.

3. G.O.(Ms)No.161/2003/Fin. തിയ്യതി, 31/03/2006 പ്രകാരം ഓരോ വാഹനത്തിനും 'vehicle history book' സൂക്ഷിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 17/05/17 ൽ ഓഡിറ്റ് അന്വേഷണം 15 ആയി 'vehicle history book' ഹാജരാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും നാളിതുവരെ ഹാജരാക്കിയിട്ടില്ല. വാഹനങ്ങളുടേയും ലോഗ് ബുക്കുകളുടേയും പരിപാലനത്തിൽ സർക്കാർ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

3-2 അഗ്രിക്കൾച്ചർ കോളേജ്, വെള്ളായണി

3-2-1 മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് 10,000/- രൂപയ്ക്ക് മുകളിലുള്ള ക്ലെയിമിന് ഡി.എം.ഒ.യുടെ പരിശോധനാ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

10,000/- രൂപയ്ക്ക് മുകളിലുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് ക്ലെയിമുകൾ ജില്ലാ മെഡിക്കൽ ഓഫീസറുടെ മുൻകൂർ പരിശോധനയ്ക്ക് വിധേയമാക്കണമെന്ന സർക്കാർ ഉത്തരവ് പാലിക്കപ്പെട്ടുന്നില്ല.

ക്രമ നം.	സി.ബി.വി./ ചെക്ക് നമ്പർ	ഉദ്യോഗസ്ഥന്റെ പേര്	ആശുപത്രി	തുക
1	428/3-16	ശ്രീ.രാജൻ.കെ., ലാബ് അസിസ്റ്റന്റ്	രാമകൃഷ്ണ മിഷൻ ആശുപത്രി	13,020/-
2	430/3-16	ശ്രീ.ഡി.ബിജുകുമാർ, ലാബ് അസിസ്റ്റന്റ്	ബി.എൻ.വി. ആശുപത്രി	19,720/-

മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് സംബന്ധിച്ച സർക്കാർ ഉത്തരവുകൾ കൃത്യമായി പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-2-2 ഡെപ്യൂട്ടേഷൻ കാലയളവിലെ ശമ്പള കുടിശ്ശിക സർവ്വകലാശാല ഫണ്ടിൽ നിന്നും നൽകി - 3,08,774/- രൂപ തടസ്സപ്പെടുത്തുന്നു

(സി.ബി.വി. നം.287/10-2015 ചെക്ക് നം.611518 തീയതി.26.10.2015)

ഡോ.സേവ്യർ.കെ.ജേക്കബ്, അസോസിയേറ്റ് പ്രൊഫസർക്ക് 11.04.2006 മുതൽ 10.04.2007 വരെയുള്ള കാലയളവിലെ ശമ്പള കുടിശ്ശികയായ 3,08,774/- രൂപ അനുവദിച്ചിട്ടുണ്ട്. (ഇതിൽ നിന്നും 92,632/- രൂപ ആദായ നികുതിയിനത്തിൽ കുറവ് ചെയ്ത് ബാക്കി തുകയായ 2,16,142/- രൂപ നൽകിയിട്ടുണ്ട്.) അദ്ദേഹത്തിന്റെ വ്യക്തിഗത ഫയൽ (നം.എ.സി.വി.(3)1088/98) പരിശോധിച്ചതിൽ കുറിപ്പ് ഫയൽ നം.348 പ്രകാരം സർവ്വകലാശാലയുടെ 11.04.2006 മുതൽ 10.04.2007 വരെയുള്ള ഒരു വർഷ കാലയളവിൽ അദ്ദേഹത്തിന് ഡെപ്യൂട്ടേഷൻ അനുവദിച്ചിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. വൗച്ചറിനോടൊപ്പം സൂക്ഷിച്ചിട്ടുള്ള ഡ്യൂ-ഡ്രോൺ സ്റ്റേറ്റ്മെന്റിലും ഇക്കാര്യം മാനുവലായും രേഖപ്പെടുത്തിയിരിക്കുന്നു. മേൽ ഉത്തരവ് ഈ ഫയലിൽ ഉൾക്കൊള്ളിച്ചിട്ടില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നം.18/2015-16 തീയതി.14.03.2017 നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ കാരണങ്ങളാൽ ശമ്പള കുടിശ്ശിക ഇനത്തിൽ അനുവദിച്ച 3,08,774/- രൂപ തടസ്സപ്പെടുത്തുന്നു.

3-2-3 കാർഷിക കോളേജ് ഗ്രൗണ്ട് വാടകയ്ക്ക് നൽകുന്നത് - വാടക അഡ്വാൻസായി സ്വീകരിക്കുന്നില്ല

കാർഷിക കോളേജ് ഗ്രൗണ്ട് വാടകയ്ക്ക് നൽകുമ്പോൾ വാടക മുൻകൂറായി സ്വീകരിക്കുന്നില്ല. ഗ്രൗണ്ടിന്റെ ഉപയോഗം കഴിഞ്ഞ് ദിവസങ്ങൾക്ക് ശേഷമാണ് വാടക

ഒടുക്കുന്നത്. ഗ്രൗണ്ട് നിശ്ചിത ദിവസങ്ങളിലേക്ക് ബുക്ക് ചെയ്ത ശേഷം ബുക്കിങ്ങ് പാർട്ടി അവരുടെ സൗകര്യാർത്ഥം ഇടക്കുള്ള ദിവസങ്ങൾ ഒഴിവാക്കി, ഗ്രൗണ്ട് ഉപയോഗിച്ചിട്ടില്ല എന്ന കാരണത്താൽ വാടകയിൽ കുറവ് വരുത്തി ഒടുക്കുകയും ചെയ്യുന്നു. ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നെങ്കിലും വാടക മുൻകൂറായി ഈടാക്കാനുള്ള നടപടിക്രമങ്ങൾ നാളിതുവരെ ആരംഭിച്ചിട്ടില്ല. 2015-16 വർഷം ഗ്രൗണ്ട് ബുക്ക് ചെയ്ത ശേഷം ഉപയോഗിക്കാതെ ക്യാൻസൽ ചെയ്ത് തുക കുറവ് വരുത്തി ഒടുക്കിയതിന്റെ ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ബുക്കിങ്ങ് പാർട്ടി	ഗ്രൗണ്ട് ബുക്ക് ചെയ്ത ദിവസങ്ങൾ	വാടകയായി ഒടുക്കേണ്ട തുക	ക്യാൻസൽ ചെയ്ത ദിവസങ്ങൾ	ചെക്കായി ഒടുക്കിയ തുക
ട്രിവാൻഡ്രം ഡിസ്ട്രിക്ട് ക്രിക്കറ്റ് അസോസിയേഷൻ	01.04.2015 മുതൽ 04.04.2015 വരെ 12.04.2015 മുതൽ 15.04.2015 വരെ 19.04.2015, 23.04.2015 മുതൽ 30.04.2015 വരെ ആകെ 17 ദിവസങ്ങൾ	12,750/-	9	6,000/-
ട്രിവാൻഡ്രം ഡിസ്ട്രിക്ട് ക്രിക്കറ്റ് അസോസിയേഷൻ	07.07.2015 മുതൽ 15.07.2015 വരെ 18.07.2015 മുതൽ 28.07.2015 വരെ ആകെ 20 ദിവസങ്ങൾ	15,000/-	4	12,000/-

കൂടാതെ വാടക ഈടാക്കാനായുള്ള ഡീനിന്റെ ഉത്തരവിനെ മറികടന്നാണ് ഫിസിക്കൽ എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റിൽ നിന്നും ബുക്കിങ്ങ് ദിവസങ്ങൾ ക്യാൻസൽ ചെയ്ത് വാടകയിൽ കുറവ് വരുത്തി തുക ഈടാക്കുന്നത്.

ഗ്രൗണ്ട് വാടകയ്ക്ക് നൽകുമ്പോൾ വാടക മുൻകൂറായി ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2-4 <u>കാർഷിക കോളേജ് ഗ്രൗണ്ട് വാടകയ്ക്ക് നൽകിയത് - വാടക ഇനത്തിൽ ഒടുക്കിയ തുകയിൽ കുറവ് വന്നത് - 21,300/- രൂപ ഒടുക്ക് വരുത്തേണ്ടതാണ്</u>

ഡീനിന്റെ ഉത്തരവ് പ്രകാരം ഗ്രൗണ്ട് വാടക ഇനത്തിൽ ഈടാക്കി ഒടുക്കു വരുത്തേണ്ട തുകകളേക്കാൾ കുറഞ്ഞ തുകകളാണ് ഒടുക്കു വരുത്തിയിരിക്കുന്നത്. വിശദ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉത്തരവ് നമ്പർ	ഉത്തരവ് പ്രകാരം ഒടുക്കു വരുത്തേണ്ട തുക (രൂപ)	ഒടുക്കു വരുത്തിയ തുക	കുറവ് (രൂപ)
1	GL/B1/12600/2015	19,500/-	16,500/-	3,000/-
2	GL/B1/1829/2015	10,000/-	5,600/-	4,400/-
3	GL/B1/10540/2015	21,000/-	15,000/-	6,000/-
4	GL/B1/10917/2015	20,000/-	12,100/-	7,900/-
	ആകെ			---------- 21,300/- ========

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകുയറി നമ്പർ 16-ന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ 21,300/- രൂപ പിഴപ്പലിശ സഹിതം ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്.

3-2-5 <u>കാർഷിക കോളേജ് ഗ്രൗണ്ട് വാടകയ്ക്ക് നൽകിയത് - വാടക ഒടുക്ക് വരുത്താത്തത് - 36,750/- രൂപ ഒടുക്കേണ്ടതാണ്</u>

ചുവടെ പറയുന്ന ഉത്തരവുകൾ പ്രകാരം ഈടാക്കിയ കോളേജ് ഗ്രൗണ്ട് വാടകയുടെ ഒടുക്കു വിവരം ലഭ്യമല്ല.

ക്രമ നമ്പർ	ഉത്തരവ് നമ്പർ	ഉത്തരവ് പ്രകാരം ഒടുക്കേണ്ട തുക (രൂപ)
1	GL/B1/662/2016	13,500/-
2	GL/B1/2351/2016	6,000/-
3	GL/B1/1828/2016	3,750/-
4	GL/B1/1161/2016	9,000/-
5	GL/B1/4851/2016	3,000/-
6	GL/B1/10562/2016	1,500/-
	ആകെ	---------- 36,750/- ========

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി നമ്പർ 16-ന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ 36,750/- രൂപ പിഴപ്പലിശ സഹിതം ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

3-2-6 <u>**വരവ് തുക ഒടുക്കിയതിൽ 1,500/- രൂപ കുറവ്**</u>

വരവ് രസീതുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന തുകകൾ ഒടുക്കിയതായി കാണുന്നില്ല. ആയത് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് ഒടുക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നമ്പർ	തീയതി	രസീത് നമ്പർ	തുക (രൂപ)
1	21.10.2016	74/ 60301	60

2	21.10.2016	75/ 60301	60
3	21.10.2016	76/ 60301	60
4	21.10.2016	77/ 60301	1320
ആകെ			**1500**

3-2-7 പുറത്ത് നിന്നും ക്ളാസ്സ് എടുക്കുമ്പോൾ വരുന്ന അദ്ധ്യാപകർക്ക് നൽകുവാനുള്ള ഹോണറേറിയം, ആവശ്യത്തിൽ കൂടുതൽ മുൻകൂറായി മാറി പ്രോജക്ട് ഹെഡുമാർക്ക് നൽകുന്നു. - ഈ പ്രവണത ഒഴിവാക്കണം

പുറത്ത് നിന്നും പഠിപ്പിക്കുവാൻ വരുന്ന അദ്ധ്യാപകർക്ക് പ്രതിഫലം നൽകുന്നതിനായി വലിയ തുകകൾ മാറി വിവിധ പ്രൊജക്ട് ഹെഡുമാർക്ക് നൽകി വരുന്നു. ഇങ്ങനെ പിൻവലിച്ച് നൽകുന്ന തുകകൾ എല്ലാം 3 മാസത്തിനുള്ളിൽ ചെലവഴിക്കുന്നുമില്ല. പകരം ഓരോ മാസവും 1,000/- രൂപ മുതൽ 2,000/- രൂപ വരെ ചെലവഴിച്ച് 8-9 മാസങ്ങൾ കൊണ്ടാണ് തുക തീർക്കുന്നത്. 3 മാസത്തിനു ശേഷമുള്ള നീക്കിയിരിപ്പ് തുകകൾ മേൽ ഉദ്യോഗസ്ഥർ കയ്യിൽ സൂക്ഷിക്കുകയാണ് ചെയ്യുന്നത്.

3-2-8 അഡ്വാൻസ് തുക ക്രമീകരിച്ചിട്ടില്ല – 3,00,000/- രൂപ പലിശ സഹിതം ഈടാക്കേണ്ടതാണ്

RAWE Agro Clinic നടത്തുവാനായി അസോസിയേറ്റ് പ്രൊഫസർ ഡോ.ജോയി.എം.-ന് 02.03.2016-ന് 2,00,000/- രൂപയും 15.03.2016-ൽ 1,00,000/- രൂപയും മുൻകൂറായി നൽകിയിട്ടുണ്ട്. കൂടാതെ വാഹനത്തിന്റെ മൈലേജ് പരിശോധനയ്ക്കായി 15.03.2016-ൽ 1,000/- രൂപ മുൻകൂറായി കൈപ്പറ്റിയിട്ടുണ്ട്. ജി.ഒ.(പി)നം.419/11/ഫിൻ തീയതി.04.10.11 പ്രകാരം മുൻകൂർ തുക കൈപ്പറ്റിയ ഉദ്യോഗസ്ഥൻ 3 മാസത്തിനകം തുക ക്രമീകരിച്ചില്ലെങ്കിൽ ടി മുൻകൂർ തുക 18% പലിശ ഉൾപ്പെടെ ഈടാക്കേണ്ടതാണ്. ഒരു വർഷത്തിലധികമായി തുക ക്രമീകരിക്കാത്തത് ഗുരുതരമായ വീഴ്ചയായി കണക്കാക്കുന്നു. ടി തുക പലിശ സഹിതം ഈടാക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2-9 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ റദ്ദ് ചെയ്തിട്ടില്ല.
2. താത്കാലികാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മസ്റ്റർ റോളുകൾക്ക് പകരം ഹാജർ സ്റ്റേറ്റ്മെന്റുകളാണ് വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്.
3. ഒരേ ചെക്ക് ഉപയോഗിച്ച് പിൻവലിക്കുന്ന തുകകൾ വ്യത്യസ്ത വൗച്ചറുകൾ പ്രകാരം വേറെ വ്യക്തികൾക്ക്/ആവശ്യത്തിന് നൽകുമ്പോൾ/ചെലവഴിക്കുമ്പോൾ ആ വൗച്ചറുകളിലെല്ലാം ഇപ്രകാരം ഉപയോഗിക്കുന്ന ഒറ്റ ചെക്ക് നമ്പരും തുകയുമാണ് രേഖപ്പെടുത്തി വരുന്നത്. ഇതിൽ അതാത് തുക മാത്രം വൗച്ചറിൽ രേഖപ്പെടുത്താവുന്നതാണ്. (ആവശ്യമെങ്കിൽ മൊത്തം തുക ബ്രാക്കറ്റിൽ രേഖപ്പെടുത്താവുന്നതാണ്).
4. മൂല്യവർദ്ധിത നികുതി കാണിച്ചിട്ടില്ലാത്ത ബില്ലുകളാണ് കൂടുതലും വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്.

വൗച്ചറുകളിലെ ഈ അപാകതകൾ ഒഴിവാക്കി അവ കൃത്യമായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങുമ്പോൾ അതിന്മേലുള്ള നികുതികൾ സർക്കാരിന് ലഭിക്കുന്നതിന് ബില്ലുകളിൽ നികുതിയും കൂടി ചേർത്ത് വാങ്ങുക.

3-2-10 കോളേജിന് തനതായി സ്റ്റോക്ക് രജിസ്റ്ററുകൾ ഇല്ല

കോളേജിൽ തനതായി സ്റ്റോക്ക് രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നില്ല. പകരം കോളേജിന് കീഴിലെ വിവിധ വകുപ്പുകൾക്ക് ആവശ്യമായ സാധനങ്ങൾ അതാത് വകുപ്പ് മേധാവികൾ വാങ്ങി അവരുടെ തന്നെ സ്റ്റോക്ക് രജിസ്റ്ററുകളിൽ എഴുതി സൂക്ഷിക്കുകയാണ് ചെയ്യുന്നത്.

കോളേജ് ഫണ്ട് വഴി വാങ്ങുന്ന സാധനങ്ങൾക്ക് എല്ലാം തന്നെ കോളേജ് കാര്യാലയത്തിൽ സ്റ്റോക്ക് രജിസ്റ്ററുകൾ (നിശ്ചിത ഫോർമാറ്റിൽ) എഴുതി സൂക്ഷിക്കേണ്ടതാണ്. അതിൽ നിന്നും വിതരണം ചെയ്യേണ്ടവ അതാത് വകുപ്പുകൾക്ക് നൽകിയതായി കാണിച്ച് അവ സ്വീകരിക്കുന്നവരുടെ ഒപ്പ് വയ്ക്കേണ്ടതും, ഇത് കോളേജിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ കൗണ്ടർസൈൻ ചെയ്യേണ്ടതുമാണ്.

3-2-11 സ്റ്റേഷനറി സാധനങ്ങൾ ഒരുമിച്ച് വാങ്ങാത്തത് സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധം

സ.ഉ. (അച്ചടിച്ചത്) 3/2013 ധന തീയതി.21.06.2013 പ്രകാരം പുറപ്പെടുവിച്ച കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 ഖണ്ഡിക 6.1 പ്രകാരം കഴിഞ്ഞ മൂന്ന് മുതൽ 5 വർഷങ്ങളിലെ ഉപയോഗം മുൻ നിർത്തി ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിന് മുമ്പ് തയ്യാറാക്കണമെന്നും ഇതിൽ വരുന്ന സാമ്പത്തിക വർഷത്തെ ആദ്യ മൂന്ന് മാസത്തേക്ക് കൂടിയുള്ള ആവശ്യകത പരിഗണിച്ച് തുക ബജറ്റിൽ വകയിരുത്തണമെന്നും, ഖണ്ഡിക 6.3 പ്രകാരം ഓരോ വകുപ്പ് അദ്ധ്യക്ഷൻമാരും തന്റെ വകുപ്പിലുണ്ടാകുന്ന സർപ്ലസ് സ്റ്റോറിന്റെ ലിസ്റ്റ് മറ്റ് വകുപ്പുകളിലേക്ക് യഥാസമയം അറിയിക്കണമെന്നും, അതിൽ ആവശ്യമായ സാധനങ്ങൾ ഉണ്ടെങ്കിൽ അവ ഓരോ വകുപ്പ് മേധാവിയും ഉപയോഗപ്പെടുത്തണമെന്നും ലിസ്റ്റ് ലഭിക്കുന്നില്ല എങ്കിൽ ഇപ്രകാരം ലഭ്യത ഉറപ്പാക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെ കോളേജിന് കീഴിലെ ഓരോ വകുപ്പിനും മറ്റ് വകുപ്പുകൾ/ സർവ്വകലാശാലയ്ക്ക് കീഴിലുള്ള വിവിധ കാര്യാലയങ്ങൾ എന്നിവയ്ക്കും പ്രത്യേകം പ്രത്യേകമായി സാധനങ്ങൾ ആവശ്യത്തിനനുസരിച്ച് അല്പാല്പമായി മാത്രം വാങ്ങുന്ന രീതിയാണ് നിലനിൽക്കുന്നത്. ഇതു കാരണം മൊത്തത്തിൽ വാങ്ങുമ്പോൾ ലഭിയ്ക്കേണ്ട കിഴിവുകളും ലഭിക്കുന്നില്ല.

ആകയാൽ, സ്റ്റേഷനറി മറ്റ് ദൈനംദിന ഉപയോഗത്തിനുള്ള സാധനങ്ങൾ എല്ലാം വെള്ളായണി കാർഷിക കോളേജിലെ എല്ലാ കാര്യാലയങ്ങൾക്കും കോളേജിനു കീഴിലെ വിവിധ വകുപ്പുകൾ കൂടി ഒരുമിച്ച് കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ മേൽ വ്യവസ്ഥകൾക്ക് വിധേയമായി വാങ്ങി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഒരുക്കേണ്ടതാണ്.

3-2-12 പത്ര പരസ്യങ്ങൾ ചെയ്യുന്നത് - പബ്ളിക് റിലേഷൻസ് നടപടിക്രമങ്ങൾ പാലിക്കുന്നില്ല – സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധം

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) 01/04/I & PR തീയതി.01.01.2004 പ്രകാരം ദർഘാസ് പരസ്യങ്ങളിലെ അടിസ്ഥാന വിവരങ്ങൾ മാത്രം ഉൾക്കൊള്ളുന്ന വിൻഡോ പരസ്യങ്ങൾ മാത്രം പ്രസിദ്ധീകരിക്കുന്നതാണെന്ന് ഉത്തരവായിട്ടുണ്ട്. അതുകൂടാതെ, സ.ഉ.(ദിന)1/2011/P&ARD തീയതി.04.01.2011 പ്രകാരം വിവിധ ദിനപത്രങ്ങളുടെ പരസ്യ നിരക്ക് P&ARD വഴി നൽകിയാലും നേരിട്ട് നൽകിയാലും 15% കിഴിവ് അനുവദിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ കോളേജിൽ നിന്നും പത്ര പരസ്യങ്ങൾ നൽകുമ്പോൾ മേൽ വ്യവസ്ഥകൾ പാലിക്കുന്നില്ല. കൂടാതെ, പരസ്യം പ്രസിദ്ധീകരിച്ച ദിനപത്രം/ പത്ര കട്ടിങ്ങ് വൗച്ചറിനോടൊപ്പം ചേർത്തിട്ടില്ല.

ഇനി മുതൽ പത്ര പരസ്യം ചെയ്യുമ്പോൾ മേൽ വ്യവസ്ഥകൾ കൃത്യമായും പാലിക്കേണ്ടതാണ്.

3-3 കോളേജ് ഓഫ് കോ-ഓപ്പറേഷൻ & ബാങ്കിങ്ങ്, വെള്ളാനിക്കര

3-3-1 ഡെവലപ്മെന്റ് ഗ്രാന്റ് ചെലവ് - അപാകതകൾ

ഐ.സി.എ.ആർ. ഡെവലപ്മെന്റ് ഗ്രാന്റിന്റെ ചെലവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

3-3-1-1 ഡെവലപ്മെന്റ് ഗ്രാന്റ് - മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിരുദ്ധമായ ചെലവുകൾ

സി.ബി.വി. നമ്പർ 68/3.16 തീയതി.31.03.16 പ്രകാരം 6,00,000/- രൂപ 2016-17 വർഷത്തെ 12288 എന്ന കൺസ്യൂമർ നമ്പറിന്റെ ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ റിപ്പെയർ & മെയിന്റനൻസ് എന്ന ഹെഡിൽ (410) അഡ്വാൻസായി പിൻവലിച്ച് കെ.എസ്.ഇ.ബി.യിൽ അടവാക്കിയിട്ടുണ്ട്. Repair & Maintenance എന്ന ഹെഡിൽ Repair, refurnishing/ renovation & modernization of educational structure/ infrastructure and other work related to teaching and learning including model classrooms & P.G. laboratories എന്നിവയാണ് ചെയ്യാവുന്ന ചെലവുകളായിട്ടുള്ളത്. ഈ ഇനങ്ങളിൽ ആസൂത്രിതമായ പ്രൊപ്പോസലുകൾ വച്ച് ചെലവ് ചെയ്യുന്നതിന് പകരം ഫണ്ട് ലാപ്സായി പോകാതിരിക്കാൻ വേണ്ടി മാത്രം (ഓഡിറ്റ് അന്വേഷണം നമ്പർ 5-ന്റെ മറുപടി) ഇത്തരം നോൺപ്ളാൻ ചെലവുകൾ പ്രത്യേക പദ്ധതി ആവശ്യത്തിനായി ലഭിച്ച ധനസഹായത്തിൽ നിന്നും ചെലവാക്കിയത് ഗൗരവമേറിയ വിഷയമാണ്. ഇത്തരം പ്രവണതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്.

3-3-1-2 ഡെവലപ്മെന്റ് ഗ്രാന്റ് - വകമാറ്റി ചെലവഴിച്ച - 84,000/- രൂപ തടസ്സപ്പെടുത്തുന്നു

സി.ബി.വി. നം. 66/3/16 തീയതി.31.03.16 പ്രകാരം 84,000/- രൂപ എം.ബി.എ. (അഗ്രിക്കൾച്ചർ ബിസിനസ് മാനേജ് മെന്റ്) എന്ന കോഴ്സിലെ 2014 ബാച്ച് IIIrd സെമസ്റ്റർ വിദ്യാർത്ഥികൾക്ക് ക്ളാസ്സെടുത്ത ഗസ്റ്റ് ഫാക്കൽറ്റികൾക്ക് ഓണറേറിയം നൽകാനായി ചെലവഴിച്ചിട്ടുണ്ട്. (846- അവാർഡ്സ് എന്ന ഹെഡിൽ). റിവോൾവിങ്ങ് ഫണ്ട് ആയി നടപ്പിലാക്കുന്ന കോഴ്സിലേക്ക് ഡെവലപ്മെന്റ് ഗ്രാന്റിൽ നിന്നും തുക ചെലവഴിച്ചത് ക്രമവിരുദ്ധമാണ്. ഓഡിറ്റ് അന്വേഷണ നമ്പർ 5-ന്റെ മറുപടിയിൽ "സംസ്ഥാന സർക്കാരിന്റെ ബാദ്ധ്യത കുറക്കാനാണ് ഗസ്റ്റ് ഫാക്കൽറ്റിക്ക് ഐ.സി.എ.ആർ. ഫണ്ടിൽ നിന്നും ഓണറേറിയം നൽകിയത്" എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. റിവോൾവിങ്ങ് ഫണ്ട് രീതിയിൽ പ്രവർത്തിക്കുന്ന ടി കോഴ്സിന്റെ ചെലവ് ബാദ്ധ്യത സർക്കാരിന്റെ ഉത്തരവാദിത്തം അല്ല, ടി റിവോൾവിങ്ങ് ഫണ്ടിൽ നിന്നും തന്നെ ചെലവ് തുക

കണ്ടെത്തേണ്ടതാണ്. ആയതുകൊണ്ട് തന്നെ വകമാറ്റി ചെലവഴിച്ച ടി തുക ICAR ഡെവലപ്മെന്റ് ഗ്രാന്റിൽ തിരികെ അടക്കേണ്ടതാണ്.

3-3-2 മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം

മുൻകൂറുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം വരുന്നുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	CB നമ്പർ & തീയതി, തുക	അഡ്വാൻസ് കൈപ്പറ്റിയത്	അഡ്ജസ്റ്റ് ചെയ്തതിന്റെ വിശദാംശങ്ങൾ
1	14/15-16 തീ.04-05-15 (ശീർഷകം 2208) Rs.1,33,000/-	Dr.R.Sendilkumar, Associate Professor for conducting the village stay programme for 2011 batch B.Sc(Hons.), C&B students (04.05.15 to 09.05.15)	CB No.7/16-17 dt.18.04.16
2	269/15-16 dt.08.01.16 Rs.80,000/- (Development Grant)	Dr.K.A.Sunandha, Associate Professor for meeting the expenditure of study tour scheduled on 05.04.16 to 25.04.16	CB No.203/16-17 dt.07.12.16
3	CB No.350/15-16 dt.30.03.16 Rs.40,000 (Development Grant)	Dr.K.A.Sunandha, Associate Professor in connection with AIST for 2013 batch	CB No.203/16-17 dt.07.12.16
4	CB No.346/15-16 dt.30.03.16 Rs.90,000/- (Development Grant)	Dr.A.M.Jose, Associate Director, MBA(ABM) for meeting the expenditure in connection with providing amenities & placement activities to MBA (ABM) & B.Sc. (Hons) C&B Students of the college.	CB No.68/16-17 dt.04.07.16

5	CB No.361/15-16 dt.31.03.16 Rs.14,000/- (Development Grant)	Sri.Jacob Thomas.M., Associate Professor to meet the fixing charges of the wooden table tops on the repainted 4 Nos. Of steel tables	CB No.101/16-17 dt.08.08.16
6	CB No.362/15-16 dt.31.03.16 Rs.13,000/- (Development Grant)	Sri.Jacob Thomas.M., Associate Professor, for meeting repair of furniture	CB No.363/15-16 dt.08.08.16
7	CB No.363/15-16 dt.31.03.16 Rs.12,000/- (Development Grant)	Sri.Jacob Thomas.M., Associate Professor to meet the repair charges of 6 nos. of Twin chairs of the college.	CB No.99/16-17 dt.08.08.16

അഡ്വാൻസ് ക്രമീകരിക്കുന്നത് വൈകുന്നത് ശരിയായ നടപടിയല്ല. മൂന്ന് മാസത്തിനകമെങ്കിലും അഡ്വാൻസുകൾ ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 9/ 15.04.2017).

3-3-3 ഇൻസ്ട്രക്ഷണൽ കൺസ്യൂമർ സ്റ്റോർ പ്രവർത്തിക്കുന്നില്ല

ഫയൽ നമ്പർ - CBM/GL/2348/2013

04.12.2013-ലെ സ്റ്റാഫ് കൗൺസിൽ മിനിറ്റ്സ്, സി.സി.ബി.എം. ഓപ്പറേഷൻ മാന്വൽ എന്നിവയുടെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ ക്ഷേമത്തെ ലക്ഷ്യമിട്ട് 16.12.2013 മുതൽ സ്റ്റോർ പ്രവർത്തനം ആരംഭിച്ചു. 16.12.2013 മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റാഫ് കോ-ഓർഡിനേറ്ററെ നോമിനേറ്റ് ചെയ്യുകയും അസ്സോസ്സിയേറ്റ് ഡീൻ, സ്റ്റാഫ് കോ-ഓർഡിനേറ്റർ എന്നിവരുടെ പേരിൽ സംയുക്ത അക്കൗണ്ട് ആരംഭിക്കുകയും ചെയ്തു. (അക്കൗണ്ട് നം.67258415108, എസ്.ബി.ടി., വെള്ളാനിക്കര).

2012-13 വർഷം 203-21-5200-859 ശീർഷകത്തിൽ 2,35,085/- രൂപ സ്റ്റോറിന്റെ പ്രവർത്തനത്തിന് ചെലവഴിച്ചു. ഇതിൽ 1,63,541/- രൂപ ഇൻഫ്രാസ്ട്രക്ചർ വികസനത്തിനും 71,544/- രൂപ റിവോൾവിങ്ങ് ഫണ്ടിനുമായി വകയിരുത്തി. ഡിപ്പാർട്ട്മെന്റ് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റിലെ അസിസ്റ്റന്റ് പ്രൊഫസറെ ഓഡിറ്ററായി നിയമിച്ചു. പാസ്സ് ബുക്ക് പരിശോധനയിൽ 02.11.2016-ൽ 78,458/- രൂപ നീക്കിയിരിപ്പുണ്ട്. 22.12.16-ന് ശേഷമുള്ള കണക്കുകൾ ഓഡിറ്റ് ചെയ്തിട്ടില്ല. ടി തിയതിക്ക് ശേഷം കമ്മിറ്റി പുന:സംഘടിപ്പിക്കുകയോ സ്റ്റോർ പ്രവർത്തിക്കുകയോ ചെയ്തിട്ടില്ല. 22.02.17-ൽ നടത്തിയ ഭൗതിക പരിശോധനയിൽ ഏതാനും സാമഗ്രികൾ സ്റ്റോറിലുള്ളതായി കാണുന്നു. സി.സി.ബി.എം., ഓപ്പറേഷൻ മാന്വലിലെ നിബന്ധനകൾക്ക് വിധേയമായി കൺസ്യൂമർ സ്റ്റോർ പ്രവർത്തനക്ഷമമാക്കുന്നതിന് സ്റ്റാഫ് കൗൺസിലിന്റെ ശ്രദ്ധ ക്ഷണിക്കുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 10/ 15.04.17).

3-3-4 മുൻകൂർ ക്രമീകരിച്ചിട്ടില്ല

മുൻകൂർ രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല.

ക്രമ നം.	ബിൽ നമ്പർ	ശീർഷകം	തുക	തുക കൈപ്പറ്റിയത്	ആവശ്യം
1	345/15-16	9300	84,000/-	ഡോ.വിനയ് കുമാർ, അസോസിയേറ്റ് പ്രൊഫസർ	To meet the expense to complete the project "Training need analysis for co-operative banks PACS in Kerala State".

2	51/3-16/ 31-03-16	5200	1,35,000/-	(1) ഡോ. കെ.എ. സുനന്ദ, (അസോ. പ്രൊഫസർ) (90,000/-) (2) ഡോ.ഇ.ജി. രഞ്ജിത്ത് കുമാർ, (അസോ. പ്രൊഫസർ) (45,000)	സ്റ്റഡി ടൂർ നടത്തുന്നതിനായി മുൻകൂർ.

കേരള ഫിനാൻഷ്യൽ കോഡ് വോള്യം 1 ആർട്ടിക്കിൾ 99 പ്രകാരവും GO(P) 419/11/fin. dt.04.10.11 പ്രകാരവും അഡ്വാൻസ് തുകകൾ 3 മാസത്തിനുള്ളിൽ ക്രമീകരിച്ചിട്ടില്ലെങ്കിൽ (അഡ്ജസ്റ്റ്മെന്റ് ബിൽ നിർദ്ദിഷ്ട സമയത്തിനുള്ളിൽ സമർപ്പിച്ചിട്ടില്ലെങ്കിൽ) മുഴുവൻ മുൻകൂർ തുകയും മുൻകൂർ പിൻവലിച്ച തീയതി മുതൽ തിരിച്ചടവാക്കുന്ന തീയതി വരെയുള്ള കാലയളവിലേയ്ക്ക് നിശ്ചിത ശതമാനം പലിശയും ഈടാക്കേണ്ടതാണ്. അഡ്ജസ്റ്റ്മെന്റ് ബിൽ കൃത്യമായി സമർപ്പിക്കാതിരിക്കുകയും തുക മുഴുവൻ വിനിയോഗിക്കാതിരിക്കുകയും ചെയ്യുന്നപക്ഷം വിനിയോഗിക്കാത്ത തുകയ്ക്ക് പിൻവലിക്കൽ തീയതി മുതൽ തിരിച്ചടയ്ക്കുന്ന തീയതി വരെയുള്ള നിശ്ചിത നിരക്കിലുള്ള പലിശ സഹിതം തിരികെ ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 8/12.04.2017, 5/12.04.2017).

3-3-5 AMC ഏർപ്പെടുന്നതിന് കാലതാമസം നേരിട്ടത്

26/03/14-ൽ സ്ഥാപനത്തിലേക്ക് വാങ്ങിയ ഫോട്ടോകോപ്പിയറിന് ആനുവൽ മെയിന്റനൻസ് കോൺട്രാക്ടിൽ ഏർപ്പെടുന്നതിന് കരാർ വച്ചതിന് കാലതാമസം നേരിട്ടിട്ടുണ്ട്. 28/09/15-ലെ നം.SOS/KAU-C&B-2015(1)/ 28.09.15 കത്ത് പ്രകാരം സൈസ് ഓഫീസ് സിസ്റ്റത്തിന്റെ (പള്ളിക്കുളം റോഡ്, തൃശ്ശൂർ) AMC പ്രൊപ്പോസൽ കത്ത് (28/09/15-ൽ) ലഭിച്ചതിന് ശേഷം വാറന്റി കാലയളവ് അവസാനിച്ചതിനും

ശേഷമാണ് (2 വർഷത്തിനു ശേഷം) കരാർ വച്ചിട്ടുള്ളത്.(24/03/16-ൽ). AMC കരാർ വ്യവസ്ഥകളിൽത്തന്നെ പവർ സപ്ലൈ ബോർഡും വാങ്ങുന്നതിന് വ്യവസ്ഥ ചെയ്തിരുന്നെങ്കിൽ, കുറഞ്ഞ നിരക്കിൽ/free of cost ആയി വാങ്ങാമായിരുന്നു. അപ്രകാരം ചെയ്യാതിരുന്നതിനാൽ 19,450/- രൂപ (CBV No.47/12-15 Ch.No.607617/ 26/12/15, തുക-19,450/-) പവർ സപ്ലൈ വാങ്ങുന്നതിന് ചെലവഴിച്ചിട്ടുണ്ട്. ഭാവിയിൽ ഇത്തരം ഉപകരണങ്ങൾ വാങ്ങുമ്പോൾ മേൽ സൂചിപ്പിച്ച അപാകതകൾ സംഭവിക്കാതിരിക്കാൻ സ്ഥാപന മേധാവികൾ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 11/ 15-04-17).

3-3-6 പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

ടി കേന്ദ്രത്തിലെ വിവിധ നിർമ്മാണ പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കി പരിശോധനക്കായി ഓഡിറ്റിന് നൽകേണ്ടതാണ്.

ക്രമ നമ്പർ	വിശദാംശങ്ങൾ	തുക
1	സി.ബി.വി. നമ്പർ 82/3-16 31.03.16 Rennovation & Repair of CCBMB ('5200')	3,25,000/-
2	സി.ബി.വി. നമ്പർ 55/7-15 28.07.15 Repair work of Ladies Hostel)	1,77,529/-

(ഓഡിറ്റ് അന്വേഷണം നമ്പർ 5/12.04.17, 3/12.04.17).

3-4 പടന്നക്കാട് അഗ്രിക്കൾച്ചറൽ കോളേജ്

3-4-1 ഫാം പ്രവർത്തനങ്ങളുടെ പരിശോധന സംബന്ധിച്ച്

സ്റ്റേഷനിലെ ഫാം പ്രവർത്തനങ്ങളോടനുബന്ധിച്ചുള്ള രജിസ്റ്ററുകൾ പരിശോധിച്ചതിൽ താഴെ ചേർക്കും പ്രകാരമുള്ള അപാകതകൾ കാണുന്നു.

I. ഫാം രജിസ്റ്ററുകൾ കാലികമല്ല

ഫാം രജിസ്റ്ററുകൾ പ്രത്യേകിച്ച് സ്റ്റോക്ക് രജിസ്റ്ററുകൾ നാളിതുവരെ (20-04-17) കാലികമാക്കിയിട്ടില്ല എന്ന് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ട്. കോക്കനട്ട് പ്രൊഡ്യൂസ് രജിസ്റ്റർ പരിശോധിച്ചതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

തൈ ഇനം	സ്റ്റോക്ക് പേജ്	സ്റ്റോക്ക് രജിസ്റ്ററിൽ അവസാനമായി രേഖപ്പെടുത്തിയ തീയതി	സ്റ്റോക്ക് രജിസ്റ്റർ പ്രകാരമുള്ള നീക്കിയിരിപ്പ്
കേരശ്രീ	269	30/06/16 വരെ	24 Nos. തുടർച്ചയില്ല
ഹൈബ്രിഡ് കോക്കനട്ട് സീഡ് ലിങ്ങ്	289	13/07/16 വരെ	ബാലൻസ് തെറ്റായി ചേർത്തിരിക്കുന്നു
സി.ഡി.ഒ. സീഡ് ലിങ്ങ്	225	13/07/16 വരെ	118 എണ്ണം ബാക്കി. തുടർച്ചയില്ല.

നീക്കിയിരിപ്പായി കാണുന്ന വിറ്റഴിക്കാത്ത എണ്ണം എന്തുചെയ്തു എന്ന് വ്യക്തമാക്കിയിട്ടില്ല.

II. നഴ്സറി ഒബ്സർവ്വേഷൻ രജിസ്റ്റർ പരിശോധിച്ചതിൽ പേജ് 66 (CNR)-ൽ 28/05/16 തീയതിയിൽ ബാക്കിയായ 930 എണ്ണം WCT തെങ്ങിൻതൈകൾ ഒരു സ്റ്റോക്ക് രജിസ്റ്ററിലും ചേർത്തിട്ടില്ല.

III. കോക്കനട്ട് നഴ്സറി രജിസ്റ്റർ പേജ് 68-ൽ മുളച്ചതായി കാണിച്ചിരിക്കുന്ന 1100 നല്ലയിനം തൈകളിൽ 200 എണ്ണത്തിന്റെ വിവരം ചേർത്തിട്ടില്ല.

IV. കോക്കനട്ട് നഴ്സറി രജിസ്റ്റർ പേജ് 64-ൽ 539 എണ്ണം TXD കോക്കനട്ട് സീഡ് ലിങ്ങ്സ് ബാലൻസ് ഉണ്ട്. ആയത് ഒരു സ്റ്റോക്ക് രജിസ്റ്ററിലും ചേർത്തുകാണുന്നില്ല.

V. റിവോൾവിങ്ങ് ഫണ്ട് സീഡ് ആന്റ് നഴ്സറി രജിസ്റ്റർ പേജ് 29 പ്രകാരം മാങ്കോ റൂട്ട് സ്റ്റോക്ക് 2015-2016 വർഷത്തിൽ 10700 എണ്ണം വിൽപ്പനക്കായി എടുത്തിട്ടുണ്ട്.

എന്നാൽ ഇത് സ്റ്റോക്ക് രജിസ്റ്ററിൽ ചേർക്കുകയോ, വിൽപ്പന നടത്തുകയോ ചെയ്തിട്ടില്ല. പേജ് നമ്പർ 30 പ്രകാരം 17/11/15-ൽ 2016-17 വർഷത്തേതായി 15677 എണ്ണം സ്റ്റോക്കിലേക്ക് എടുത്തിട്ടുണ്ട്. 2015-16-ലെ 10700 എണ്ണം മാങ്കോ ഗ്രാഫ്റ്റുകൾ എന്തുചെയ്തു എന്നതിന് തൃപ്തികരമായ മറുപടി നൽകിയിട്ടില്ല. മേൽകാണിച്ച അവ്യക്തത തീർക്കാത്തപക്ഷം തത്തുല്യമായ തുക നഷ്ടമായി കണക്കാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 27/ 20.04.17).

3-4-2 റിവോൾവിങ്ങ് ഫണ്ട് - ഫയൽ പൂർണ്ണമായി ഹാജരാക്കിയില്ല

സ്റ്റേഷനിലെ സോയിൽ ആന്റ് പ്ളാന്റ് അനാലിസിസ് ഡയഗ്നോസ്റ്റിക് ലബോറട്ടറി എന്ന റിവോൾവിങ്ങ് ഫണ്ട് ചിലവുകൾ പരിശോധിച്ചതിൽ താഴെ ചേർക്കുന്ന അപാകതകൾ കാണുന്നു.

1. റിവോൾവിങ്ങ് ഫണ്ട് ആരംഭിച്ചതുമായി ബന്ധപ്പെട്ട ഉത്തരവ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.
2. കോർപ്പസ് ഫണ്ട് എത്ര എന്ന് വ്യക്തമല്ല. ഓരോ സാമ്പത്തിക വർഷത്തെയും വാർഷിക വരവ് ചെലവ് കണക്ക് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.
3. റിവോൾവിങ്ങ് ഫണ്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് താൽക്കാലിക അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ട ജീവനക്കാർക്ക് ശമ്പളം അനുവദിച്ചുകൊണ്ടുള്ള ഉത്തരവിൽ രണ്ട് റിസർച്ച് ഫെല്ലോമാർക്ക് പുറമെ രണ്ട് സ്കിൽ അസിസ്റ്റന്റുമാർക്കുകൂടി വേതനം അനുവദിക്കുന്നുണ്ട്. ഇപ്രകാരം സ്കിൽഡ് അസിസ്റ്റന്റുമാർക്ക് വേതനം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥകളുണ്ടോ എന്നാരാഞ്ഞ് ഓഡിറ്റ് അന്വേഷണം 8/ 19.04.2017 നൽകിയെങ്കിലും സ്ഥാപനത്തിന് തൃപ്തികരമായ വിശദീകരണം നൽകാൻ കഴിഞ്ഞില്ല. ഈ സാഹചര്യത്തിൽ തൃപ്തികരമായ വിശദീകരണം ലഭിക്കുന്നതുവരെ സ്കിൽഡ് അസിസ്റ്റന്റുമാർക്ക് നൽകിയ വേതനം ചെലവ് ചെയ്ത നടപടി തടസ്സത്തിൽ

വയ്ക്കുന്നു.

	വൗച്ചർ നമ്പർ	തിയ്യതി	സ്കിൽഡ് അസിസ്റ്റന്റ്-മാരുടെ എണ്ണം	തുക
1	BR No.630/15-16	09.09.15	1	7,770/-
2	BR No.1468/15-16	05.03.16	1	8,000/-
3	BR No.597/15-16	19.09.15	2	14,430/-
4	BR No.113/15-16	07.05.15	2	14,060/-
5	BR No.264/15-16	08.06.15	2	15,770/-
6	BR No.192/15-16	03.07.15	2	16,000/-
7	BR No.445/15-16	05.08.15	2	14,430/-
8	BR No.1157/15-16	08.01.16	1	8,000/-
	ആകെ			---------- 98,460/- ========

(ഓഡിറ്റ് അന്വേഷണം നമ്പർ 8/ 19.04.2017).

3-4-3 ഇൻവോയ്സുകൾ തീർപ്പാക്കുന്നതിൽ അവ്യക്തത

ഇൻവോയ്സ് രജിസ്റ്റർ പ്രകാരം 2015-16 സാമ്പത്തിക വർഷാവസാനം വരെ തീർപ്പാക്കാത്ത 41 ഇൻവോയ്സുകൾ ഉണ്ടായിരുന്നു. ഇൻവോയ്സുകൾ തീർപ്പാക്കിയതിന്റെ വിശദാംശങ്ങൾ ആരാഞ്ഞുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണം 14-ന് മറുപടിയായി ഇൻവോയ്സുകളുടെ തുകകൾ ബാങ്ക് അക്കൗണ്ടിൽ വന്നിട്ടുണ്ടെന്ന മറുപടിയാണ് ലഭിച്ചത്. ബാങ്ക് അക്കൗണ്ടുകൾ പരിശോധിച്ചതിൻ പ്രകാരം കാഞ്ഞങ്ങാട് കൃഷി അഡീഷണൽ ഡയറക്ടറുടെ ഓഫീസിൽ നിന്നും തുകകൾ അക്കൗണ്ടിൽ വന്നിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് പ്രകാരമുള്ള തുകകളല്ല അക്കൗണ്ടിൽ വന്നിട്ടുള്ളത്. ആയതിനാൽ മുഴുവൻ ഇൻവോയ്സുകളും തീർപ്പാക്കിയോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. പ്രസ്തുത ഇൻവോയ്സുകളുടെ വേർതിരിച്ച വിശദാംശങ്ങൾ ലഭ്യമാകാത്തതുകൊണ്ട് ഇൻവോയ്സ് രജിസ്റ്ററിൽ ഇടപാടുകൾ തീർപ്പാക്കിയിട്ടില്ലെന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്.

എല്ലാ ഇൻവോയ്സുകളും തീർപ്പാക്കി വിശദാംശങ്ങൾ ഇൻവോയ്സ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 14/ 19.04.2017)

3-4-4 <u>ട്രെയിനീസ് ഹോസ്റ്റൽ & ഗസ്റ്റ്ഹൗസ് നിർമ്മാണ പദ്ധതിയുടെ പൂർത്തീകരണത്തിനുശേഷം ബാക്കിയുള്ള തുകക്ക് ഫർണിച്ചർ വാങ്ങിയത് ശരിയായ അക്കൗണ്ട് ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിട്ടില്ല</u>

ട്രെയിനീസ് ഹോസ്റ്റൽ & ഗസ്റ്റ് ഹൗസ് നിർമ്മാണ പദ്ധതിയുടെ (2047) പൂർത്തീകരണത്തിനു ശേഷം ബാക്കിവന്ന തുകയിൽ നിന്നും 2015-16 വർഷം 1,55,850/- രൂപ മെസ്സേർസ് ഐശ്വര്യ എന്റർപ്രൈസസ്, കാഞ്ഞങ്ങാട് എന്ന സ്ഥാപനത്തിൽ നിന്നും വിവിധ ഫർണിച്ചർ ഇനങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്. (BR No.1780/ 31.03.16). ഫർണിച്ചർ വാങ്ങുന്നതിന് ചെലവഴിച്ച തുക "910-civil works" എന്ന ശീർഷകത്തിലാണ് അക്കൗണ്ട് ചെയ്തിട്ടുള്ളത്. "416-Furnitures" എന്ന ശീർഷകത്തിനു പകരം "910-civil works" എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തത് ശരിയായ നടപടിയല്ല. ചെലവുകൾ ശരിയായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻകയറി നം.23/ 20.04.2017).

3-4-5 <u>കെ.എ.യു. പ്രസ്സിൽ നിന്നും പുസ്തകം അച്ചടിച്ച് ലഭിച്ചിട്ടില്ല</u>

പദ്ധതി - 9541-State Plan Project Socio economic analysis and farmer participatory development of homestead forms of Kerala.

CBV No. - 193/ 03-16

തുക - 40,000/-, ചെക്ക് നമ്പർ 704067 തീയതി.31.03.16

മേൽ പ്രകാരം കെ.എ.യു. പ്രസ്സിന് "സ്വയംപര്യാപ്തമായ മാതൃകാ വീട്ടുവളപ്പുകൾ" എന്ന പുസ്തകം 300 കോപ്പി അച്ചടിക്കുന്നതിന് 40,000/- രൂപ നൽകിയെങ്കിലും പുസ്തകം ലഭ്യമാക്കിയിട്ടില്ല. പുസ്തകത്തിലെ പേജുകളുടെ എണ്ണം, തരം എന്നിവ

രേഖപ്പെടുത്തിയിട്ടില്ല. പുസ്തകം ലഭ്യമാക്കാത്തതിനാൽ ചെലവായ തുക 40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം 16/ 19.04.2017).

3-4-6 <u>നിയമപ്രകാരം ഈടാക്കേണ്ട ആദായ നികുതി, മൂല്യവർദ്ധിത നികുതി എന്നിവ ഈടാക്കിയിട്ടില്ല</u>

കമ്മീഷൻ മുഖേന പൂർത്തീകരിച്ചിട്ടുള്ള താഴെ പറയുന്ന വർക്കുകൾക്ക് നിയമാനുസരണം ഈടാക്കേണ്ട ആദായനികുതി, മൂല്യവർദ്ധിത നികുതി മുതലായവ ഈടാക്കിയിട്ടില്ല.

ക്രമ നം.	ബി. ആർ.നം.	സി.ബി.വി.			വർക്കിന്റെ വിവരം	ശീർഷകം	കമ്മീഷൻ കൊണ്ട ആളുടെ പേര്
		നമ്പർ	തീയതി	തുക			
1	1737/ 15-16	110/03-16	31.3.16	1,97,091/-	Renovation work of microbial inoculont production facility	9309-921	Janeesh.T.V. J.J.Builders Neelashwaram
2	1738/15-16	111/03-16	31.3.16	1,90,000/-	Providing sheet proof fix microbial inoculant production facility	9309-910	Suresh Babu.C.V., Choyivalappil House, Neelishwaram
3	1851/15-16	254/03-16	31.3.16	1,90,000/-	Roofing chamber with artificial facility	8287-214	Baburajan.K. Royal Steel industrial work
4	1878/15-16	247/03-16	31.3.16	6,62,000/-	Finishing work of seed processing facility & construction storage infrastructures.	8287-214	Sharath Surendran Kannur.

നിയമപ്രകാരം ഈടാക്കേണ്ട നികുതികൾ കമ്മീഷൻ കൊണ്ട ആളിൽ നിന്നും ഈടാക്കി സർക്കാരിലേക്ക് ഒടുക്ക് വരുത്തി അറിയിക്കേണ്ടതാണ്.

3-4-7 മുൻകൂർ ക്രമീകരിക്കുന്നതിന് കാലതാമസം

മുൻകൂർ രജിസ്റ്റർ പ്രകാരം താഴെപറയുന്ന മുൻകൂറുകൾ ക്രമീകരിക്കുന്നതിന് കാലതാമസം വന്നിട്ടുണ്ട്.

ക്രമ നം.	ബിൽ രജിസ്റ്റർ		മുൻകൂർ കൈപ്പറ്റിയ ആളുടെ പേര്	തുക	മുൻകൂർ ക്രമീകരിച്ചതിന്റെ വിവരം		
	നമ്പർ	തീയതി			ബിൽ രജിസ്റ്റർ		
					നമ്പർ	തീയതി	ബാലൻസ്
1	150/15-16	29.6.15	ഡോ.പി.ആർ. സുരേഷ്, പ്രൊഫസർ	10000	1089/ 15-16	17.12.15	1925
2	185/15-16	1.7.15	കൃഷ്ണേന്ദു.ജെ.ആർ. ടീച്ചിങ്ങ് അസിസ്റ്റന്റ്	20000	1701/ 15-16	31.3.16	106
3	324/15-16	17.7.15	ഡോ.പി.ആർ. സുരേഷ്, പ്രൊഫസർ	10000	1494/ 15-16	3.3.16	0
4	395/15-16	29.7.15	സൗമ്യ. എൻ.ആർ., വിദ്യാർത്ഥി	10000	1577/ 15-16	28.3.16	1825
5	459/15-16	6.8.15	ഡോ.കെ.എൻ. സതീശൻ, അസോ. പ്രൊഫസർ	15000	1493/ 15-16	3.3.16	0

മുൻകൂറുകൾ മൂന്ന് മാസത്തിനകം ക്രമീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

3-5 കോളേജ് ഓഫ് ഫോറസ്ട്രി, വെള്ളാനിക്കര

3-5-1 യാത്രാബില്ലുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ

1. ഓരോ മാസത്തേയും യാത്രാ ബില്ലുകൾ മാസം തിരിച്ച് തയ്യാറാക്കുന്നില്ല

   ഉദാ: CBV No.81/6-15 തിയ്യതി, 19.06.2015 പ്രകാരം ബില്ലിൽ P.M.സുധാകരൻ, HDV ഡ്രൈവറുടെ 27.3.2015 മുതൽ 10.4.15 വരെയുള്ള യാത്ര ഉൾപ്പെടുത്തിയിരിക്കുന്നു.

2. KSR Part-II Rule (55) പ്രകാരം ഒരേ സ്റ്റേഷനിൽത്തന്നെ പത്തുദിവസത്തിൽ അധികരിക്കുന്ന യാത്രയ്ക്ക് 10 ദിവസത്തിനുശേഷം അടുത്ത 20 ദിവസത്തേയ്ക്ക് അനുവദനീയമായ ദിനബത്തയുടെ മുക്കാൽ നിരക്കിനേ അർഹതയുള്ളൂ. എന്നാൽ ഈ വ്യവസ്ഥ പാലിക്കാതെ തുക നൽകിയിരിക്കുന്നു.

ഉദാ: മേൽക്കാണിച്ച ബില്ലിൽത്തന്നെ 14 ദിനബത്ത ഒരേയിടത്ത് മുഴുവൻ നിരക്കിൽ അനുവദിച്ചിട്ടുണ്ട്.

3. Gr.II(b) ഉദ്യോഗസ്ഥർക്ക് സംസ്ഥാനാടിസ്ഥാനത്തിൽ ബാധകമായ ടി.എ. സീലിംഗ്, കോളേജിൽ HDV ഡ്രൈവറായി ജോലി ചെയ്യുന്ന ശ്രീ.P.M.സുധാകരന് ബാധകമാണ്. ആയതിനാൽ സീലിംഗില്ലാതെ ശ്രീ.P.M.സുധാകരന് നൽകിയ യാത്രാബത്ത ഓഡിറ്റിൽ നിരാകരിക്കുന്നു.

ക്രമ നം.	മാസം	CBV No. &തിയ്യതി	അനുവദിച്ച തുക	അനുവദനീയം	അധിക തുക
1	4/15	CBV No.82/6-15 തിയ്യതി, 19.06.15	3075/-	5460/- ത്രൈമാസ പരിധി	4115/-
2	5/15	CBV No.83/6-15 തിയ്യതി, 19.06.15	5100/-		
3	6/15	CBV No.57/6-15 തിയ്യതി, 19.06.15	1400/-		
ആകെ			**9575/-**		

അധിക തുക 4115/- രൂപ ശ്രീ.പി.എം.സുധാകരൻ HDV ഡ്രൈവറിൽ നിന്നും ഈടാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം. 9/06.04.17)

3-5-2 പിഴ സർവ്വകലാശാലാ ഫണ്ടിൽ നിന്ന് ചെലവഴിച്ചത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല

താഴെ ചേർക്കും പ്രകാരം ഇൻകം ടാക്സ് അടയ്ക്കാൻ വൈകിയതിന് പിഴപ്പലിശയിനത്തിൽ ഒടുക്കിയ തുക സർവ്വകലാശാല ഫണ്ടിൽ നിന്ന് ചെലവ് ചെയ്തത്

ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1.	CBV No.95/11-15 തിയ്യതി, 23.11.16	2230/- രൂപ	2012-13 വർഷം മൂന്നാം പാദത്തിലെ ഇൻകം ടാക്സ് അടയ്ക്കാൻ വൈകിയതിന്.
2.	CBV No.94/11-15 തിയ്യതി, 23.11.16	960/- രൂപ	2010-11 വർഷം രണ്ടാം പാദത്തിലെ ഇൻകം ടാക്സ് അടയ്ക്കാൻ വൈകിയതിന്റെ പലിശ.
ആകെ		3190/- രൂപ	

(ഓഡിറ്റ് എൻകയറി നം. 7/04.04.17)

3-5-3 <u>ടെണ്ടർ ഫോറങ്ങളുടെ വില ഈടാക്കുന്നില്ല</u>

സർക്കാർ ഉത്തരവ് (പി) 3/2013 എസ്.പി.ഡി. 21.06.2013 സ്റ്റോർ പർച്ചേസ് മാന്വൽ (ഖണ്ഡിക 7.7 മുതൽ 7.10 വരെ) ഒരു ലക്ഷത്തിനു മുകളിലുള്ള വാങ്ങലുകൾക്ക് ലിമിറ്റഡ് ടെണ്ടറുകളോ, ഓപ്പൺ ടെണ്ടറോ വിളിക്കേണ്ടതാണ്. ഇത്തരം സന്ദർഭങ്ങളിൽ എസ്റ്റിമേറ്റ് വാല്യുവിന്റെ 0.2% ടെണ്ടർ ഫോറം വിലയായി ഈടാക്കേണ്ടതാണ്. എന്നാൽ കോളേജിലെ 2015-16 വർഷത്തെ സമാനമായ വാങ്ങലുകളിൽ ടെണ്ടർ ഫോറം വില ഈടാക്കിയിട്ടില്ല.

1.	CBV No.183/3-16 തിയ്യതി, 31.03.16	113000/- രൂപ	മോയിസ്റ്റർ അനലൈസർ മോഡൽ എം.ടി.എസ്.120 വാങ്ങി.ത്
2.	CBV No.184/3-16 തിയ്യതി, 31.03.16	172895/- രൂപ	ഹൈസോമീറ്റർ ട്രീ ടെലസ്കോപ്പ് വാങ്ങിയത്

ഇത്തരം വാങ്ങൽ നടപടിക്രമങ്ങളിൽ സ്റ്റോർ പർച്ചേസ് നിയമങ്ങൾ അനുസരിച്ചുള്ള ടെണ്ടർ ഫോറം വില നിർബന്ധമായും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് എൻകയറി നം.2 തിയ്യതി, 03.04.2017)

3-5-4 യാത്രാച്ചെലവ്, ട്രിപ്പ് ഷീറ്റുകൾ സമർപ്പിച്ചതിലെ അപാകതകൾ

'ICAR Project-Network project on harvesting, processing and vaue addition of Natural Resins and Gumz' എന്ന പ്രോജക്ടിലെ യാത്രാച്ചെലവുകളുടെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. സ്കീമുമായി ബന്ധപ്പെട്ട യാത്രകൾക്കായി വാഹനം വാടകയ്ക്ക് എടുത്തിട്ടുണ്ട്. 10/03/2016, 08/07/2015 തിയ്യതികളിൽ നടത്തിയ യാത്രകളുടെ ട്രിപ്പ് ഷീറ്റിൽ വണ്ടി നമ്പർ ചേർത്തിട്ടില്ല.

2. ചാലക്കുടി മുതൽ മലക്കപ്പാറ വരെ ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ട റോഡ് ദൂരം 80 കിലോമീറ്ററാണ്. ഈ പ്രദേശങ്ങളിലെ ട്രൈബൽ കോളനികളായ പൊകലപ്പാറ, പുളിയിലപ്പാറ, ചാർപ്പ പെരുമ്പാറ, അമ്പലപ്പാറ കോളനി, ഷോളയാർ കോളനി എന്നിവയിലേയ്ക്ക് ഒരേ ദിവസം നടത്തിയ യാത്രയിൽ സഞ്ചരിച്ച ദൂരം 680 കി.മീ. എന്നാണ് ചേർത്തിട്ടുള്ളത്. ഇത് വസ്തുതകളോട് ചേർന്ന് പോകുന്നതല്ല. ഇതു സംബന്ധിച്ച് വിശദമായ ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ-1 തിയ്യതി, 3.4.17) നൽകിയതിന് മറുപടി നൽകിയിട്ടില്ല. ഇക്കാരണങ്ങളാൽ താഴെ ചേർക്കും പ്രകാരം നൽകിയ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

ക്രമ നം.	CBV No. &തിയ്യതി	തുക	യാത്രാ തിയ്യതി	വണ്ടി നം.	പുറപ്പെട്ട സ്ഥലം, സമയം, ഓടിയ ദൂരം
1	CBV No.202/ 3-16 തിയ്യതി, 31.03.16	5650/-	10.03.2016	ഇല്ല	വാഴച്ചാൽ, 6A.M., 680 Km.
2	CBV No.24/3-16 തിയ്യതി, 2.03.16	5615/-	08.10.2015	KL-64 5618	വാഴച്ചാൽ, 6A.M., 680 Km.
3	CBV No.24/3-16 തിയ്യതി, 1.12.15	5759/-	08.07.2015	ഇല്ല	വാഴച്ചാൽ, 6A.M., 680 Km.
ആകെ തടസ്സപ്പെടുത്തിയ തുക		17024/-			

3-5-5 <u>കോളേജ് ഓഫ് ഫോറസ്ട്രി-സ്കീം നം.4008- ജി.ഐ.എസ്. ബേസ്ഡ് കപ്പാസിറ്റി ബിൽഡിംഗ് ഫോർ സ്പെഷ്യൽ പ്ലാനിംഗ് ഇൻ അഗ്രികൾച്ചറൽ ആന്റ് അനലൈസ്ഡ് സെക്ടേഴ്സ്-ടെണ്ടർ പരസ്യം നൽകുന്നതിനായി സർവ്വകലാശാല ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചു.</u>

കേരള കാർഷിക സർവ്വകലാശാല പൊതുഭരണവിഭാഗം 25.02.2014-ലെ GA/H1/18499/13 നമ്പർ ഉത്തരവ് പ്രകാരം വാങ്ങലുകൾ നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവ് പ്രകാരം 1 ലക്ഷം മുതൽ 10 ലക്ഷം വരെ മൂല്യമുള്ള വാങ്ങലുകൾ നടത്തുന്നതിന് ഓപ്പൺ ടെണ്ടർ രീതിയാണ് അവലംബിക്കേണ്ടത്. പത്രപ്രസ്യം ഒഴിവാക്കി വെബ് പരസ്യം മുഖേനയാണ് ടെണ്ടർ ക്ഷണിക്കേണ്ടത്. കൂടാതെ, ശാസ്ത്രീയസ്വഭാവമുള്ളതോ പ്രൊപ്രൈറ്ററി സ്വഭാവമുള്ളതോ ആയ ഇനങ്ങൾ വാങ്ങുന്നതിനും (ധനപരമായ പരിധിയില്ലാതെ) ഓപ്പൺ കമ്പ്യൂട്ടേഷൻ സമ്പ്രദായമാണ് അനുവർത്തിക്കേണ്ടത്.

21.11.15 ലെ COF/GL(1)/2665/12 പ്രകാരം താഴെ പറയുന്ന ഉപകരണങ്ങൾ/സോഫ്റ്റ് വെയർ വാങ്ങുന്നതിന് ടോംയാസ് അഡ്വെർട്ടൈസിംഗ് സർവ്വീസ്, തൃശ്ശൂർ എന്ന സ്ഥാപനം മുഖാന്തിരം മാതൃഭൂമി, മലയാളമനോരമ ദിനപ്പത്രങ്ങളിൽ സംസ്ഥാന അടിസ്ഥാനത്തിൽ പരസ്യം ചെയ്തിട്ടുണ്ട്.

1) ERDAS ഇമേജിൽ സോഫ്റ്റ് വെയർ	-	1
2) കമ്പ്യൂട്ടർ സെർവർ	-	1
3) വർക് സ്റ്റേഷൻ ഡെസ്ക്ടോപ്പ് PC	-	1
4) വർക് സ്റ്റേഷൻ ലാപ്ടോപ്പ്	-	1
5) എയർ കണ്ടീഷണർ	-	2

മേൽപ്പറഞ്ഞ ഇനങ്ങളിൽ ERDAS ഇമേജിൽ സോഫ്റ്റ് വെയർ ആയതിന്റെ ഹോൾ ഓതറൈസ്ഡ് ഡിസ്ട്രിബ്യൂട്ടർ ആയ M/s. ജിയോടെക് ജിയോ സ്പെഷ്യൽ പ്രൈവറ്റ് ലിമിറ്റഡ്, ചെന്നൈ എന്ന സ്ഥാപനത്തിൽ നിന്നാണ് വാങ്ങിയിട്ടുള്ളത് (വില-3,49,670/-, അനുമതി ഉത്തരവ് - COF/G1(1)2665/15(i) തിയ്യതി, 26.2.16). ടി സോഫ്റ്റ് വെയർ ശാസ്ത്രീയ പ്രൊപ്രൈറ്ററി ഇനത്തിലുള്ളതാകയാൽ പത്രപ്പരസ്യം നൽകേണ്ടതില്ല.

ടെണ്ടർ നോട്ടീസിലുള്ള മറ്റിനങ്ങൾക്കെല്ലാംകൂടി നൽകിയ തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	ഇനം	എണ്ണം	തുക	വിശദാംശങ്ങൾ
1	HP ലാപ്ടോപ്പ്	2	1,11,780/-	വൗച്ചർ നം.17/3-16, ചെക്ക് നം.768805 തിയ്യതി, 2.3.2016
2	DELL കമ്പ്യൂട്ടർ സെർവർ	1	49,883/-	വൗച്ചർ നം.94/3-16, ചെക്ക് നം.768831 തിയ്യതി, 22.3.2016
3	എയർ കണ്ടീഷണർ	2	72,100/-	വൗച്ചർ നം.97/1-16, ചെക്ക് നം.399065 തിയ്യതി, 29.1.16
ആകെ			2,33,763/-	

മേൽ സൂചിപ്പിച്ച എല്ലാ ഇനങ്ങളുടേയും ആകെ വില കണക്കാക്കിയാലും (3,49,670 + 2,33,763) പത്ത് ലക്ഷത്തിൽ അധികരിക്കുന്നില്ലാത്തതിനാൽ ടി ഇനങ്ങൾ വാങ്ങുന്നതിനായി പത്രപ്പരസ്യം നൽകിയ നടപടി ശരിയല്ല. ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 11/07.04.17 നമ്പർ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ലഭിക്കുകയുണ്ടായില്ല. ആയതിനാൽ സർവ്വകലാശാല ഉത്തരവ് ലംഘിച്ചുകൊണ്ട് പത്രപ്പരസ്യം നൽകുന്നതിനായി ചെലവഴിച്ച 65,479/- രൂപ

തടസ്സത്തിൽ വെയ്ക്കുന്നു.

ചെലവു വിവരങ്ങൾ

1) പത്രപ്പരസ്യം നൽകുന്നതിനായി ടോംയാസ് അഡ്വെർടൈസിംഗ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയത് : തുക-63999/-, വൗച്ചർ നം.69/2-16 & 70/2-16, ചെക്ക് നം.399078 തിയ്യതി, 16.02.16

2) ഐ.ടി. അടവാക്കിയത് : തുക-1462, വൌച്ചർ നം.62/3-16, ചെക്ക് നം.768819 തിയ്യതി, 9.3.16, തുക-18

3-5-6 സോളാർ ഇൻവെർട്ടർ വാങ്ങി സ്ഥാപിച്ചത് - രണ്ടാമതും വാങ്ങിയതിന് നടപടിക്രമം പാലിച്ചിട്ടില്ല

സ്കീം നം. 9550	:	Installation of solar power generation system at the collelge of Forestry'
പി.ഐ.	:	Dr. Santhosh Kumar
CBV No.	:	15-1/16 തിയ്യതി, 1.1.16 Rs.5,37,300/-
CBV No.	:	46/3-16 തിയ്യതി, 4.3.16 Rs.5,37,300/-
ഇൻവോയ്സ് നം.	:	0271 തിയ്യതി, 3.11.15
ഇൻവോയ്സ് നം.	:	0341 തിയ്യതി, 15.2.16

ഫോട്ടോൺ എനർജി സിസ്റ്റംസ്, തൃശ്ശൂർ എന്ന സ്ഥാപനത്തിൽ നിന്നും സോളാർ ഇൻവെർട്ടർ 5KVA വാങ്ങിയതിന് തുക ചെലവഴിച്ചിട്ടുണ്ട്. 17.7.15 തിയ്യതിയിലെ ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ താഴ്ന്ന നിരക്ക് കോട്ട് ചെയ്ത ഫോട്ടോൺ എനർജി സിസ്റ്റത്തിന്റെ ക്വട്ടേഷൻ അംഗീകരിച്ചതിന്റെ അടിസ്ഥാനത്തിലാണ് CBV No.15-1/16 പ്രകാരം 537000/- രൂപ ചെലവിൽ സോളാർ ഇൻവെർട്ടർ സിസ്റ്റം വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ 17.7.15-ലെ ടെണ്ടർ നോട്ടീസിന്റെ അടിസ്ഥാനത്തിൽ രണ്ടാമതും ഇതേ ഇൻവെർട്ടർ വാങ്ങിയതായി കാണുന്നു. രണ്ടാമത് വാങ്ങിയതിന് പ്രത്യേകം ടെണ്ടർ/ക്വട്ടേഷൻ ക്ഷണിച്ചിട്ടില്ല. ഒരു ടെണ്ടർ നോട്ടീസിലൂടെ രണ്ട്

തിയ്യതികളിൽ ഒരേ സാധനം തന്നെ രണ്ടാമതും വാങ്ങിയതിന് ഇടയായ സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചിട്ടില്ല (ഓഡിറ്റ് എൻകയറി നം.14 തിയ്യതി, 7.4.17). വിശദീകരണത്തിന്റെ അഭാവത്തിൽ CBV No.46/3-16 തിയ്യതി, 4.3.16 പ്രകാരം വാങ്ങിയ സോളാർ ഇൻവെർട്ടർ 5KVA യുടെ തുക 537300/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-5-7 നിർമ്മാണ പ്രവൃത്തികളിൽ കേരള പൊതുമരാമത്ത് വകുപ്പ് ചട്ടം പാലിക്കുന്നില്ല

G.O.(P)No.13/2012/PWD dated, 01.02.2012

ഫോറസ്ട്രി കോളേജിൽ 2015-16 വർഷത്തിൽ വിവിധ സ്കീമുകളിൽ നിർമ്മാണ പ്രവൃത്തികളിൽ പ്രിലിമിനറി എസ്റ്റിമേറ്റ്, Detailed എസ്റ്റിമേറ്റ്, പ്ലാൻ, ഫൈനൽ ബിൽ, എം.ബുക്കുകൾ, മസ്റ്റർ റോളുകൾ, മറ്റ് ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല. ബില്ലിൽ കുറവ് ചെയ്ത് സർക്കാരിലേയ്ക്ക് നിയമാനുസരണം അടവാക്കേണ്ടതായ നികുതികളുടെ ചലാനുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. KCWWF ൽ അടവാക്കേണ്ടതായതും WWFS എന്നതിലേയ്ക്ക് അടവാക്കുന്നതിനിടയിൽ കുറവ് ചെയ്തതായും കാണുന്നു. എസ്റ്റിമേറ്റ് തയ്യാറാക്കാതെ കരാറുകാരന് നേരിട്ട് പ്രവൃത്തി ചെയ്യുവാൻ അനുവാദം നൽകിയത് വിശദീകരിക്കേണ്ടതും മുകളിൽ ആവശ്യപ്പെട്ട രേഖകൾ ഹാജരാക്കേണ്ടതുമാണ്. പ്രോജക്ടുകളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

ക്രമ നം.	പ്രോജക്ട് നം.	പി.ഐ. യുടെ പേര്	വൗച്ചർനം./ തിയ്യതി/ തുക	റിമാർക്സ്
a	സ്കീം നം.9550 'short term & long term strategies for income generation from the Teak, Matti & silver oak plantation areas in KAU	Dr.T.K. Kunjamu	CBV No. 246/3-16 dt.31.3.16 Rs.410500/-	കരാറുകാരൻ അശോകൻ A.M. അലിക്കൽ വീട്, വെള്ളാനിക്കര, ഫാം ഉപകരണങ്ങൾ സ്റ്റോർ ചെയ്യുന്നതിന് സ്ഥിരം റൂമും, ലേഡീസ് റി-ടയറിംഗ് റൂം എന്നിവ പണിതതിന് ചെലവഴിച്ചത്.

b	സ്കീം നം.9550 'Development of Laboratory Infrastructure in the COF Tree Nursery'	Dr.M.Vidhya Sagaran	CBV No. 64/10-15 dt.15.10.15 Rs.254800/-	കരാറുകാരൻ അച്യുതൻ M.R. ഫാം ഇംപ്ലിമെന്റ്സ് സൂക്ഷിക്കുന്നതിന് സ്ഥിരം ഹൂമും സിറ്റിംഗ് ഏരിയ നിർമ്മിച്ചതിനുമുള്ള ചെലവ്.

വിശദീകരണത്തിന്റെയും രേഖകളുടേയും അഭാവത്തിൽ ചെലവ് തുക (410500 + 254800) ഓഡിറ്റൽ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻകയറി നം.5, തിയ്യതി, 3.4.17 & 12 തിയ്യതി, 7.4.17)

3-5-8 ടെണ്ടർ/കവ്ട്ടേഷൻ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ ഹാജരാക്കിയിട്ടില്ല

സ്കീം നം. 9571 : 'The effectiveness of insectiourous bats as biological control agents for the agricultural crops'

പി.ഐ. : Dr. P.O. Nameer

CBV No. : 1-10/15 തിയ്യതി, 1.10.15 Rs. 4,62,500/-

മേൽ സൂചന പ്രകാരം 25 ക്യാമറ ട്രാപ്സ് വാങ്ങിയതിന് M/s.Allmet Instruments Pvt.Ltd., New Delhi എന്ന സ്ഥാപനത്തിന് തുക നൽകിയിട്ടുണ്ട്. എന്നാൽ ആയതിന്റെ കവ്ട്ടേഷൻ, സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നിലവിൽ ടി ക്യാമറകൾ ഉപയോഗിച്ചുവരുന്നുണ്ടോ? സ്കീം തീരുന്ന മുറയ്ക്ക് ആയവ സർവ്വകലാശാലയുടെ സെൻട്രൽ സ്റ്റോക്ക് രജിസ്റ്ററിൽ എടുക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്. രേഖകൾ ഹാജരാക്കുന്നതിന് ചെലവ് തുക തൽക്കാലത്തേക്ക് തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് എൻകയറി നം.12 dated, 7.4.17).

3-6 ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

3-6-1 വാർഷിക കണക്കിലെ വ്യത്യാസം

EAP അക്കൗണ്ടിലെ (അക്കൗണ്ട് നം. 67219141415) കാഷ് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് യുഫാസ്റ്റ് പ്രകാരം 94,02,536/- രൂപയാണ്. എന്നാൽ ഓഫീസ് കാഷ്

ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 91,98,596/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 7/ 15.05.17).

3-6-2 പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

2015-16 സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്ടുകളുടെ ഭാഗമായി താഴെപ്പറയും പ്രകാരം ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന് തുക കൈമാറിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	സി.ബി.വി. നമ്പർ & തീയതി	തുക	മറ്റ് വിശദാംശങ്ങൾ
1	6/12-15 തീ.03.12.15	1,49,724/-	Payment to DPP towards installation charges of CCTV in the examination hall and Associate Dean's chamber.
2	310/3-16 തീ.31.03.16	5,00,000/-	Payment to DPP towards construction of boundary wall with iron mesh.
3	62/3-16 തീ.15-03-16	40,000/-	Payment ot DPP towards the expenditure for the electrical work at the processing cum training room at Department of Home Science.

(ഓഡിറ്റ് അന്വേഷണം നമ്പർ 05/ 15.05.17).

3-6-3 ഹാജർ പുസ്തകം കൃത്യമായി പരിപാലിക്കുന്നില്ല

കോളേജ് ഓഫ് ഹോർട്ടികൾച്ചർ വകുപ്പിൽ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും ഹാജർ കൃത്യമായി രേഖപ്പെടുത്തി ഹാജർ പുസ്തകം പരിപാലിക്കുന്നില്ല. ജീവനക്കാർ സ്ഥലംമാറ്റം ലഭിച്ച് കോളേജിൽ നിന്നും പോകുമ്പോഴും ഇവിടേക്ക് സ്ഥലംമാറ്റം ലഭിച്ച് കോളേജിൽ ജോലിയിൽ പ്രവേശിക്കുമ്പോഴും അതാത് തീയതിയും ഉത്തരവും ഹാജർ പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നില്ല. ജീവനക്കാർ ഹാജർ രേഖപ്പെടുത്താത്ത ധാരാളം ഹാജർ പുസ്തകങ്ങൾ പരിശോധനയിൽ കണ്ടു. ജീവനക്കാർ

ഹാജർ രേഖപ്പെടുത്താത്ത ദിവസങ്ങളിൽ അവർക്ക് അർഹതപ്പെട്ട അവധിയും ഹാജർ പുസ്തകങ്ങളിൽ രേഖപ്പെടുത്തുന്നില്ല. അതിനാൽ അനുവദനീയമായതിലും അധികം അവധികൾ അനുവദിച്ചു കാണുന്നു. ഇത് ക്രമവിരുദ്ധമാണ്. പ്രസ്തുത അപാകതകൾ വിവരിച്ച് അസോസ്സിയേറ്റ് ഡീനിന് രണ്ട് ഓഡിറ്റ് അന്വേഷണങ്ങൾ നൽകിയിരുന്നു. ഇതിനു മറുപടിയായി മേലിൽ ഇത്തരം അപാകതകൾ ഉണ്ടാകാതെ ശ്രദ്ധിക്കുമെന്ന് അറിയിക്കുകയുണ്ടായി. ഹാജർ പുസ്തകങ്ങൾ കൃത്യമായി എഴുതി പരിപാലിക്കുന്നതിൽ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തേണ്ടതുണ്ട്.

(ഓഡിറ്റ് അന്വേഷണം നമ്പർ 2/09.05.2017).

3-6-4 റിപീറ്റ് ഓർഡർ പ്രകാരം വാങ്ങൽ നടത്തിയത്

സി.ബി.വി. നം. 249/3-16, 31-03-16, തുക – 1,95,109/-

ഹോർട്ടികൾച്ചർ കോളേജിലേക്ക് മെസ്സേർസ് പെലിക്കൻ എക്യൂപ്മെന്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും നൈട്രജൻ ഡൈജസ്റ്റർ എന്ന ഉപകരണം വാങ്ങുന്നതിന് റിപീറ്റ് ഓർഡർ ആണ് ആധാരമാക്കിയിരിക്കുന്നത്. ബന്ധപ്പെട്ട റിപീറ്റ് ഓർഡറിന്റെ പകർപ്പുകൾ, ആദ്യത്തെ സ്ഥാപനം ക്വട്ടേഷൻ/ടെണ്ടർ വിളിച്ചതിന്റെ രേഖകൾ, എഗ്രിമെന്റുകൾ എന്നിവ ലഭ്യമായിട്ടില്ല.

ഇപ്രകാരം റിപീറ്റ് ഓർഡറിന്റെ അടിസ്ഥാനത്തിൽ മാത്രം വാങ്ങൽ നടത്തുന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

3-7 ഇൻസ്പെക്ഷണൽ ഫാം, വെള്ളായണി

3-7-1 നഴ്സറിയിലേയ്ക്ക് ഇഷ്യു ചെയ്ത നടീൽ വസ്തുക്കളുടെ വിശദാംശങ്ങൾ ലഭ്യമല്ല- 73,500/- രൂപ തടസ്സപ്പെടുത്തുന്നു

നടീൽ വസ്തുക്കൾ നടീൽ ആവശ്യത്തിലേയ്ക്കായി HD യൂണിറ്റ് സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും മാറ്റിയിട്ടുണ്ടെങ്കിലും മുളപ്പിച്ച തൈകൾ എത്ര എണ്ണം സ്റ്റോക്കിലേയ്ക്ക് തിരിച്ചെടുത്തു

എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. ചുവടെ പറയുന്ന നഴ്സറിയിലേയ്ക്ക് ഇഷ്യു ചെയ്ത നടീൽ വസ്തുക്കളുടെ മുളപ്പിച്ചതിനു ശേഷമുള്ള സ്റ്റോക്ക് വിവരം ലഭ്യമല്ല.

ഇനം	എണ്ണം	വില (രൂപയിൽ)	നഴ്സറിയിലേക്ക് ഇഷ്യു ചെയ്ത തിയ്യതി
മാംഗോസ്റ്റിൻ	38000	19000	28.04.2015, 06.05.2015, 20.07.2015, 28.07.2015 & 18.08.2015
കറി ലീഫ് സീഡ് ലിംഗ്	6000	36000	04.01.2016
കുറ്റിമുല്ല	2000	11000	16.02.2016
സപ്പോട്ട	1000	7500	19.02.2016
		73500	

ആകെ 73500/- രൂപയുടെ നടീൽ വസ്തുക്കളുടെ സ്റ്റോക്ക് സംബന്ധിച്ച വിവരം നഴ്സറിയിലേയ്ക്ക് ഇഷ്യു ചെയ്തതിനുശേഷം ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്കിൽ കുറവുള്ള നടീൽ വസ്തുക്കളുടെ പർച്ചേസിംഗ് തുകയായ 73500/- രൂപ തടസ്സപ്പെടുത്തുന്നു.

3-7-2 <u>'ഹരിതശ്രീ സ്വയം സഹായ സംഘ'ത്തിന് തുക അനുവദിച്ചത്-പ്രസ്തുത സ്ഥാപനത്തിന്റെ അസൽ ബില്ലുകൾ ഹാജരാക്കിയിട്ടില്ല-12288/- രൂപ തടസ്സപ്പെടുത്തുന്നു.</u>

ഹരിതശ്രീ സ്വയം സഹായ സംഘം, കാർഷിക കോളേജ് എന്ന സ്ഥാപനത്തിന് 12288/- രൂപ നൽകിയിരിക്കുന്നു (ഈ സ്ഥാപനം ഉത്പാദിപ്പിക്കുന്ന വിത്തുകളും, പച്ചക്കറി തൈകളും വിറ്റ് ലഭിക്കുന്ന തുകയിൽ സർവ്വകലാശാലയുടെ കമ്മീഷൻ കിഴിച്ച് ബാക്കി നൽകിയ തുക). എന്നാൽ ഇതിന് സ്ഥാപനത്തിന്റെ ബില്ലുകളുടെ പകർപ്പുകൾ സ്വീകരിച്ചിട്ടാണ് തുക അനുവദിച്ചിരിക്കുന്നത്. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം.	ചെക്ക് നമ്പരും/ തിയ്യതിയും	തുക (രൂപ)	സ്ഥാപനത്തിന്റെ ബില്ലുകളുടെ (പകർപ്പുകൾ) നമ്പർ
1	42/4-5	219205/29.04.15	10279/-	41, 42 & 43
2	43/4-5	219205/29.04.15	2009/-	5/2014-15
ആകെ			12288/-	

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം.4/2015-16 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

അസൽ ബില്ലുകളുടെ അഭാവത്തിൽ 12,288/- രൂപ തടസ്സപ്പെടുത്തുന്നു.

3-7-3 <u>ക്ലാസ് IV ജീവനക്കാരനായ ശ്രീ.എസ്.അശോകന്റെ ശമ്പളപരിഷ്കരണം നടത്തിയതിൽ പിഴവുകളും അപാകതകളും - കുടിശ്ശിക തുക കൂട്ടുതലായി നൽകിയത്-4528/- രൂപ</u>

(വൗച്ചർ നം.22/4-2015, ചെക്ക് നം. 246529/13.4.15)

ശ്രീ. എസ്. അശോകന് (ക്ലാസ് IV ജീവനക്കാരൻ) 2009 വർഷത്തെ ശമ്പള പരിഷ്കരണം നടത്തിയതിലെ പിഴവുകളും അപാകതകളും ചുവടെ ചേർക്കുന്നു.

1. അദ്ദേഹത്തിന്റെ സേവന പുസ്തക പ്രകാരം ഓപ്ഷൻ തിയ്യതി (01.07.2009) യിൽ 17 വർഷത്തെ സേവനമേ പൂർത്തീകരിച്ചിട്ടുള്ളൂ. എന്നാൽ ശമ്പളനിർണ്ണയ സ്റ്റേറ്റ്മെന്റിൽ ഇത് 19 വർഷം എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (എന്നിരുന്നാലും പരിഷ്കരിച്ച അടിസ്ഥാന ശമ്പളത്തിൽ വ്യത്യാസം വന്നിട്ടില്ല)
2. ഉത്തരവ് നം. എഫ്5/1460/10 തിയ്യതി 08.01.10 പ്രകാരം അദ്ദേഹത്തിന്റെ ശമ്പളം 01.04.2004 മുതൽ പുന:ക്രമീകരിച്ചിട്ടുണ്ട്. അത് പ്രകാരം ഓപ്ഷൻ തിയ്യതിയിലെ അടിസ്ഥാന ശമ്പളം 7320/- രൂപയായിരുന്നു. അതുപ്രകാരമായിരുന്നു കുടിശ്ശിക കണക്കാക്കി നൽകേണ്ടിയിരുന്നത്. എന്നാൽ ശമ്പളപരിഷ്കരണ കുടിശ്ശിക നൽകിയിരിക്കുന്നത് അടിസ്ഥാന

ശമ്പളം 7160/- രൂപ എന്ന നിരക്കിലും ആയതിന് നിലവിലുണ്ടായിരുന്ന ക്ഷാമബത്തയും കൂടിയാണ്. അപ്രകാരം ഒരു ഇൻക്രിമെന്റ് തുകയും അതിന്റെ ക്ഷാമബത്തയും കൂടുതലായി നൽകിയിരിക്കുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	ശമ്പള കുടിശ്ശിക നൽകിയ മാസങ്ങൾ	നേരത്തെ ശമ്പളമായി നൽകിയ തുക (രൂപ)	പരിഷ്കരണ ഫലമായി ലഭിക്കേണ്ട ആകെ തുക (രൂപ)	കുടിശ്ശിക യായി നൽകേണ്ട തുക (രൂപ)	കുടിശ്ശികയാ യി നൽകിയ തുക (രൂപ)	കൂടുതലായി നൽകിയ തുക (രൂപ)
1	7/2009	12005*	13900	1895	2158	263
2	8/2009	12005*	13900	1895	2158	263
3	9/2009	12005*	13900	1895	2158	263
4	10/2009	12005*	13900	1895	2158	263
5	11/2009	12005*	13900	1895	2158	263
6	12/2009	12005*	13900	1895	2158	263
7	1/2010	13030**	15012	1982	2267	285
8	2/2010	13030**	15012	1982	2267	285
9	3/2010	13030**	15012	1982	2267	285
10	4/2010	13030**	15012	1982	2267	285
11	5/2010	13030**	15012	1982	2267	285
12	6/2010	13030**	15012	1982	2267	285
13	7/2010	14511 #	16827	2316	2626	310
14	8/2010	14511 #	16827	2316	2626	310
15	9/2010	14511 #	16827	2316	2626	310
16	10/2010	14511 #	16827	2316	2626	310
ആകെ						4528

* അടിസ്ഥാന ശമ്പളം 7320 രൂപ ക്ഷാമബത്ത – 64%

** അടിസ്ഥാന ശമ്പളം 7320 രൂപ ക്ഷാമബത്ത – 78%

അടിസ്ഥാന ശമ്പളം 7480 രൂപ ക്ഷാമബത്ത – 94%

മേൽ പ്രകാരം കൂടുതലായി നൽകിയ 4528/- രൂപ ശ്രീ. അശോകനിൽ നിന്നോ തുക അനുവദിച്ച പ്രൊഫസർ & ഹെഡിൽ നിന്നോ ഈടാക്കി സർവ്വകലാശാലാ ഫണ്ടിലേക്ക് ഒടുക്ക് വരുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 01/16.03.2017).

3-7-4 നഴ്സറി ഒബ്സർവേഷൻ രജിസ്റ്റർ കാലികമല്ല

നഴ്സറി ഒബ്സർവേഷൻ രജിസ്റ്റർ കാലികമല്ല. ആയതിനാൽ നടീൽ ആവശ്യത്തിനായുള്ള തൈകളിൽ നിന്നും മുളപ്പിച്ച തൈകൾ എത്ര എണ്ണം ഉദ്പ്പാദിപ്പിച്ചു എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. നഴ്സറി ഒബ്സർവേഷൻ രജിസ്റ്റർ പരിപാലിക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8 കേളപ്പജി കോളേജ് ഓഫ് അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് & ടെക്നോളജി, തവനൂർ

3-8-1 യൂണിവേഴ്സിറ്റി സെന്റർ, തവനൂർ നേരിട്ട് നടത്തുന്ന മരാമത്ത് പ്രവൃത്തികൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ക്വട്ടേഷൻ വഴി ഏല്പിച്ചു കൊടുക്കുന്നു.

സ്ഥാപനത്തിലെ പൊതുമരാമത്ത് പ്രവൃത്തികളുടെ ചെലവ് പരിശോധിച്ചതിൽ പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ ക്വട്ടേഷൻ വഴി മരാമത്ത് പ്രവൃത്തികൾ ഏല്പിച്ചു കൊടുക്കുന്നതായി കാണുന്നു. 2012-ലെ മരാമത്ത് മാന്വൽ പ്രകാരം വിശദമായ എസ്റ്റിമേറ്റിനെ അടിസ്ഥാനമാക്കി വേണം ക്വട്ടേഷൻ/ടെണ്ടർ വിളിച്ച് പ്രവൃത്തി ഏല്പിച്ചു കൊടുക്കാൻ. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ പാലിക്കാതെ പ്രവൃത്തി ഏല്പിച്ചുകൊടുക്കുകയും, പ്രവൃത്തിയുടെ പൂർത്തീകരണം, മോണിറ്ററിങ്ങ് എന്നിവ ക്ഷമതയുള്ള ഉദ്യോഗസ്ഥർ വഴി നിരീക്ഷിക്കപ്പെടുന്നതായും കാണുന്നില്ല. വിശദ വിവരം താഴെ.

ക്രമ നം.	ഹെഡ് ഓഫ് അക്കൗണ്ട്	ഉദ്ദേശ്യം	കരാറുകാരൻ	സി.ബി.വി. നമ്പർ	തുക
1	9304	Construction of generator room	മണികണ്ഠൻ. സി.കെ.	177/15-16	99,500/-

2	9252	Computer lab - cost " plywood	മണികണ്ഠൻ. സി.കെ.	108/03-16 109/3-16	35,400/- 1,63,638/-
3	9338	Fixing tilesin sales counter	മനോജ്കുമാർ	316/3-16	42,200/-
4	9338	Partition room in sales counter	"	317/3-16	40,000/-
					---------- 3,80,738/- ========

എസ്റ്റിമേറ്റ് തയ്യാറാക്കാത്ത പ്രവർത്തി ഏല്പിച്ചു കൊടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3-8-2 ഒരു ലക്ഷം മുകളിലുള്ള വാങ്ങലുകൾക്ക് ടെണ്ടർ നടപടികൾ സ്വീകരിച്ചിട്ടില്ല

2013-ലെ കേരള സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 7-7 പ്രകാരം 1 ലക്ഷത്തിനു മുകളിലുള്ള എല്ലാ വാങ്ങലുകൾക്കും ടെണ്ടർ ബാധകമാണ്. എന്നാൽ ഇത്തരം നടപടിക്രമങ്ങൾ ഒഴിവാക്കുന്നതിനായി ഒരേ ഉല്പന്നങ്ങൾ തവണകളായി വാങ്ങിയിരിക്കുന്നതായി കാണുന്നു. വിശദവിവരം താഴെ:

ക്രമ നം.	സി.ബി.വി. നമ്പർ	തുക	ഉദ്ദേശ്യം	ഹെഡ് ഓഫ് അക്കൗണ്ട് നമ്പർ
1	304/3-16	46,945/-	Purchase of fabrication of a blanchery cum dryer for fruits and vegetables Invoice No.- Co17/30.03.16 from Techno Consultancy Service	9304
	303/3-16	89,985/-	Purchase of fabrication of a blanchery cum dryer for fruits and vegetables Invoice No.- Co17/30.03.16 from Techno Consultancy Service Invoice No. CO13 തീ.14.03.16	9304

2	136/3-16	60,600/-	2 ton split A/c. And its accessories from Oasis Agencies. Invoice No. FO241/ 03.06.16	9252
	138/3-16	96,000/-	2 Nos. Split A/c. Invoice F 0240/ 03.06.16	9252
	154/3-16	76,900/-	1.5 ton A/c with accessories from Pullayil Traders Invoice No.4867/ 31.03.16	5200
	301/3-16	1,15,350/-	1.5 ton A/c with accessories from Pullayil Traders Invoice No. 4868/ 31.03.16	9304

ടെണ്ടർ നടപടികൾ പാലിക്കാതെ വാങ്ങലുകൾ നടത്തിയതിന് വിശദീകരണം നൽകേണ്ടതും അവ പാലിക്കാതെ വാങ്ങൽ നടത്തുക വഴി ടെണ്ടർ ഫോമിന്റെ ഇനത്തിൽ ലഭിക്കേണ്ട തുകയും വാറ്റും നഷ്ടപ്പെടുത്തിയത് വിശദമാക്കേണ്ടതാണ്.

3-8-3. കമ്മീഷൻ കൂടാതെയുള്ള വാങ്ങൽ നടപടി - 69,000/- രൂപ തടസ്സപ്പെടുത്തുന്നു

കേരള സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ പ്രകാരം 15,000/- രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകളിൽ കമ്മീഷൻ നടപടിക്രമങ്ങൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ കമ്മീഷൻ കൂടാതെയാണ് താഴെ രേഖപ്പെടുത്തിയ വാങ്ങൽ നടത്തിയിരിക്കുന്നത്.

വാങ്ങിയ ഇനം	വാങ്ങിയ സ്ഥാപനം	സി.ബി.വി. നമ്പർ	ഹെഡ് ഓഫ് അക്കൗണ്ട്	തുക
റെഫ്രിജറേറ്റർ	മെസ്സേർസ് പുല്ലായിൽ ട്രേഡേഴ്സ്, എടപ്പാൾ ഇൻവോയ്സ് നം. 4872 തീ.31.03.16	302/ 03-16	9304	69,000/-

മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ചെലവഴിച്ച തുകയായ 69,000/- രൂപ ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു.

3-8-4 മുൻക്കൂർ കൈപ്പറ്റി നാളിതുവരെയായിട്ടും ക്രമീകരിച്ചിട്ടില്ല

വിവിധ ആവശ്യാർത്ഥം മുൻക്കൂർ കൈപ്പറ്റി നാളിതുവരെയായിട്ടും പിൻവലിച്ച തുക ക്രമീകരിച്ചു കാണുന്നില്ല. മുൻക്കൂർ കൈപ്പറ്റി മൂന്നു മാസത്തിനകം ക്രമീകരിക്കണമെന്ന കെ.എഫ്.സി. അനുച്ഛേദം-99 പ്രകാരം ക്രമീകരിക്കാത്ത തുകയ്ക്ക് 18% പലിശ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ക്രമ നം.	പേര്	മുൻക്കൂർ കൈപ്പറ്റിയത്/ തീയതി	ഹെഡ് ഓഫ് അക്കൗണ്ട്
1	ഡോ.ശാന്തി മേരി മാത്യൂ	10,000/- (06-05-15)	6680
2	ഡോ. രമ.കെ.ടി.	4,500/- (08-09-15)	0001
3	ഡോ. വൽസമ്മ.കെ.ഡി.	7,000/- (09-09-16)	0001
4	മുഹമ്മദ്	10,000/- (19-09-16)	1150
5	സുമ നായർ	15,000/- (05-11-16)	2014
6	സുമ നായർ	6,000/- (08-11-16)	0001
7	അബ്ദുൾ ഹക്കീം	9,000/- (01-09-15)	9933
		---------- 61,500/- ========	

3-8-5 <u>ജീവനക്കാരുടെ അവധികൾ കൃത്യമായി ഹാജർ പുസ്തകത്തിൽ രേഖപ്പെടുത്തുന്നില്ല – അനുവദനീയമായതിലും അധികം അവധികൾ അനുവദിച്ചു.</u>

ജീവനക്കാരുടെ അവധികൾ ഹാജർ പുസ്തകത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ആകസ്മിക അവധി രജിസ്റ്റർ കോളേജിൽ കൃത്യമായി പരിപാലിക്കുന്നില്ല. അനുവദനീയമായതിലും അധികം അവധികൾ ജീവനക്കാർക്ക് നൽകിയതായി കാണുന്നു. ഇത് പരിശോധിക്കപ്പെടേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണ നമ്പർ 06/ 19.04.2017)

3-8-6 <u>ഹാജർ സർട്ടിഫിക്കറ്റ് ഇല്ലാതെ വേതനം നൽകി - ക്രമവിരുദ്ധം</u>

ശ്രീ.എം.എസ്.സനൽകുമാർ, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ഗ്രേഡ് 1 എന്ന ജീവനക്കാരൻ 01.06.2015 മുതൽ 05.06.2015 വരെ കാലയളവിൽ കാർഷിക സർവ്വകലാശാല, വെള്ളായണിയിൽ ജോലി ചെയ്ത ഇനത്തിൽ അവിടുത്തെ നിയമാനുസൃത ഹാജർ സർട്ടിഫിക്കറ്റ് ഇല്ലാതെ 13,790/- രൂപ നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം നൽകിയതിന് മറുപടിയായി പ്രസ്തുത ഹാജർ സർട്ടിഫിക്കറ്റ് വേറെ ഹാജരാക്കാമെന്നാണ് അറിയിച്ചിരിക്കുന്നത്.

(ഓഡിറ്റ് അന്വേഷണം നമ്പർ 02/ 08.04.2017).

3-8-7 <u>ഓൺലൈൻ യു.പി.എസ്. നാളിതുവരെ പ്രവർത്തന സജ്ജമാക്കിയിട്ടില്ല</u>

CBV No. - 281/3-16
Ch.No. - 29291/ 31/3/16
HOA - 253-34-6680-420
തുക - 77,791/-
ഉത്തരവ് നമ്പർ - B3-4149/04(VI) dt.31/03/16

മേൽപ്പറഞ്ഞ പ്രകാരം ഇഗാടെക് ഇലക്ട്രോണിക്സ്, Ltd. XIII/229, മൊറാർജി റോഡ്, വാഴക്കാല, കാക്കനാട് എന്ന സ്ഥാപനത്തിൽ നിന്ന് ഓൺലൈൻ യു.പി.എസ്. വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് ഉപയോഗപ്പെടുത്തിയിട്ടില്ല. (ഇൻവോയ്സ് നം. TER 919/ 30/3/16). ആയത് എത്രയും പെട്ടെന്ന് പ്രവർത്തന സജ്ജമാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-8-8 പർച്ചേയ്സിങ്ങ് കമ്മിറ്റിയുടെ അംഗീകാരം ലഭ്യമാക്കേണ്ടതാണ്

താഴെപ്പറയുന്ന വാങ്ങലുകൾക്ക് പർച്ചേയ്സിങ്ങ് കമ്മിറ്റി അംഗീകാരം നൽകിയതിന്റെ വിവരം ലഭ്യമാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	സി.ബി.വി. നമ്പർ	ഇനം/ ചെക്ക് നമ്പർ	തുക
1	281/ 3-16	ഓൺലൈൻ യു.പി.എസ്. വാങ്ങിയത് - ഇഗാടെക് ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് പ്രൈവറ്റ് ലിമിറ്റഡ് XII/229 മൊറാർജി റോഡ്, വാഴക്കാല, കാക്കനാട്, കൊച്ചി-682 030. ചെക്ക് നം.29291/ 31.03.16	77,971/-
2	278/ 3-16	പായ്ക്കേജിങ്ങ് എക്വിപ്മെന്റ് വാങ്ങിയത് വെർട്ടെക്സ് എഞ്ചിനീയേഴ്സ് & അസോസിയേറ്റ്സ് ഐറോളി നവി മുംബൈ - 400708 ചെക്ക് നം.29291/ 31.03.16	1,00,350/-
3	90/3-16	എ,സി. വാങ്ങിയത് (AICRP) പുല്ലയിൽ ടേഡേഴ്സ് എടപ്പാൾ എന്ന സ്ഥാപനത്തിന് തുക നൽകിയത്. ചെ.നം.29264/ 28/3/16	68,900/-
4	46/ 10-15	ബിശ്വാസ് കമ്പ്യൂട്ടേഴ്സ് കുന്നംകുളം. കമ്പ്യൂട്ടർ വാങ്ങുന്നതിന് തുക നൽകിയത് ചെ.നം.29244/ 29/10/15	16,000/-

5	116/ 3-16	മെസ്സേർസ്. സയന്റിഫിക് ഡിജിറ്റൽ സിസ്റ്റംസ്, ന്യൂഡൽഹി ടെക്സ്ചർ ആക്സസറീസിന് തുക നൽകിയത്. ചെക്ക് നം.29275/ 31/3/16	2,99,970/-

മേൽ വാങ്ങൽ നടപടികൾ പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരം ലഭിച്ചതിന്റെ രേഖകൾ ഓഡിറ്റിന് പരിശോധനക്കായി നൽകേണ്ടതാണ്.

3-9 സെൻട്രൽ ലൈബ്രറി, വെള്ളാനിക്കര

3-9-1 ഇലക്ട്രിക്കൽ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് ഇല്ല

2015-16 വർഷം ലൈബ്രറിയിൽ നടത്തിയ ഇലക്ട്രിക്കൽ പ്രവർത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

വൗച്ചർ നമ്പർ	തുക	പ്രവർത്തി ഇനം
53/03/15-16 തീ.31/03/16	13,158/-	ഇലക്ട്രിക്കൽ പ്രവർത്തികൾ
48/03/15-16 തീ.31/03/16	13,230/-	ഇലക്ട്രിക്കൽ പ്രവർത്തികൾ (ലൈറ്റ്, ചോക്ക് എന്നിവ മാറ്റി സ്ഥാപിക്കൽ)
44/03/15-16 തീ.31.03.16	12,988/-	ട്യൂബ് ലൈറ്റ്, പെഡസ്റ്റൽ ലാമ്പ് എന്നിവ വാങ്ങൽ
9/3/15-16 തീ.15.03.16	65,698/-	"
03/11/15-16 തീ.13.11.15	14,604/-	ഇലക്ട്രിക്കൽ വസ്തുക്കളുടെ വാങ്ങൽ
28/3/15-16 തീ.15.03.16	43,610/-	യു.പി.എസ്. വയറിങ്ങ്

മേൽ പ്രവർത്തികളുടെ എസ്റ്റിമേറ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥർ തയ്യാറാക്കിയതായി കാണുന്നില്ല. പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കേണ്ടതും,

അത് ക്ഷമതയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പ്രവർത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഫയലിൽ ചേർക്കുന്നില്ല.

ഓഡിറ്റ് വർഷം ധാരാളം പ്രവർത്തികൾ പ്രത്യേകിച്ചും സിവിൽ അറ്റകുറ്റപ്പണികൾ സ്ഥാപനത്തിൽ നടത്തിയിട്ടുണ്ട്. ഇത്തരം പ്രവർത്തികളിൽ തുക വൗച്ചർ പ്രകാരം കൈമാറുന്നു എന്നല്ലാതെ ആരും തന്നെ എസ്റ്റിമേറ്റ് തയ്യാറാക്കിയതായി കാണുന്നില്ല. നിർമ്മാണ പ്രവർത്തികളുടെ എസ്റ്റിമേറ്റ് ക്ഷമതയുള്ള ഉദ്യോഗസ്ഥൻ തയ്യാറാക്കേണ്ടതാണ്.

ഉദാ: 52/03/15-16 തീ.31.03.2016 - 4,000/-
33/03/15-16 തീ.31.03.2016 - 3,250/-
36/03/15-16 തീ.31.03.2016 - 12,252/-

മേൽ പറഞ്ഞ മൂന്ന് വൗച്ചറുകളിലും നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, സാക്ഷ്യപ്പെടുത്തുകയോ ചെയ്തിട്ടില്ല.

3-10 കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ അക്കാദമി, വെള്ളാനിക്കര

3-10-1 വാർഷിക കണക്കുകളിൽ യഥാർത്ഥ വരവ് തുക, നീക്കിയിരുപ്പ്, മുന്നിരിപ്പ് എന്നിവ പ്രതിഫലിക്കുന്നില്ല

കേരള കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ സ്വാശ്രയരീതിയിൽ പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ് കാലാവസ്ഥാ വ്യതിയാന പഠന ഗവേഷണ അക്കാദമി. ഇത് സർവ്വകലാശാലയുടെ റിവോൾവിംഗ് ഫണ്ട് പദ്ധതിയുടെ പ്രവർത്തനത്തിന് സമാനമായാണ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തിന്റെ പ്രധാന വരുമാന മാർഗ്ഗം വിദ്യാർത്ഥികളിൽ നിന്നും ലഭിക്കുന്ന ട്യൂഷൻ ഫീസ് ആണ്. പത്ത് സെമസ്റ്ററുകളിലായി പൂർത്തിയാകുന്ന B,Sc., M.Sc. ഇന്റഗ്രേറ്റഡ് കോഴ്സിൽ ഒരു

സെമസ്റ്ററിന് 50,000/- രൂപ വീതമാണ് ഫീസ്. ഇങ്ങനെ കുട്ടികളിൽ നിന്നും ലഭിക്കുന്ന ഫീസ് കാർഷിക സർവ്വകലാശാലാ ക്യാമ്പസിലെ സ്റ്റേറ്റ് ബാങ്ക് ശാഖയിലെ സേവിംഗ്സ് ബാങ്ക് അക്കൌണ്ടിൽ (അക്കൌണ്ട് നം. SB 67145826977) നിക്ഷേപിക്കുകയും അതിൽ നിന്ന് സർവ്വകലാശാല കംപ് ട്രോളറുടെ അക്കൗണ്ടിലേക്ക് കൈമാറ്റം ചെയ്യുകയുമാണ് ചെയ്യുന്നത്. കംപ് ട്രോളറുടെ അക്കൗണ്ടിൽ നിന്നും അക്കാദമിയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന തുക കൈകാര്യം ചെയ്യുന്നതിനായി ഉപയോഗിക്കുന്നത് സർവ്വകലാശാല ക്യാമ്പസിലെ സ്റ്റേറ്റ് ബാങ്ക് ശാഖയിലെ കറന്റ് അക്കൗണ്ടിലൂടെയാണ് (അക്കൗണ്ട് നം.CA:67145827052).

2015-16 വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുന്നത് കറന്റ് അക്കൗണ്ടിലെ ട്രാൻസാക്ഷനെ മാത്രം അടിസ്ഥാനപ്പെടുത്തിയാണ്. വാർഷിക കണക്കുപ്രകാരം 2015-16 വർഷം സ്ഥാപനത്തിന്റെ ആകെ വരവായി രേഖപ്പെടുത്തിയത് 2015-16 വർഷം കംപ് ട്രോളറുടെ അക്കൗണ്ടിൽ നിന്നും കറന്റ് അക്കൗണ്ടിലേക്ക് ലഭിച്ച 8,168,750/- രൂപയും കൂടാതെ ഈ അക്കൗണ്ടിൽ തന്നെ ഇന്റേണൽ റസീപ്റ്റ് ഇനത്തിൽ അടച്ച 19,782/- രൂപയുമാണ്. എന്നാൽ യഥാർത്ഥത്തിൽ 2015-16 വർഷത്തിൽ കളക്ഷൻ രജിസ്റ്റർ പ്രകാരം 2015-16 വർഷത്തെ ഫീസിനത്തിലെ വരവ് 1,07,01,520/- രൂപയാണ് (ഇ-ഗ്രാന്റ്സ് തുക ഉൾപ്പെടെ).

കൂടാതെ മേൽസൂചിപ്പിച്ച SB അക്കൌണ്ടിലെ മുന്നിരിപ്പ് 33,90,783/- രൂപ, നീക്കിയിരുപ്പ് 5,59,347/- രൂപ എന്നിവയും, പതിനൊന്നോളം സ്ഥിര നിക്ഷപങ്ങളും വാർഷിക കണക്കിലുൾപ്പെടുത്തിയിട്ടില്ല. ഒരു സ്ഥാപനത്തിന്റെ സാമ്പത്തിക വർഷത്തെ വാർഷിക കണക്ക് തയ്യാറാക്കുമ്പോൾ സ്ഥാപനത്തിന്റെ യഥാർത്ഥ വരവ്-ചെലവ്-മുന്നിരിപ്പ്-നീക്കിയിരുപ്പ് എന്നിവ ഉൾപ്പെടുത്തി സമഗ്രമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-10-2 സ്കോളർഷിപ്പ് അക്കൗണ്ടിൽ (ഇ-ഗ്രാന്റ്സ്) തുക അവശേഷിക്കുന്നു

സ്ഥാപനത്തിലെ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികളുടെ സ്കോളർഷിപ്പ് തുകകൾ കൈകാര്യം ചെയ്യുന്നതിനായി തൃശ്ശൂർ, കിഴക്കേക്കോട്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ബ്രാഞ്ചിൽ ഒരു SB അക്കൗണ്ട് (അക്കൗണ്ട് നം.33151970255) നിലനിൽക്കുന്നുണ്ട്. കുട്ടികളുടെ സ്കോളർഷിപ്പ് തുക അക്കൗണ്ടിൽ വരുന്ന മുറയ്ക്ക് കുട്ടികൾക്ക് വിതരണം ചെയ്യേണ്ടതും, ഫീസ് സർവ്വകലാശാല അക്കൗണ്ടിൽ അടവാക്കുകയുമാണ് വേണ്ടത്. പട്ടികജാതി വകുപ്പിന്റെ ഇ-ഗ്രാന്റ്സ് കൈകാര്യം ചെയ്യുന്നതിന് കറന്റ് അക്കൗണ്ടാണ് സൂക്ഷിക്കേണ്ടത്. കൂടാതെ ഈ അക്കൗണ്ടിൽ സ്കോളർഷിപ്പ് തുക വിതരണം ചെയ്യാതെ അവശേഷിക്കുവാനും പാടില്ല. എന്നാൽ അക്കാദമിയുടെ ഇ-ഗ്രാന്റ്സ് അക്കൗണ്ടിൽ 2015-16 സാമ്പത്തിക വർഷാവസാനം വിതരണം ചെയ്യാതെ 1,11,518/- രൂപ അവശേഷിക്കുന്നതായി കാണുന്നു. അക്കൗണ്ടിൽ അവശേഷിക്കുന്ന സ്കോളർഷിപ്പ് ഏതെന്ന് കണ്ടെത്തി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്യേണ്ടതും അനുവദിച്ച ഫീസ് സർവ്വകലാശാലയിൽ ഒടുക്കേണ്ടതുമാണ്.

3-11 അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെന്റ്, COH

3-11-1 അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ്ങ് പ്രവർത്തനം - അവലോകനം

അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ട്മെന്റിൽ 2015-16 വർഷം പ്രവർത്തിച്ചിരുന്ന റിവോൾവിങ്ങ് ഫണ്ട് പ്രോജക്ട് (6144) പരിശോധിച്ചതിൽ പ്രസ്തുത കേന്ദ്രവുമായി ബന്ധപ്പെട്ട പൊതുവായ ഓഡിറ്റ് നിരീക്ഷണങ്ങൾ താഴെ ചേർക്കുന്നു.

നിലവിൽ The Agriculture Engineering Research & Training Centre (AERTC) എന്ന റിവോൾവിങ്ങ് ഫണ്ട് നടത്തുന്നതിന് ഡയറക്ടറേറ്റ് ഓഫ് റിസർച്ചിന്റെ (R5/65600/2011 തീ.01.12.2012) ഉത്തരവ് പ്രകാരം അനുവാദം നൽകിയിട്ടുണ്ട്. ഇതു പ്രകാരം കോളേജുകൾ, റിസർച്ച് സ്റ്റേഷനുകൾ, മറ്റു യൂണിറ്റുകൾ എന്നിവിടങ്ങളിലേക്ക്

ഫാം സ്ട്രക്ചർ, പോളി ഹൗസ്, ഗ്രീൻ ഹൗസ്, കാർഷിക മെഷിനറികൾ എന്നിവയുടെ ഡിസൈൻ, ഇൻസ്റ്റലേഷൻ തുടങ്ങിയ പ്രവർത്തനങ്ങൾ നാലു ലക്ഷംവരെ നടത്തുന്നതിനും അനുവാദം നൽകിയിരിക്കുന്നു.

1. പദ്ധതി പ്രവർത്തനങ്ങൾക്കായി ക്വട്ടേഷൻ വിളിക്കുകയാണ് സ്ഥാപനം ചെയ്യുന്നത്. ഇപ്രകാരം ക്വട്ടേഷൻ വിളിക്കുമ്പോൾ ഡിസൈൻ, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്നില്ല.
2. ക്വട്ടേഷൻ വിളിക്കുന്നതിന് ഒരു തുക കണക്കാക്കി വരുന്നുണ്ട്. ഇത് എന്തിനെ ആധാരമാക്കി എന്ന് വ്യക്തമല്ല.
3. നിലവിൽ സംസ്ഥാന സർക്കാരോ, ഏതെങ്കിലും വകുപ്പോ അംഗീകരിച്ച ഡാറ്റകൾ ഉപയോഗിക്കുന്നില്ല.
4. ഒബ്സർവ്ഡ് ഡാറ്റ ഉണ്ടാക്കുകയോ പ്രാബല്യത്തിൽ കൊണ്ടുവരുകയോ ചെയ്തിട്ടില്ല.
5. നിർമ്മാണ പ്രവർത്തനങ്ങളിൽ കരാറുകാരുമായി ചേർന്ന് എഗ്രിമെന്റ് വെച്ചു കാണുന്നില്ല.
6. ഉപകരണങ്ങളുടെ വാങ്ങലിൽ സപ്ലൈയറുമായി ചേർന്ന് എഗ്രിമെന്റ് ഒപ്പുവെക്കുന്നില്ല. പെർഫോർമൻസ് ഗ്യാരണ്ടി പിരീഡ് നിശ്ചയിച്ച് സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നില്ല.

നിലവിൽ അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ട്മെന്റ് നിർമ്മാണ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നത് അംഗീകൃതമായ ഏത് നിയമത്തിന്റെ മാന്യുവലിന്റെ അടിസ്ഥാനത്തിലാണ് എന്നു വ്യക്തമല്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെന്റ് കാർഷിക പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തികൾക്ക് മേൽനോട്ടം വഹിക്കുമ്പോൾ അത് അംഗീകൃതമായ ഏത് മാന്വൽ, ചട്ടം എന്നിവ പ്രകാരമെന്ന് സർവ്വകലാശാല വ്യക്തമാക്കേണ്ടതാണ്.
2. കമ്മ്യേഷനുകൾ വിളിച്ച് പണി ഏൽപ്പിച്ചു നൽകുക എന്നതിനപ്പുറം ഡാറ്റ ഉണ്ടാക്കുന്നതിനും, അംഗീകൃത ഡാറ്റകൾ സ്വീകരിക്കുന്നതിനും കഴിയേണ്ടതാണ്. സിവിൽ പ്രവർത്തികൾക്ക് പ്രത്യേകിച്ചും.
3. ഒരു എഞ്ചിനീയറിങ്ങ് പ്രവർത്തിക്കാവശ്യമായ സാങ്കേതിക പ്രവർത്തനങ്ങൾ ഡിസൈൻ, എസ്റ്റിമേറ്റ്, സൂപ്പർവിഷൻ, മെഷർമെന്റ് എന്നിവ ഉറപ്പാക്കുകയും റെക്കോർഡ് ചെയ്യേണ്ടതുമാണ്.
4. ആധുനിക സാഹചര്യത്തിൽ ആവശ്യപ്പെടുന്ന പക്ഷം അഗ്രിക്കൾച്ചർ എഞ്ചിനീയറിങ്ങ് ഡിപ്പാർട്ട്മെന്റിന്റെ പ്രവർത്തനം കൂടുതൽ വിപുലമാക്കുന്നതിന് സഹായകമായ പ്രവർത്തനങ്ങൾ സർവ്വകലാശാല സ്വീകരിക്കേണ്ടതാണ്.

3-12 എ.എം.പി.ആർ.എസ്., ഓടക്കാലി

3-12-1 സ്ഥാനക്കയറ്റത്തിനു കൂടിശ്ശിക നൽകിയതു സംബന്ധിച്ച്

ശ്രീ.കെ.ജി.മോഹൻദാസ്, ശ്രീ.രഘു.ആർ. എന്നിവർക്ക് ഫാം മാനേജർ ഗ്രേഡ് 1, ഫാം സൂപ്രണ്ട് എന്നീ തസ്തികകളിലേക്ക് പ്രമോഷൻ ലഭിച്ചതിന്റെയും 2009 ശമ്പള പരിഷ്കരണത്തിന്റെയും കൂടിശ്ശികയായി താഴെ പറയും വിധം യഥാക്രമം ₹3,58,443/-യും ₹1,92,636/-യും നൽകിയിട്ടുണ്ട്.

I. കെ.ജി.മോഹൻദാസ്, ഫാം സൂപ്രണ്ട്

സി.ബി.വി. നമ്പർ - 21/07-15

ചെക്ക് നമ്പർ - 565692/ 23.07.2015

ബിൽ തുക – 3,58,443/-

II. രഘു.ആർ., ഫാം സൂപ്രണ്ട്.

സി.ബി.വി. നമ്പർ - 22/07-15

ചെക്ക് നമ്പർ - 565692/ 23.07.2015

ബിൽ തുക - 1,92,636/-

പ്രമോഷൻ ഉത്തരവ് നമ്പർ GA/B1/13008/2011 തീയതി.25.10.2014, ഈ വിഷയത്തിലുള്ള 8 ഹർജികളിൽ ഹൈക്കോടതി പുറപ്പെടുവിച്ച പൊതു വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് സർവ്വകലാശാല പ്രസ്തുത പ്രമോഷൻ ഉത്തരവ് പുറപ്പെടുവിച്ചത്. ശ്രീ.മോഹൻദാസിന് ഫാം മാനേജർ ഗ്രേഡ് 1 ആയി 01.04.2011-നും ഫാം സൂപ്രണ്ടായി 01.11.2013-നും ശ്രീ.രഘുവിന് ഫാം മാനേജർ ഗ്രേഡ് 1 ആയി 01.04.2011-നും ഫാം സൂപ്രണ്ടായി 01.12.2013-നും പ്രമോഷൻ ലഭിച്ചു. ശ്രീ.മോഹൻദാസ് 05.04.2011 മുതൽക്കും ശ്രീ.രഘു 02.04.11 മുതൽക്കും ഉള്ള കുടിശ്ശിക കൈപ്പറ്റിയിട്ടുണ്ട്. മുൻകാല പ്രാബല്യം നൽകി പ്രമോഷൻ നൽകുന്ന അവസരങ്ങളിൽ സർക്കാർ ഉത്തരവ് ജി.ഒ.(പി)നം.515/2007 ഫിൻ തീയതി.19.10.07 അനുസരിച്ച് പ്രമോഷൻ ഉത്തരവ് തിയ്യതി മുതൽ ഒരു വർഷം മുൻപ് വരെയുള്ള കാലയളവിലെ കുടിശ്ശികക്ക് മാത്രമാണ് അർഹതയുള്ളത്. അതനുസരിച്ച് 26.10.2013 മുതൽക്കു മാത്രമാണ് ശ്രീ.മോഹൻദാസിനും ശ്രീ.രഘുവിനും പ്രമോഷനുമായി ബന്ധപ്പെട്ട "മോണിറ്ററി ബെനിഫിറ്റിന്" അർഹതയുള്ളത്. അതിനു മുൻപ് പ്രമോഷന് 'നോഷണൽ ഇഫക്ട്' മാത്രമാണുള്ളത്. ആയതിനാൽ മേൽപ്രകാരം ആനുകൂല്യങ്ങൾ നൽകിയത് പുന:പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം 7/ 24.03.17).

3-12-2 ടിഷ്യുകൾച്ചർ തൈകളുടെ ഉൽപ്പാദനം - വരവിൽ കൂടുതൽ ചെലവ്

6115 എന്ന ശീർഷകത്തിൽ പ്രവർത്തിക്കുന്ന റിവോൾവിങ്ങ് ഫണ്ടുമായി ബന്ധപ്പെട്ട ടിഷ്യുകൾച്ചർ ചെടികളുടെ വരവ് ചെലവ് വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ വരവിൽ കൂടുതൽ ചെലവ് വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

3-12-2-1 2015-16 വർഷത്തിൽ ആകെ ഉൽപ്പാദിപ്പിച്ച ടിഷ്യുകൾച്ചർ തൈകളും അവയുടെ സ്റ്റോക്ക് മൂല്യവും (Stock Register of TC Plants, Annual Report)

ക്രമ നമ്പർ	ഇനം	എണ്ണം	സ്റ്റോക്ക് മൂല്യം
1	ടിഷ്യുകൾച്ചർ വാഴത്തൈ (TC)	5623	84,345
2	ടി.സി. നേന്ത്രൻ	3932	87,780
3	ടി.സി. മിന്റോളി	1411	45,185
4	കിന്റൻ നേന്ത്രൻ	2	80
5	ടി.സി.ഓർക്കിഡ് ചെറുത്	11	550
6	ടി.സി. ഓർക്കിഡ്	9	900
7	ടി.സി. ഓർക്കിഡ്	21	3150
8	ടി.സി. അലോഷ്യ	200	2000
9	ടി.സി. പൂജകദളി	430	12,900
	ആകെ		---------- 2,36,890 =========

3-12-2-2 ടിഷ്യുകൾച്ചർ തൈകളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട ചെലവുകൾ

1	ടിഷ്യുകൾച്ചർ ലാബിൽ തൈകളുടെ ഉൽപ്പാദനത്തിനായി നിയോഗിച്ച സ്കിൽഡ് തൊഴിലാളികളുടെ വേതനം	2,28,881/-
2	ടി.സി.ലാബ് - രാസവസ്തുക്കൾ വാങ്ങിയത്	56,676/-
3	ലാബിന്റെ ഇലക്ട്രിസിറ്റി ചാർജ്ജ് - കൺസ്യൂമർ നമ്പർ 8147 ആകെ ചെലവ് - 2,02,477/2 = 1,01,238/-	1,01,238/-
4	ഡി.എം.എസ്. രജിസ്റ്റർ പ്രകാരം ടി.സി. ലാബിൽ നിയോഗിച്ച സ്ഥിര തൊഴിലാളികളുടെ വേതന ചെലവ് (850 മനുഷ്യ ദിനങ്ങൾ x 470)	39,950/-
	ആകെ ചെലവ്	---------- 4,26,745/- ========

വ്യത്യാസം = ആകെ ചെലവ് - ആകെ സ്റ്റോക്ക് മൂല്യം
4,26,745 – 2,36,890 = 1,89,855/-

റിവോൾവിങ്ങ് ഫണ്ടിൽ പ്രവർത്തിക്കുന്ന ഒരു ഉൽപ്പാദന യൂണിറ്റ് എന്ന നിലയിൽ ആയത് ലാഭകരമാക്കാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻകയറി നമ്പർ 04/ 22.03.2017).

3-13 അഗ്രോണമിക് റിസർച്ച് സ്റ്റേഷൻ, ചാലക്കുടി

3-13-1 കുളം നിർമ്മാണം - അപാകതകൾ

ഫയൽ നം. ARS/B/353/2014, Vol.-I)

ചാലക്കുടി അഗ്രോണമിക് റിസർച്ച് സ്റ്റേഷന്റെ അധീനതയിലുള്ള 7 ഏക്കറിൽ അധികമുള്ള കൃഷിഭൂമി ജലസേചന സൗകര്യമില്ലാത്തതിനാൽ കൃഷിയ്ക്ക് ഉപയുക്തമല്ല. ഈ പ്രശ്നം പരിഹരിക്കുന്നതിനായി ബ്ളോക്ക് III-G യിൽ കുളം നിർമ്മിക്കുക എന്ന ലക്ഷ്യമിട്ടു. ഫാം ഉപദേശക സമിതിയുടെ 25.09.2015-ലെ യോഗത്തിൽ ഫണ്ടിന്റെ

ലഭ്യതയ്ക്കനുസരിച്ച് കുളം നിർമ്മിക്കുവാൻ തീരുമാനിച്ചു. ഏഴ് ഘട്ടങ്ങളിലായി വെള്ളാനിക്കര വാട്ടർ മാനേജ്മെന്റ് റിസർച്ച് യൂണിറ്റിലെ അഗ്രിക്കൾച്ചർ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി. ആയത് പ്രകാരം നിർമ്മാണ പ്രവർത്തനങ്ങൾക്ക് 11,64,900/- രൂപ വകയിരുത്തി. നാളിതുവരെ 9,47,979/- രൂപ ചെലവഴിച്ചു. (9338, 9550, 6105 എന്നീ ശീർഷകങ്ങളിൽ നിന്ന്).

ഓഡിറ്റ് പരാമർശങ്ങൾ

(1) 25m x 15mx 3m വ്യാപ്തിയുള്ള കുളം നിർമ്മാണമാണ് ആദ്യ ഘട്ടത്തിൽ ലക്ഷ്യമിട്ടത്. ആയതിന് 1,96,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി. ഒന്നാം ഘട്ടത്തിൽ ജലം ലഭ്യമല്ലാത്തതിനാൽ 2-ാം ഘട്ടത്തിൽ 2 മീറ്റർ കൂടി ആഴം കൂട്ടി ജലലഭ്യത ഉറപ്പു വരുത്തി. മൂന്നാം ഘട്ടത്തിൽ 0.7m ഉയരത്തിൽ ഫൗണ്ടേഷൻ പണിതെങ്കിലും കുളത്തിന്റെ ചുറ്റും മണൽ കലർന്ന മണ്ണായതിനാൽ വശങ്ങൾ ഇടിഞ്ഞു. ഏഴാം ഘട്ടം വരെയും ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭിത്തി നിർമ്മാണം തുടർന്നു കൊണ്ടിരുന്നു. മുൻകൂട്ടിയുള്ള ആസൂത്രണത്തിന്റെ അഭാവം മൂലമാണ് എസ്റ്റിമേറ്റ് മേൽപ്പറഞ്ഞവിധം തയ്യാറാക്കേണ്ടി വന്നത്. മണ്ണിന്റെ ഘടന, ജല ലഭ്യത എന്നിവ ഉറപ്പു വരുത്തിയതിന് ശേഷം മാത്രം പ്രവൃത്തി ഏറ്റെടുക്കേണ്ടതായിരുന്നു.

(2) മൊത്തം എസ്റ്റിമേറ്റ് തുക 2,00,000/- രൂപയിൽ അധികരിച്ചതിനാൽ ബഹുവർഷ പ്രോജക്ടായി കണക്കിലെടുത്ത് ഫിസിക്കൽ പ്ലാന്റ് ഡയറക്ടറിൽ നിന്ന് സാങ്കേതികാനുമതി ലഭ്യമാക്കേണ്ടതായിരുന്നു.

(3) ആദ്യത്തെ രണ്ടു ഘട്ടങ്ങളിലായി കുഴിച്ചെടുക്കാവുന്ന മണ്ണിന്റെ അളവ് 1875 m^3 ആണെന്ന് എസ്റ്റിമേറ്റിൽ പ്രതീക്ഷിക്കുന്നു. എന്നാൽ കുഴിച്ചെടുത്ത മണ്ണിന്റെ അളവ് എത്രയെന്ന് ബന്ധപ്പെട്ട എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

(4) മരാമത്ത് ബില്ലിന്റെ രൂപത്തിൽ ബില്ല് തയ്യാറാക്കിയിട്ടില്ല. അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

(5) ലേബർ പ്രവൃത്തികൾക്ക് ക്വട്ടേഷൻ ക്ഷണിച്ചപ്പോൾ ഏറ്റവും കുറഞ്ഞ നിരക്ക് കോട്ട് ചെയ്ത മൂന്ന് വ്യക്തികൾ ഉണ്ടായിട്ടും അവരുമായി നെഗോഷിയേഷൻ നടത്തിയിട്ടില്ല.

(6) പമ്പിങ്ങിനും മറ്റുമുള്ള അനുബന്ധ ചെലവുകൾക്ക് തുക വരുത്തിയിട്ടില്ല.

(7) ഭൗതിക പരിശോധനയിൽ കുഴിച്ചെടുത്ത മണ്ണ് പൂർണ്ണമായും ബണ്ട് നിർമ്മാണത്തിനായി ഉപയോഗിച്ചിട്ടില്ലെന്ന് ബോധ്യപ്പെട്ടു.

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിയ്ക്കേണ്ടതും കുളം നിർമ്മാണം പൂർത്തീകരിച്ച് ജലസേചന സൗകര്യമൊരുക്കേണ്ടതും പ്രോജക്ടിന്റെ ലക്ഷ്യം കൈവരിയ്ക്കുവാൻ ശ്രദ്ധിയ്ക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 02/ 25.10.2016)

3-13-2 ഇൻവോയ്സുകൾ തീർപ്പാക്കിയിട്ടില്ല

ഇൻവോയ്സ് രജിസ്റ്റർ പരിശോധനയിൽ 29.07.2015-ൽ ഇൻവോയ്സ് നമ്പർ 7/2015-16 പ്രകാരം തവനൂർ KCAET-യ്ക്ക് 14,250/- രൂപയുടെ ഉല്പന്നങ്ങൾ അനുവദിച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെയും തുക അക്കൗണ്ടിൽ വരവു വന്നിട്ടില്ല. തുടർ നടപടികൾ സ്വീകരിച്ച്, ആയതിന്റെ വിവരം അറിയിയ്ക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ - 4/ 25.10.2016).

3-14 കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി

3-14-1 ഫണ്ട് വകമാറ്റി ചെലവഴിച്ചു - 1,06,333/- രൂപ തടസ്സപ്പെടുത്തുന്നു

'9303' – GOK—പ്ലാൻ- "commercial micro propagation as per NCS-TCP" എന്ന പ്രൊജക്ടിന്റെ ഫണ്ടിൽ നിന്നും 1,06,333/- രൂപ വകമാറ്റി ചെലവഴിച്ചു. '9338' –

Planting material production' എന്ന പ്രൊജക്ടുമായി ബന്ധപ്പെട്ട് പച്ചക്കറി പന്തൽ നിർമ്മിക്കാൻ ആവശ്യമായ സ്റ്റീൽ പൈപ്പുകൾ വാങ്ങിയ ഇനത്തിൽ ബിൽ നമ്പർ 46/5-15 (ചെക്ക് നം.054996 തീയതി.25-05-15) പ്രകാരം മെസ്സേർസ്. മോഡേർൺ ഡിസ്ട്രോപോളിസ് ലിമിറ്റഡ്, കൊച്ചിൻ എന്ന സ്ഥാപനത്തിനാണ് ടി തുക നൽകിയിരിക്കുന്നത്. '9338' എന്ന പദ്ധതിയിൽ പ്രസ്തുത സമയത്ത് ടി തുക ലഭ്യമല്ലാത്തതിനാൽ 9303 എന്ന പ്രോജക്ടിൽ തിരിച്ച് ക്രെഡിറ്റ് ചെയ്യാമെന്ന ഉദ്ദേശത്തിലാണ് ടി ചെലവ് ചെയ്തതെന്നും എന്നാൽ ടി തുക പിന്നീട് തിരികെ ക്രെഡിറ്റ് ചെയ്തിട്ടില്ലെന്നും പകരം 9303 എന്ന പദ്ധതിയുടെ ചില ചെലവുകൾ 9338 എന്ന പ്രൊജക്ടിന്റെ ഫണ്ട് ഉപയോഗിച്ച് ചെയ്തുവെന്നും ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയുണ്ടായി. ഇത്തരം പ്രവണതകൾ സാമ്പത്തിക-ബജറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്.

(ഓഡിറ്റ് അന്വേഷണം 02/ 26.04.2016).

3-15 COH വെള്ളാനിക്കര - ഡിപ്പാർട്ട്മെന്റ് ഓഫ് പ്ലാന്റ് ബ്രീഡിംഗ് & ജെനറ്റിക്സ്

3-15-1 ഫൈനൽ ബിൽ, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയിട്ടില്ല.

Plan Project : Strengthening centre for IP protection

CBV No : 18/3/15-16, 31/3/16

തുക : 8,02,727/-

Protected area & providing a net protection to the crops ന്റെ നിർമ്മാണത്തിനായി Directorate of Physical Plant ന് ബിൽ നം. 18/3/15-16 പ്രകാരം 8,02,727/- രൂപ കൈമാറിയിട്ടുണ്ട്. DPP യുടെ 30.03.2016 ലെ No.A7/2787/15 നമ്പർ കത്ത് പ്രകാരം probable amount ആണ് ആവശ്യപ്പെട്ടിരിക്കുന്നത്. എന്നാൽ ടി പ്രവൃത്തിയുടെ detailed estimate, ഫൈനൽ ബിൽ, പൂർത്തീകരണ സാക്ഷ്യപത്രം,

എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽപ്പറഞ്ഞ രേഖകൾ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 2/ 10.01.17).

3-15-2 <u>ടെണ്ടർ ക്ഷണിക്കാതെ വാങ്ങൽ - 4,31,550/- തടസ്സപ്പെടുത്തുന്നു</u>

Plan Project : Strengthening centre for IP protector

CBV No : 19/3/15-16, 31/3/16

തുക : 4,31,550/- ചെക്ക് നമ്പർ - 149666/ 31.03.16

മേൽ പ്രോജക്ടിന്റെ ഭാഗമായി Refrigerated Centrifuge വാങ്ങിയതിന് ടെണ്ടർ ക്ഷണിച്ചിട്ടില്ല. പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരവും വാങ്ങിയിട്ടില്ല. പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരം വാങ്ങേണ്ടതാണ് എന്ന് ഫയലിൽ കാണുന്നുവെങ്കിലും നടപ്പാക്കിയിട്ടില്ല. BRS, കണ്ണാറ എന്ന സ്റ്റേഷനിൽ ഇതേ ഇനം വാങ്ങിയതിന്റെ റിപീറ്റ് ഓർഡർ അടിസ്ഥാനമാക്കിയാണ് ഇവിടെയും ഈ ഇനം വാങ്ങിയിട്ടുള്ളത്.

ഇത് സംബന്ധിച്ച് വാങ്ങിയ ഓഡിറ്റ് എൻകയറിക്ക് റിപീറ്റ് ഓർഡർ ഉള്ളതിനാൽ പ്രത്യേകം ടെണ്ടർ വിളിക്കേണ്ടതില്ല എന്നും പർച്ചേസ് കമ്മിറ്റിയുടെ അംഗീകാരം ആവശ്യമില്ല എന്നും മറുപടി നൽകിയിട്ടുണ്ട്.

BRS കണ്ണാറ ടെണ്ടർ വിളിച്ചാണോ വാങ്ങൽ നടത്തിയിട്ടുള്ളത് എന്ന് പരിശോധിക്കുന്നതിന് ആവശ്യമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. Eppendoorf India Limited, Ambit Park Road, Sidco Industrial Estate, Chennai എന്ന സ്ഥാപനത്തിൽ നിന്നുമാണ് ടി ഇനം വാങ്ങിയിട്ടുള്ളത്.

സർവ്വകലാശാലയ്ക്ക് സ്വന്തമായി ഒരു പർച്ചേസ് റൂൾ ഇല്ലാത്ത സാഹചര്യത്തിൽ സംസ്ഥാന സർക്കാരിന്റെ സ്റ്റോർ പർച്ചേസ് മാന്വൽ ആണ് വാങ്ങൽ നടപടികൾക്ക് അടിസ്ഥാനമായി വരുന്നത്. 4.32 ലക്ഷം രൂപ വിലവരുന്ന മേൽ സൂചിപ്പിച്ച ഉപകരണം പർച്ചേസ് മാന്വൽ പ്രകാരമുള്ള നടപടികൾ സ്വീകരിക്കാതെ വാങ്ങിയത് ക്രമവിരുദ്ധമാണ്. ടി തുക തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 01/ 10.01.2017).

3-16 വാഴ ഗവേഷണ കേന്ദ്രം, കണ്ണാറ

3-16-1 'AICRP on Tropical Fruits' – ഉപകരണങ്ങൾ വാങ്ങിയത് ഇൻസ്റ്റാൾ ചെയ്തിട്ടില്ല

AICRP on Tropical Fruits എന്ന പ്രൊജക്ടിന്റെ ഭാഗമായി താഴെപ്പറയുന്ന equipments വാങ്ങിയത് ഓഡിറ്റ് തീയതി വരെ (24.01.2017) ഇൻസ്റ്റാൾ ചെയ്തിട്ടില്ല. വിശദാംശങ്ങൾ:

ക്രമ നം.	CBV No. & Date	Equipment	തുക	Equipment വാങ്ങിയ സ്ഥാപനം
1	85/9/15 തി.30.09.15	UPS System	2,31,595/-	M/s. Supra Hi-tech Electro Equipment(P) Ltd., Kochi
2	177/3/16 തി.31.03.16	Banana Chips Machine	35,495/-	M/s. Suresh Industries, Coimbatore.
3	182/3/16 തി.31.03.16	Autoclave (Vertical) (2 Nos.)	87,318/- (2x43659)	M/s. Scientific Enterprises, Cochin.
4	183/3/16 തി.31.3.16	Deep Freezer	1,09,400/-	M/s. Scientific Enterprises, Cochin
5	184/3/16 തി.31.03.16	Incubator Shaker	65,250/-	M/s. Scientific Enterprises, Cochin.
6	186/3/16 തി.31.03.16	Environment Chamber	3,42,640/-	M/s. Scientific Enterprises, Cochin.

മേൽ ഉപകരണങ്ങൾ ഇൻസ്റ്റാൾ ചെയ്യാനുള്ള നടപടികൾ എത്രയും വേഗം സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 7/ 21.01.2017).

3-16-2 ലോഗ്ബുക്ക് ശരിയായി പരിപാലിക്കുന്നില്ല

സ്റ്റേഷനിലെ വാഹനമായി കെ.എൽ.8 എൻ.568 എന്ന നമ്പറിലുള്ള ജീപ്പിന്റെ ലോഗ് ബുക്ക് കൃത്യമായി പരിപാലിക്കുന്നില്ല. ലോഗ് ബുക്കിൽ വാഹനം ഉപയോഗിക്കുന്നയാളും കൺട്രോളിങ്ങ് ഓഫീസറും അതാത് കോളങ്ങളിൽ സാക്ഷ്യപ്പെടുത്തുന്നില്ല. മാസാന്ത്യ സംക്ഷിപ്തം കൺട്രോളിങ്ങ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനത്തിന്റെ മൈലേജ് ടെസ്റ്റ് നടത്തിയിട്ടില്ല.

കൂടാതെ സ്റ്റേഷനിൽ നിലവിലുള്ള രണ്ട് ട്രാക്ടറുകളുടെ (KL 8 AZ 8332, KL 8C 599) ലോഗ് ബുക്കുകളിലും മാസാന്ത്യ സംക്ഷിപ്തം കൺട്രോളിങ്ങ് ഓഫീസർ സാക്ഷ്യപ്പെടുത്തുന്നില്ല. വാഹനങ്ങളുടെ മൈലേജ് ടെസ്റ്റ് കൃത്യമായി നടത്തേണ്ടതും ലോഗ് ബുക്ക് കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതുമാണ്.

3-16-3 ട്രീ രജിസ്റ്റർ ആനുകാലികമല്ല

1989 മുതൽ സ്ഥാപനത്തിൽ ട്രീ രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. തുടർന്നുവന്ന ഓഡിറ്റുകളിൽ എല്ലാംതന്നെ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് എഴുതി സൂക്ഷിച്ചിട്ടില്ല. ട്രീ രജിസ്റ്റർ ശരിയായി എഴുതി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

3-16-4 തെങ്ങു കയറുന്നതിന് കൂലി നൽകിയത് - തുക തടസ്സപ്പെടുത്തുന്നു

സി.ബി.വി. നം.94-6/15 തീയതി.22.06.15, സി.ബി.വി. നം.53-9/15 തീയതി.15.09.15, സി.ബി.വി. നം.77-1/16 തീയതി.28.01.16 എന്നിവ പ്രകാരം യഥാക്രമം 14,652/-, (ചെക്ക് നമ്പർ 462456/22.06.15), 14,080/- (ചെക്ക് നമ്പർ 552031 തീ.15.09.15,

14,850/- (ചെക്ക് നം.630491 തീ.28.01.16) എന്നിങ്ങനെ 43,582/- രൂപ തെങ്ങ് കയറുന്നതിനുള്ള കൂലിയിനത്തിൽ ശ്രീ.ഇ.ടി.വർഗ്ഗീസ് എന്നയാളിന് നൽകിയിട്ടുണ്ട്. ഗവേഷണ കേന്ദ്രത്തിൽ തെങ്ങുകയറ്റം വശമാക്കിയ തൊഴിലാളികൾ ഉള്ളപ്പോഴാണ് ഇത്തരത്തിൽ അനാവശ്യമായി രൂക ചെലവഴിച്ചിട്ടുള്ളതെന്ന് 21.01.11-ൽ സ്കിൽ ടെസ്റ്റ്, സ്ക്രീനിങ്ങ് ടെസ്റ്റ്, അഭിമുഖം എന്നിവ നടത്തുന്നതിനായി തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിന് അയച്ച അറിയിപ്പിൽനിന്ന് വ്യക്തമാണ്. ഈ സാഹചര്യത്തിൽ, സ്ഥിരം തൊഴിലാളികൾ (സ്കിൽഡ്) ഉണ്ടായിരുന്നിട്ടും തെങ്ങു കയറുന്നതിനായി 43,582/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 9/ 24.01.2017).

3-16-5 ഹാർവസ്റ്റ് രജിസ്റ്ററിലെ അപാകതകൾ

ഹാർവസ്റ്റ് രജിസ്റ്റർ, ഫാം പ്രൊഡ്യൂസ് രജിസ്റ്റർ എന്നിവ പരിശോധിച്ചതിൽ, ഫാമിൽ വിളവെടുക്കുന്ന വിളവുകളുടെ രൂക്കം അതാത് ദിവസം തന്നെ ഹാർവസ്റ്റ് രജിസ്റ്ററിൽ ചേർക്കുന്നില്ല എന്നും വില്പന നടത്തുന്ന ഇനങ്ങളുടെ വിൽക്കുന്ന രൂക്കം ആണ് ഹാർവസ്റ്റ് രജിസ്റ്ററിലെ വരവായി (വിളവ്) രേഖപ്പെടുത്തിയിട്ടുള്ളതെന്നും കാണുന്നത്.

കൂടാതെ, രജിസ്റ്റർ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ആധികാരികമാക്കിയതായും കാണുന്നില്ല. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ഹാർവസ്റ്റ് രജിസ്റ്റർ വേണ്ടവിധം പരിപാലിക്കേണ്ടതുമാണ്. (ഓഡിറ്റ് എൻകയറി നം.10/ 24.01.17).

3-16-6 'വാഴയിലെ ജനിതകസമ്പത്ത്' - പുസ്തകം അച്ചടിച്ച് ലഭ്യമായിട്ടില്ല

'വാഴയിലെ ജനിതക സമ്പത്ത്' എന്ന പുസ്തകം അച്ചടിക്കുന്നതിനായി ബിൽ നമ്പർ 301/3-16 (ചെക്ക് നമ്പർ 988690/ 31.03.16) പ്രകാരം കെ.എ.യു. പ്രസ്സിന് 23,190/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെയായി ടി പുസ്തകം അച്ചടിച്ച് ലഭ്യമായിട്ടില്ല. ഇത് ലഭ്യമാക്കാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 1/ 18.01.2017).

3-16-7 വാർഷിക കണക്ക് - ബാങ്ക് നീക്കിയിരിപ്പിലെ വ്യത്യാസം

2015-16-ലെ വാർഷിക കണക്ക് പ്രകാരം Network Revolving Fund, PRC (SB RF A/c -1957) എന്ന ഹെഡിലെ ബാങ്കിലെ നീക്കിയിരിപ്പ് 1,35,132/- രൂപയാണ്. എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം 31.03.16-ലെ നീക്കിയിരിപ്പ് 1,42,322/- രൂപയാണ്. വ്യത്യാസം ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 04/ 20.01.2017).

3-16-8 ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ളാന്റിന് കൈമാറിയ തുക – പ്രവൃത്തിയുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല

താഴെപ്പറയും പ്രകാരം വിവിധ പ്രവൃത്തികൾക്കായി ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ളാന്റിന് തുക കൈമാറിയിട്ടുണ്ട്. പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല.

ക്രമ നം.	സി.ബി.വി. നമ്പർ & തീയതി	തുക	ഹെഡ് ഓഫ് അക്കൗണ്ട്	ഉദ്ദേശ്യം
1	88/9/15 തി.30.9.15	3,30,000/-	6624	Construction of shade net house & parking shed.
2	259/3/16 തി.31.03.16	2,00,000/-	9338	Farm Devt. Works, Renovation of existing building & electrification works.
3	257/3/16 തി.31.3.16	23,400/-	9550	Farm Devt. Works, Renovation of existing building & electrification works.
4	258/3/16 തി.31.3.16	2,00,000/-	9308	Farm Devt. Works, Renovation of existing building & electrification works.

5	260/3/16 തി.31.3.16	2,00,000/-	2120	Farm Devt. Works, Renovation of existing building & electrification works.

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 5/ 21.01.17).

3-17 കാർഷിക ഗവേഷണ കേന്ദ്രം, ആനക്കയം

3-17-1 ഇൻവോയ്സ് മുഖേന വിൽപ്പന, സ്ഥാപനത്തിന് ഭീമമായ തുക വരവിനത്തിൽ ലഭിക്കാനുണ്ട്

ആനക്കയം ഗവേഷണ കേന്ദ്രത്തിൽ നിന്നും സംസ്ഥാനത്തുടനീളമുള്ള സ്ഥാപനങ്ങൾ വിവിധയിനം ചെടികളുടെ തൈകൾ ഉൾപ്പെടെ വിവിധ ഉല്പന്നങ്ങൾ പണം നൽകാതെ ഇൻവോയ്സുകൾ നൽകി വാങ്ങുന്നു. ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ 2014 മുതൽ വിവിധ സ്ഥാപനങ്ങൾ ആനക്കയം ഗവേഷണ കേന്ദ്രത്തിന് നൽകാനുള്ള തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	ക്രമ നം.	ഇൻവോയ്സ് നമ്പർ/ തീയതി	സ്ഥാപനത്തിന്റെ മേൽവിലാസം	നൽകുവാനുള്ള തുക
2013-14	1	90/13-14/ 11.02.14	എ.ഡി.എ., ചേലന്നൂർ ബ്ളോക്ക് പഞ്ചായത്ത്, കാക്കൂർ, കോഴിക്കോട്	10,000/-
	2	92/13-14/ 15.02.14	എ.ഡി.എ., തോടന്നൂർ, കോഴിക്കോട്.	10,000/-
	3	95/13-14/ 17.02.14	സെക്രട്ടറി, നാഗളശ്ശേരി വാട്ടർ ഷെഡ്, നാഗളശ്ശേരി.	50,000/-
	4	135/13-14/ 28.03.14	അസിസ്റ്റന്റ് ഡയറക്ടർ ഓഫ് അഗ്രിക്കൾച്ചർ, KSSDA, അയ്യന്തോൾ.	2,25,000/-

2014-15	5	9/14-15/ 20.06.14	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ	5,938/-
	6	12/14-15/ 25.06.14	എ.ഡി.ആർ., ആർ.എ.ആർ.എസ്., പീലിക്കോട്	67,925/-
	7	14/14-15/ 25.06.14	എ.ഡി.ആർ., ആർ.എ.ആർ.എസ്., പീലിക്കോട്	1,283/-
	8	18/14-15/ 05.07.14	എ.ഡി.എ., കാക്കൂർ, കോഴിക്കോട്.	4,20,000/-
	9	26/14-15/ 08.08.14	എ.ഒ., വേളം	1,18,800/-
	10	43/14-15/ 20.09.14	എ.ഒ., കീഴ്ത്തൂർ ഗ്രാമപഞ്ചായത്ത്.	21,000/-
	11	70/14-15/ 19.01.15	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ	92,046/-
	12	71/14-15/ 19.01.15	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ, വയനാട് ജില്ല.	19,428/-
	13	72/14-15/ 19.01.15	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ, വയനാട് ജില്ല.	1,99,144/-
2015-16	14	9/15-16/ 01.09.15	സോയിൽ കൺസർവേഷൻ ഓഫീസർ, പെരുന്തൽമണ്ണ, മലപ്പുറം	46,200/-
	15	13/15-16/ 22.09.15	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ	35,000/-
	16	22/15-16/ 29.10.15	അഗ്രിക്കൾച്ചറൽ ഓഫീസർ, രാമനാട്ടുകര, കോഴിക്കോട്.	10,000/-
	17	23/15-16/ 29.10.15	എ.ഒ., കൃഷി ഭവൻ, ആനക്കയം, മലപ്പുറം.	5,000/-
	18	24/15-16/ 29.10.15	എ.ഒ., ഒതുക്കുങ്ങൽ, മലപ്പുറം	200/-
	19	25/15-16/ 09.11.15	എ.ഒ., കൃഷിഭവൻ, മറയൂർ, മലപ്പുറം.	3,750/-

2015-16	20	26/15-16/ 04.11.15	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ.	49,761/-
	21	27/15-16/ 04.11.15	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ.	80,590/-
	22	28/15-16/ 04.11.15	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ, വയനാട്.	98,325/-
	23	29/15-16/ 04.11.15	എ.ഡി.ആർ., ആർ.എ.ആർ.എസ്., അമ്പലവയൽ, വയനാട്.	63,769/-
	24	30/15-16/ 04.11.15		70,300/-
	25	31/15-16/ 04.11.15		15,600/-
	26	32/15-16/ 04.11.15		61,275/-

മുകളിൽ സൂചിപ്പിച്ചിരിക്കുന്ന തുകകൾ അതാത് സ്ഥാപനങ്ങളിൽ നിന്ന് ഈടാക്കുവാനുള്ള നടപടികൾ അടിയന്തിരമായി കൈക്കൊള്ളേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 09/ 16.03.2017).

3-17-2 ലോഗ് ബുക്ക് പരിപാലനത്തിൽ അപാകത

13.11.1970 തീയതിയിലെ ജി.ഒ.(പി)803/70 ഫിൻ പ്രകാരം വാഹനത്തിന്റെ ഇന്ധനക്ഷമത വാർഷികമായി പരിശോധിച്ച് ലോഗ് ബുക്കിൽ ചേർത്ത് സാക്ഷ്യപ്പെടുത്തേണ്ടതാണ്. എന്നാൽ ആനക്കയം കാർഷിക ഗവേഷണ കേന്ദ്രത്തിന്റെ ആവശ്യങ്ങൾക്കായി ഉപയോഗിച്ചു പോരുന്ന KL-8 AS/7034 നമ്പരായുള്ള വാഹനത്തിന്റെ ഇന്ധനക്ഷമത പരിശോധിച്ച് ലോഗ് ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ 01.03.2006-ലെ ജി.ഒ.(പി)നം.161/2006 ഫിൻ പ്രകാരം "Vehicle History Book" ലോഗ് ബുക്കിൽ ചേർക്കേണ്ടതായിട്ടുണ്ട്. ആയത് ചേർത്തിട്ടില്ല. വാഹന ലോഗ് ബുക്ക് പരിപാലനത്തിലെ അപാകത പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 11/ 16.03.2017).

3-17-3 പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല

ശീർഷകം - 2038
സി.ബി.വി.നം. - 32/2-2016

ഇന്റർനാഷണൽ ഗസ്റ്റ് ഹൗസിന്റെ നിർമ്മാണത്തിനായി 10,00,000/- രൂപ (ചെക്ക് നമ്പർ 750/04 തീയതി.18.02.2016) പ്രകാരം ഫിസിക്കൽ പ്ളാന്റ് ഡയറക്ടർക്ക് കൈമാറിയിട്ടുണ്ട്. ഗസ്റ്റ് ഹൗസിന്റെ നിർമ്മാണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 24/ 20.03.2017).

3-17-4 എസ്.എച്ച്.ജി. ഗ്രൂപ്പുകൾ ഉല്പാദിപ്പിച്ച് വിതരണം നടത്തുന്ന ഇനങ്ങളുടെ സ്റ്റോക്ക് വിവരം ലഭ്യമാക്കിയിട്ടില്ല

വിവിധ എസ്.എച്ച്.ജി. ഗ്രൂപ്പുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ നിന്നും കുരുമുളക് വള്ളികൾ (മാതൃ വള്ളികൾ), പൈനാപ്പിൾ, ഞാലിപ്പൂവൻ എന്നിവയുടെ തൈകൾ ഉൽപ്പാദനത്തിനായി വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ ഇവ ഓരോന്നും ഏതൊക്കെ എസ്.എച്ച്.ജി. ഗ്രൂപ്പുകൾ കൈപ്പറ്റി എന്നും ഓരോരുത്തരും ഉല്പാദിപ്പിച്ച് വിതരണം നടത്തിയതുമായ ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഉദാഹരണത്തിന് 29-05-15, 03-06-15 തീയതികളിൽ 1715 കുരുമുളക് വള്ളികൾ വാങ്ങിയത് 4 എസ്.എച്ച്.ജി. ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യ എന്ന് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇതിന്റെ തുടർച്ചയായി വിവിധ എസ്.എച്ച്.ജി. ഗ്രൂപ്പുകൾ എത്ര കുരുമുളക് ചെടികൾ ഉല്പാദിപ്പിച്ച് വിതരണം നടത്തി എന്ന് വ്യക്തമാക്കുന്ന സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല.

ഓരോ ഇനങ്ങളുടെയും വാങ്ങൽ, സ്റ്റോക്ക് വിതരണം എന്നിവ വ്യക്തമാക്കുന്ന സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും ഓഡിറ്റിന് ഹാജരാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 18/ 20.03.2017).

3-17-5 ആർ.ഡി.ആർ. ഓഫീസ് മേധാവി സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുന്നില്ല

1) സ്റ്റേഷനിൽ നിലവിലുള്ള രണ്ട് ആർ.എഫുകളുടെയും ആർ.ഡി.ആറുകളിൽ ഓരോ ദിവസത്തെയും വരവ് തുക രേഖപ്പെടുത്തി ബാങ്കിൽ അടച്ചതായി കാണുന്നു. എന്നാൽ ചുമതലയുള്ള ഉദ്യോഗസ്ഥൻ ഒപ്പ് വെക്കുകയോ, നിശ്ചിത ഇടവേളകളിൽ ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കുകയോ ചെയ്തിട്ടില്ല. ഈ അപാകത പരിഹരിക്കേണ്ടതാണ്.

2) രശീതികളുടെ കമ്പ്യൂട്ടർവത്ക്കരണത്തിന് ശേഷവും ആർ.എഫ്., എൻ.സി.ആർ.എഫ്., മിസലേനിയസ് എന്നിവയ്ക്ക് പ്രത്യേകം രശീതി ബുക്കുകൾ (കമ്പ്യൂട്ടർ പ്രവർത്തനരഹിതമാക്കുമ്പോൾ മാത്രം) ഉപയോഗിക്കുന്നു. ഇങ്ങനെ ഒരേ സമയം മൂന്ന് രശീതി ബുക്കുകൾ ഉപയോഗിക്കാതെ ഒരു സമയം ഒരു രശീതി ബുക്കു മാത്രം കൈകാര്യം ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 3/ 14.03.2017).

3-17-6 ശീർഷകം മാറി ചെലവ് ചെയ്ത - 4,674/- രൂപ തടസ്സപ്പെടുത്തുന്നു

'ഹൈടെക് ഫാമിങ്ങ്' പരിശീലനത്തിന് പങ്കെടുത്ത പരിശീലനാർത്ഥികൾക്ക് 16.07.15-ലെ സി.ബി.വി. നം.43/7-15 പ്രകാരം ജൂൺ 2015-ലെ സ്റ്റൈപ്പെന്റ് തുകയായ 47,457/- രൂപ അനുവദിച്ചിട്ടുണ്ട്. ഇത് രണ്ട് ശീർഷകങ്ങളിൽ നിന്നായാണ് നൽകിയിട്ടുള്ളത്. '3603-812 ടെയിനിങ്ങ്' - ശീർഷകത്തിൽ നിന്നും 42,783/- രൂപയും, '3603-142 വേതനം കാഷ്വൽ/താത്ക്കാലിക തൊഴിലാളികൾ' - ശീർഷകത്തിൽ നിന്നും 4,674/- രൂപയുമാണ് ടെയിനിങ്ങ് സ്റ്റൈപ്പന്റിനായി ഉപയോഗിച്ചിട്ടുള്ളത്. '3603-142 വേതനം കാഷ്വൽ/താൽക്കാലിക തൊഴിലാളികൾ' എന്ന ശീർഷകത്തിൽ നിന്നും ടെയിനിങ്ങ് സ്റ്റൈപ്പെന്റ് അനുവദിച്ചത് ഫണ്ടിന്റെ വകമാറ്റിയുള്ള ചെലവാണ്. ആയതിനാൽ ശീർഷകം മാറി ചെലവ് ചെയ്തതിന് സർവ്വകലാശാലയിൽ നിന്നുള്ള

സാധൂകരണം ലഭ്യമാക്കുന്നതു വരെ വകമാറ്റി ചെലവഴിച്ച 4,674/- രൂപ തടസ്സത്തിൽ വെക്കുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 5/ 16.03.2017).

3-17-7 മൂല്യവർദ്ധിത നികുതി സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

സ്റ്റേഷനിലെ വാറ്റ് അക്കൗണ്ട് (അക്കൗണ്ട് നം. 67102733388, എസ്.ബി.ടി. മഞ്ചേരി) പ്രകാരം 25.02.2010 മുതൽ 02.11.2016 വരെയുള്ള ആകെ നീക്കിയിരിപ്പ് 1,14,318/- രൂപയാണ്. മേൽ കാലയളവിൽ വിവിധ ഇനങ്ങളിൽ നിന്നും ലഭിച്ചിട്ടുള്ള മൂല്യവർദ്ധിത നികുതികളുടെ തുകയാണ് വാറ്റ് അക്കൗണ്ടിൽ നിക്ഷേപിക്കുന്നത്. എന്നാൽ നാളിതുവരെ മൂല്യവർദ്ധിതനികുതി ഇനത്തിൽ ലഭിച്ച തുകകൾ സർക്കാരിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല. ആയത് സർക്കാരിലേക്ക് ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 20/ 20.03.2017).

3-17-8 ഭരണ സാങ്കേതിക അനുമതിയിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കൺസോളിഡേറ്റഡ് പേയിൽ വേതനം നൽകി - 82,950/- രൂപ നിരാകരിക്കുന്നു

8287 – 'NHM on spices and Aromatic Plants' എന്ന പദ്ധതിക്ക് ഡയറക്ടർ ഓഫ് റിസർച്ചിൽ നിന്നും ലഭിച്ച ഭരണ സാങ്കേതിക അനുമതി (എ.എസ്. & ടി.എസ്. ഉത്തരവ് നം. R2/70597/05, dt.21.08.14 & 18.08.15) പ്രകാരം പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ദിവസ വേതനാ-ടിസ്ഥാനത്തിൽ സ്കിൽഡ് അസിസ്റ്റന്റിനെ നിയമിക്കാം എന്ന് വ്യവസ്ഥ ചെയ്തിരിക്കുന്നു. എന്നാൽ മേൽ വ്യവസ്ഥ ലംഘിച്ചുകൊണ്ട് പദ്ധതിക്കായി ഒരു മാസം 10,000/- രൂപ എന്ന കൺസോളിഡേറ്റഡ് പേയിൽ സ്കിൽഡ് അസിസ്റ്റന്റിനെയും, 12,000/- രൂപ എന്ന കൺസോളിഡേറ്റഡ് പേയിൽ ടെക്നിക്കൽ അസിസ്റ്റന്റിനെയും നിയമിച്ച് വേതനം നൽകിയതിന്റെ വിശദാംശം താഴെ ചേർക്കുന്നു.

സ്കിൽഡ് അസിസ്റ്റന്റിന് വേതനം നൽകിയത്

ക്രമ നം.	സ്കിൽഡ് അസിസ്റ്റന്റിന്റെ പേര്	സി.ബി.വി.		വേതനത്തിന് അർഹമായ മാസം	ജോലിക്ക് ഹാജരായ ദിവസത്തിന്റെ എണ്ണം	വേതനം	
		നമ്പർ	തീയതി			നൽകിയത്	നൽകേണ്ടിയിരുന്നത് @ 350/day
1	മഞ്ജു.പി.	12/4-15	07.04.15	03/2015	25	10,000/-	8,750/-
2	"	16/5-15	06.05.15	04/2015	21	10,000/-	7,350/-
3	"	30/6-15	19.06.15	05/2015	24	10,000/-	8,400/-
4	"	32/7-15	06.07.15	06/2015	23	9,200/-	8,050/-
5	"	14/8-15	05.08.15	07/2015	25	10,000/-	8,750/-
6	"	6/9-15	03.09.15	08/2015	20	10,000/-	7,000/-
7	"	19/10-15	06.10.15	09/2015	22	10,000/-	7,700/-
8	"	19/11-15	07.11.15	10/2015	22	10,000/-	7,700/-
9	"	25/12-15	09.12.15	11/2015	22	10,000/-	7,700/-
10	"	09/01-16	11.01.16	12/2015	24	10,000/-	8,400/-
11	"	22/2-16	06.02.16	01/2016	23	10,000/-	8,050/-
12	"	20/3-16	04.03.16	02/2016	24	10,000/-	8,400/-
	ആകെ					---------- 1,19,200/- =======	---------- 96,250/- =======
	അധികം നൽകിയ വേതനം = 119200-96250 = 22,950/- ======						

ടെക്നിക്കൽ അസിസ്റ്റന്റിന് വേതനം നൽകിയത്

(ഭരണ സാങ്കേതിക അനുമതിയിൽ അനുവദിക്കാത്ത തസ്തിക)

ക്രമ നം.	ടെക്നിക്കൽ അസിസ്റ്റന്റിന്റെ പേര്	സി.ബി.വി.		വേതനത്തിന് അർഹമായ മാസം	നൽകിയ വേതനം (@12000/ month)
		നമ്പർ	തീയതി		
1	അഖില.വി.	15/5-15	06.05.15	04/2015	12,000/-
2	അഖില.വി.	14/6-15	08.06.15	05/2015	12,000/-

3	"	33/7-15	06.07.15	06/2015	12,000/-
4	"	13/8-15	05.08.15	07/2015	12,000/-
5	"	5/9-15	03.09.15	08/2015	12,000/-
	ആകെ നൽകിയ വേതനം				---------- 60,000/- ========

ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഭരണ സാങ്കേതിക അനുമതിയിലെ വ്യവസ്ഥ ലംഘിച്ചുകൊണ്ട് കൺസോളിഡേറ്റഡ് പേയിൽ സ്കിൽഡ് അസിസ്റ്റന്റിനെയും ടെക്നിക്കൽ അസിസ്റ്റന്റിനെയും നിയമിച്ച് വേതനം നൽകിയത് മൂലം 82,950/- രൂപയുടെ അധിക ചെലവ് വന്നിട്ടുണ്ട്. ഇങ്ങനെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് കൺസോളിഡേറ്റഡ് പേയിൽ വേതനമായി നൽകിയ 82,950/- രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 12/17.03.2017).

3-17-9 സർവ്വീസ് ടാക്സ് സർക്കാരിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല

ഉന്നത വിദ്യാഭ്യാസത്തിന്റെ ഭാഗമായി കാർഷിക ഗവേഷണ കേന്ദ്രത്തിൽ വന്ന് പ്രൊജക്ട് വർക്ക് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും പ്രൊജക്ട് ഫീസും, സർവ്വീസ് ടാക്സും ഈടാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	രശീതി			ഈടാക്കിയ		വിദ്യാർത്ഥിയുടെ പേര്	റിമാർക്സ്
	നമ്പർ	തീയതി	തുക	പ്രൊജക്ട് ഫീസ്	സർവ്വീസ് ടാക്സ് (14%)		
1	12/60090	21.12.15	16,530/-	5,500/-	770/-	Rajisha.M., Msc. Microbiology, CMS College of Science, Coimbatore	Ist Month Project
				4,500/-	630/-		IInd month Project Extent
				4,500/-	630/-		IIIrd month Project Extent

2	13/60090	21.12.15	11,400/-	5,500/-	770/-	Fashmina.K., Msc. Biotechnology, SNG College, Coimbatore	Ist month Project
				4,500/-	630/-		IInd month Project Extent
3	26/60090	21.01.16	11,400/-	5,500/-	770/-	Mamatha.N., Msc. Biotechnology, Bharathiar University, Coimbatore	Ist month Project
				4,500/-	630/-		IInd month Project Extent
4	51/60090	01.03.16	6,270/-	5,500/-	770/-	Majida Nasreen.K.K., Msc. Botony, KAHM Womens College, Manjeri	Ist month Project
5	52/60090	01.03.16	6,300/-	5,500/-	800/-	Anuresly.K., Msc. Botony, KAHM Womens College, Manjeri	Ist month Project
6	60/60090	14.03.16	11,400/-	5,500/-	770/-	Fowriya.K.P., Msc. Microbiology, EMEA College, Kondotty.	Ist month Project
				4,500/-	630/-		IInd month Project Extent
7	61/60090	16.03.16	11,400/-	5,500/-	770/-	Fisna.C., Msc.Bio technology, SIAS, Vazhayoor	Ist month Project
				4,500/-	630/-		IInd month Project Extent
8	64/60090	16.03.16	6,270/-	5,500/-	770/-	Hafef, Mohammedali, Msc. Biotechnology, SIAS, Vazhayoor	Ist month Project

9	99/60090	26.04.16	6,270/-	5,500/-	770/-	Khairuneesa.P.P., Msc. Biotechnology, SIAS, Vazhayoor	Ist month Project
10	20/61492	28.05.16	6,270/-	5,500/-	770/-	Zainab Salih.T.P., Msc. Biotechnology, SIAS, Vazhayoor	Ist month Project
11	31/61492	11.08.16	16,530/-	5,500/-	770/-	Shareefa.T.K., PSVA College, Kottakkad	Ist month Project
				4,500/-	630/-		IInd month Project Extent
				4,500/-	630/-		IIIrd month Project Extent
	ആകെ സർവ്വീസ് ടാക്സ്				---------- 13,540/- =======		

എന്നാൽ ഈടാക്കിയ സർവ്വീസ് ടാക്സ് സർക്കാരിലേക്ക് ഒടുക്കു വരുത്തിയിട്ടില്ല. ആയത് സർക്കാരിലേക്ക് ഒടുക്കുവരുത്തി അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 10/ 16.03.2017).

3-17-10 <u>ഫാം സ്റ്റാഫിന് ഹോണറേറിയം അനുവദിച്ച - 2,000/- രൂപ തടസ്സപ്പെടുത്തുന്നു</u>

16.03.2016-ന് നടന്ന NHM Farmers Training Programme on 'Advanced Production Technologies of major spices crops'ന്റെ ഭാഗമായി ഈ

കാര്യാലയത്തിലെ ഫാം സ്റ്റാഫിന് ഹോണറേറിയം അനുവദിച്ചതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ജീവനക്കാരന്റെ		സി.ബി.വി.		ഹോണറേറിയം തുക	റിമാർക്സ്
	പേര്	തസ്തിക	നമ്പർ	തീയതി		
1	ഷാഹിദ.കെ.	ഫാം മാനേജർ	60/3-16	31.3.16	1,000/-	For Handling the farmer scientist interaction/ discussion session
2	ജൂബൈൽ.ഇ.	"	"	"	1,000/-	

സർവ്വകലാശാലയുടേതല്ലാത്ത ടെയിനിങ്ങിന് പങ്കെടുക്കുന്ന സർവ്വകലാശാലയുടെ ടീച്ചിങ്ങ് സ്റ്റാഫിന് ഹോണറേറിയം അനുവദിച്ച് ഉത്തരവായിട്ടുണ്ട്. (No.Try.(1)531/12, Dt.03.05.13), ആയത് ഫാം സ്റ്റാഫിന് അനുവദിച്ചകൊണ്ടുള്ള സർവ്വകലാശാല ഉത്തരവ് നിലവിലില്ല. ആയതിനാൽ ഫാം സ്റ്റാഫിന് ഹോണറേറിയം നൽകിയതിന് സർവ്വകലാശാലയിൽ നിന്നും സാധൂകരണം വാങ്ങുന്നതുവരെ തുക തടസ്സത്തിൽ വെക്കുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 15/ 20.03.2017).

3-18 കോക്കനട്ട് റിസർച്ച് സ്റ്റേഷൻ, ബാലരാമപുരം

3-18-1 കോക്കനട്ട് ഹാർവസ്റ്റ് രജിസ്റ്ററിൽ ഓരോ രജിസ്റ്ററിലേയും ആകെ തേങ്ങകളുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല

2015-16 വർഷം എ, ബി സ്റ്റോക്കുകളിലായി ഓരോ സീസണിലും വിളവെടുത്ത ആകെ തേങ്ങകളുടെ എണ്ണം (ടോട്ടൽ ചെയ്തത്) കോക്കനട്ട് ഹാർവെസ്റ്റ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വാർഷിക അബ്സ്ട്രാക്ടിൽ മാത്രമാണ് ആകെ തേങ്ങയുടെ എണ്ണം രേഖപ്പെടുത്തിയിരിക്കുന്നത്. ആകെ വിളവെടുത്ത തേങ്ങകളുടെ എണ്ണം രേഖപ്പെടുത്തി ഫാം മാനേജർ സാക്ഷ്യപ്പെടുത്തേണ്ടതും വാർഷിക അബ്സ്ട്രാക്ടിൽ സ്റ്റേഷൻ ഹെഡ് മേലൊപ്പ് വയ്ക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

3-18-2. ഹാച്ചറിംഗ് യൂണിറ്റിലേക്ക് നൽകുന്ന മുട്ടകൾക്ക് ആനുപാതികമായ ഉൽപ്പാദനം ഉറപ്പാക്കേണ്ടതാണ്

2015-16 വർഷം ഹാച്ചിങ്ങ് യൂണിറ്റിലേക്ക് 1,119 മുട്ടകൾ നൽകിയിട്ടുണ്ടെങ്കിലും 45% മാത്രമേ വിരിയിച്ചെടുക്കാൻ കഴിഞ്ഞതായി കാണുന്നുള്ളൂ. നിരന്തരമായ വൈദ്യുതി തടസ്സം മൂലം ഇൻകുബേറ്റർ പ്രവർത്തിപ്പിക്കാൻ സാധിക്കാത്തതിനാലാണ് ഉൽപ്പാദനം കുറഞ്ഞത്. ആയത് പരിഹരിക്കാൻ വേണ്ടുന്ന സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-18-3 ബാങ്ക് ചാർജ്ജ് ഇനത്തിൽ എസ്.ബി.റ്റി ഈടാക്കിയ തുകകൾ തിരികെ വാങ്ങണം - 1064/- രൂപ

സ്ഥാപനത്തിന്റെ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിൽ (എസ്.ബി.റ്റി. ബാലരാമപുരം നം.57012234058) നിന്നും വിവിധ ഇനങ്ങളിൽ 1,064/- രൂപ എസ്.ബി.റ്റി. ഈടാക്കിയിരിക്കുന്നു. ഇത് സ്ഥാപനം എസ്.ബി.റ്റി.യുമായി 26.02.2015-ൽ ഏർപ്പെട്ട MOU-ന് വിരുദ്ധമാണ്. കൂടാതെ, സ്ഥാപനത്തിന്റെ ഇടപാടുകൾ എല്ലാം ടി ബാങ്കുമായും നടത്തിവരുന്നു. സാമ്പത്തിക വർഷാന്ത്യത്തിൽ വലിയ തുകകളാണ് മേൽ ബാങ്ക് അക്കൗണ്ടിൽ അവശേഷിച്ചിട്ടുള്ളത്. ഈ തുകയിൽ നിന്നു ബാങ്ക് വലിയ ലാഭമുണ്ടാക്കുമ്പോൾ, സ്ഥാപനത്തിന് ലഭിക്കുന്നത് കേവലം 4 ശതമാനം പലിശ മാത്രമാണ്.

ആകയാൽ ബാങ്ക് ചാർജ്ജ് ഇനത്തിൽ ഈടാക്കിയ തുക 1,064/- രൂപയും എസ്.ബി.റ്റി.യിൽ നിന്നും തിരികെ ഈടാക്കി സ്ഥാപനത്തിന്റെ മേൽ അക്കൗണ്ടിൽ ചേർക്കേണ്ടതാണ്.

3-18-4 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ റദ്ദ് ചെയ്തിട്ടില്ല.
2. മൂല്യവർദ്ധിത നികുതി ചേർത്തിട്ടില്ലാത്ത രസീതുകളാണ് വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ളത്.
3. സുരക്ഷാ ജീവനക്കാരുടെ മസ്റ്റർ റോളുകൾ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് വൗച്ചറുകൾ കൃത്യമായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

3-19 കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ

3-19-1 നഴ്സറി ഫാം ആവശ്യത്തിലേക്കായി ചാണകം വിതരണം ചെയ്ത വ്യക്തി വാഹനത്തിന്റെ വേയ് ബ്രിഡ്ജ് രസീത് ഹാജരാക്കിയിട്ടില്ല

15/02/16 തീയതിയിലെ ഡി.ആർ.എം. 22/15(4) ക്വട്ടേഷൻ നോട്ടീസ് പ്രകാരം 2015-16 സാമ്പത്തിക വർഷത്തിൽ നഴ്സറി/ഫാം ആവശ്യത്തിലേക്കായി 50 ടൺ ചാണകം നൽകുന്നതിന് ക്ഷണിച്ച ക്വട്ടേഷനിൽ നിന്നും ടണ്ണിന് 1000/ രൂപക്ക് വിതരണം ചെയ്യാമെന്ന പാപ്പച്ചൻ, പട്ടിക്കാട് എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിക്കുകയും 20/02/16-ലെ സി.ആർ.എം.22/12 സപ്ലൈ ഓർഡർ പ്രകാരം 50 ടൺ ചാണകം വിതരണം ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തിരുന്നു.

സി.ബി.വി. നം.34/3/15-16 (ചെക്ക് നമ്പർ 869057 തീ.31/03/16) പ്രകാരം 50,000/- രൂപ ശ്രീ. പാപ്പച്ചന് നൽകിക്കാണുന്നു. എന്നാൽ ചാണകത്തിന്റെ അളവിന് ആധാരമായ വേയ് ബ്രിഡ്ജ് രസീത് ഹാജരാക്കിയിട്ടില്ല. രേഖയുടെ അഭാവത്തിൽ ചെലവഴിച്ച തുക 50,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 4/ 05.04.2017).

3-19-2 മുൻക്കൂർ യാത്രാബത്ത - അപാകതകൾ

താഴെപ്പറയുന്ന വിശദാംശങ്ങൾ പ്രകാരം ടി.എ. അഡ്വാൻസ് എടുത്ത് ക്രമീകരിച്ചിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നമ്പർ, തീയതി	തുക	അഡ്ജസ്റ്റ്മെന്റ് ഡീറ്റെയിൽസ്	ഉദ്ദേശ്യം
1	ബിൽ നമ്പർ 37/10/15-16 തീ.30.10.15	10,000/-	ബിൽ നമ്പർ 66/3/15-16 തീ.31.03.16 for Rs.1939/- ആകെ ചെലവ്- 11,939/-	Expenses related to Annual Group meeting at RFRS, Vengurla of Dr.Gregory Zachariah.(അസോ. പ്രൊഫസർ)
2	ബിൽ നമ്പർ 38/10/15-16 തീ.30.10.15	10,000/-	ബിൽ നമ്പർ 58/3/15-16 dt.31.3.16 for Nil. Refunded Rs.1100/- Actual Expenditure- 8,900/-	Expenses related to Annual Group Meeting at RFRS, Vengurla of Dr.M.S.Smitha.

മേൽപ്പറഞ്ഞ രീതിയിൽ ടി.എ. മുൻക്കൂർ എടുത്ത് ക്രമീകരിച്ചതിൽ താഴെപ്പറയുന്ന അപാകതകളുണ്ട്.

1) ടി.എ.ബിൽ തുകയേക്കാൾ അധികം ടി.എ. അനുവദിക്കാനാകില്ല. എന്നാൽ ഡോ.സ്മിതയുടെ ടി.എ. ബിൽ തുക 8,900/- രൂപ ആണ്. അധികമായി 1,100/- രൂപ അനുവദിച്ചിട്ടുണ്ട്. As per Note II under Art. 53(e) KFC, if the advance is not fully utilised, interest at the rate of 18% per annum on the unutilised portion of the advance from the date of drawal to the date of refund of advance is to be recovered. ആയതിനാൽ അധികം നൽകിയ ടി.എ. തുക പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്.

2) ഇതുകൂടാതെ Note I under Art.53(e) KFC പ്രകാരം മൂന്ന് മാസത്തിനകം ബിൽ സബ്മിറ്റ് ചെയ്തിട്ടില്ലെങ്കിൽ മുഴുവൻ തുകയും പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണ്. ബിൽ സബ്മിറ്റ് ചെയ്തിട്ടുള്ളത് 29/02/16-ൽ ആണ്.

3) മുറി വാടക ഇനത്തിൽ അധികം തുക നൽകി

മുറി വാടക ഇനത്തിൽ ഓരോ ദിവസവും നൽകാവുന്ന പരമാവധി തുക 1000/- രൂപ ആണ്. എന്നാൽ അധികമായി മുറി വാടക നൽകിയിട്ടുണ്ട്.

ക്രമ നം.	വൗച്ചർ നമ്പർ, തീയതി	നൽകിയ തുക	നൽകാവുന്നത്	TA claim of
1	66/3/15-16 തീ.31.03.16	5,200/- (1300/day) for 4 days	4x1000 = 4000 അധികം - 1200	Dr.Gregory Zachariah
2	62/3/15-16 തീ.31.03.16	1350/- for 1 day	1000 അധികം - 350	ഡോ.പി.ബി.പുഷ്പലത

അധികം നൽകിയ തുക തിരിച്ചു പിടിയ്ക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 03/ 05.04.2017).

3-20 ഏലം ഗവേഷണ കേന്ദ്രം, പാമ്പാടുംപാറ.

3-20-1 ഹാർവെസ്റ്റ് രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്

DMS രജിസ്റ്റർ പ്രകാരം വിളവെടുപ്പിനായി തൊഴിലാളികളെ ഏൽപ്പിക്കുകയും വിളവെടുത്ത ഏലത്തിന്റെ അളവിൽ വ്യത്യാസമുള്ളതായും കണ്ടെത്തി 90 kg ഏലം DMS പ്രകാരം വിളവെടുത്തിട്ടുണ്ടെങ്കിലും 89.600 Kg ആണ് സ്റ്റോക്കിൽ എടുത്തതായി കാണിച്ചിരിക്കുന്നത്. ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 10 ന് രജിസ്റ്ററിൽ ചേർത്തപ്പോൾ വന്ന പിശകുമൂലമാണ് വ്യത്യാസം വന്നതെന്ന് മറുപടി നൽകിയിട്ടുണ്ട്. മേൽ അപാകത പരിഹരിക്കേണ്ടതാണ്. വിളവെടുക്കുന്ന ഇനങ്ങൾ ഹാർവെസ്റ്റ് രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. വിളവെടുത്ത ഇനം, വിളവെടുത്ത തിയ്യതി, നെറ്റ് വെയിറ്റ്, മരുന്ന് അടിച്ച തിയ്യതി, ഉണങ്ങിയ വിത്തിന്റെ ഭാരം എന്നിവ രേഖപ്പെടുത്തേണ്ടതാണ് (ഓഡിറ്റ് അന്വേഷണം-10/17.02.17).

3-21 കരമന ക്രോപ്പിങ്ങ് സിസ്റ്റം റിസർച്ച് സെന്റർ

3-21-1 അന്തർ സംസ്ഥാന യാത്രാ- വിമാന യാത്രാബത്ത 59,635/- രൂപ തടസ്സപ്പെടുത്തുന്നു

2015-16 സാമ്പത്തിക വർഷത്തിൽ ഉദ്യോഗസ്ഥർ നടത്തിയിട്ടുള്ള വിമാന യാത്രാബത്ത ബില്ലുകൾ പരിശോധിച്ചതിൽ, ഹാജരാക്കിയിട്ടുള്ള വിമാനയാത്രാ ബില്ലുകൾ ടൂർസ് & ട്രാവൽസ് നൽകിയിട്ടുള്ള ഇ-ടിക്കറ്റുകളാണ്. സർക്കാർ സർക്കുലർ 31/2009/ഫിൻ തിയതി.07.04.2009 പ്രകാരം ടൂർസ് & ട്രാവൽസിന്റെ സർവ്വീസ് ചാർജ്ജ് ബില്ലിൽ ഉൾപ്പെടുത്താൻ പാടുള്ളതല്ല. ടൂർസ് & ട്രാവൽസ് നൽകിയിട്ടുള്ള ഇ-ടിക്കറ്റുകളിൽ സർവ്വീസ് ചാർജ്ജ്, വിമാന കമ്പനിക്ക് നൽകേണ്ടതായ സർചാർജ്ജ് & ഫീ എന്നതിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

യാത്ര ചെയ്ത ഉദ്യോഗസ്ഥൻ	വിമാന യാത്രാക്കൂലി (രൂപ)	സി.ബി.വി. നമ്പർ	ചെക്ക് നമ്പർ & തിയതി
ഡോ.പി.സുകുമാരി	23,048/-	09/10-15	931495
ഡോ.ജേക്കബ് ജോൺ	36,587/-	20/15-16 52/1-16	324641/ 27/1/16
ആകെ	**59,635/-**		

ഫീ സർചാർജ്ജ്, സർവ്വീസ് ചാർജ്ജ് തുടങ്ങിയവ വേർതിരിച്ചിട്ടുള്ള ബില്ലുകൾ ലഭ്യമാക്കാത്തതിനാൽ വിമാനയാത്രാക്കൂലിയിനത്തിൽ നൽകിയിട്ടുള്ള 59,635/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

3-21-2 ടെയിനിങ്ങ് ഹാൾ - സെയിൽസ് കൗണ്ടർ നിർമ്മാണം - അപാകതകൾ

സി.എസ്.ആർ.സി. കരമനയിലെ ടെയിനിങ്ങ് ഹാൾ - സെയിൽസ് കൗണ്ടർ കെട്ടിട നിർമ്മാണം സർവ്വകലാശാല എഞ്ചിനീയറിങ്ങ് വിഭാഗം ഏറ്റെടുത്ത് ടെണ്ടർ

ചെയ്ത് നിർമ്മിച്ചതാണ്. നാളിതുവരെ 20,02,909/- രൂപ ചെലവാക്കിയിട്ടുണ്ട്. 218.07 m^2 ആകെ പ്ളിന്ത് ഏരിയയുള്ള പ്ളാനിൽ ഓഫീസ് റൂമുകൾ, ടോയ് ലറ്റുകൾ, സ്റ്റോർ റൂം, HOD റൂം എന്നിവയുടെ പണി ആരംഭിച്ചിട്ടില്ല. രണ്ടാമത്തെ നിലയുടെ മേൽക്കൂരയുടെ ടവർ കോൺക്രീറ്റ് ചെയ്യാതെ ഷീറ്റ് ഉപയോഗിച്ച് ഭാഗികമായി മറച്ചതിനാൽ മഴ പെയ്യുമ്പോൾ കെട്ടിടത്തിനുള്ളിലേക്ക് വെള്ളം വീഴുന്ന അവസ്ഥയാണ്. സ്റ്റെയർകെയ്സിന്റെ ഹാന്റിൽ തുരുമ്പെടുത്തതായും, ചുവരുകളിൽ വിള്ളലുള്ളതായും കാണുന്നു. കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 5).

3-21-3 KAICO-യിൽ നിന്നുമുള്ള വാങ്ങലിലെ അപാകതകൾ

സി.ബി.വി. നം.88/3-16, ചെക്ക് നം.324685 തിയതി.31.03.2006 പ്രകാരം 4,03,040/- രൂപയുടേയും സി.ബി.വി. നം.89/3-16, ചെക്ക് നം.324686 തിയതി.31.03.2016 പ്രകാരം 53,760/- രൂപയുടേയും സാധനങ്ങൾ വാങ്ങിയിരിക്കുന്നത് കേരള അഗ്രോ-ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡിൽ നിന്നുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ എൻക്വയറിക്ക് നൽകിയ മറുപടിയിൽ, സ്റ്റോർപർച്ചേസ് മാന്വൽ അനുസരിച്ച് KAICO, RAIDCO, SIDCO മുതലായ ഗവൺമെന്റ് അംഗീകൃത സ്ഥാപനങ്ങളിൽ നിന്ന് പർച്ചേസ് നടത്തുമ്പോൾ ക്വട്ടേഷൻ കൂടാതെ സാധനങ്ങൾ വാങ്ങാവുന്നതെന്നാണ് പ്രസ്താവിച്ചിട്ടുള്ളത്. ഈ റൂൾ അനുസരിച്ചാണ് മുൻവർഷങ്ങളിലും ഇവിടെ പർച്ചേസ് നടത്തിയിട്ടുള്ളത്. കൂടാതെ 2013-14 വർഷത്തെ സ്റ്റേഷൻവൈസ് ഫണ്ടിങ്ങ് ഓൺഗോയിങ്ങ് റിസർച്ച് പ്രോജക്ട് ആന്റ് മൈനർ ഇൻഫ്രാസ്ട്രക്ചർ സപ്പോർട്ട് എന്ന പ്രോജക്ടിലെ ഫണ്ട് മാർച്ച് മാസത്തിലാണ് അനുവദിച്ചു കിട്ടിയത്. ഈ പ്രോജക്ടിലെ സാധനങ്ങൾ അടിയന്തിരമായി വാങ്ങേണ്ടതിനാലും ഫണ്ട് നഷ്ടപ്പെടാതിരിക്കാൻ എത്രയും പെട്ടെന്ന് പർച്ചേസ് നടത്തേണ്ടത് ആവശ്യമായതിനാലുമാണ് KAICO-യിൽ നിന്ന് പർച്ചേസ് നടത്തേണ്ടി

വന്നത് എന്നും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം ക്വട്ടേഷനില്ലാതെ KAICO-യിൽ നിന്ന് വാങ്ങാവുന്നത് കാർഷിക യന്ത്രങ്ങൾ, വിത്ത്, വളം, കീടനാശിനികൾ എന്നിവ മാത്രമാണ്. എന്നാൽ മേൽ സൂചിപ്പിച്ച ബില്ല പ്രകാരം 4,03,040/- രൂപയുടേയും 53,760/- രൂപയുടേയും സാധനങ്ങൾ വാങ്ങിയതിൽ വളരെ കുറച്ച് എണ്ണം മാത്രമേ കാർഷിക ഉപകരണങ്ങൾ, വിത്ത്, വളം, കീടനാശിനി എന്നീ വിഭാഗത്തിൽപ്പെടുന്നുള്ളൂ. ഇത്രയും വലിയ തുകകൾക്ക് സാധനങ്ങൾ വാങ്ങുമ്പോൾ പർച്ചേസ് റൂൾസ് പാലിക്കേണ്ടതാണ്.

3-21-4 ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ വയറിങ്ങ് ലൈസൻസ് സർട്ടിഫിക്കറ്റ് ഉള്ള ഏജൻസിയെ ഏൽപ്പിച്ചിട്ടില്ല

സി.ബി.വി. നം.29/7-15, ചെക്ക് നം.93146 തിയതി.09.07.2015 Rs.26,820/- ഓഫീസ് ഓർഡർ നം. സി.എസ്.ആർ.സി./907/12 തിയതി.05.06.2015 സി.ബി.വി. നം.41/7-15, ചെക്ക് നം.931464 തിയതി.25.07.2015 Rs.7,196/- എന്നീ ബില്ലുകൾ പ്രകാരം ഈ സ്റ്റേഷനിലെ ഇലക്ട്രിക്കൽ അറ്റകുറ്റപ്പണികൾ ചെയ്തത്, ശ്രീ.രാജേന്ദ്രകുമാർ.വി. എന്ന കോൺട്രാക്ടറാണ്. Generator Supply and KSEB Supply change over switch fixing and new wiring, Dismantling wall fan, motor repairing, fixing, Testing and dismanting 2 Nos. Tube set, 40W choke and 40W tube Refixing Labour എന്നീ പ്രവൃത്തികളാണ് ഈ ഇനത്തിൽ ചെയ്തിരിക്കുന്നത്.

എന്നാൽ കരാറുകാരനായ ശ്രീ.രാജേന്ദ്രകുമാർ കേരള വാട്ടർ അതോറിറ്റി കോൺട്രാക്ടർ എന്നാണ് പരിശോധനയിൽ കണ്ടത്. ഇദ്ദേഹത്തിന് ഇലക്ട്രിക്കൽ വയറിങ്ങ് ലൈസൻസ് സർട്ടിഫിക്കറ്റ് ഇല്ല. സ്റ്റേഷനിലെ പ്രധാനപ്പെട്ട ഇത്തരം പ്രവർത്തികൾ നടത്തുമ്പോൾ, കരാറുകാരുടെ യോഗ്യത ഉറപ്പുവരുത്തണം. ഇത്തരം പ്രവർത്തികൾ ചെയ്യുമ്പോൾ സർവ്വകലാശാലയിലെ ഇലക്ട്രിക്കൽ വിഭാഗവുമായി

ബന്ധപ്പെട്ട് ഒരു എസ്റ്റിമേറ്റ് വാങ്ങേണ്ടതും, സാങ്കേതികമായ ഉപദേശങ്ങൾ സ്വീകരിക്കേണ്ടതുമാണ്. ഇത് പ്രവർത്തികളുടെ ഗുണമേൻമ ഉറപ്പിക്കാൻ സഹായകമാകും.

3-21-5 റേറ്റ് കോൺട്രാക്ട് ഇല്ലാത്ത സ്വകാര്യ സ്ഥാപനത്തിൽ നിന്നും വാങ്ങലുകൾ നടത്തിയതിലെ അപാകതകൾ

സി.എസ്.ആർ.സി./907/12 തിയതി.15.03.2016, ഓഫീസ് ഉത്തരവു പ്രകാരം (സി.ബി.വി. നം.43/3-16, ചെക്ക് നം.324670 തിയതി.18.03.2016) 2 കസേര വാങ്ങിയ ഇനത്തിൽ ഡോ.ജേക്കബ് ജോണിന് 14,950/- രൂപ നൽകിയിട്ടുണ്ട്. സ്വകാര്യ സ്ഥാപനത്തിൽ നിന്നുമാണ് കസേരകൾ വാങ്ങിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനങ്ങളിൽ നിന്നും ഇൻവോയ്സ് വാങ്ങി പരിശോധിച്ചതായി കാണുന്നില്ല. ഇത്തരം സാധനങ്ങൾ വാങ്ങുമ്പോൾ സർക്കാർ അംഗീകൃത (റേറ്റ് കോൺട്രാക്ട്) സ്ഥാപനങ്ങളിൽ നിന്നും വാങ്ങാൻ പ്രത്യേകം ശ്രദ്ധിക്കണം.

3-21-6 എസ്റ്റിമേറ്റ് തയ്യാറാക്കാതെയും, ലേബർ ചാർജ്ജ് സാധന വിലയിൽ നിന്നും ഒഴിവാക്കി ക്വട്ടേഷൻ ഇല്ലാതെയും പ്രവർത്തി നടപ്പാക്കിയതിലെ അപാകതകൾ

കരമന സി.എസ്.ആർ.സി.യിലെ 2015-16 വർഷത്തെ ചെലവുകൾ പരിശോധിച്ചപ്പോൾ വാഹനങ്ങളുടെ ഷെൽട്ടർ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് ചുവടെ സൂചിപ്പിച്ചിരിക്കുന്നവിധം പണം അനുവദിച്ചിട്ടുള്ളതായി ബോധ്യപ്പെട്ടു.

ക്രമ നം.	സി.ബി.വി. നമ്പർ	പ്രവർത്തി	തുക (രൂപ)	ഉദ്യോഗസ്ഥന്റെ വിവരം
1	27/2-16	വാഹന ഷെൽട്ടർ നിർമ്മാണം സാധന വില	46,430/-	ഡോ.ജേക്കബ് തോമസ്, അസോസിയേറ്റ് പ്രൊഫസർ
2	47/2-16	ലേബർ ചാർജ്ജ്	14,000/-	ഡോ.ജേക്കബ് തോമസ്, അസോസിയേറ്റ് പ്രൊഫസർ

മേൽ ചെലവുകളിൽ കാർഷിക യൂണിവേഴ്സിറ്റി എഞ്ചിനീയറിങ്ങ് വിഭാഗത്തെക്കൊണ്ട് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. ലേബർ ചാർജ്ജ് സാധന വിലക്കൊപ്പം ചേർത്ത് കമ്മീഷൻ ക്ഷണിച്ചിട്ടില്ല എന്നീ കാരണങ്ങൾ ചൂണ്ടിക്കാട്ടി 30.08.16-ന് പ്രൊഫസർ&ഹെഡിന്റെ പേർക്ക് ഓഡിറ്റ് എൻകയറി (എ.ഇ. നം.2) നൽകിയിരുന്നു. ഇതിനുള്ള മറുപടിയിൽ പ്രവർത്തി കൂടുതൽ ലാഭകരമാക്കി ചെയ്യുന്നതിലേക്കാണ് ഇത്തരത്തിൽ ചെലവ് ചെയ്തത് എന്നും വിശദീകരിച്ചിരുന്നു.

എന്നാൽ മേൽ വിശദീകരണം ഓഡിറ്റിന് തൃപ്തികരമല്ല, കാരണം ഇത്തരത്തിലെ നിർമ്മാണ പ്രവർത്തികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് കാർഷിക സർവ്വകലാശാല എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ പ്രധാന ഉത്തരവാദിത്തമാണ്. ഇത് നിഷേധിക്കുന്നത് ടി വിഭാഗത്തിന്റെ പ്രസക്തിയില്ലാതാക്കുന്നതാണ്. കൂടാതെ ലേബർ ചാർജ്ജ് മാത്രമായി ചെലവ് ചെയ്തപ്പോൾ ടി ചെലവ് 15,000/- രൂപക്ക് താഴെ വന്നത് കൊണ്ട് കമ്മീഷൻ നടപടികൾ ഒഴിവാക്കുന്നതിന് കാരണമായി. ഇത് തെറ്റായ പ്രവണതയായി ഓഡിറ്റ് വിലയിരുത്തുന്നു. മേൽ സാഹചര്യത്തിൽ ഭാവിയിൽ ഇത്തരം നിർമ്മാണ പ്രവർത്തികൾക്ക് പണം അനുവദിക്കുമ്പോൾ നിർദ്ദിഷ്ട ചട്ടങ്ങൾക്കനുസൃതമായി മാത്രം പ്രവർത്തി ചെയ്യുന്നുള്ളൂ എന്ന് ബന്ധപ്പെട്ട അധികൃതർ ശ്രദ്ധ ചെലുത്തേണ്ടതാണ്.

3-21-7 രജിസ്റ്ററുകളുടെ പരിപാലനം - കൂടുതൽ ശ്രദ്ധ നൽകണം

3-21-7-1 ലാന്റ് രജിസ്റ്റർ

കേരള കാർഷിക സർവ്വകലാശാലയ്ക്ക് ജി.ഒ.(എം.എസ്.) 33/72/എഡി തിയതി.31.01.1972 എന്ന സർക്കാർ ഉത്തരവ് പ്രകാരം കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ കാർഷിക കോളേജിനായി പ്രവർത്തിച്ചിരുന്ന മണക്കാട് വില്ലേജിൽ നെടുങ്കാട് പ്രദേശത്തെ 19.63 ഏക്കർ ഭൂമിയിലാണ് ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നത്. ഏകദേശം 85%-ത്തോളം വയൽ ഭൂമിയാണ്. പലപ്പോഴായി റോഡുകളുടെ വികസനത്തിന് നൽകിയ ഭൂമിയൊഴിച്ച് നിലവിൽ 19.12 ഏക്കർ ഭൂമിയുണ്ട്.

നിലവിലുള്ള ഭൂമിക്കുമേൽ അടവാക്കുന്ന വസ്തുനികുതിയുടെ വിവരം, സർവ്വേ നമ്പർ, റീ-സർവ്വേ നമ്പർ, വിസ്തീർണ്ണം, ഭൂമിയിനം മുതലായ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ 2012-13-ലെ റീ-സർവ്വേയ്ക്ക് ശേഷം പുതുക്കിയിട്ടില്ല. ആയത് കാലികമാക്കേണ്ടതാണ്.

3-21-7-2 ഹാർവസ്റ്റ് രജിസ്റ്റർ

ഹാർവസ്റ്റ് രജിസ്റ്റർ വോള്യം 7-ൽ ഖാരിഫ് 2015-16 സീസൺ വിളവെടുപ്പിൽ ഉണക്ക നെല്ലിന്റെ (dried paddy) ആകെ തൂക്കം വൈറ്റനർ ഉപയോഗിച്ച് തിരുത്തി രേഖപ്പെടുത്തിയതായി കാണുന്നു. സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തലുകളിൽ വ്യത്യാസം വരുത്തുമ്പോൾ പേന കൊണ്ട് തിരുത്തി ഒപ്പ് വയ്ക്കേണ്ടതാണ്.

3-21-7-3 സെൻട്രൽ സ്റ്റോക്ക് രജിസ്റ്റർ

രണ്ട് സെൻട്രൽ സ്റ്റോക്ക് രജിസ്റ്ററുകൾ സ്റ്റേഷനിൽ ഉപയോഗിച്ചു വരുന്നു. സെൻട്രൽ സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക്, ഇഷ്യൂ, റിട്ടേൺ എന്നിവ രേഖപ്പെടുത്തിയിട്ടില്ല. ഒരേ ഇനത്തിലുള്ള സ്റ്റോക്ക് ഒന്നിലധികം പേജുകളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ലാപ് ടോപ്പ് കമ്പ്യൂട്ടറുകൾ, പേജ് നം. 1, പേജ് നം. 40, പേജ് നം. 43, പേജ് നം.57 എന്നീ പേജുകളിൽ പ്രത്യേകമായി സ്റ്റോക്കിലെടുത്തിട്ടുണ്ട്. സ്റ്റേഷനിൽ ഒരു സെൻട്രൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിനും ഒരേ ഇനത്തിലുള്ള സ്റ്റോക്കുകൾ ഒരുമിച്ച് സെൻട്രൽ സ്റ്റോക്ക് രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-21-7-4 അഡ്വാൻസ് രജിസ്റ്റർ

ഫാം മാനേജർ, ശ്രീ.ഹിരോഷ് കുമാറിന്, വിജയവാഡയിൽ നിന്ന് Fish Finglings വാങ്ങുന്നതിന് സി.ബി.വി. നം.32/6-15, ചെക്ക് നം.931445 തിയതി.06.06.2015 പ്രകാരം 9,000/- രൂപയും യാത്രക്കായി 4,000/- രൂപയും ഉൾപ്പെടെ ആകെ 13,000/- രൂപ

അഡ്വാൻസായി അനുവദിച്ചിട്ടുണ്ട്. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ 9,000/- രൂപ മാത്രമേ രേഖപ്പെടുത്തിയിട്ടുള്ളൂ.

(ഓഡിറ്റ് അന്വേഷണം നമ്പർ 2)

3-22 കാഡ്ബറി - കൊക്കോ ഗവേഷണ കേന്ദ്രം, വെള്ളാനിക്കര

3-22-1 സ്റ്റേഷനിലെ ആർ.എഫ്. ബാങ്ക് അക്കൗണ്ടുകൾ ഒറ്റ അക്കൗണ്ടാക്കി മാറ്റിയത് - ഉപയോഗിക്കാത്ത ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്

22.08.16-ലെ ഡയറക്ടർ ഓഫ് റിസർച്ചിന്റെ ഉത്തരവ് നം.R2/65600/11 (i) പ്രകാരം സ്റ്റേഷനിലെ രണ്ട് ആർ.എഫ്. ബാങ്ക് അക്കൗണ്ടുകളിൽ ഒന്ന് മാത്രം നിലനിർത്തി മറ്റൊന്ന് ക്ലോസ് ചെയ്യുവാൻ തീരുമാനിച്ചിട്ടുണ്ട്. സ്റ്റേഷനിൽ നിലവിലുള്ള ആർ.എഫുകളുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ആർ.എഫിന്റെ പേര്	ഹെഡ്	ബാങ്ക് അക്കൗണ്ട് നമ്പർ	ബാങ്ക് ബ്രാഞ്ച്
1	Production of quality planting materials in COCOA	6130	57006550808	എസ്.ബി.ടി., വെള്ളാനിക്കര
2	Production of value added products of COCOA	6131	67065789547	എസ്.ബി.ടി., വെള്ളാനിക്കര

മേൽ ആർ.എഫുകളിൽ നിന്നും ലഭിക്കുന്ന തുകകൾ 01.01.2017 മുതൽ അക്കൗണ്ട് നം.57006550808, എസ്.ബി.ടി.യിൽ മാത്രമാണ് നിക്ഷേപിക്കുന്നത്. എന്നാൽ ഉപയോഗിക്കാത്ത അക്കൗണ്ട് നം.67065789547, ക്ലോസ് ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. ടി ബാങ്ക് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും നീക്കിയിരിപ്പ് തുക (ബാങ്ക് പാസ് ബുക്ക് അനുസരിച്ച് 31.12.2016-ലെ നീക്കിയിരിപ്പ് 1,37,027/- രൂപ) നിലവിലെ ആർ.എഫ്. ബാങ്ക് അക്കൗണ്ട് നം.57006550808-ലേക്ക് മുതൽ കൂട്ടേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 03/ 08.02.2017)

3-22-2 ചികിത്സാ ചെലവ് മുൻകൂർ അനുവദിച്ചത് ക്രമീകരിച്ചിട്ടില്ല

04.12.2015-ലെ രജിസ്ട്രാറുടെ ഉത്തരവ് നം.GA/F1/9406/15 പ്രകാരം സ്റ്റേഷനിലെ സ്ഥിരം തൊഴിലാളി ശ്രീ.പി.ആർ.ഗോപകുമാറിന്റെ ഭാര്യയുടെ ചികിത്സാ ചെലവിനായി മുൻകൂർ അനുവദിച്ചതിന്റെ വിവരം താഴെ ചേർക്കുന്നു.

ക്രമ നം.	സി.ബി.വി. നമ്പർ	തീയതി	ചെക്ക് നമ്പർ/ തീയതി	തുക
1	6/12/15	11.12.15	627996/ 11.12.15	1,44,875/-

ചികിത്സാ ചെലവ് മുൻകൂർ ക്രമീകരിക്കുന്നതിനായി ശ്രീ.പി.ആർ.ഗോപകുമാർ ഓഗസ്റ്റ് 2016-ന് സമർപ്പിച്ച മെഡിക്കൽ റീഇംപേഴ്സ്മെന്റ് ബിൽ അപേക്ഷയിൻമേൽ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ രജിസ്ട്രാറുടെ മേൽ ഉത്തരവിന് വിധേയമായി ചികിത്സ മുൻകൂർ ക്രമീകരിച്ച് അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 4/ 08.02.2017).

3-22-3 കൂട്ടേഷൻ ക്ഷണിക്കാതെ ഒരേ സാധനങ്ങൾ വിവിധ ഘട്ടങ്ങളിലായി വാങ്ങിയത് ക്രമപ്രകാരമല്ല

Production of quality planting materials in COCOA എന്ന റിവോൾവിങ്ങ് ഫണ്ടിന്റെ ഭാഗമായി വാങ്ങിയ പോളിത്തീൻ പാക്കിങ്ങ് മെറ്റീരിയൽ, പാറ മണൽ എന്നിവ കൂട്ടേഷൻ ക്ഷണിക്കാതെ ഒരേ മാസത്തെ വ്യത്യസ്ത ദിവസങ്ങളിൽ വിവിധ അളവുകളിൽ വാങ്ങിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	സി.ബി.വി. നം.	ഇൻവോയ്സ് നം./തീയതി	സാധനത്തിന്റെ പേര്	അളവ്	നിരക്ക്	ഏജൻസിയുടെ പേര്
1	21/15-16	3693/ 22.5.15	പോളിത്തീൻ പാക്കിങ്ങ് മെറ്റീരിയൽ	80 എണ്ണം	13600/- 1@161.91 + 5% tax)	കാവുങ്ങൽ ഏജൻസി, മണ്ണുത്തി
2	22/15-16	3737/ 23.5.15	"	80 എണ്ണം	13600/- 1@161.91 + 5% tax)	"

3	24/15-16	3860/ 25.5.15	"	40 എണ്ണം	6800/- (1@161.91 + 5% tax) ----------	"
			ആകെ തുക		34,000/-	
4	34/15-16	8.9.15	പാറ മണൽ	1½ യൂണിറ്റ്	7600	ടി.ജി.സിൽവൻ, തോട്ടുങ്ങൽ വീട്, മണ്ണത്തി
5	35/15-16	10.9.15	"	1½ യൂണിറ്റ്	7600	"
			ആകെ തുക		---------- 15,200/- =======	

ചെടികളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ഇത്തരം ചെലവുകൾ തുടർച്ചയായി വരുന്ന സാഹചര്യത്തിൽ ബന്ധപ്പെട്ട സ്ഥാപനങ്ങളുമായി വാർഷികാടിസ്ഥാനത്തിൽ കമ്മ്യൂഷനിൽ ഏർപ്പെടുകൊണ്ട് ടി പോരായ്മ പരിഹരിക്കാവുന്നതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 05/ 10.02.2017)

3-23 സെന്റർ ഫോർ പ്ലാന്റ് ബയോടെക്നോളജി ആന്റ് മോളിക്യുലാർ ബയോളജി

3-23-1 ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനം - ഉൽപ്പാദന ചെലവ് കൂടുതൽ

'6135' എന്ന ശീർഷകത്തിൽ പ്രവർത്തിക്കുന്ന റിവോൾവിങ്ങ് ഫണ്ടിന്റെ പ്രധാന പ്രവർത്തന മേഖല ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനവും വിതരണവുമാണ്. സംസ്ഥാന സർക്കാരിന്റെ ധനസഹായത്തോടെ (GO(Rt)1283/2012 dt.18.06.2012) പ്രവർത്തിച്ച "commercial micro propagation of high demand high value crops as per National certification system for Tissue Culture Plants" എന്ന പ്രൊജക്ടിലൂടെ ടിഷ്യുകൾച്ചർ ചെടികളുടെ ഗവേഷണത്തിനും, വാണിജ്യാടിസ്ഥാനത്തിലുള്ള

ഉൽപ്പാദനത്തിനുമുള്ള മികച്ച രീതിയിലുള്ള അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചു. ഇതിന്റെ തുടർ പ്രവർത്തനം എന്ന നിലയിൽ ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനവും, വിതരണവും റിവോൾവിങ്ങ് ഫണ്ടിലൂടെയാണ് നടത്തി വരുന്നത്. എന്നാൽ ഈ യൂണിറ്റിന്റെ പ്രവർത്തനം പരിശോധിക്കുമ്പോൾ ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദന ചെലവ് കൂടുതലായി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

I. 2015-16 സാമ്പത്തിക വർഷത്തിൽ ഉൽപ്പാദിപ്പിച്ച ടിഷ്യുകൾച്ചർ ചെടികളുടെ മൂല്യം

ക്രമ നം.	ഇനം	എണ്ണം (stock register of RF)	യൂണിറ്റ് വില	മൂല്യം
1	ടിഷ്യുകൾച്ചർ ഗ്രാന്റയിൻ	23,214	20	4,64,280/-
2	ടിഷ്യുകൾച്ചർ നേന്ത്രൻ	4,050	20	81,000/-
3	ടിഷ്യുകൾച്ചർ കുരുമുളക് ചെടി	4,900	15	73,500/-
4	ടിഷ്യുകൾച്ചർ കറിവേപ്പില	2,600	20	52,000/-
5	ടിഷ്യുകൾച്ചർ ചെങ്കദളി	11	30	330/-
6	ടിഷ്യുകൾച്ചർ കദളി	20	30	600/-
7	ടിഷ്യുകൾച്ചർ കൈതച്ചക്ക	160	15	2,400/-
8	ടിഷ്യുകൾച്ചർ ജെർബറ	445	25	11,125/-
9	ടിഷ്യുകൾച്ചർ ആന്തൂറിയം വലുത്	720	100	7,200/-
10	ടിഷ്യുകൾച്ചർ ആന്തൂറിയം ചെറുത്	190	50	9,500/-
	ആകെ			---------- 7,01,935/- ========

II. ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട ചെലവുകൾ

എ)	എസ്.എച്ച്.ജി. ഗ്രൂപ്പുകൾക്ക് TC വാഴത്തൈകളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് കൂലി ഇനത്തിൽ നൽകിയ തുക (RF)	1,87,544/-
ബി)	ടിഷ്യുകൾച്ചർ ചെടികളുടെ വിവിധ ഘട്ടങ്ങളിലുള്ള പ്രവർത്തനങ്ങൾ* നടത്തിയതിന് കരാർ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ നൽകിയ തുക (RF) (*Preparation of Hardening Medium, planting out, hardening & maintenance of TC Plants. Filling of poly bags with potting mixture, cleaning net house etc.)	3,86,927/-

സി)	ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് RA-ക്ക് നൽകിയ വേതനം (9303)	2,04,000/-
ഡി)	ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് *'9303' ശീർഷകത്തിൽ ഉൾപ്പെടുത്തി. കരാർ തൊഴിലാളികൾക്ക് കൂലി ഇനത്തിൽ നൽകിയ തുക	2,52,903/-
ഇ)	ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനവുമായി ബന്ധപ്പെട്ട് ലാബിൽ രാസവസ്തുക്കൾ വാങ്ങിയത്	1,50,838/-
എഫ്)	പോളിത്തീൻ കവറുകൾ, കമ്പോസ്റ്റ് നിർമ്മാണത്തിന് വാങ്ങിയ അസംസ്കൃത വസ്തുക്കൾ etc.	54,802/-
ജി)	ഇലക്ട്രിസിറ്റി ചാർജ്ജ് * (* ഇലക്ട്രിസിറ്റി ചാർജ്ജിനത്തിൽ 4 ലക്ഷം രൂപയാണ് ടി സ്ഥാപനം ഡി.പി.പി.ക്ക് കൈമാറിയിരിക്കുന്നത്. ടി കേന്ദ്രത്തിലെ മൊത്തം ഉപഭോഗത്തിന്റെ 1/4 % എങ്കിലും ടി പ്രവർത്തനങ്ങൾക്ക് ആവശ്യമായി വരുന്നുണ്ട്.)	1,00,000/-
	ആകെ ചെലവ്	---------- 13,37,014/- =========

III. വ്യത്യാസം

വ്യത്യാസം = ആകെ ചെലവ് - സ്റ്റോക്ക് മൂല്യം

13,37,014 - 7,01,935/- = 6,35,079/-

========

മേൽ സൂചിപ്പിച്ച കണക്കുകൾ പരിശോധിക്കുമ്പോൾ ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദന ചെലവ് ഉൽപ്പാദിപ്പിക്കപ്പെട്ട ചെടികളുടെ സ്റ്റോക്ക് മൂല്യത്തേക്കാൾ വളരെ കൂടുതലായി കാണുന്നു. ഇത് പരിശോധിക്കുകയും ഉൽപ്പാദന ചെലവ് കുറക്കാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ - 18/ 17.03.2017).

3-23-2 റിവോൾവിങ്ങ് ഫണ്ട് - മറ്റ് പ്രൊജക്ടുകളുടെ വരവുകൾ കൂടി കണക്കിൽ ഉൾപ്പെടുത്തിയിരിക്കുന്നു

ടിഷ്യുകൾച്ചർ ചെടികൾ, മറ്റ് നടീൽ വസ്തുക്കൾ, വിത്തുകൾ എന്നിവയുടെ ഉൽപ്പാദനവും വിപണനവുമായി ബന്ധപ്പെട്ട് '6135' എന്ന ശീർഷകത്തിൽ

പ്രവർത്തിക്കുന്ന റിവോൾവിങ്ങ് ഫണ്ടിൽ മറ്റ് പ്രൊജക്ടുകളിൽ നിന്നുള്ള വരവ് തുകകൾ കൂടി ഉൾപ്പെടുത്തി കാണുന്നു.

എക്സ്റ്റേർണൽ പ്രൊജക്ടുമായി ബന്ധപ്പെട്ട് വിദ്യാർത്ഥികളിൽ നിന്നുള്ള ഫീസ്, അനുബന്ധ വരവുകൾ എന്നിവയും NHM പ്രൊജക്ടിൽ വിത്ത്, നടീൽ വസ്തുക്കൾ എന്നിവയുടെ വിൽപ്പന വഴി വരുന്ന വരവ് തുകകളും റിവോൾവിങ്ങ് ഫണ്ട് അക്കൗണ്ടിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അതുകൊണ്ട്തന്നെ റിവോൾവിങ്ങ് ഫണ്ടിന്റെ കണക്കുകളിൽ നിന്ന് ആയതിന്റെ യഥാർത്ഥ വരവ് ചെലവ് ചിത്രം ലഭിക്കുന്നില്ല. ടി പോരായ്മകൾ എത്രയും പെട്ടെന്ന് പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 07/ 15.03.2017)

3-23-3 ടിഷ്യുകൾച്ചർ ചെടികളുടെ ഉൽപ്പാദനം - സ്റ്റോക്കിൽ രേഖപ്പെടുത്തിയിട്ടില്ല

12/2015, 1/2016, 2/2016 എന്നീ മാസങ്ങളിൽ ടിഷ്യുകൾച്ചർ തൈകൾ ഉൽപ്പാദിപ്പിച്ചതിന്റെ കൂലി ഇനത്തിൽ പ്രസിഡന്റ്, മുകുളം എസ്.എച്ച്.ജി., വെള്ളാനിക്കരയ്ക്ക് 52,500/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ടി മാസങ്ങളിൽ ഉൽപ്പാദിപ്പിച്ച ടിഷ്യുകൾച്ചർ തൈകൾ സ്റ്റോക്കിൽ രേഖപ്പെടുത്തി കാണുന്നില്ല.

ക്രമ നമ്പർ	ബിൽ നമ്പർ	തുക
1	63/1-15-16/ 227652/1-1-16	17,500/-
2	80/2-15-16/ 227657/3-2-16	20,300/-
3	91/3-15-16/ 227661/5-3-16	14,700/-
		---------- 52,500/- =======

(ഓഡിറ്റ് അന്വേഷണം നമ്പർ 13/ 15-03-17).

3-23-4 <u>വ്യത്യസ്ത ഇനം ഇഞ്ചി വിത്തുകൾ വേർതിരിക്കാതെ സ്റ്റോക്കിൽ ചേർത്ത് വിൽപ്പന നടത്തി</u>

നാഷണൽ ഹോർട്ടികൾച്ചർ മിഷൻ (NHM) പ്രൊജക്ടുമായി ബന്ധപ്പെട്ട് വിവിധ തരത്തിലുള്ള ഇഞ്ചി വിത്തുകൾ കൃഷി ചെയ്യുകയും, വിളവെടുത്ത് വിൽപ്പന നടത്തുകയും ചെയ്തിട്ടുണ്ട്. വിവിധ ഇനത്തിലും വിവിധ നിരക്കിലും പെട്ട ടി ഇഞ്ചി വിത്തുകൽ വേർതിരിക്കാതെയാണ് സ്റ്റോക്കിൽ ചേർത്ത് വിൽപ്പന നടത്തിയിരിക്കുന്നത്.

റിവോൾവിങ്ങ് ഫണ്ട് സ്റ്റോക്ക് രജിസ്റ്റർ പ്രകാരം ടി സാമ്പത്തിക വർഷത്തിൽ 843.5 കിലോ ഇഞ്ചി വിത്തുകൾ ഉൽപ്പാദിപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ കിലോഗ്രാമിന് നൂറു രൂപ നിരക്കിൽ നൽകുന്ന കാർഷിക സർവ്വകലാശാല വികസിപ്പിച്ച ഇനങ്ങളിൽ ആതിര, കാർത്തിക, അശ്വതി ഇനങ്ങളും, കിലോഗ്രാമിന് 75/- രൂപ നിരക്കിൽ നൽകുന്ന നാടൻ ഇനങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. വ്യത്യസ്ത ഇനത്തിലും, വ്യത്യസ്ത നിരക്കിലും ഉൾപ്പെടുന്ന ടി ഇഞ്ചി വിത്തുകൾ വേർതിരിക്കാതെ സ്റ്റോക്കിൽ ചേർത്ത് വിൽപ്പന നടത്തിയത് പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 08/15.03.2017).

3-23-5 <u>എസ്റ്റിമേറ്റ് തുകയിലും അധികരിച്ച് ചെലവ് - അംഗീകാരം ലഭ്യമായിട്ടില്ല</u>

സെന്റർ ഓഫ് എക്സലൻസ് ഇൻ അഗ്രികൾച്ചർ ബയോടെക്നോളജി (9561) എന്ന പ്രൊജക്ടിന്റെ ഭാഗമായി ടി സ്ഥാപനത്തിലെ കേടുവന്ന ടൈലുകൾ മാറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന് എസ്റ്റിമേറ്റ് തുകയിൽ കവിഞ്ഞുള്ള ചെലവ് തുക നൽകിയതായി കാണുന്നു.

എസ്റ്റിമേറ്റ് പ്രകാരം അടങ്കൽ	-	1,65,000/-
കംപ്ലീഷൻ റിപ്പോർട്ട് പ്രകാരം ആകെ ചെലവ്	-	1,82,266/-
ഡി.പി.പി.ക്ക് നൽകിയ തുക	-	1,82,266/-
(6-5/15 – 9/15-16) വ്യത്യാസം	-	17,266/-

എസ്റ്റിമേറ്റ് തുകയിലും കവിഞ്ഞുള്ള തുകക്കുള്ള അംഗീകാരം നൽകിയതായി കാണുന്നില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണ നമ്പർ 9/ 15.03.2017).

3-23-6 സോളാർ പ്ലാന്റ് - നാളിതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല

സി.ബി.വി. നമ്പർ - 12/15-16

ചെക്ക് നം. 654238/ 5/2/16
തുക – 10,00,000/-
ഹെഡ് ഓഫ് അക്കൗണ്ട് - 317-31-9561-910 (GOK)
(ഉത്തരവ് നം. COH/CPBMB/CE/16, വെള്ളാനിക്കര തീയതി.3/2/16).

സെന്റർ ഫോർ പ്ലാന്റ് ബയോടെക്നോളജി & മോളിക്യുലാർ ബയോളജി (CPBMB) സോളാർ പാനലിങ്ങ് പ്രവൃത്തിക്കായി ഡയറക്ടർ ഓഫ് ഫിസിക്കൽ പ്ലാന്റിന് മേൽപ്പറഞ്ഞ പ്രകാരം 10 ലക്ഷം രൂപ നൽകിയിട്ടുണ്ട്. പ്രതിവർഷം വൈദ്യുത ചാർജ്ജിനത്തിൽ സ്ഥാപനത്തിന് ഭീമമായ തുക ചെലവ് വരുന്നുണ്ട്. ഇത് കുറക്കുക എന്ന ലക്ഷ്യത്തിലാണ് സോളാർ പാനൽ സ്ഥാപിക്കുന്നതിന് അംഗീകാരം നൽകിയിരിക്കുന്നത്.

2015-16 വർഷത്തിൽ വൈദ്യുത ചാർജ്ജിനത്തിലുള്ള ചെലവ്

ക്രമ നം.	സി.ബി.വി. നമ്പർ/ തീയതി	തുക	പ്രോജക്ടിന്റെ പേര്
1	6/5/15-16/ 06/05/15	1,31,000/-	R.F. (317-31-6135)
2	43/10/15-16/ 20/10/15	1,00,000/-	R.F. (317-31-6135)
3	14/10/15-16/ 20/10/15	1,00,000/-	ഫിനിഷിങ്ങ് സ്കൂൾ (317-31-2027)
4	108/3/15-16/ 31/3/16	2,00,000/-	R.F. (317-31-6135)

തുക കൈമാറിയിട്ട് ഒരു വർഷത്തിലേറെയായിട്ടും സോളാർ പാനൽ സ്ഥാപിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് തന്നെ തൻവർഷവും സ്ഥാപനത്തിന് വൈദ്യുത ചാർജ്ജിനത്തിൽ ഭീമമായ തുക തന്നെ ചെലവ് വരുന്നതുമാണ്. ഈയൊരു സാഹചര്യത്തിൽ എത്രയും പെട്ടെന്ന് തന്നെ സോളാർ പാനൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 3/ 04.03.17).

3-23-7 സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ പാലിച്ചിട്ടില്ല

സി.ബി.വി. നമ്പർ 10/2015-16

ചെക്ക് നമ്പർ 779191/ 26/3/16

തുക – 1,97,396/-

HOA – 317-31-9295-420

Order No. COH/CPBMB/DBT/Papsika/04/16 dt.26/03/16

Invoice No. P1/48/CLE/15-26 dt.26/3/16

M/s. Gescart lab equipments, Edappally

Item: Purchase of horizontal/vertical electrophores unit and powerpack for use in DBT Pansika Project.

G.O.(P)No.3/2013/SDD, dt.21/06/13 ഉത്തരവു പ്രകാരമുള്ള സ്റ്റോർ പർച്ചേയ്സ് മാന്വൽ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദവിവരം താഴെച്ചേർക്കുന്നു.

1) മൽസരാധിഷ്ഠിത ടെണ്ടറുകൾ ലഭ്യമാക്കിയിട്ടില്ല.

2) വാങ്ങിയ ഉപകരണത്തിന്റെ സ്പെസിഫിക്കേഷൻ, ടെക്നിക്കൽ ഡീറ്റെയിൽസ് എന്നിവ പൂർണ്ണമാണെന്നും വാങ്ങൽ നടത്തിയ സ്ഥാപനത്തിന്റെ ആവശ്യത്തിന് ഉപയുക്തമാണെന്നും സ്ഥാപന മേധാവി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) സ്റ്റോർ പർച്ചേയ്സ് മാന്വൽ ഖണ്ഡിക 5.4 പ്രകാരം ഇന്ത്യയിലോ വിദേശത്തോ ഉൽപ്പാദനം, ശേഖരണം, വിൽപ്പന എന്നിവ നടത്തുന്ന സ്ഥാപനം രജിസ്ട്രേഷന് അർഹതയുള്ളതാണ്. എന്നാൽ പർച്ചേയ്സ് നടത്തിയ കാലയളവിൽ ഡിപ്പാർട്ടുമെന്റിൽ രജിസ്ട്രേഷൻ നിലവിലുണ്ടായിരിക്കണം. അപ്രകാരം രജിസ്ട്രേഷൻ ചെയ്തതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

4) പർച്ചേയ്സ് കമ്മിറ്റി 'certified the we – members of the Purchase Committee are jointly and individually satisfied that the stores recommended for purchase are of requisite specification and quality, priced at the prevailing market rate and the Supplier recommended in reliable and competent to supply the stores in question എന്ന രൂപത്തിൽ സാക്ഷ്യപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 17/ 17.03.17).

3-23-8 നീക്കിയിരിപ്പ് തുക – അപാകത സംബന്ധിച്ച്

ടി കേന്ദ്രത്തിന്റെ 2015-16 വർഷത്തെ യുഫാസ്റ്റ് പ്രകാരമുള്ള വാർഷിക ബാങ്ക് & കാഷ് അക്കൗണ്ട് സമ്മറി പ്രകാരം കേന്ദ്രത്തിന്റെ നീക്കിയിരിപ്പ് 16,68,217/- രൂപ ആണ്.

	അക്കൗണ്ടിന്റെ പേര്	നീക്കിയിരിപ്പ്
1	കറന്റ് അക്കൗണ്ട്	13,18,296/-
2	റിവോൾവിങ്ങ് ഫണ്ട്	2,50,275/-
3	കാഷ് ഇൻ ഹാന്റ്	15,700/-
4	കാഷ് റിവോൾവിങ്ങ് ഫണ്ട്	16,68,217/-

മേൽ സൂചിപ്പിച്ച പട്ടികയിൽ ക്രമ നമ്പർ 3, 4 ഇനത്തിൽ വന്ന രേഖപ്പെടുത്തലുകൾ തെറ്റാണ്. ആയത് പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 14/ 15.03.2017).

3-24 ഒ.എഫ്.ആർ. സെന്റർ, എ.ആർ.എസ്. ക്യാമ്പസ്, തിരുവല്ല.

3-24-1 എസ്.ബി.റ്റി.യുമായി ഏർപ്പെട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് അക്കൗണ്ടുകളിൽ നിന്നും തുകകൾ ഈടാക്കിയിരിക്കുന്നു - തിരികെ ഈടാക്കേണ്ടതായ തുക 1563/- രൂപ

26.02.2015 ൽ SBT യുമായി ഏർപ്പെട്ടിരുന്ന മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പ്രകാരം കാർഷിക സർവ്വകലാശാലയ്ക്ക് നൽകുന്ന സേവനങ്ങൾ എല്ലാം സൗജന്യമായിരിക്കുമെന്ന് സമ്മതിച്ചിട്ടുണ്ട്. എന്നാൽ ഇതിലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സ്ഥാപനത്തിന്റെ SBT MGMHS തിരുവല്ല ശാഖയിൽ നിന്നും ആകെ 1563/- രൂപ ഈടാക്കിയിരുന്നു. മേൽ തുക തിരികെ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം.	അക്കൗണ്ട് നം.	ഈടാക്കിയ തുക	തുക ഈടാക്കിയ തിയ്യതി	ഈടാക്കിയതിന്റെ കാരണം
1	57028877224	630	9.3.16	അക്കൌണ്ട് കീപ്പിംഗ് ചാർജ്
2	57028877224	632.50	9.3.17	അക്കൌണ്ട് കീപ്പിംഗ് ചാർജ്
3	67243852815	100	17.10.15	ചെക്ക് ചാർജ്
4	67243852815	200	1.3.16	ചെക്ക് ചാർജ്

3-25 ഡിപ്പാർട്ട്മെന്റ് ഓഫ് പോമോളജി ഫ്ലോറി കൾച്ചർ, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

3-25-1 ദിവസ വേതനാടിസ്ഥാനത്തിലുള്ള തൊഴിലാളികളുടെ ജോലി ചെയ്ത ദിവസ-ങ്ങൾ വ്യക്തമാക്കിയിട്ടില്ല

2015 ഏപ്രിൽ മുതൽ 2016 ജനുവരി വരെ ദിവസവേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് വേതനം നൽകുന്നതിന് തയ്യാറാക്കുന്ന സബ്

വൗച്ചറുകളിൽ ജോലി ചെയ്ത മാസം, ദിവസങ്ങൾ എന്നിവ രേഖപ്പെടുത്തുന്നില്ല. ആകെ ഇത്ര ദിവസം ജോലി ചെയ്തതിന്റെ നിരക്കനുസരിച്ച തുകയാണ് നല്കിവരുന്നത്. എല്ലാ തൊഴിലാളികളുടേയും അറ്റൻഡൻസ് രജിസ്റ്റർ ഉണ്ടെങ്കിലും വൗച്ചറുകളിൽ കൃത്യമായ ദിവസങ്ങൾ രേഖപ്പെടുത്താത്തതിനാലും പല സ്കീമുകളിലും ഒരേ വ്യക്തികൾ പണിയെടുക്കുന്നതിനാലും ഇക്കാര്യത്തിൽ ആധികാരികത ഉറപ്പാക്കാൻ ബുദ്ധിമുട്ടാണ്. അതിനാൽ ഓരോ തൊഴിലാളിക്കും വേതനം നൽകുന്ന വേളയിൽ എന്നുമുതൽ എന്നുവരെ ജോലിചെയ്ത എന്ന് വ്യക്തമാക്കുന്ന കൃത്യമായ വിവരങ്ങൾ ചേർക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 02/ 11.01.2017).

3-25-2 കരാർ തൊഴിലാളികളുടെ നിയമനം, കമ്മ്യൂഷൻ, നിയന്ത്രണ സംവിധാനം എന്നിവയിലെ അപാകതകൾ

2015-16 സാമ്പത്തിക വർഷാവസാനം ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ തൊഴിലാളികളെ എത്തിക്കുന്നതിന് കമ്മ്യൂഷൻ പ്രസിദ്ധപ്പെടുത്തിയതിലൂടെ ഏറ്റവും കുറവ് രേഖപ്പെടുത്തിയ കരാറുകാരനാണ് കമ്മ്യൂഷൻ ഉറപ്പിച്ചുനൽകിയിട്ടുള്ളത്. ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ കണ്ടെത്തിയ നിരീക്ഷണങ്ങൾ:

1. മൂന്ന് കമ്മ്യൂഷൻ ലഭിച്ചതായി ടാബുലേഷൻ ഫോം തയ്യാറാക്കിയിട്ടുണ്ടെങ്കിലും കമ്മ്യൂഷൻ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഏറ്റവും കുറവ് രേഖപ്പെടുത്തിയ ആളുടെ കമ്മ്യൂഷൻ മാത്രമാണ് ഫയലിലുള്ളത്.
2. ഒരു വർഷത്തേയ്ക്ക് കമ്മ്യൂഷൻ വിളിക്കുന്നതിനു പകരം ഓരോ മാസത്തേയ്ക്ക് പ്രത്യേകം പ്രത്യേകം കമ്മ്യൂഷനുകളാണ് ഉള്ളത്.
3. കമ്മ്യൂഷൻ ഉറപ്പിച്ച കരാറുകാരന് ആകെത്തുക നൽകിയതിൽ ഇത്ര തൊഴിലാളികൾക്ക് ആകെ ഇത്ര തുക എന്ന് മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഓരോരുത്തരും എത്ര ദിവസം പണിയെടുത്തു എന്നും അതിന്റെ ആകെ തുക കൈപ്പറ്റിയ രേഖകൾ മുതലായവ ഫയലിൽ ഇല്ല. ആകെ എത്ര പേർ എത്ര

ദിവസം പണിയെടുത്തു എന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയതായും കാണുന്നില്ല.

ഇപ്രകാരം കമ്മീഷൻ ക്ഷണിച്ച് കരാറുകാരന് നൽകിയ തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ നമ്പർ/ തിയ്യതി	തുക	തുക നൽകിയത് ആർക്ക്/ കരാറുകാരന്റെ പേര്
1	14/3/15-16, 2.3.2016 (ശീർഷകം-4457)	52715/-	രമ പ്രദീപ്കുമാർ
2	36/3/15-16, 31.3.2016 (ശീർഷകം-4457)	4883/-	രമ പ്രദീപ്കുമാർ
3	37/3/15-16, 31.3.2016 (ശീർഷകം-4457)	12443/-	രമ പ്രദീപ്കുമാർ
4	470/15-16, 13.13.2016 (ശീർഷകം-0034)	10375/-	രമ പ്രദീപ് കുമാർ

(ഓഡിറ്റ് അന്വേഷണം നം. 2/ 11.01.2017).

3-25-3 ഡീസൽ ജനറേറ്ററുകൾ - വാങ്ങൽ നടപടിക്രമങ്ങൾ, പരിപാലനം, അപാകതകൾ

പ്രൊജക്ട് നം. 9813 - GOK പ്ലാൻ Introduction and Improvement of large scale production of exotic cut flowers

മേൽപ്പറഞ്ഞ പ്രൊജക്ടിനായി രണ്ടു ജനറേറ്ററുകൾ ഡിപ്പാർട്ട്മെന്റ് ഉപയോഗിക്കുന്നുണ്ട്. തൻവർഷം ജനറേറ്ററുകൾ സർവ്വിസ് ചെയ്തതിന്റെ ചെലവുകൾ പരിശോധിച്ചു. ചെലവിന്റെ വിശദവിവരം താഴെ ചേർക്കുന്നു.

ക്രമ നം.	ജനറേറ്ററിന്റെ ഇനം.	സർവ്വീസ് ചെയ്ത സ്ഥാപനം	ചെലവിന്റെ വിവരം	പ്രൊജക്ട് ഇൻവെസ്റ്റിഗേറ്റർ
1	കുമ്മിൻസ് കമ്പനിയുടെ മോഡൽ : $X2.5G_2$ Alternator Sl.No. G.O.9E09951 Make : STAMFORD Model : BC1184E1	സുനിത സെയിൽസ് & സർവ്വീസ് ലിമിറ്റഡ്, കൊച്ചി.	B.R.No.38/15-16 CBV No.28/5/15-16 ചെ.നം.969602/ 04-06-15 തുക – 12135/-	ഡോ. പി.കെ.സുധാദേവി

2	കിർലോസ്കർ ജൻസെറ്റ് (ഗ്രീൻ) മോഡൽ : K615ASI - C(KG12.5ASIC/KG/OA SI-G)	സുനിത സെയിൽസ് & സർവ്വീസ് ലിമിറ്റഡ്, കൊച്ചി.	B.R.No.243/15-16 CBV No.26/10/15-16 ചെ. നം.628220/19.10.2015 തുക – 11020/-	ഡോ. പി.കെ.സുധാദേവി

ഡീസൽ ജനറേറ്ററുകൾ പരിപാലിക്കുന്നതിലെ അപാകതകൾ താഴെ പറയും പ്രകാരമാണ്:

1. സുനിത സെയിൽസ് & സർവ്വീസ് ലിമിറ്റഡ്, കൊച്ചി എന്ന സ്ഥാപനവുമായി മുദ്രപ്പത്രത്തിൽ കരാർ വെയ്ക്കുന്നതിനുപകരം കമ്പനിയുടെ ലെറ്റർപാഡിൽ ആണ് ടേംസ് & കണ്ടീഷൻസ്, സർവ്വീസ് എഗ്രിമെന്റ് എന്നിവ വെച്ചിരിക്കുന്നത് (തിയ്യതി-6.5.15)
2. കലണ്ടർ വർഷത്തിൽ 55-65 ദിവസം ഇടവിട്ടാണ് കമ്പനിയുടെ സർവ്വീസ് ക്രമീകരിച്ചിട്ടുള്ളത്. ഡിപ്പാർട്ട്മെന്റിന് ആവശ്യമുള്ളപ്പോൾ ആയത് ലഭ്യമാക്കുമെന്ന് ഉറപ്പുവരുത്തിയിട്ടില്ല.
3. ഡീസൽ ജനറേറ്ററുകൾക്ക് ലോഗ് ബുക്കുകൾ നിശ്ചിത രൂപത്തിലല്ല സൂക്ഷിച്ചിരിക്കുന്നത്.
4. ഫ്യൂവൽ എഫിഷ്യൻസി ടെസ്റ്റ് നടത്തുന്നതിന്റെ രേഖകൾ, ഫ്യുവൽ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനയ്ക്ക് നൽകിയിട്ടില്ല.
5. കമ്മിൻസ് കമ്പനിയുടെ ജനറേറ്റർ ഇൻസ്പെക്ഷൻ നടത്തിയതുപ്രകാരം എനർജി മീറ്ററിലെ റീഡിംഗ് 895 KWH മാത്രമാണ്. ഫ്യുവൽ മീറ്റർ പ്രവർത്തനക്ഷമമല്ല. ഡീസൽ ഉപഭോഗം കണക്കാക്കാൻ നടപടി സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 01/ 12.01.2017).

3-26 പൈനാപ്പിൾ ഗവേഷണ കേന്ദ്രം, വാഴക്കുളം

3-26-1 തെരഞ്ഞെടുപ്പ് ദിവസത്തെ വേതനം നൽകിയതിലെ അപാകതകൾ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പൊതു തെരഞ്ഞെടുപ്പ് നടന്ന 05.11.2015-ന് ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്ത വരുന്നവർക്ക് വേതനം നൽകിയതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(സി.ബി.വി. നം. -13/12-2015, ബിൽ തീയതി. 11.12.2015, തുക-4030/-, ശീർഷകം- 321-31-9550-142)

ജീവനക്കാരന്റെ പേര്	നൽകിയ തുക	അപാകത
സൂര്യ.എസ്., ആനന്ദഭവൻ	300/-	സി.ബി.വി. നം.006/12-15/ 01.12.2015 ഗ്രോസ് തുക 13350/- പ്രകാരം 05.11.15-ലെ തുക മുൻപ് കൈപ്പറ്റിയിട്ടുണ്ട്.
ദിവ്യ.ബി., നെച്ചിത്തടത്തിൽ	300/-	സി.ബി.വി. നം.005/12-15/ 01.12.15 ഗ്രോസ് തുക 9690/- പ്രകാരം 05.11.15-ലെ തുക മുൻപ് കൈപ്പറ്റിയിട്ടുണ്ട്.
നവീന വർഗ്ഗീസ്, കൊച്ചുപറമ്പിൽ	350/-	സി.ബി.വി. നം.4/12-15/ 01.12.15 ഗ്രോസ്-14010/- ശീർഷകം-321-31-9271-142. വൗച്ചർ പ്രകാരം 2015 നവംബറിൽ 06-ാം തിയ്യതി മുതൽക്കേ ജോലി ചെയ്തിട്ടുള്ളൂ. അക്വിറ്റൻസിൽ ഒപ്പിട്ടിട്ടില്ല.
ഗീത ബാബു, തോട്ടത്തിനാട്ടു വീട്	300/-	സി.ബി.വി. നം.09/12-15/ 01.12.15 ഗ്രോസ് തുക 10950/- പ്രകാരം ഗീത ബാബു 09.11.15 മുതൽക്കേ ജോലി ചെയ്തിട്ടുള്ളൂ.

മേൽപ്പറഞ്ഞ ജീവനക്കാരോട് തുകകൾ എത്രയും വേഗം ഓഫീസിൽ അടയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ട് എന്ന മറുപടിയാണ് 21.02.17-ലെ ഓഡിറ്റ് എൻകയറി നമ്പർ 1-ന് ലഭ്യമാക്കിയത്. ജീവനക്കാരിൽ നിന്നും ഈടാക്കി സ്റ്റേഷൻ അക്കൗണ്ടിൽ പണം

അടവാക്കുന്നതു വരെ പ്രസ്തുത 1250/- രൂപ സ്ഥാപന മേധാവിയുടെ ബാധ്യതയായി പരിഗണിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണ നമ്പർ 1/21-02-2017).

3-26-2 ഇൻവോയ്സ് ക്രമീകരിക്കാത്തതു സംബന്ധിച്ച്

ഇൻസ്പക്ഷണൽ ഫാം വെള്ളായണിക്ക് പ്ളാന്റിങ്ങ് മെറ്റീരിയൽസ് താഴെ പറയുന്ന ഇൻവോയ്സ് പ്രകാരം നൽകിയിട്ടുണ്ട്.

തീയതി	ഇൻവോയ്സ് നമ്പർ	തുക
09.10.2015	02/15-16	18,383/-

ഈ ഇൻവോയ്സ് നാളിതുവരെ ക്രമീകരിച്ചിട്ടില്ല. ഇൻവോയ്സ് ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം 2/ 21.02.2017).

3-26-3 പരിശീലനാർത്ഥികളിൽ നിന്നും ഈടാക്കുന്ന സർവ്വീസ് ടാക്സ് - സർക്കാരിലേക്ക് അടവാക്കിയിട്ടില്ല

എം.എസ്.സി. ഫുഡ് സയൻസ് & ടെക്നോളജി പ്രൊജക്ട് വർക്കിന്റെ ഭാഗമായി പൈനാപ്പിൾ ഗവേഷണ കേന്ദ്രത്തിൽ പരിശീലനത്തിന് പങ്കെടുക്കുന്ന പരിശീലനാർത്ഥികളിൽ നിന്നും സർവ്വീസ് ടാക്സ് ഈടാക്കിയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	രശീതി		പരിശീലനാർത്ഥിയുടെ പേര്	ഫീ	സർവ്വീസ് ടാക്സ് (14%)	റിമാർക്സ്
	നമ്പർ	തീയതി				
1	97/ 58518	01.04.16	അനുഷ.വി.	5,500/-	770/-	
2	2/ 58519	25.04.16	മുഹമ്മദ് മുബഷിർ.സി.എച്ച്.	5,500/-	770/-	
3	3/ 58519	25.04.16	സമീൽ.സി.പി.	5,500/-	770/-	
4	6/ 58519	02.05.16	മിസ്ത്രി. മാത്യു	5,500/-	770/-	

5	7/ 58519	03.05.16	അനുഷ.വി.	4,500/-	630/-	പരിശീലനം ഒരു മാസം ദീർഘിപ്പിച്ചു.
6	10/ 58519	25.05.16	റിയ സാറ തോമസ്	5,500/-	770/-	
7	21/ 58519	12.07.16	റിനി മോഹൻ	5,500/-	770/-	
8	43/ 58519	31.08.16	"	4,500/-	630/-	പരിശീലനം ഒരു മാസം ദീർഘിപ്പിച്ചു.
9	59/ 58519	30.09.16	"	4.500/-	630/-	"
			ആകെ സർവ്വീസ് ടാക്സ്		---------- 6,510/- =======	

പരിശീലനാർത്ഥികളിൽ നിന്നും ഈടാക്കുന്ന ഫീസും സർവ്വീസ് ടാക്സും ഉൾപ്പെടെയുള്ള മൊത്തം തുക ഫാം റവന്യു അക്കൗണ്ടിൽ (അക്കൗണ്ട് നം. 67321270851, എസ്.ബി.ടി.) നിക്ഷേപിക്കുകയും, ആയത് ഓട്ടോസ്വീപ്പ് വഴി കംപ് ട്രോളറുടെ അക്കൗണ്ടിലേക്ക് മാറുകയുമാണ് ചെയ്യുന്നത്. ഇങ്ങനെ മാറുന്ന തുകയിൽ നിന്നും സർവ്വീസ് ടാക്സ് പ്രത്യേകം വേർതിരിച്ച് സർക്കാരിലേക്ക് ഒടുക്കുവരുത്തിയിട്ടില്ല. പരിശീലനാർത്ഥികളിൽ നിന്നും ഈടാക്കുന്ന സർവ്വീസ് ടാക്സ് അതാത് മാസം തന്നെ കംപ് ട്രോളറെ അറിയിക്കുകയും, ആയത് സർക്കാരിലേക്ക് ഒടുക്കു വരുത്തുവാനുള്ള മേൽ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഓഡിറ്റ് എൻകയറി നമ്പർ - 05/ 21.02.2015).

3-27 ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷൻ, കൊട്ടാരക്കര.

3-27-1 മരാമത്ത് പ്രവർത്തികളുടെ എസ്റ്റിമേറ്റ് - വർക്ക്, ബില്ല്, എം.ബുക്ക് എന്നിവ സൂക്ഷിക്കുന്നില്ല.

എഫ്.എസ്.ആർ.എസ്. സദാനന്ദപുരം സെന്ററിന്റെ താഴെ സൂചിപ്പിച്ചിട്ടുള്ള മരാമത്ത് പ്രവർത്തികളുടെ വൗച്ചറുകൾ പരിശോധിച്ചതിൽ പ്രവർത്തികളുടെ എസ്റ്റിമേറ്റ്

കൃത്യമായി എടുക്കുകയോ പ്രവൃത്തി പൂർത്തിയാക്കിയ ശേഷം വർക്ക് ബില്ല് കൃത്യമായി രേഖപ്പെടുത്തുകയോ എം.ബുക്കിൽ മെഷർമേന്റ് രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. എം.ബുക്കിന്റെ പരിപാലനത്തിലെ പോരായ്മകൾ കാരണം പ്രവൃത്തികളുടെ കൃത്യത പരിശോധിക്കാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല.

Sl. No.	Voucher No.	Cheque No.	Item	Amount
1	50/06-15	408176 dt.30.6.2015	Construction of pod shed	97422/-
2	172/03-16	644796 dt.23.3.2016	Construction of goat shed	96497/-
3	26/07-15	408190 dt.08.7.2015	Construction of shade house	58469/-
4	285/03-16	644825 dt.31.3.2016	Construction of bund	32950/-

മരാമത്ത് പ്രവൃത്തികൾ പൂർത്തീകരിക്കുമ്പോൾ തന്നെ കൃത്യമായ അളവുകൾ രേഖപ്പെടുത്തി എം.ബുക്ക് സൂക്ഷിക്കേണ്ടതും പരിശോധനയ്ക്കായി ഹാജരാക്കേണ്ടതുമാണ്.

3-27-2 കുരുമുളക് നഴ്സറി സ്ഥാപിക്കൽ പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ ശ്രദ്ധിക്കേണ്ടത്

ഉയർന്ന പ്രതിരോധശേഷിയും ഉൽപ്പാദനശേഷിയുമുള്ള കുരുമുളക് ഇനങ്ങൾ ശേഖരിച്ച് കുരുമുളക് നഴ്സറി സ്ഥാപിച്ച് കുരുമുളക് തൈകൾ കർഷകർക്ക് വില്പന നടത്തുവാനാണ് പദ്ധതി വിഭാവനം ചെയ്തിരുന്നത്. 5,71,695/- രൂപ എസ്റ്റിമേറ്റ് ഉണ്ടായിരുന്ന പദ്ധതിയിൽ 50,000 കുരുമുളക് തൈകൾ 7/- രൂപ നിരക്കിൽ വില്പന നടത്തി 3,50,000/- രൂപ സമാഹരിക്കുവാൻ ലക്ഷ്യമിട്ടിരുന്നു. എന്നാൽ ഓഡിറ്റ് എൻകയറിയുടെ മറുപടിയുടെയും ഹാജരാക്കപ്പെട്ട രേഖകളുടെ പരിശോധയുടേയും അടിസ്ഥാനത്തിൽ പദ്ധതിക്കായി ആകെ 5,24,798/- രൂപ ചെലവഴിച്ചതായും ആകെ 1,75,000/- രൂപ മാത്രം വരവ് വന്നതായും കാണുന്നു. പ്രതിവർഷം 10,000 കർഷകർക്ക് പ്രയോജനപ്പെടും എന്ന് ലക്ഷ്യമിട്ടിരുന്ന പദ്ധതി എത്ര പേർക്ക് പ്രയോജനപ്പെട്ടു എന്നും,

എത്ര തൈകൾ ഉൽപ്പാദിപ്പിച്ചു എന്നും വ്യക്തമല്ല. കരുമുളക് തൈകളുടെ വിൽപ്പനയിലൂടെ ലക്ഷ്യമിട്ടിരുന്നതിലും 50% വരവ് മാത്രമേ നേടുവാൻ സാധിച്ചിട്ടുള്ളൂ. രൂപീകരിക്കുന്ന പദ്ധതികൾ പൂർണ്ണ ലക്ഷ്യം കൈവരിക്കുവാൻ വേണ്ട ഊർജ്ജിത നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-27-3 മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് നൽകിയതിലെ അപാകത 5,690/- രൂപ തടസ്സപ്പെടുത്തുന്നു

എഫ്.എസ്.ആർ.എസ്. സെന്ററിലെ അസിസ്റ്റന്റ് പ്രൊഫസർ ശ്രീമതി എം. ലേഖയ്ക്ക് വൌച്ചർ നം.151/13-16 (ചെക്ക് നം.644783 തിയ്യതി, 19.03.2016) പ്രകാരം മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് ഇനത്തിൽ 5,690/- രൂപ നൽകിയിട്ടുണ്ട്. 27.02.2012 മുതൽ 04.03.2012 വരെ എസ്.പി.ഫോർട്ട് ആശുപത്രിയിലെ ചികിത്സയ്ക്കാണ് മെഡിക്കൽ റി-ഇംബേഴ്സ്മെന്റ് നൽകിയത്. സ്വകാര്യ ആശുപത്രിയിൽ ചികിത്സ ചെയ്യുവാനുണ്ടായ സാഹചര്യം വിശദമാക്കുന്ന സർട്ടിഫിക്കറ്റോ സാധൂകരണമോ ക്ലെയിം നൽകുവാൻ വൈകിയതിനുള്ള മതിയായ കാരണമോ ലഭ്യമാക്കാത്തതിനാൽ ഈ ഇനത്തിൽ നൽകിയ 5,690/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3-27-4 യാത്രാബത്ത 1100/- രൂപ അധികമായി നൽകിയത് നിരാകരിക്കുന്നു

ഡോ. ഷീബ റെബേക്ക ഐസക്, അസോസിയേറ്റ് പ്രൊഫസർക്ക് CBV No.115/3-16 പ്രകാരം 07.02.16 ന് തിരുവനന്തപുരത്ത് നിന്ന് ഡൽഹി വരെയും 22.02.2016 ന് ഡൽഹിയിൽ നിന്നും തിരുവനന്തപുരം വരെയുമുള്ള വിമാനയാത്രയ്ക്ക് 550/- രൂപ വീതം ആകെ 1,100/- രൂപ ഇൻസിഡന്റൽ എക്സ്പെൻസ് അനുവദിച്ചിട്ടുണ്ട്. 28.01.2012 ലെ G.O.(P)No.74/2012/Fin. പ്രകാരം എക്കോണമി ക്ലാസ് ഫുൾ ഫെയർ യാത്രാക്കൂലിയായി ക്ലെയിം ചെയ്താൽ ഇൻസിഡന്റൽ എക്സ്പെൻസിന് അർഹതയില്ല. ആയതിനാൽ ഇൻസിഡന്റ് എക്സ്പെൻസ് ഇനത്തിൽ ക്ലെയിം ചെയ്ത 1,100/- രൂപ തിരിച്ച് പിടിച്ച് യൂണിവേഴ്സിറ്റ് ഫണ്ടിലേയ്ക്ക് ഒടുക്കു വരുത്തേണ്ടതാണ്.

3-27-5 <u>നഴ്സറി സ്റ്റോക്ക് രജിസ്റ്റർ, വിൽപ്പന രജിസ്റ്റർ എന്നിവയുടെ പരിപാലനത്തിലെ അപാകതകൾ ശ്രദ്ധയിൽപ്പെട്ടുത്തുന്നു</u>

വിവിധ നടീൽ വസ്തുക്കൾ വാങ്ങുമ്പോൾ 'പ്ലാൻറിംഗ് മെറ്റീരിയൽ രജിസ്റ്ററി'ൽ എൻട്രി വരുത്തിയ ശേഷം മുളപ്പിക്കുന്നതിലേയ്ക്കായി നഴ്സറിയിലേക്കു മാറ്റുമെങ്കിലും നഴ്സറി സ്റ്റോക്ക് രജിസ്റ്ററി'ൽ അവയുടെ സ്റ്റോക്ക് സംബന്ധിച്ച് വിശദവിവരങ്ങൾ രേഖപ്പെടുത്തി കാണുന്നില്ല. മുളപ്പിക്കാനായി നൽകിയ വിത്തിന്റെ അളവ്, മുളപ്പിച്ചതിന്റെ എണ്ണം, മുളയ്ക്കാത്തതിന്റെ എണ്ണം, മുളയ്ക്കാതെ വന്നതിന്റെ എഴുതിത്തള്ളൽ, വിൽപ്പനയ്ക്ക് യോഗ്യമായവയുടെ എണ്ണം എന്നിവ സംബന്ധിച്ച വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല. നഴ്സറിയിൽ നിന്നും മുളപ്പിച്ച തൈകൾ വിൽപ്പനയ്ക്കായി എത്തുമ്പോൾ 'വിൽപ്പന രജിസ്റ്ററി'ൽ അവയുടെ എൻട്രി വരുത്തി വിൽപ്പന നടത്തുകയാണ് ചെയ്തു വരുന്നത്. മേൽ അപാകതകൾ പരിഹരിക്കാൻ ഭാവിയിൽ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

3-27-6 <u>കറന്റ് അക്കൗണ്ടിൽ തുകകൾ നിക്ഷേപിക്കുന്നു - പലിശ ഇനത്തിൽ ഭീമമായ നഷ്ടം</u>

എസ്.ബി.റ്റി. കൊട്ടാരക്കര (പുലമൺ) ശാഖയിൽ അക്കൗണ്ട് നം.57022876504 ആയി ഒരു കറന്റ് അക്കൗണ്ട് തുറന്നിരിക്കുന്നു. അന്വേഷണത്തിൽ, ജീവനക്കാരുടെ ശമ്പളവും, പെൻഷൻ ആനുകൂല്യങ്ങളും, വിവിധ സ്കീമുകൾക്കുള്ള തുകകളുമാണ് ഈ അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് എന്ന് എഫ്.എസ്.ആർ.എസ്.ൽ നിന്നും അറിയിച്ചു. 31.03.2016-ൽ അവസാനിച്ച സാമ്പത്തിക വർഷത്തിൽ ഈ അക്കൗണ്ടിൽ അവശേഷിച്ച തുക 69,15,670/- രൂപയായിരുന്നു. ഇത് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആയിരുന്നുവെങ്കിൽ ദിവസേന ലഭിക്കേണ്ട പലിശ (4% നിരക്കിൽ) 756 (6915670 x 4%/366) രൂപയായിരുന്നു (3/16 വരെയുള്ള മാസം വരെ).

ഈ അക്കൗണ്ട് ഉടൻ പ്രാബല്യത്തിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ആക്കി മാറ്റാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3-27-7 <u>സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നു.</u>

സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.3/2013/ സ്റ്റോ.പ.വ. തിയ്യതി, 21.06.13 പ്രകാരം പുറപ്പെടുവിച്ച സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9 (22) പ്രകാരം സർക്കാർ വകുപ്പുകൾ/സ്ഥാപനങ്ങൾ എന്നിവയുടെ ഉൽപ്പന്നങ്ങൾ ആയത് ഉൽപ്പാദിപ്പിച്ചത് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാമെന്നും വില നെഗോസിയേഷനിലൂടെ നിശ്ചയിക്കണമെന്നും, ഖണ്ഡിക 9.24 പ്രകാരം വാങ്ങുന്ന സാധനങ്ങൾ സർക്കാർ സ്ഥാപനം തന്നെ ഉൽപ്പാദിപ്പിച്ചതാണെന്ന് പർച്ചേസിങ്ങ് ഓഫീസർ ഉറപ്പു വരുത്തണമെന്നും ഖണ്ഡിക 9.25 പ്രകാരം ഇപ്രകാരമുള്ള സ്ഥാപനങ്ങൾ ഉൽപ്പാദനം ആരംഭിച്ച് 5 വർഷത്തില-ധികമായാൽ സാധനങ്ങൾ വാങ്ങുന്നതിന് ടെണ്ടർ/ക്വട്ടേഷൻ ക്ഷണിക്കണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ ഈ വ്യവസ്ഥകൾക്ക് വിരുദ്ധമായി സാധനങ്ങൾ പൊതുമേഖലാസ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു. ഉദാ: ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നം.	ചെക്ക് നം.	തുക	വാങ്ങിയ സാധനം	സ്ഥാപനം
1.	33/11-15	500880/11.11.15	25741	ഹോണ്ട ബുഷ് കട്ടർ	RAIDCO

സാധനങ്ങൾ വാങ്ങുവാൻ കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പർച്ചേസിംഗ് ഓഫീസർ നിർബന്ധമായും പാലിക്കേണ്ടതാണ്.

3-27-8 റബ്ബർ മരങ്ങളുടെ ടാപ്പിംഗ് ജോലികൾക്ക് കരാർ നൽകിയത് - അപാകതകൾ - മരങ്ങൾക്ക് കേടുപാടുകൾ സംഭവിക്കുന്നു

എഫ്.എസ്.ആർ.എസ്. ലെ 960 റബ്ബർ മരങ്ങളുടെ ടാപ്പിംഗ്രം അനുബന്ധ ജോലികളും ശ്രീ.ബിജു.ജെ., ബിജു വിലാസം, നടുക്കുന്ന്, മുട്ടവിള, കൊട്ടാരക്കര എന്നയാളെ (ക്വട്ടേഷൻ മുഖേന) ഏൽപ്പിച്ചിരുന്നു. ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ശ്രീ. ബിജു ജെ. യുമായി കരാറിലേർപ്പെട്ടിട്ടില്ല.
2. ശ്രീ ബിജുവിന് ജോലിയിലുള്ള പ്രാവീണ്യം പരിശോധിച്ചിട്ടില്ല.
3. ടാപ്പിംഗ് ജോലി തൃപ്തികരമാണോ എന്ന് യഥാസമയം പരിശോധന നടത്തുന്നില്ല.

ശ്രീമതി. ലേഖ എം., അസിസ്റ്റന്റ് പ്രൊഫസറുടെ 21.11.2015 ലെ പരിശോധനാ റിപ്പോർട്ടിൽ, ഈ കരാറുകാരൻ മറ്റ് ആളുകളെക്കൊണ്ട് (ബംഗാളി തൊഴിലാളികൾ) പണിയെടുപ്പിക്കുന്നുവെന്നും, ശരിയായ രീതിയിൽ ടാപ്പിംഗ് നടത്താത്തതിനാൽ മരങ്ങളുടെ തടിക്ക് കേടുപാടുകൾ സംഭവിക്കുന്നുവെന്നും, റബ്ബർ ഷീറ്റ് വലുപ്പക്കുറവായതിനാലും ഗുണമേന്മയില്ലാത്തതിനാലും വില കുറച്ചാണ് ലഭിക്കുന്നതെന്നും റിപ്പോർട്ട് ചെയ്ത് കാണുന്നു. ഈ വിവരം ഫാം മാനേജർ യഥാസമയം പരിശോധിച്ച് റിപ്പോർട്ട് നൽകിയതുമില്ല. ടി അപാകതകൾ ഓഡിറ്റ് ടീം 24-01-2017-ൽ നടത്തിയ സ്ഥലപരിശോധനയിൽ ബോദ്ധ്യപ്പെടുകയും ചെയ്തു. 25.11.15-ൽ ശ്രീ.ബിജുവിനെ ടാപ്പിംഗ് ജോലികളിൽ നിന്നും ഒഴിവാക്കുകയും ശ്രീ. എം.എസ്.ബൈജു, കൃഷ്ണകൃപ, കോക്കാട് പി.ഒ, കൊട്ടാരക്കര എന്നയാളെ (ക്വട്ടേഷനിൽ രണ്ടാമത്തെ കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ആൾ) ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ മേൽ സൂചിപ്പിച്ച അപാകതകൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

3-27-9 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വിവിധയിനം അടവ് തുകകൾക്കുള്ള രസീതുകൾ (എൽ.ഐ.സി. പ്രീമിയം, വിവിധ റിക്കവറികൾ മുതലായവ) വൗച്ചറുകളിൽ സൂക്ഷിക്കുന്നില്ല.
2. സുരക്ഷാ ജീവനക്കാർ, തൊഴിലാളികൾ (ചിലരുടേത് ഒഴികെ) എന്നിവരുടെ മസ്റ്റർ റോളുകൾ (DDO ആവശ്യമായ സാക്ഷ്യപ്പെടുത്തലുകൾ വരുത്തി സൂക്ഷിക്കുന്നില്ല)
3. വൗച്ചറുകളോടൊപ്പം സൂക്ഷിച്ചിട്ടുള്ള ബില്ലുകൾ റദ്ദ് ചെയ്ത് പാസ് ഓർഡർ രേഖപ്പെടുത്തുന്നില്ല. (DDO യുടെ അറ്റസ്റ്റേഷനോടുകൂടി)
4. വെവ്വേറെ വൗച്ചറുകൾ പ്രകാരം വിവിധയിനം ചെലവുകൾക്കുള്ള തുകകൾ ഒരു ചെക്ക് മുഖേന മാറി എടുത്ത് നൽകുന്ന രീതിയാണ് നിലനിൽക്കുന്നത്. അങ്ങനെ ആ വൗച്ചറുകളിലെല്ലാം തന്നെ ഈ ഒരെ ചെക്ക് നമ്പരും ഈ രീതിയിൽ മാറി എടുത്തിട്ടുള്ള ഒറ്റ തുകയുമാണ് രേഖപ്പെടുത്തി വരുന്നത്. ഇതിൽ ഓരോ വൗച്ചറിലും അതിന്റെ യഥാർത്ഥ തുകയും അതിനോടൊപ്പം ബ്രാക്കറ്റിൽ മൊത്തം തുകയും രേഖപ്പെടുത്തുന്നതാണ് അഭികാമ്യം. വൗച്ചറുകൾ സൂക്ഷിക്കുന്നതിൽ മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

3-28 പ്ളാന്റേഷൻ ക്രോപ്സ് & സ്പൈസസ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

3-28-1 കരാർ അടിസ്ഥാനത്തിൽ piecemeal ആയി ക്വട്ടേഷൻ ക്ഷണിച്ചതിനാൽ ആദായ നികുതി നഷ്ടം

വകുപ്പിലെ വിവിധ സ്കീമുകളിലേയ്ക്കായി കരാർ അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്നതിനായി ക്വട്ടേഷൻ ക്ഷണിച്ചിരിക്കുന്നത് രണ്ട്-മൂന്ന് മാസങ്ങളിലേയ്ക്കായാണ്. വിശദാംശങ്ങൾ :

MIDH പ്രൊജക്ട് - Principal Investigator : Dr. N. Mini Raj

ക്രമ നം.	CBV No.& Date	തുക	മാസം	ക്വട്ടേഷൻ എടുത്ത വ്യക്തി
1	1-5/15-16 dt.21.5.15	29995/-	4/15	ഹമീദ് സി.എം.
2	1-6/15-16 dt.3.6.15	29995/-	5/15	ഹമീദ് സി.എം.
3	1-7/15-16 dt.1.7.15	29995/-	6/15	എം.ആർ.ഉണ്ണികൃഷ്ണൻ
4	1-8/15-16 dt.4.8.15	29435/-	7/15	എം.ആർ.ഉണ്ണികൃഷ്ണൻ
5	1-9/15-16 dt.4.9.15	28850/-	8/15	മിനി തങ്കച്ചൻ
6	1-10/15-16 dt.1.10.15	20775/-	9/15	മിനി തങ്കച്ചൻ
7	1-11/15-16 dt.2011.15	13800/-	10/15	തനൂജ ടി.എസ്.
8	1-12/15-16 dt.2.12.15	11400/-	11/15	തനൂജ ടി.എസ്.
9	1-1/15-16 dt.1.1.16	16250/-	12/15	ശാന്ത എം.ആർ.
10	1-3/15-16 dt.31.3.16	29850/-	3/16	ശാന്ത എം.ആർ.
ആകെ		194245/-		

Strengthening Research Nutmeg Project-PI-Dr.V.S.Sujatha

ക്രമ നം.	CBV No.& Date	തുക	മാസം	ക്വട്ടേഷൻ എടുത്ത വ്യക്തി
1	1-6/15-16 dt.9.6.15	29995/-	4/15	അനിത വിജയൻ, അരിവേലി വീട്, വെള്ളാനിക്കര.

2	1-6/15-16 dt.9.6.15	29995/-	5/15	അനിത വിജയൻ, അരിവേലി വീട്, വെള്ളാനിക്കര.
3	1-7/15-16 dt.1.7.15	29995/-	6/15	അനിത വിജയൻ, അരിവേലി വീട്, വെള്ളാനിക്കര.
4	1-8/15-16 dt.4.8.15	29435/-	7/15	അനിത വിജയൻ, അരിവേലി വീട്, വെള്ളാനിക്കര.
5	1-9/15-16 dt.7.9.15	28850/-	8/15	ഓമന എം.കെ., മേലുവീട്ടിൽ വീട്, പട്ടിക്കാട്.
6	1-10/15-16 dt.2.10.15	20775/-	9/15	ഓമന എം.കെ., മേലുവീട്ടിൽ വീട്, പട്ടിക്കാട്.
7	1-11/15-16 dt.12.11.15	13800/-	10/15	ഓമന എം.കെ., മേലുവീട്ടിൽ വീട്, പട്ടിക്കാട്.
8	1-12/15-16 dt.2.12.15	11400/-	11/15	ഓമന എം.കെ., മേലുവീട്ടിൽ വീട്, പട്ടിക്കാട്.
	ആകെ	---------- 1,94,245/- =======		

Megaseed Project (Spices) RF-6260

Principal Investigator : Dr. V.S.Sujatha

ക്രമ നം.	CBV No.& Date	തുക	മാസം	ക്വട്ടേഷൻ എടുത്ത വ്യക്തി
1	1-5/15 dt.5.5.15	22800	4/15	രാജി പി.ആർ.
2	7-6/15 dt.3.6.15	22700	5/15	പ്രേമദാസൻ കെ.എം.

3	1-7/15 dt.6.7.15	24400	6/15	പ്രേമദാസൻ കെ.എം.
4	1-8/15 dt.4.8.15	27100	7/15	പ്രേമദാസൻ കെ.എം.
5	4-8/15 dt.1.9.15	18330	8/15	ബീന പി.പി.
6	1-10/15 dt.7.10.15	21390	9/15	ബീന പി.പി.
7	1-11/15 dt.3.11.15	14260	10/15	ബീന പി.പി.
8	1-12/15 dt.4.12.15	14310	11/15	ബീന പി.പി.
9	1-1/16 dt.6.1.16	17145	12/15	രാജി പി.ആർ.
10	1-2/16 dt.9.2.16	13795	1/16	രാജി പി.ആർ.
11	4-3/16 dt.5.3.16	10230	2/16	രാജി പി.ആർ.
12	11-3/16 dt.3.3.16	11005	3/16	രാജി പി.ആർ.
ആകെ		217465		

Scheme-AICRP Project mode centre on Nutmeg

Principal Investigator : Dr. N. Mini Raj

ക്രമ നം.	CBV No.& Date	തുക	മാസം	കമ്മീഷൻ എടുത്ത വ്യക്തി
1	9-3/16 dt.31.3.16	9750	3/16	ശാന്ത എം.ആർ.
2	2-3/16 dt.5.3.16	25750	2/16	ശാന്ത എം.ആർ.
3	1-2/16 dt.9.2.16	29700	1/16	വിജയൻ

4	1-1/16 dt.1.1.16	26300	12/15	വിജയൻ
ആകെ		91500		

Scheme-DST Project-Propagation techniques and ex situ conservation of coccinium fenestratum

Principal Investigator : Dr. V. Suma

ക്രമ നം.	CBV No.& Date	തുക	മാസം	കമ്മ്യൂഷൻ എടുത്ത വ്യക്തി
1	3-7/15 dt.7.7.15	8960	4/15	കുമാരി എം.വി.
2	4-7/15 dt.7.7.15	8680	5/15	കുമാരി എം.വി.
3	1-8/15 dt.21.8.15	8680	6/15	കുമാരി എം.വി.
4	1-12/15 dt.1.12.15	27160	9/15	കുമാരി എം.വി.
5	8-12/15 dt.29.12.15	9250	10/15	കുമാരി എം.വി.
6	1-2/16 dt.9.2.16	17700	12/15	എം.വി.തങ്കമണി
7	3-2/16 dt.9.2.16	9000	1/16	എം.വി.തങ്കമണി
8	2-3/16 dt.5.3.16	8400	2/16	എം.വി.തങ്കമണി
9	8-3/16 dt.31.3.16	9000	3/16	എം.വി.തങ്കമണി
ആകെ		106830		

Scheme-Network Centre for Planting Material Production

Principal Investigator : Dr. P.Anitha

ക്രമ നം.	CBV No.& Date	തുക	മാസം	കമ്മീഷൻ എടുത്ത വ്യക്തി
1	1-8/15-16 dt.5.8.15	20100	8/15	സിന്ധു എം.എം.
2	1-9/15-16 dt.8.9.15	10800	9/15	സിന്ധു എം.എം.
3	5-9/15-16 dt.8.9.15	11100	9/15	സിന്ധു എം.എം.
4	1-11/15-16 dt.4.11.15	13200	11/15	സിന്ധു എം.എം.
5	2-11/15-16 dt.4.11.15	12900	11/15	സിന്ധു എം.എം.
6	5-12/15-16 dt.3.12.15	12000	12/15	ചന്ദ്രിക സി.
7	1-3/16 dt.2.3.16	13800	3/16	ചന്ദ്രിക സി.
8	15-3/16 dt.4.3.16	13500	3/16	ചന്ദ്രിക സി.
ആകെ		107400		

ആകെ - 9,99,015/-

=========

ഇപ്രകാരം പീസ് മെയിലായി വിവിധ വ്യക്തികൾക്ക് കമ്മീഷൻ നൽകിയതിനാൽ ഇൻകം ടാക്സ് ആക്ട് 194(സി) പ്രകാരമുള്ള ആദായനികുതി അടവാക്കുന്നതിൽ നിന്നും ഒഴിവാക്കുന്നുണ്ട്. ഒരു വർഷത്തേയ്ക്കാവശ്യമായ തൊഴിലാളികളെ മൊത്തമായി കമ്മീഷൻ അടിസ്ഥാനത്തിൽ നിയമിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 5/ 12.01.17).

3-29 അഗ്രികൾച്ചറൽ മൈക്രോബയോളജി & അഗ്രികൾച്ചറൽ മെറ്റീരിയോളജി, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

3-29-1 ഇൻവോയ്സുകൾ തീർപ്പാക്കിയിട്ടില്ല

സ്ഥാപനത്തിലെ റിവോൾവിംഗ് ഫണ്ട് കണക്കുകളുമായി ബന്ധപ്പെട്ട് ഇൻവോയ്സുകൾ പരിശോധിച്ചതിൽ 86,000/- രൂപയുടെ ഇൻവോയ്സുകൾ തീർപ്പാക്കുവാൻ അവശേഷിക്കുന്നതായി കാണുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	സ്ഥാപനത്തിന്റെ പേര്	ഇൻവോയ്സ് നം. & തിയ്യതി		ഇനം/അളവ്	തുക
1	സൂപ്രണ്ട്, താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ഹോസ്പിറ്റൽ, പുനലൂർ.	180/15	19.09.2015	ബാസില്ലസ് കൾച്ചർ (50 l)	15,000/-
2	സേക്രട്ടറി, മുനിസിപ്പൽ ഓഡിറ്റ്, നെടുമങ്ങാട്.	181/15	22.09.2015	ബാസില്ലസ് കൾച്ചർ (100 l)	30,000/-
3	അജയ് എസ്. കുമാർ, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ, തിരുവല്ല മുനിസിപ്പാലിറ്റി.	182/15	05.10.2015	ബാസില്ലസ് കൾച്ചർ (10 l)	3,000/-
4	അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് NARP (സതേൺ റീജിയൺ) കോളേജ് ഓഫ് അഗ്രികൾച്ചറൽ, വെള്ളായണി.	189/15	05.10.2015	ബാക്ടീരിയ ഐഡന്റിഫിക്കേഷൻ	7,000/-
5	അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് NARP (സതേൺ റീജിയൺ), കോളേജ് ഓഫ് അഗ്രികൾച്ചറൽ, വെള്ളായണി.	190/15	21.10.2015	ബാക്ടീരിയ ഐഡന്റിഫിക്കേഷൻ	10,000/-
6	ടോണി തോമസ്, ഹെൽത്ത് സൂപ്പർവൈസർ, കോട്ടയം മുനിസിപ്പാലിറ്റി.	196/15	26.11..2015	ബാസില്ലസ് കൾച്ചർ (20 l)	6,000/-
7	സെക്രട്ടറി, മുനിസിപ്പൽ കോർപ്പറേഷൻ,തിരുവനന്തപുരം.	200/15	09.12.2015	ബാസില്ലസ് കൾച്ചർ (50 l)	15,000/-
	ആകെ				---------- 86,000/- ======

(ഓഡിറ്റ് അന്വേഷണം നമ്പർ 01/ 14.10.2016)

3-29-2 UFAST ബാങ്ക് അക്കൗണ്ട് നീക്കിയിരുപ്പിൽ വ്യത്യാസം

UFAST പ്രകാരമുള്ള വാർഷിക കണക്കായ റീക്കൺസിലേഷൻ സ്റ്റേറ്റ്മെന്റിൽ ബാങ്ക് അക്കൌണ്ട് നം. CA 67127488349 ന്റെ ബാങ്ക് നീക്കിയിരിപ്പ് തുക 31,14,811/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടി ബാങ്ക് പാസ്സ്ബുക്ക് പ്രകാരം യഥാർത്ഥ നീക്കിയിരിപ്പ് തുക 31,24,121/- രൂപ ആണ്. (വ്യത്യാസം 9310/-)

റിവോൾവിംഗ് ഫണ്ടുമായി ബന്ധപ്പെട്ട SB A/c No. 41867 എന്ന അക്കൗണ്ട് 03.10.2015 ന് ക്ലോസ് ചെയ്യുകയും ടി അക്കൗണ്ടിലുണ്ടായ 1,14,398/- രൂപ ടി തിയ്യതിയിൽ തന്നെ 67337859134 എന്ന ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുമുണ്ട്. എന്നാൽ UFAST കണക്കുകളിൽ 2015-16 സാമ്പത്തികവർഷാവസാനവും SB A/c No. 41867 ൽ 1,02,967 രൂപ നീക്കിയിരിപ്പ് തുകയായി രേഖപ്പെടുത്തിയിട്ടുണ്ട്. സർവ്വകലാശാലയുടെ വാർഷികക്കണക്കുകളിൽ ടി തുക ഇരട്ടിപ്പായി വരുകയും ചെയ്യുന്നുണ്ട്.
(ഓഡിറ്റ് അന്വേഷണം നമ്പർ 02/15.10.2016).

3-30 സീഡ് ടെക്നോളജി യൂണിറ്റ്, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര

3-30-1 ഇൻവോയ്സുകൾ ക്രമീകരിക്കാത്തതു സംബന്ധിച്ച്

സീഡ് ടെക്നോളജി വകുപ്പിൽ നിന്നും ഇൻവോയ്സ് പ്രകാരം നെൽവിത്തുകൾ നൽകിയതിൽ താഴെ പറയുന്നവ ക്രമീകരിച്ചിട്ടില്ല.

ക്രമ നമ്പർ	ഇൻവോയ്സ് നമ്പർ, തീയതി	ഇനം, വാങ്ങിയ സ്ഥാപനം, വാങ്ങിയ തീയതി	തുക
1	STU/RF/04/2015-16 dt.04/05/2015	കാഞ്ചന നെൽവിത്ത്, പെരുമാട്ടി കൃഷി ഭവൻ, 13.05.15	30,600/-
2	STU/RF/06/2015-16 dt.15/05/2015	കാഞ്ചന നെൽവിത്ത്, പെരുമാട്ടി കൃഷി ഭവൻ, 15.05.15	19,500/-

3	STU/RF/07/2015-16 dt.19/05/2015	കാഞ്ചന നെൽവിത്ത്, പെരുമാട്ടി കൃഷി ഭവൻ, 19.05.15	17,400/-
4	STU/RF/09/2015-16 dt.27/05/2015	കാഞ്ചന നെൽവിത്ത്, പെരുമാട്ടി കൃഷി ഭവൻ, 27.05.15	20,100/-
5	STU/RF/13/2015-16 dt.04/09/2015	ഉമ നെൽവിത്ത്, വടക്കാഞ്ചേരി കൃഷി ഭവൻ, 04.09.15	50,000/-
6	STU/RF/15/2015-16 dt.14/09/2015	ഉമ നെൽവിത്ത്, തൃശ്ശൂർ കൃഷി ഭവൻ, 14.09.15	80,100/-
7	STU/RF/16/2015-16 dt.14/09/2015	ഉമ നെൽവിത്ത്, വടക്കാഞ്ചേരി കൃഷി ഭവൻ, 14.09.15	50,000/-
8	STU/RF/20/2015-16 dt.16/10/2015	ഉമ, കാഞ്ചന നെൽവിത്തുകൾ, പുതുക്കോട് കൃഷി ഭവൻ	2,200/-
9	STU/RF/28/2015-16 dt.30/03/2016	സോമദാസ്, കൊല്ലങ്കോട്, പാലക്കാട്	4,680/-
			---------- 2,74,580/- ========

മേൽ പ്രകാരം ക്രമീകരിക്കാൻ അവശേഷിക്കുന്ന ഇൻവോയ്സുകൾ ക്രമീകരിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

3-31 എൻ.എ.ആർ.പി. വെള്ളായണി

3-31-1 യാത്രാ ബത്ത അനുവദിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

1. എൻ.എ.ആർ.പി.എസ്.ആർ(1) 3210/15 തീയതി.31.03.16

2. വൗച്ചർ നം.308/3/2016 ബിൽ നമ്പർ 2112/15-16 – 13,667/- രൂപ

3. ബിൽ നം.345/13/2016 ചെക്ക് നം.326100/ 31.03.16 - 83,348/- രൂപ

2008 ആഗസ്റ്റ് 26 മുതൽ 28 വരെ ജർമ്മനിയിലെ ഫ്രിബെർഗിൽ വച്ച് "Diagnosis and control of Bee Diseases" എന്ന വിഷയത്തിൽ നടന്ന

സിംപോസിയത്തിൽ ഡോ.എസ്.ദേവനേശൻ, അസോസിയേറ്റ് ഡയറക്ടർ പങ്കെടുത്തിട്ടുണ്ട്. ഇതിലേക്കായി ക്രമ നമ്പർ 2&3 എന്നിവ പ്രകാരം 97,015/- രൂപ യാത്രാ ബത്ത ഇനത്തിൽ കൈപ്പറ്റിയിട്ടുണ്ട്.

2016 ആഗസ്റ്റ് 26 മുതൽ 28 വരെയുള്ള സിംപോസിയത്തിൽ പങ്കെടുത്തതിന് ആഗസ്റ്റ് 30 വരെയുള്ള താമസ ചെലവിലേക്കായി 40 യൂറോ നിരക്കിൽ 200 യൂറോ (@ 60.80 രൂപ) താമസത്തിനായി ലഭ്യമാക്കിയിട്ടുണ്ട്. 25 മുതൽ 29 വരെ ആകെ 4 ദിവസത്തെ താമസം മാത്രം അനുവദനീയമായതിനാൽ 2,432/- രൂപ അധികം വാങ്ങിയതായി കാണുന്നു. (40x60.80).

1. 5 ദിവസത്തെ ദിനബത്തയായി 375 ഡോളർ (@ 45.57 രൂപ) നൽകിയിട്ടുണ്ട്. ഇതിൽ 1 ദിവസത്തെ ദിനബത്ത 75 ഡോളർ 3,418/- രൂപ അധികമായി വാങ്ങിയിട്ടുണ്ട്.
2. യാത്രാ ഇൻഷ്വറൻസിനായി നൽകിയ 4,557/- രൂപ വ്യക്തിപരമായി ചെലവ് ഇനത്തിൽപ്പെടുന്നതിനാൽ ക്ലെയിമിന് അർഹതയില്ല.
3. കൂടാതെ 19.01.2007-ലെ സർക്കുലർ നം.5/07/ഫിൻ പ്രകാരം വിദേശ യാത്രയുടെ യാത്രാബത്ത ക്ലെയിം ചെയ്യുമ്പോൾ ടി യാത്രാബത്ത ഇന്ത്യൻ എംബസിയിൽ നിന്നും ക്ലെയിം ചെയ്തിട്ടില്ല എന്ന സർട്ടിഫിക്കറ്റ് യാത്ര ചെയ്ത ഉദ്യോഗസ്ഥൻ രേഖപ്പെടുത്തേണ്ടതുണ്ട്. എന്നാൽ മേൽ സർട്ടിഫിക്കറ്റ് ബില്ലിൽ ലഭ്യമല്ല.
4. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 56(എ), 56(ഡി) എന്നിവ പ്രകാരം യാത്രാബത്ത യാത്ര പൂർത്തിയായ മാസം കഴിഞ്ഞ് 2 വർഷത്തിനകം ക്ലെയിം ചെയ്തില്ലെങ്കിൽ അസാധുവാകുന്നതും, അത്തരം ക്ലെയിമുകൾ സർക്കാരിന്റെ പ്രത്യേക അനുവാദത്തോടും അംഗീകാരത്തോടും കൂടെ മാത്രമേ മാറാനാകൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. യാത്ര പൂർത്തിയാക്കി 7 വർഷം കഴിഞ്ഞ ഈ യാത്രയ്ക്ക് യാത്രാബത്ത നൽകുവാൻ സർക്കാർ അനുവാദം ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച്

നൽകിയ ഓഡിറ്റ് എൻകയരി നം.4-ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ അധികമായി കൈപ്പറ്റിയ 10,407/- രൂപ നിരാകരിക്കുകയും 86,608/- രൂപ തടസ്സപ്പെടുത്തുകയും ചെയ്യുന്നു.

3-31-2 ഖരമാലിന്യ സംസ്കരണ പദ്ധതി - പ്രവർത്തനക്ഷമമല്ല

ജൈവ ഖരമാലിന്യം ജൈവവളമാക്കാനുള്ള പ്ളാന്റുകൾ സ്ഥാപിക്കാനായി 1 കോടി അടങ്കൽ തുക ഉൾപ്പെടുത്തി 3/2013-ൽ ആരംഭിച്ച് 3 വർഷം കൊണ്ട് പൂർത്തിയാക്കാനാണ് പദ്ധതി ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ആയത് പ്രവർത്തനക്ഷമമല്ല.

ഇതിന്റെ ഭാഗമായിട്ടുള്ള മാതൃകാ പ്ളാന്റിനായി 15 കിലോ വേസ്റ്റ് കൈകാര്യം ചെയ്യുവാൻ ശേഷിയുള്ള വേസ്റ്റ് കൺവർട്ടർ 2,00,000/- രൂപ ചെലവിൽ മെസ്സേർസ്. ഇന്നോവേഷൻ എക്സ്പീരിയൻസ് മുഖേന നിർമ്മിച്ചിട്ടുണ്ട്. ആയതിന്റെ നിർമ്മാണം പൂർത്തിയാക്കി പ്രവർത്തന ക്ഷമത ഉറപ്പ് വരുത്തിയ ശേഷമാണോ 1 ടൺ ശേഷിയുള്ള പൈലറ്റ് പ്ളാന്റ് നിർമ്മാണം ആരംഭിച്ചത് എന്ന് വ്യകതമല്ല.

1 ടൺ വേസ്റ്റ് കൈകാര്യം ചെയ്യാൻ ശേഷിയുള്ള പ്ളാന്റ് നിർമ്മിക്കുവാനായി 22 ലക്ഷം രൂപ കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് നൽകിയിട്ടുണ്ട്. (കെട്ടിട നിർമ്മാണം, മെഷിനറി എന്നിവ ഉൾപ്പെടെ ആകെ എത്ര രൂപ ചെലവായിട്ടുണ്ടെന്ന് ഓഡിറ്റ് എൻകയരി നമ്പർ 5 പ്രകാരം വ്യക്തമാക്കുവാൻ ആവശ്യപ്പെട്ടുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല).

പദ്ധതിയുടെ പൂർത്തീകരണ ശേഷം പ്രസ്തുത പ്ളാന്റ് പ്രയോജനപ്രദമായ രീതിയിൽ ഉപയോഗിക്കുവാൻ ആവശ്യമായ വേസ്റ്റ് (പരമാവധി 1 ടൺ), ആയത് കൈകാര്യം ചെയ്യുവാനുള്ള മാനുഷിക ശേഷി എന്നിവ തുടർച്ചയായി ലഭ്യമാക്കുവാനുള്ള സംവിധാനം രൂപീകരിച്ചിട്ടില്ല. ആയതിനാൽ പ്ളാന്റ് തുടർച്ചയായി പ്രവർത്തിക്കുവാനാകാതെ ഉപയോഗരഹിതമാകാനുള്ള സാഹചര്യമാണ് നിലവിലുള്ളത്.

പ്രസ്തുത പ്ളാന്റ്, അതിന്റെ പരമാവധി ക്ഷമതയായ പ്രതിദിനം 1000 കിലോ വേസ്റ്റ് കൈകാര്യം ചെയ്യാനാവുമെന്ന് പരീക്ഷിച്ച് ഉറപ്പ് വരുത്തിയിട്ടില്ല.

ഇപ്രകാരം ജൈവമാലിന്യം ജൈവവളമാക്കാനുള്ള പദ്ധതിക്കായി വൻതുക ചെലവഴിച്ച് പ്ളാന്റും കെട്ടിടവും നിർമ്മിച്ചിട്ടുള്ള സാഹചര്യത്തിൽ ആയത് ഉപയോഗശൂന്യമാകാതെ തുടർച്ചയായി പ്രവർത്തനക്ഷമമാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-31-3 സ്പെക്ട്രോമീറ്റർ വാങ്ങൽ നടപടികൾ - അപാകതകൾ (National Project on Management of Soil Health & Fertility Stationery Soil testing lab project)

1. ഈ പ്രോജക്ടിന്റെ ഭാഗമായി ഒരു വിസിബിൾ സ്പെക്ട്രോ ഫോട്ടോമീറ്റർ വാങ്ങുവാൻ (നം.NARP(SR)3/4521/15) 13.01.16-ൽ ക്വട്ടേഷൻ ക്ഷണിക്കുകയും 3 കമ്പനികൾ ക്വട്ടേഷൻ സമർപ്പിക്കുകയും ചെയ്തു.

   1. Systronics India Ltd. - Rs.74,500/-
   2. Innate Analytics - Rs.60,000/-
   3. Elico - Rs.65,000/-

   ഇതിൽ എലികോ എന്ന കമ്പനി പ്രോജക്ടിൽ ഉപയോഗിച്ചിരുന്ന പഴയ 'Spectro Photometer'-ന് 13,000/- രൂപ ബൈ ബാക്ക് ആയി കാണിച്ച് 54,600/- രൂപ രേഖപ്പെടുത്തുകയും എലികോ-യ്ക്ക് പർച്ചേസ് ഓർഡർ നൽകുകയും ചെയ്തു. എന്നാൽ ക്വട്ടേഷൻ നോട്ടീസിൽ പഴയ 'Spectro Photometer' Buy Back Offer-ൽ തിരികെ നൽകുന്ന വിവരം രേഖപ്പെടുത്തിയിരുന്നില്ല. അതു കാരണം മറ്റ് സപ്ളയർമാർക്ക് അത് അനുസരിച്ചുള്ള നിരക്ക് രേഖപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. ക്വട്ടേഷനിൽ രേഖപ്പെടുത്താതെ ഒരു കമ്പനിക്ക് മാത്രം ബൈ ബാക്ക് ഓഫറിന് അവസരം നൽകിയ നടപടി ക്രമരഹിതമാണ്.

2. ഉപയോഗത്തിലായിരുന്ന സ്പെക്ട്രോ ഫോട്ടോമീറ്റർ തകരാറിലായതിനെ തുടർന്ന് സർവ്വീസ് ചാർജ്ജ് ഇനത്തിൽ 28,500/- രൂപ M/s. Analytikjena (AJ Instruments) എന്ന സ്ഥാപനത്തിന് നൽകിയെങ്കിലും പ്രസ്തുത സ്പെക്ട്രോ ഫോട്ടോമീറ്റർ പ്രവർത്തിപ്പിക്കുവാൻ സാധിച്ചിട്ടില്ല. 60,000/- രൂപയോളം വില വരുന്ന ഉപകരണം റിപ്പയറിങ്ങിനായി 28,500/- രൂപ ചെലവ് ചെയ്ത ശേഷവും പ്രയോജനപ്രദമാക്കുവാൻ സാധിക്കാതിരുന്ന സാഹചര്യവും വ്യക്തമല്ല.

3-31-4 സമയബന്ധിതമായി കരാർ വച്ച് പർച്ചേസ് ഓർഡർ നൽകാത്തത് കാരണം അധിക നിരക്ക് നൽകേണ്ടി വന്നു

"Marker Assisted Introgression of Thermosensitive Generic male sterile genes to red rice background for stable sterility for hybrid seed production" എന്ന പദ്ധതിക്കായി ഒരു "ജെൽ ഡോകുമെന്റേഷൻ സിസ്റ്റം വാങ്ങുവാൻ 06.02.2015-ൽ തീരുമാനിക്കുകയും 5 ലക്ഷം രൂപയുടെ അനുമതി ലഭിക്കുകയും ചെയ്തു. 11.02.2015-ൽ ടെണ്ടർ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുകയും, ടെണ്ടർ സമർപ്പിച്ച 7 കമ്പനികളിൽ നിന്നും 25.03.15-ന് കൂടിയ പർച്ചേസ് കമ്മിറ്റി സ്പെസിഫിക്കേഷൻ പാലിച്ചിട്ടുള്ളത് 2 കമ്പനികൾ മാത്രമാണെന്ന് കണ്ടെത്തി, ബഡ്ജറ്റ് പ്രൊവിഷനിലും (5,00,000/- രൂപ) അധിക തുക ആയതിനാൽ ഈ കമ്പനികളെ നെഗോസിയേഷനു ക്ഷണിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ Biored എന്ന സ്ഥാപനം GEL DOC XR എന്ന Biored GEL Documentation System, Branded PC ഇല്ലാതെ നികുതി ഉൾപ്പെടെ 5,00,990/- രൂപയ്ക്ക് സപ്ലൈ ചെയ്യാം എന്ന് 30.03.2015-ൽ സമ്മതിച്ചു.

എന്നാൽ 30.03.15-ൽ തന്നെ കൂടിയ പർച്ചേസ് കമ്മിറ്റി ഇത് 5,00,000/- രൂപയ്ക്ക് മുകളിൽ ആയതിനാൽ രണ്ടാമത്തെ സ്ഥാപനമായ Biodigital എന്ന സ്ഥാപനവുമായി നെഗോഷിയേറ്റ് ചെയ്യുകയും 5325 പൗണ്ടിന് @ 93 (4,95,225/- രൂപ) Syngel Documentation System സപ്ലൈ ചെയ്യാമെന്ന് 30.03.2015-ൽ ഓഫർ നൽകി.

ഇത് 30.03.15-ൽ തന്നെ പർച്ചേസ് കമ്മിറ്റി അംഗീകരിക്കുകയും ടി ഉപകരണം 5325 ചെലവ് ചെയ്യ വാങ്ങുവാൻ 31.03.15-ന് അസോസിയേറ്റ് പ്രൊഫസർ ഡോ.റോയ് സ്റ്റീഫന് കത്ത് നൽകുകയും ചെയ്യ.

31.03.15-ൽ അംഗീകരിച്ച പർച്ചേസ് ഉത്തരവും വിദേശ ഡി.ഡി. എടുക്കുവാനുള്ള കത്തും 05.05.15-ൽ മാത്രമേ അയച്ചിട്ടുള്ളതായി കാണുന്നുള്ള.

തുടർന്ന് 17.07.2015-ൽ മാത്രമാണ് ഡി.ഡി. എടുത്തത്. എന്നാൽ 7/15-ൽ പൗണ്ടിന്റെ വിനിമയ നിരക്ക് 99.53 രൂപ ആയതിനാൽ 5325-ന് 5,29,997/- രൂപ വിനിയോഗിക്കേണ്ടി വന്നു.

5,00,000/- രൂപ ചെലവുവാദമുള്ള ഉപകരണം 4,95,225/- രൂപയ്ക്ക് (5325) 31.03.2015-ൽ ഓർഡർ നൽകിയെങ്കിലും സമയബന്ധിതമായി വാങ്ങൽ പ്രക്രിയ പൂർത്തിയാക്കാത്തതിനാൽ യൂറോയുടെ നിരക്ക് വ്യത്യാസം കാരണം 34,772/- രൂപ അധിക ചെലവ് ചെയ്യേണ്ടി വന്നിട്ടുണ്ട്.

അധികമായി നൽകിയ തുകയായ 34,772/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

3-31-5 <u>ക്ഷാമബത്ത കുടിശ്ശിക – അധിക തുക കൈപ്പറ്റിയത് 4,535/- രൂപ നിരാകരിക്കുന്നു</u>

സി.ബി.വി. നം.05/14-15 പ്രകാരം എന്റമോളജി വിഭാഗം പ്രൊഫസറായ ഡോ.എസ്.ദേവനേശൻ 01.07.14 മുതൽ 28.02.15 വരെയുള്ള ക്ഷാമബത്ത കുടിശ്ശിക കൈപ്പറ്റിയിട്ടുണ്ട്. ആർജ്ജിതാവധി സറണ്ടർ ചെയ്തത് 01.04.14 പ്രാബല്യത്തിലാണ് (പേജ് നം.53 ഓഡിറ്റ് രജിസ്റ്റർ 2014-15) 1.4.14-ൽ 100% ക്ഷാമബത്തക്കാണ് അർഹതയുള്ളത്. എന്നാൽ ക്ഷാമബത്ത കുടിശ്ശിക ഇനത്തിൽ ആർജ്ജിതാവധി

സറണ്ടർ ചെയ്തതിന് 107% ക്ഷാമബത്ത കൈപ്പറ്റിയിട്ടുണ്ട്. (64,790/- രൂപ അടിസ്ഥാന ശമ്പളവും 69,325/- രൂപ ക്ഷാമബത്തയും) 4,535/- രൂപ അധികമായി ക്ഷാമബത്ത കൂടിശ്ശിക കൈപ്പറ്റിയത് തിരികെ ഈടാക്കി യൂണിവേഴ്സിറ്റി ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

3-31-6 അഡ്വാൻസ് തുകകളുടെ തിരിച്ചടവ് യഥാസമയം നടക്കുന്നില്ല – അടിയന്തിര നടപടിയെടുക്കുന്നത് സംബന്ധിച്ച്

ചെലവ് വൗച്ചറുകൾ അഡ്വാൻസ് രജിസ്റ്ററുമായി പരിശോധിച്ചപ്പോൾ, വിവിധ ആവശ്യങ്ങൾക്കായി എടുത്ത അഡ്വാൻസ് തുകകൾ യഥാസമയം ക്രമീകരിക്കുന്നില്ല എന്ന് ഓഡിറ്റിന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	തീയതി	റഫറൻസ് നമ്പർ & വിശദാംശം	ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ	തുക
1	03.06.15	45/15-16 SR-3/1276/03(i) dt.19.05.2015	ഡോ.ലാലു ദാസ്, പ്രൊഫസ്സർ, ആർ.പി.ഐ.	15,000/-
2	03.06.15	46/15-16 SR-3/488/06 dtd.19.05.2015	ശ്രീ. രാസലം, ഡ്രൈവർ	1,000/-
3	27.06.15	125/15-16 SR/7/336/11(iii) dtd.18.06.2015	ഡോ.സ്വപ്ന അലക്സ്, അസോ. പ്രൊഫസ്സർ	13,000/-
4	08.07.15	210/15-16 SR/4/3306/13 dt.08.06.2015	ഡോ.മേരി ഉക്കുറു, പ്രൊഫസ്സർ, എസ്.പി.ഐ.	10,000/-
5	08.07.15	144/15-16 SR-8/3818/13 dt.27.06.2015	മെ. സെപ്ക്ട ലാബ്, പനങ്ങപ്പാറ, തിരുവനന്തപുരം	85,875/-
6	08.07.15	202/15-16 SR-7/2472/3(iii) dt.27.12.2016	മെ. റീജിയണൽ അഗ്രോ ഇൻഡസ്ട്രീസ് ലിമിറ്റഡ്, നെയ്യാറ്റിൻകര	1,99,500/-
7	22.07.15	366/15-16 SR-4/3300/13 dt.22.07.2016	ഡോ.മേരി ഉക്കുറു, പ്രൊഫസ്സർ, എസ്.പി.ഐ.	10,000/-
8	05.08.15	367/15-16 SR-7/1204/13 dt.22.07.2015	മെ. സി.ഇ.പി.എൽ. ലബോറട്ടറി & ടെക്നിക്കൽ ഡിവിഷൻ, മുണ്ടക്കൽ, കൊല്ലം	2,24,720/-

9	03.09.15	534/15-16 SR-7/5091/08	ഡോ.റോയ് സ്റ്റീഫൻ, അസോ. പ്രൊഫസ്സർ	15,000/-
10	04.09.15	562/15-16	ഡോ. റോയ് സ്റ്റീഫൻ, അസോ. പ്രൊഫസ്സർ	15,000/-
11	06.10.15	717/15-16	ഡോ.ജിജി.ടി, പ്രൊഫസ്സർ & പി.ഐ.	4,000/-
12	15.09.15	766/15-16	ഡോ.ജിജി.ടി., പ്രൊഫസ്സർ & പി.ഐ.	4,000/-
13	15.09.15	819/15-16	ഡോ.സബിന ജോർജ്ജ്.ടി., പ്രൊഫസ്സർ & പി.ഐ.	25,000/-
14	18.11.15	919/15-16	മെ. അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്	6,17,000/-
15	12.11.15	904/15-16	ഡോ.മിനി.സി., അസ്സോസ്സിയേറ്റ് പ്രൊഫസ്സർ &പി.ഐ.	15,000/-
16	18.11.15	922/15-16	ഡോ.കെ.ഉഷാകുമാരി, പി.ഐ.	75,000/-
17	22.01.16	1328/15-16	ഡോ.ജയലക്ഷ്മി.വി., പ്രൊഫസ്സർ & പി.ഐ.	27,00,000/-
18	25.01.16	1359/15-16	മെ.സിത്താര കോയിമ്പത്തൂർ, ഡോ.ജയലക്ഷ്മി	32,505/-
19	27.01.16	1392/15-16	ഡോ.ലാലു ദാസ്, പ്രൊഫസ്സർ & പി.ഐ.	7,000/-
20	27.01.16	1394/15-16	ഡോ.എലിസബത്ത്.കെ. സിറിയക്, പ്രൊഫസ്സർ&പി.ഐ.	22,500/-
21	27.01.16	1395/15-16	ഡോ.എലിസബത്ത്.കെ. സിറിയക്, പ്രൊഫസ്സർ&പി.ഐ.	10,000/-
22	18.02.16	1515/15-16	ഡോ.ജയലക്ഷ്മി.വി., പ്രൊഫസ്സർ&പി.ഐ.	57,000/-
23	18.02.16	1516/15-16	ഡോ.ജയലക്ഷ്മി.വി., പ്രൊഫസ്സർ&പി.ഐ.	6,840/-

24	18.02.16	1517/15-16	ഡോ.ജയലക്ഷ്മി.വി., പ്രൊഫസ്സർ&പി.ഐ.	73,872/-
25	18.02.16	1518/15-16	ഡോ.ജയലക്ഷ്മി.വി., പ്രൊഫസ്സർ&പി.ഐ.	44,325/-
26	18.02.16	1519/15-16	ഡോ.ജയലക്ഷ്മി.വി., പ്രൊഫസ്സർ&പി.ഐ.	57,000/-
27	25.02.16	1463/15-16	ഡോ.ബി.അപർണ, അസോസ്സിയേറ്റ് പ്രൊഫസ്സർ & പി.ഐ.	5,000/-
28	25.02.16	1570/15-16	ഡോ.പി.സി.ജെസ്സികുട്ടി, അസോ. പ്രൊഫസ്സർ& പി.ഐ.	11,600/-
29	10.03.16	1610/15-16	ഡോ.റെജി റായ്, പി.ഐ.	77,625/-
30	17.03.16	1616/15-16	ഡോ.ഉഷാകുമാരി, പ്രൊഫസ്സർ & പി.ഐ.	30,000/-
31	30.03.16	1800/15-16	മെ.സിഡിയോ, സ്റ്റാറ്റ്യൂ, തിരുവനന്തപുരം.	1,999/-
32	30.03.16	1785/15-16	ഡോ.വി.കെ.ഗിരിജ, പ്രൊഫസ്സർ	5,100/-
33	31.03.16	1894/15-16	ഡോ.മഞ്ജു.ആർ.വി. അസോ. പ്രൊഫസ്സർ& പി.ഐ.	25,000/-
34	31.03.16	1847/15-16	ഡോ.ആർ.നാരായണൻ, അസോ. പ്രൊഫസ്സർ & പി.ഐ.	15,000/-
35	31.03.16	1831/15-16	പ്രസ്സ് മാനേജർ, കെ.എ.യു. പ്രസ്സ്, മണ്ണുത്തി.	50,000/-
36	31.03.16	1956/15-16	പ്രസ്സ് മാനേജർ, കെ.എ.യു.പ്രസ്സ്, മണ്ണുത്തി	27,000/-
37	31.03.16	1988/15-16	മെ. ഗ്ലോബ് സയന്റിഫിക്, തിരുവനന്തപുരം.	23,115/-
38	31.03.16	1886/15-16	മെ.ബെനിവോ പവർ സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്, പേട്ട	14,750/-

39		1998/15-16	മെ. സ്പ്ക്ട്ര ലാബ്, (ഡോ.നിഷ.എം.എസ്., പി.ഐ.)	32,000/-
40		2039/15-16	മെ.റെയ്ഡ്കോ കേരള ലിമിറ്റഡ്, നെയ്യാറ്റിൻകര, ഡോ.രാധ ദേവി, പി.ഐ.	2,65,000/-
41		2080/15-16	മെ. അസ് ല ക്രിയേഷൻ, കോളേജ് ഓഫ് അഗ്രിക്കൾച്ചർ,വെള്ളായണി	18,000/-
42		2116/15-16	മെ. സ്പ്ക്ട്ര ലാബ്, തിരുവനന്തപുരം.	28,851/-
43		2117/15-16	മെ.ബയോ സിസ്റ്റംസ്, ഇടപ്പഴിഞ്ഞി	48,949/-
44		2107/15-16	മെ. ബെനിവോ പവർ സൊല്യൂഷൻ പ്രൈവറ്റ് ലിമിറ്റഡ്, പേട്ട	46,100/-
45		2152/15-16	മെ. രോഹിണി ടയേഴ്സ്, (ഡോ.സാം.ടി., പ്രൊഫസ്സർ& പി.ഐ.)	9,500/-
46		2166/15-16	മെ.ക്രോമോൾ ബയോ-ടെക് പ്രൈവറ്റ് ലിമിറ്റഡ്, ബാംഗ്ളൂർ.	14,885/-
47		2173/15-16	മെ. ബ്രൊജീൻ, തിരുവനന്തപുരം.	24,997/-
48		2106/15-16	മെ. ആക്സസ് പവർ കെയർ സിസ്റ്റംസ്, തിരുവനന്തപുരം	4,15,000/-
49		2169/15-16	മെ. കൃ.ആർ.എസ്. പ്രൈവറ്റ് ലിമിറ്റഡ്, എം.ജി.റോഡ്, തിരുവനന്തപുരം.	80,000/-
50		2212/15-16	ഡോ.മഞ്ജു.ആർ.വി., അസോ.പ്രൊഫസ്സർ& പി.ഐ.	16,000/-

51		2170/15-16	മെ. ഗ്ലോബ് സയന്റിഫിക്, ഫോർട്ട്.പി.ഒ., തിരുവനന്തപുരം.	14,320/-
52		2170/15-16	മെ, ഈപ്പൻഡോർഫ് ഇന്ത്യ, ചെന്നൈ	14,885/-

ടി തുകകൾ തിരിച്ചുപിടിക്കുന്നതിനുള്ള അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ്.

3-31-7 കേരള ഗവൺമെന്റ് സെർവന്റ്സ് മെഡിക്കൽ അറ്റൻഡൻസ് റൂൾസ് 1960-വ്യവസ്ഥകൾ പാലിക്കാതെയുള്ള മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് - 41,165/- രൂപ തടസ്സപ്പെട്ടുത്തുന്നു

ചുവടെ പറയുന്ന മെഡിക്കൽ റീ-ഇംബേഴ്സ്മെന്റുകൾ അനുവദിച്ചത് കേരള ഗവൺമെന്റ് സർവന്റ്സ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1960-ലെ വ്യവസ്ഥകൾ പാലിക്കാതെയാണ്.

ക്രമ നം.	വൗച്ചർ നമ്പറും വിശദവിവരവും	ഹാജരാക്കാത്ത രേഖ
1	സി.ബി.വി. നം.09/09-15 ശ്രീമതി.ഷീജാറാണി.എ.കെ., അസിസ്റ്റന്റ് സെക്ഷൻ ഓഫീസറുടെ 11,122/- രൂപയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്	നിർമ്മല ഹോസ്പിറ്റൽ, തിരുവനന്തപുരം എന്ന പ്രൈവറ്റ് ഹോസ്പിറ്റലിലാണ് ചികിത്സ നടത്തിയിരിക്കുന്നത്. ടി ഹോസ്പിറ്റലിലേക്ക് റഫർ ചെയ്ത കൊണ്ടുള്ള ഗവൺമെന്റ് ഡോക്ടറുടെ കത്ത്.
2	സി.ബി.വി. നം. 08/09-15 ശാന്ത, ഓഫീസ് സൂപ്രണ്ടിന്റെ 10,285/- രൂപയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്	കിംസ് ഹോസ്പിറ്റൽ, തിരുവനന്തപുരം എന്ന പ്രൈവറ്റ് ഹോസ്പിറ്റലിലാണ് ചികിത്സ നടത്തിയിരിക്കുന്നത്. ടി ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തകൊണ്ടുള്ള ഗവൺമെന്റ് ഡോക്ടറുടെ കത്ത്.
3	സി.ബി.വി. നം. 07/09-15 ഷിബു.സി.എ., കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II-ന്റെ 4,498/- രൂപയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്	ബി.എൻ.വി. ഹോസ്പിറ്റൽ, തിരുവല്ലം, എന്ന പ്രൈവറ്റ് ഹോസ്പിറ്റലിലാണ് ചികിത്സ നടത്തിയിരിക്കുന്നത്. ടി ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തകൊണ്ടുള്ള ഗവൺമെന്റ് ഡോക്ടറുടെ കത്ത്.

4	<u>സി.ബി.വി. നം.38/10-15</u> അജിത്കുമാർ.എസ്.കെ., സെക്ഷൻ ഓഫീസറുടെ 15,260/- രൂപയുടെ മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്	കോസ്മോപൊളിറ്റൻ ഹോസ്പിറ്റൽ, തിരുവനന്തപുരം എന്ന പ്രൈവറ്റ് ഹോസ്പിറ്റലിലാണ് ചികിത്സ നടത്തിയിരിക്കുന്നത്. ടി ഹോസ്പിറ്റലിലേക്ക് റഫർ ചെയ്തകൊണ്ടുള്ള ഗവൺമെന്റ് ഡോക്ടറുടെ കത്ത്. ഒ.പി.ടിക്കറ്റ് ബില്ലിൽ ലഭ്യമല്ല. ബില്ലുകളുടെ മുഭാഗത്ത് പെയ്ഡ് ബൈ മി എന്ന് എഴുതി ഒപ്പിട്ടിട്ടില്ല.

കേരള ഗവൺമെന്റ് സർവന്റ്സ് മെഡിക്കൽ അറ്റന്റൻസ് റൂൾസ് 1960-ലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി അനുവദിച്ച 41,165/- രൂപ തടസ്സപ്പെടുത്തുന്നു.

3-31-8 <u>സിഡ്കോയിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നത് - കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധം</u>

സ.ഉ.(അച്ചടിച്ചത്) നം.3/2013 എസ്.പി.ഡി. തീയതി.21.06.13 പ്രകാരം പുറപ്പെടുവിച്ച കേരള സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9.22 പ്രകാരം, സർക്കാർ/ സർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഉൽപ്പന്നങ്ങൾ ആയത് ഉല്പാദനം ആരംഭിച്ച് 5 വർഷത്തിനകമാണെങ്കിൽ നേരിട്ട് വാങ്ങാമെന്നും വില നെഗോസിയേഷനിലൂടെ നിശ്ചയിക്കണമെന്നും ഖണ്ഡിക 9.24 പ്രകാരം വാങ്ങുന്ന സാധനങ്ങൾ ടി സർക്കാർ സ്ഥാപനം തന്നെ ഉല്പാദിപ്പിച്ചതാണെന്ന പർച്ചേസിങ്ങ് ഓഫീസർ ഉറപ്പുവരുത്തണമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

എന്നാൽ മേൽ വ്യവസ്ഥകൾക്ക് വിരുദ്ധമായി സ്ഥാപനത്തിലേക്ക് ആവശ്യമായ സാധനങ്ങൾ സിഡ്കോയിൽ നിന്നും നേരിട്ട് വാങ്ങിയിരിക്കുന്നു. ഭാവിയിലെ വാങ്ങലുകളിൽ ഈ പ്രവണത ഒഴിവാക്കി സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്.

3-31-9 <u>രജിസ്റ്റർ ഓഫ് ടെണ്ടർ പരിപാലിക്കുന്നതിലെ അപാകതകൾ</u>

കേരള ഫിനാൻഷ്യൽ കോഡ് വാല്യം II ഫോറം 15 പ്രകാരമുള്ള രജിസ്റ്റർ ഓഫ് ടെണ്ടർ സ്റ്റേഷനിൽ ഉപയോഗിക്കുന്നില്ല. നിലവിലുള്ള ടെണ്ടർ രജിസ്റ്ററിൽ നെയിം

ഓഫ് ഫേം, ഐറ്റം, കോസ്റ്റ് ഓഫ് ഐറ്റം എന്നിവ മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. കേരള ഫിനാൻഷ്യൽ കോഡ് പ്രകാരമുള്ള രജിസ്റ്റർ ഓഫ് ടെണ്ടർ പരിപാലിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-31-10 <u>യാത്രാബത്ത ബില്ലുകൾ തയ്യാറാക്കുന്നതിലെ അപാകതകൾ ചൂവടെ ചേർക്കുന്നു</u>

1. ശരിയായ ജീവനക്കാർ തീവണ്ടി സമയം രേഖപ്പെടുത്താതെ സമർപ്പിക്കുന്ന ടൂർ ഡയറികൾ പ്രകാരം ടി.എ. ബില്ലുകൾ തയ്യാറാക്കി ബത്തകൾ നൽകുന്നു.
2. യാത്ര ചെയ്ത ഉദ്യോഗസ്ഥരുടെ അടിസ്ഥാന ശമ്പളം രേഖപ്പെടുത്തിയിട്ടില്ല.
3. പ്രോജക്ട് ഫെല്ലോ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവർക്ക് യാത്രാ ബത്ത നൽകുന്നതിന് അവരെ യാത്രയ്ക്ക് നിർദ്ദേശിക്കുന്ന ഉത്തരവുകൾ അവരുടെ യാത്രയുടെ ആവശ്യകത എന്നിവ രേഖപ്പെടുത്തുന്നില്ല.

3-31-11 <u>ഔദ്യോഗിക കാറിന് ഇന്ധനക്ഷമത കുറവ്, ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്ത് റീ-ടെസ്റ്റ് ചെയ്യാതെ വാഹനം ഓടിച്ചതിൽ സർവ്വകലാശാലയ്ക്ക് ഭീമമായി നഷ്ടം</u>

സർക്കാർ ഉത്തരവ് (സാധാ) നം.582/75/പ്രൊ.മ. തീയതി.05.05.1975 അനുസരിച്ച് വാഹനത്തിന്റെ യന്ത്രത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്ത് ഇന്ധനക്ഷമതാ പരിശോധനക്ക് ഹാജരാക്കണമെന്നും ഇന്ധനക്ഷമത ഗണ്യമായി കുറയുകയാണെങ്കിൽ ഒരു മാസത്തിനകം റീ-ടെസ്റ്റ് ചെയ്യണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (പൊതു മരാമത്ത് വകുപ്പ്, മെക്കാനിക്കൽ സബ് ഡിവിഷൻ)റുടെ ഇന്ധനക്ഷമതാ സാക്ഷ്യപത്രം (നം.200/റ്റി.1/2015(24) തീയതി.06.02.2015) പ്രകാരം സ്ഥാപനത്തിലെ ഔദ്യോഗിക വാഹനമായ സ്വിഫ്റ്റ് ഡിസയർ കാറിന്റെ (രജിസ്റ്റർ നമ്പർ KL 08 BC 2078 വാഹനത്തിന്റെ ഇന്ധനം ഡീസൽ) ഇന്ധനക്ഷമത 11 കി.മീ. പ്രതി ലിറ്ററാണ്. ഇത് സാധാരണ ലഭിക്കേണ്ട ഇന്ധനക്ഷമതയേക്കാളും കുറവായതിനാൽ മേൽ സർക്കാർ ഉത്തരവിൽ വിശദീകരിച്ചതു

പ്രകാരം നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ എൻക്വയറി നമ്പർ 1/2015-16 തീയതി.20.12.2016 ആവശ്യപ്പെട്ടിരുന്നുവെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

01.04.2015 മുതൽ 31.03.2016 വരെ ആകെ 13997 കി.മീ. വാഹനം ഓടിയിട്ടുണ്ട്. വാഹനത്തിന്റെ ലോഗ്ബുക്കുകൾ (വാല്യം 2-ഉം 3-ഉം) പ്രകാരം ആകെ 1228.08 ലിറ്റർ ഡീസൽ നിറച്ചിട്ടുണ്ട്. (ഈ ഇനത്തിൽ ആകെ 69,914/- രൂപ ചെലവഴിച്ചിട്ടുണ്ട്). ഡീസലിന്റെ ഉപയോഗം പ്രതിലിറ്ററിന് അസാധാരണമായ (11 കി.മീ./ലിറ്റർ) നിലയിലാണെന്ന് കാണുന്നു.

വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ 31.01.2015-നാണ് ഇന്ധനക്ഷമതാ പരിശോധന അവസാനമായി നടത്തിയിരിക്കുന്നത്. സർക്കാർ ഉത്തരവ് (അച്ചടിച്ചത്) നം.13/2012/പൊ.മ. തീയതി.01.02.2012 പ്രകാരം പുറപ്പെടുവിച്ച കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ സെക്ഷൻ 111-ഉം 111(1)ഉം പ്രകാരം വാഹനത്തിന്റെ അറ്റകുറ്റപ്പണികൾ ചെയ്ത് ഉടൻതന്നെ ഇന്ധനക്ഷമതാ പരിശോധന നടത്തേണ്ടതാണ്.

ഇന്ധനക്ഷമത വളരെയേറെ കുറവായിട്ടും സർക്കാർ ഉത്തരവ് (സാധാ)നം.582/75/പൊ.മ. തീയതി.05.05.1975-ലെ വ്യവസ്ഥകൾ ലംഘിച്ച് വാഹനം ഉപയോഗിച്ചതിന് സർവ്വകലാശാലയ്ക്ക് നഷ്ടം ഉണ്ടായ തുക (വാഹനത്തിന്റെ യഥാർത്ഥ ഇന്ധനക്ഷമത ലഭ്യമല്ലാത്തതിനാൽ നഷ്ടം കൃത്യമായി തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല) കണക്കാക്കേണ്ടതും ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

3-31-12 വാഹനത്തിന്റെ ലോഗ് ബുക്കുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

സ്ഥാപനത്തിന്റെ ഔദ്യോഗിക വാഹനമായ KL 08 BC 2078 രജിസ്റ്റർ നമ്പർ വാഹനത്തിന്റെ ലോഗ് ബുക്കുകൾ എഴുതി സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഇന്ധനം നിറയ്ക്കുന്നത് സൂപ്പർവൈസിങ്ങ് ഓഫീസറുടെ സാന്നിദ്ധ്യത്തിലല്ല.
2. ഇന്ധനം നിറയ്ക്കുന്ന സമയത്തെ കി.മീ. റീഡിങ്ങ് രേഖപ്പെടുത്തുന്നില്ല. (കോളം നം.2)
3. ഫുൾടാങ്ക് ഇന്ധനം നിറച്ചിട്ടുണ്ടോ എന്ന കോളത്തിൽ (കോളം നമ്പർ 4) രേഖപ്പെടുത്തലുകളില്ല.
4. യാത്രാ വിവരണത്തിൽ കോളം നമ്പർ 5-ൽ യാത്രയുടെ ഉദ്ദേശ്യം രേഖപ്പെടുത്തുന്നില്ല.
5. ശ്രീ.കൃഷ്ണകുമാർ (ഉദ്യോഗപ്പേര് ചേർത്തിട്ടില്ല) യാത്ര ചെയ്ത 11.02.2016 (11 എ.എം.-4 എ.എം.) 17.02.2016 (9.30 എ.എം.-4 പി.എം.) 18.02.2016 (9 എ.എം.-3 പി.എം.) ദിവസങ്ങളിൽ കോളം നമ്പർ 8, 13 എന്നിവയിൽ രേഖപ്പെടുത്തേണ്ട ഒപ്പ് രേഖപ്പെടുത്തിയിട്ടില്ല.
6. കോളം നമ്പർ 14-ൽ രേഖപ്പെടുത്തേണ്ട കൺടോളിങ്ങ് ഓഫീസറുടെ ഒപ്പും ഒരു കോളത്തിലും രേഖപ്പെടുത്തിയിട്ടില്ല.

ലോഗ് ബുക്ക് സൂക്ഷിക്കുന്നതിലെ മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

3-32 എ.ഐ.എൻ.പി. ഓൺ പെസ്റ്റിസൈഡ് റെസിജ്യൂ

3-32-1 ഉപകരണങ്ങൾ വാങ്ങിയ ശേഷം അവ സ്ഥാപിക്കുവാൻ ദീർഘമായ കാലതാമസം നേരിടുന്നു

സ്റ്റേഷന്റെ ആവശ്യത്തിനായി 125 കെ.വി.എ. ജനറേറ്റർ വാങ്ങുവാൻ തീരുമാനിക്കുകയും 27.03.14-ൽ ഡി.ജി.എസ്. നിരക്കിൽ M/s.Elmech Engineer's-ന് സപ്ലൈ ഓർഡർ നൽകുകയും ചെയ്തു. 27.07.14-ൽ ലഭിച്ച കിർലോസ്കർ 125 കെ.വി.എ. ഡി.ജി. സെറ്റ് കമ്മീഷൻ ചെയ്തത് 9/2016-ൽ മാത്രമാണ്. ഇൻസ്റ്റലേഷനായുള്ള 1,20,555/- രൂപയുൾപ്പെടെ 10,29,972/- രൂപ ചെലവു ചെയ്ത്

വാങ്ങിയ ജനറേറ്റർ സെറ്റിന്റെ വാറന്റി വാങ്ങിയ നാൾ മുതൽ 1½ വർഷമാണ്. വാങ്ങിയശേഷം രണ്ട് വർഷത്തോളം ജനറേറ്റർ ഉപയോഗിക്കാതെ സൂക്ഷിക്കുകയായിരുന്നു. തുടർന്ന് ഇലക്ട്രിക്കൽ ഇൻസ്പ്ക്ടറേറ്റിന്റെ നടപടിക്രമങ്ങൾ പൂർത്തിയാക്കി ജനറേറ്റർ ഉപയോഗയോഗ്യമാക്കുവാൻ അധികമായി 48,907/- രൂപ കൂലിയിനത്തിലും ഓയിൽ മുതലായവ മാറ്റുന്നതിലേക്കുമായി ചെലവായിട്ടുണ്ട്. ജനറേറ്ററിന്റെ വാർഷിക അറ്റകുറ്റപ്പണി കരാറിൽ (AMC) ഏർപ്പെട്ടിട്ടില്ലാത്തതിനാൽ തകരാർ സംഭവിച്ചാൽ നിലവിൽ വൻ തുക ചെലവു വരുന്ന സാഹചര്യമാണുള്ളത്.

ഉപകരണങ്ങൾ വാങ്ങുന്നതിനു മുൻപായി ആയത് സ്ഥാപിക്കുവാനുള്ള ഭൗതിക സാഹചര്യം തയ്യാറാക്കുവാനും, വാങ്ങിയ ഉടൻ തന്നെ കാലതാമസമില്ലാതെ സ്ഥാപിക്കുവാനും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്. ഉപകരണങ്ങളുടെ AMC കൃത്യമായി പുതുക്കുന്നതിലും ശ്രദ്ധിക്കേണ്ടതാണ്.

3-32-2 <u>സർക്കാർ അംഗീകാരമില്ലാത്ത സ്വകാര്യ ആശുപത്രിയിലെ ചികിത്സയ്ക്ക് മെഡിക്കൽ റീ-ഇംബേഴ്സ് മെന്റ് ആനുകൂല്യം നൽകിയത് - ബന്ധപ്പെട്ട രേഖകൾ ഹാജരാക്കിയിട്ടില്ല – 14,194/- രൂപ തടസ്സപ്പെടുത്തുന്നു</u>

ഡോ.നസീമാ ബീവി, പ്രൊഫസർ & ഹെഡിന്റെ ഭർത്താവ് ശ്രീ.എം.അബ്ദുറഹിമിന് പി.ആർ.എസ്. ആശുപത്രി തിരുവനന്തപുരത്ത് ഡയബറ്റിസിന് ചികിത്സ നൽകിയതിന് ആകെ 14,194/- രൂപ അനുവദിച്ചിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	വൗച്ചർ നമ്പർ	ചെക്ക് നമ്പരും തീയതിയും	തുക
1	17/15-16	250983/ 22.4.15	12,336/-
2	18/15-16	250983/ 22.4.15	1,858/-
	ആകെ		---------- 14,194/- =======

ഇത് സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഡോ.നസീമാ ബീവി സമർപ്പിച്ച അപേക്ഷാ ഫാറങ്ങൾ ഹാജരാക്കിയിട്ടില്ല.
2. പി.ആർ.എസ്. ആശുപത്രിയിലെ ചികിത്സാ ചെലവിന് മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ് അനുവദിച്ചിട്ടില്ലാത്തതിനാൽ, ടി ആശുപത്രിയിൽ ചികിത്സിക്കാനായി ബന്ധപ്പെട്ട സർക്കാർ ഡോക്ടർ നൽകിയ ശുപാർശ കത്ത് ഹാജരാക്കിയിട്ടില്ല.

മേൽ അപാകതകൾ കാരണം ഡോ.നസീമ ബീവിക്ക് നൽകിയ മുഴുവൻ തുകയായ 14,194/- രൂപയും തടസ്സപ്പെടുത്തുന്നു.
(ഓഡിറ്റ് അന്വേഷണം നമ്പർ 1/ 06.03.2017).

3-33 കരുമുളക് ഗവേഷണ കേന്ദ്രം, പന്നിയൂർ.

3-33-1. ഫണ്ട് കൈമാറുന്നതിൽ കാലതാമസം-പ്രോജക്ട് പൂർത്തീകരണം വൈകുന്നു

പ്രോജക്ടിന്റെ പേര് : എസ്റ്റാബ്ലിഷ്മെന്റ് ഓഫ് പ്ലാന്റ് ഹെൽത്ത് ക്ലിനിക് ആൻഡ് ടെക് നഴ്സറി ഫോർ പ്രൊഡക്ഷൻ ഓഫ് ക്വാളിറ്റി പ്ലാന്റിംഗ് മെറ്റീരിയൽ

ഫണ്ടിംഗ് ഏജൻസി : കേരള സർക്കാർ കൃഷി (ഫാം) വകുപ്പ് (G.O.(Rt)No.1589/2012/AD dated, 06.08.2012)

അടങ്കൽ : 50 കോടി

'Rooted cutting plalnting material' ന്റെ ഉൽപ്പാദനം രണ്ട് വർഷം കൊണ്ട് പ്രതിവർഷം 1 കോടി വരെയാക്കുക എന്ന പ്രത്യേക നിബന്ധനയോടെ കേരള സർക്കാർ കൃഷി (ഫാം) വകുപ്പ് G.O.(Rt)No.1589/2012 AD dated, 06.08.2012 പ്രകാരം ടി പ്രൊജക്ടിന് അംഗീകാരം നൽകുകയും 1.50 കോടി രൂപ ഇതിലേയ്ക്കായി 30.03.2013 ന്

സർവ്വകലാശാലയ്ക്ക് കൈമാറുകയും ചെയ്തു. എന്നാൽ കുരുമുളക് ഗവേഷണ കേന്ദ്രം പന്നിയൂരിന് പ്രോജക്ട് നടത്തിപ്പിനായി സർവ്വകലാശാല യഥാസമയം ഫണ്ട് കൈമാറിയിട്ടില്ല. ഈ ഇനത്തിൽ ലഭിച്ച 1.50 കോടി രൂപയിൽ നിന്നും 64.80 ലക്ഷം രൂപ മാത്രമാണ് 2015-16 വരെ കൈമാറിയത്. അതുകൊണ്ടുതന്നെ ടി പ്രൊജക്ടിന്റെ പൂർത്തീകരണം നീണ്ടു പോകുകയാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. No.R8/64118/12 dated, 31.01.2013

	ഇനം	**2012-13**	**2013-14**	**2014-15**	**2015-16**	**ആകെ**
ബ	റിക്കറിംഗ്	7.7 ലക്ഷം	15.50	11.70	8.80	43.70
ജ	നോൺ റിക്കറിംഗ്	106.3 ലക്ഷം	___	___	___	106.30
റ്റ്	ആകെ	114.0 ലക്ഷം	15.50	11.70	8.80	114.00
പന്നിയൂർ ഗവേഷണ കേന്ദ്രം കൈമാറിയ തുക		NIL	44.80	NIL	20.00	64.80

പദ്ധതിയുടെ ആദ്യ വർഷത്തിൽ തന്നെ ഗവേഷണ പ്രവർത്തനത്തിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി 106.30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എന്നാൽ സർക്കാർ ഉത്തരവിൽ സൂചിപ്പിച്ച പ്രോജക്ട് കാലാവധി കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനായി അനുവദിച്ച തുകയുടെ 28% (29,79,440/-) വരെ മാത്രമാണ്. 2015-16 സാമ്പത്തിക വർഷാവസാനം വരേയ്ക്കും ചെലവ് ചെയ്തിരിക്കുന്നത്.

മേൽ സൂചിപ്പിച്ച സർക്കാർ നിബന്ധനകൾ പ്രകാരം ഇത്തരം അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിലൂടെ രണ്ടുവർഷത്തിനുള്ളിലായി 'rooted cutting planting material' ന്റെ ഉൽപ്പാദനം പ്രതിവർഷം 1 കോടി വരെ എത്തേണ്ടതാണ്. എന്നാൽ ഇതിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുവാൻ ഗവേഷണ കേന്ദ്രത്തിന് ഇതുവരെയും സാധിച്ചില്ല. ടി ഗവേഷണ പദ്ധതിക്കായി അനുവദിച്ച പണം സർവ്വകലാശാല യഥാസമയത്ത് കൈമാറാത്തത് പദ്ധതിയുടെ പൂർത്തീകരണത്തെ സാരമായി ബാധിക്കുന്നുണ്ട്. അതുകൊണ്ട് തന്നെ സർവ്വകലാശാല അക്കൗണ്ടിൽ

സൂക്ഷിക്കുന്ന പദ്ധതിയുമായി ബന്ധപ്പെട്ട പണം ആയതിന്റെ പ്രവർത്തനത്തിനായി കൈമാറേണ്ടതും, ഗവേഷണ പദ്ധതി എത്രയും പെട്ടെന്ന് പൂർത്തീകരിക്കേണ്ടതുമാണ്.

3-33-2 ബൗണ്ടറി നിർമ്മാണത്തിനായി വാങ്ങിയ എം.എസ്. ആങ്കിൾസ്, ചെയിൻ ലിങ്ക്സ് എന്നിവ ഉപയോഗിക്കാതെ കിടക്കുന്നു

പദ്ധതി : 9335-GOK-Establizhment of Plant Health Clinic and Hi.Tech Nursery for production of quality planting material for black pepper.

ബിൽ വിശദാംശങ്ങൾ	ചെലവിനം	തുക
CBV No.129/03-12 തിയ്യതി, 31.03.2016 ചെക്ക് നം.694282/31.03.16 Rs.191761 തുക : 138211	ചെയിൻ ലിങ്ക്സ് 300 മീറ്റർ	90,,090/-
		41,821/-
		6,300/-
ആകെ		1,38,211/-

മേൽപ്രകാരം വാങ്ങിയ സാമഗ്രികൾ ഉപയോഗിക്കാതെ പഴയ ക്വാർട്ടേഴ്സിൽ സൂക്ഷിച്ചിരിക്കുന്നതായി ഭൗതിക പരിസോധനയിൽ കണ്ടു. ബൗണ്ടറി നിർമ്മാണം നടത്താത്തതിനാൽ 1,38,211/- രൂപ ഓഡിറ്റിൽതടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം 11/20.10.16)

3-33-3 പുസ്തകം അച്ചടിച്ചിട്ടില്ല

ബിൽ വിശദാംശങ്ങൾ	ചെലവിനം
CBV No. 150/3-16 dt. 31.03.2016 ചെക്ക് നം. 694294/31.03.16 തുക 20,000/- പ്രൊജക്ട് - '9335'	കുരുമുളക്-രോഗങ്ങളും, കീടങ്ങളും എന്ന പുസ്തകം അച്ചടിക്കുന്നതിനായി പ്രസ്സ് മാനേജർ, കെ.എ.യു. പ്രസ്സ് മണ്ണുത്തിക്ക് നൽകിയ തുക 20,000/- ഇൻവോയ്സ് നം. 159/15-16 തിയ്യതി, 29.03.2016

മേൽപ്രകാരം തുക കൈമാറിയെങ്കിലും പുസ്തകം അച്ചടിച്ച് ലഭ്യമാക്കിയിട്ടില്ല. 20,000/- തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം 03/19.10.16)

3-33-4 <u>പെപ്പർ സാമ്പിൾ സ്ക്രീനിംഗിനായി തുക നൽകി റിസൾട്ട് പൂർണ്ണമായും ലഭിച്ചിട്ടില്ല.</u>

ബിൽ വിശദാംശങ്ങൾ	ചെലവിനം
CBV No. 47/3-16 dt. 28.03.2016 ചെക്ക് നം. 665900 തുക 20,000/- പ്രൊജക്ട് - '9335'	പെപ്പർ സാമ്പിൾ 100 എണ്ണം വൈറസ് ഇന്റക്സ് സ്ക്രീനിംഗിനായി അസോസിയേറ്റ് ഡയറക്ടർ NARP (SR) ന് നൽകിയ തുക 20,000/- ഇൻവോയ്സ് നം. 5/15-16 തിയ്യതി, 21.03.2016

മേൽപ്രകാരം 100 പെപ്പർ സാമ്പിളുകൾ വൈറസ് ഇന്റക്സ് സ്ക്രീനിംഗിനായി നൽകിയതെങ്കിലും 67 സാമ്പിളുകളുടെ റിസൾട്ട് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. അവശേഷിക്കുന്ന സാമ്പിളുകളുടെ റിസൾട്ട് കൂടി ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 33 സാമ്പിളുകളുടെ ടെസ്റ്റിംഗ് ചാർജ്ജായ 33 x 200 രൂപ = 6600 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം 03/19.10.16)

3-33-5 <u>ഹൈടെക് നഴ്സറിക്കായി പോളി ഹൌസ് നിർമ്മാണം-സെമിനാർ ഹാൾ റീമോഡലിംഗ്-പൂർത്തീകരണ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.</u>

ക്രമ നം.	ബിൽ വിശദാംശങ്ങൾ	ചെലവിനം
1.	CBV No. 30/11-15 ചെക്ക് നം. 344058 dt. 19.11.2015 തുക 12,00,000/-	ഹൈടെക് പോളി ഹൗസ് നിർമ്മാണത്തിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, തവന്നൂർക്ക് നൽകിയ തുക 12,00,000/- രൂപ
2.	CBV No. 174/03-16 ചെക്ക് നം. 694300 dt. 31.03.2016 തുക 6,00,000/-	നിലവിലുള്ള സെമിനാർ ഹാൾ, ലാബ് റൂം എന്നിവ റീ മോഡലിംഗ് ചെയ്യുന്നതിനായി എക്സിക്യൂട്ടീവ് എഞ്ചിനീയർ, തവന്നൂർ എഞ്ചിനീയർ തവന്നൂർ ഡിവിഷന് കൈമാറിയ തുക 6,00,000/-

മേൽപ്പറഞ്ഞ പ്രവൃത്തിയുടെ കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല. കൂടാതെ ഹൈടെക് നഴ്സറി പ്രവർത്തനം ആരംഭിച്ചിട്ടില്ല. കംപ്ലീഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കി ഓഡിറ്റിന് ലഭ്യമാക്കേണ്ടതും നഴ്സറി പ്രവർത്തനം ആരംഭിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം 03/19.10.16)

3-33-6 കർഷകർക്ക് പച്ചക്കറിത്തൈകൾ നൽകൽ-വിതരണത്തിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

ബിൽ വിശദാംശങ്ങൾ	ചെലവിനം
CBV No. 95/3-16 ചെക്ക് നം. 694261 dt. 28.03.2016 തുക 8,600/-	കർഷകർക്ക് വിതരണത്തിനായി PRS പന്നിയൂരിൽ നിന്നും വാങ്ങിയ 400 വെണ്ടത്തൈകൾ - 2000/- രൂപ 400 തക്കാളിത്തൈകൾ - 2000/- രൂപ (Invoice No.64/15-16 dt. 18.03.2016)
ആകെ	8600/- രൂപ

മേൽപ്പറഞ്ഞ തൈകൾ മിസലേനിയസ് ഐറ്റംസ് സ്റ്റോക്ക് രജിസ്റ്റർ പേജ് 156-ൽ സ്റ്റോക്കിൽ എടുത്ത് ട്രയൽ സ്പോട്സിൽ വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. എന്നാൽ തൈകൾ കൈപ്പറ്റിയ SHG/കർഷകരുടെ വിശദാംശങ്ങൾ കൈപ്പറ്റ് രസീത് എന്നിവ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. 8,600/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം 06/19.10.16)

3-33-7 ഉദ്പ്പാദിപ്പിച്ച കുരുമുളക് തൈകൾ സ്റ്റോക്കിൽ എടുത്തിട്ടില്ല : 73170/- രൂപ തടസ്സപ്പെടുത്തുന്നു

ഗവേഷണകേന്ദ്രത്തിലെ കുരുമുളക് തൈകൾ ഉൽപ്പാദിപ്പിച്ച ഇനത്തിൽ ഹരിദീപം SHG ഗ്രൂപ്പിന് ഉൽപ്പാദിപ്പിച്ച എണ്ണത്തിന്റെ വിലയുടെ 25% തുകയായ 73,170/- രൂപ വിവിധ ബില്ലുകളിലായി നൽകിയിട്ടുണ്ട്. എന്നാൽ ഉൽപ്പാദിപ്പിക്കപ്പെട്ട ടി തൈകൾ സ്റ്റോക്കിലേക്ക് എടുത്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	ബിൽ നം.	തുക	ഉൽപ്പാദിപ്പിച്ച കുരുമുളക് ചെടിയുടെ എണ്ണം		
			P1	P5	കരിമുണ്ട
1	23/05-15 894185 dt.29.05.2015	25,000/-	2,500/-	0	5,000/-
2	10/08-15 308250 dt.12.08.2015	16,250/-	2,500/-	2,000/-	2,000/-
3	28-08-15 308250 dt.26.08.2015	4,770/-	954/-	889/-	65/-

4	35/10-15 71072 dt.26.10.15	20,000/-	7,000/-	1,000/-	0
5	11/11-15 308295 dt.16.11.2015	7,150/-	1,200/-	830/-	830/-
ആകെ		73170/-	14,154/-	4719/-	7895/-

ഓഡിറ്റ് അന്വേഷണം നം. 07/20.10.16 പ്രകാരം ടി വിഷയത്തിൽ മറുപടി ആവശ്യപ്പെട്ടുവെങ്കിലും ആയതിന് മറുപടി ലഭ്യമായിട്ടില്ല. ആയതിനാൽ ഈ ഇനത്തിൽ ചെലവായ തുക 73,170/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ മേൽ സൂചിപ്പിച്ച സ്റ്റോക്കിലുള്ള കുറവിന്റെ മൂല്യം വരവിലുള്ള നഷ്ടമായും ഓഡിറ്റ് കണക്കാക്കുന്നു.

3-34 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയൽ

3-34-1 പ്രോസ്സസ്സിങ്ങ് ലാബിലെ ഉൽപ്പന്നങ്ങളുടെ വിപണനം - ഗുണഭോക്താക്കൾക്ക് രശീതി നൽകുന്നില്ല

പ്രോസ്സസ്സിങ്ങ് ലാബ് കൗണ്ടറിൽ നിന്നും ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് പ്രത്യേകം രശീത് നൽകാതെ ഒരു ദിവസത്തെ മൊത്തം ഉൽപ്പന്നങ്ങളുടെ വിറ്റ് വരവാണ് രശീതി ചെയ്യപ്പെടുന്നത്. ഏതാനും ഉദാഹരണം ചുവടെ ചേർക്കുന്നു.

ക്രമ നം.	രസീത് നമ്പർ	രസീത് തീയതി	ഉൽപ്പന്നങ്ങൾ വിറ്റ തീയതി	തുക *
1	89/ 60436	28.11.15	28.11.15	7811
2	92/ 60440	07.12.15	05.12.15	6168
3	32/ 60443	11.12.15	10.12.15	5412
4	80/ 60454	04.01.16	02.01.16	3880
5	96/ 60477	22.02.16	20.02.16	10414
6	32/ 60481	29.02.16	27.02.16	9900

* (ഒരു ദിവസം വിൽപ്പന നടത്തിയ വിവിധ ഉൽപ്പന്നങ്ങളുടെ ആകെ തുക)

ഉൽപ്പന്നങ്ങൾ വാങ്ങുന്ന ഗുണഭോക്താക്കൾക്ക് പ്രത്യേകം രസീത് നൽകാത്തതു മൂലം ഓരോ ഗുണഭോക്താക്കൾക്കും നൽകുന്ന ഉൽപ്പന്നം, അളവ്, നിരക്ക് എന്നിവയുടെ കൃത്യത പരിശോധിച്ച് ഉറപ്പുവരുത്താൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. പ്രോസ്സസ്സിങ്ങ് ലാബിൽ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾ കൃത്യമായി തന്നെ സ്റ്റോക്കിലെടുക്കേണ്ടതും, ഗുണഭോക്താക്കൾക്ക് അവർ വാങ്ങുന്ന ഉൽപ്പന്നത്തിന്റെ പേര്, അളവ്, നിരക്ക് എന്നിവ രേഖപ്പെടുത്തിയ രസീത് നൽകേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 04/18-01-2017)

3-34-2 ടിഷ്യുകൾച്ചർ വാഴത്തൈകളുടെ ഉൽപ്പാദനം ലാഭകരമാക്കേണ്ടതാണ്

"Production and distribution of planting material and value added products" (6258) എന്ന റിവോൾവിങ്ങ് ഫണ്ടിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ടിഷ്യുകൾച്ചർ വാഴത്തൈകളുടെ ഒരു ഉൽപ്പാദന യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. 2015-16 വർഷത്തെ ഇതിന്റെ പ്രവർത്തനം പരിശോധിച്ചപ്പോൾ വരവിൽ കൂടുതൽ ചെലവ് വന്നിരിക്കുന്നതായി കാണുന്നു.

'ഹാർഡനിങ്ങ്' ചെയ്യാത്ത കൂപ്പിയിൽ നിറച്ച വാഴത്തൈകൾ ആർ.ആർ.എസ്. വൈറ്റിലയിൽ നിന്നും ടി കേന്ദ്രത്തിലേക്ക് കൊണ്ടുവരികയും ഹാർഡനിങ്ങ് അടക്കമുള്ള തുടർ പ്രവർത്തനങ്ങൾ ഇവിടെവച്ച് നടത്തുകയുമാണ് ചെയ്യുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

നെല്ല് ഗവേഷണ കേന്ദ്രം വൈറ്റിലയിൽ നിന്നും വാങ്ങിച്ച ടിഷ്യുകൾച്ചർ തൈകളുടെ വിശദാംശങ്ങൾ

ക്രമ നമ്പർ	ബിൽ നമ്പർ/ ചെക്ക് നമ്പർ	തുക	ഹാർഡനിങ്ങ് ചെയ്യാത്ത വാഴത്തൈകളുടെ എണ്ണം	
			നേന്ത്രൻ	മിന്റോളി
1	467/3-15/ 072509/ 11-6-2015	1,42,500/-	12000	-
2	471/3-15/ 072508/ 11-6-2015	1,18,750/-	10000	
3	52/7-15/ 768100/ 10-07-15	1,97,125/-	15000	1000

4	36/10-15/ 072809/ 8-10-15	1,06,994/-	5250	2750
5	345/15-16/ 755393/ 30-7-15	1,01,500/-	8000	500
6	694/15-16/ 143768/ 26-9-15	59,375/-	-	2500
7	737/15-16/ 143777/ 5-10-15	1,12,813/-	7300	1100
8	154/2-16/ 466247/ 17-2-16	1,18,750/-	-	5000
	ആകെ	**9,57,807/-**	**57,550**	**12,850**

ഹാർഡനിങ്ങിനായി നൽകിയ തൈകളും, തിരികെ സ്റ്റോക്കിലേക്ക് ലഭിച്ച തൈകളും

ഇനം	ഹാർഡനിങ്ങിനായി നൽകിയ തൈകളുടെ എണ്ണം	ഹാർഡനിങ്ങിന് ശേഷം തിരികെ സ്റ്റോക്കിലേക്ക് ലഭിച്ച തൈകളുടെ എണ്ണം	ശതമാനം
നേന്ത്രൻ	57,550	24,335	42.28
മിന്റോളി	12,850	3,665	28.52

ഹാർഡനിങ്ങിനായി നൽകിയ തൈകളിൽ നിന്നും യഥാക്രമം 42.3%, 28.5% വീതം നേന്ത്രൻ, മിന്റോളി തൈകൾ മാത്രമേ തിരികെ സ്റ്റോക്കിലേക്ക് തിരിച്ച് വന്നിട്ടുള്ളൂ. (Stock Register of Tissue Culture Banana). ഇതിന്റെ മൂല്യം കണക്കാക്കുമ്പോൾ വരവിനേക്കാൾ കൂടുതൽ ചെലവ് ഉള്ളതായി കാണുന്നു.

ചെലവ്	വരവ്	വ്യത്യാസം
9,57,807	7,36,650*	2,21,157

* 24335 നേന്ത്രൻ x 25 = 6,08,375 + 3665 മിന്റോലി x 35 = 128275

കേന്ദ്രത്തിലേക്ക് കൊണ്ടുവന്ന ടിഷ്യുകൾച്ചർ ചെടികളെ കൂപ്പിയിൽ നിന്ന് മാറ്റി വൃത്തിയാക്കൽ, ഹാർഡനിങ്ങ് ചേമ്പറിലേക്ക് മാറ്റി പോർട്ട് ട്രേയിലേക്ക് മാറ്റി സ്ഥാപിക്കൽ, ഹാർഡനിങ്ങിന് ശേഷം പോളിത്തീൻ കവറിലേക്ക് മാറ്റൽ തുടങ്ങിയ നിരവധി ജോലികൾക്ക് വേണ്ടിവരുന്ന മനുഷ്യാദ്ധ്വാനം അതോടൊപ്പം ആവശ്യമായി വരുന്ന ഭൗതിക സംവിധാനങ്ങൾ എന്നിവകളുടെ മൂല്യം കൂടി ഇതോടൊപ്പം

ചേർക്കുമ്പോൾ ഈ പ്രവർത്തനത്തിൽ വലിയ നഷ്ടം സംഭവിക്കുന്നുണ്ട്. ആയത് പരിശോധിച്ച് ടിഷ്യുകൾച്ചർ വാഴത്തൈകളുടെ ഉൽപ്പാദനം ലാഭകരമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 07/ 19-01-17)

3-34-3 കാബേജ് - കോളിഫ്ളവർ തൈകളുടെ ഉൽപ്പാദനം - സ്റ്റോക്കിൽ രേഖപ്പെടുത്തി കാണുന്നില്ല

2015-16 സാമ്പത്തിക വർഷത്തിൽ കാബേജ്, കോളിഫ്ളവർ തൈകളുടെ ഉൽപ്പാദനത്തിനായി അതിന്റെ വിത്തുകൾ എസ്.എച്ച്.ജി. ഗ്രൂപ്പിന് കൈമാറിയിട്ടുണ്ട്. എന്നാൽ ഇതിൽ നിന്നും ഉൽപ്പാദിപ്പിച്ച തൈകളുടെ വിശദാംശങ്ങൾ സ്റ്റോക്കിൽ രേഖപ്പെടുത്തി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ഇനം	എസ്.എച്ച്.ജി. ഗ്രൂപ്പിന് നൽകിയ കാബേജ്, കോളിഫ്ളവർ വിത്തുകൾ	നൽകിയ തീയതി	VGSR Vol.XXI Page No.
കാബേജ്	27 പാക്കറ്റ്	30-9-15	Page No. 80
കാബേജ്	4 പാക്കറ്റ്	01-2/ 10-15	80
കോളിഫ്ളവർ	14 പാക്കറ്റ്	30-9-15	80

ലഭ്യമാകേണ്ട കാബേജ് കോളിഫ്ളവർ തൈകളുടെ എണ്ണം

10 ഗ്രാം വീതമുള്ള മേൽ സൂചിപ്പിച്ച കാബേജ്, കോളിഫ്ളവർ പാക്കറ്റുകളിൽ കുറഞ്ഞത് 2000-ഓളം വിത്തുകൾ ഉണ്ടാവും. ഇവ മുളപ്പിക്കാനായി നൽകിയാൽ കുറഞ്ഞത് 60%മെങ്കിലും ഗുണമേന്മയുള്ള തൈകൾ ലഭിക്കുന്നതാണ്. ഇതു പ്രകാരം മേൽ സൂചിപ്പിച്ച കാബേജ് - കോള്ഫ്ളവർ വിത്തുകളിൽ നിന്നും ലഭ്യമാവുന്ന തൈകളുടെ എണ്ണം താഴെ പറയും പ്രകാരമാണ്.

കാബേജ് - 31 പാക്കറ്റ് x 2000 = 62,000 ഇതിന്റെ 60% = 37,200
കോളിഫ്ളവർ - 14 പാക്കറ്റ് x 2000 = 28,000 ഇതിന്റെ 60% = 16,800

ആകെ 54,000

ഇതിന്റെ സ്റ്റോക്ക് മൂല്യം = 54,000 @ 2/- = 1,08,000/-

കുറഞ്ഞത് 1,08,000/- രൂപ സ്റ്റോക്ക് മൂല്യം വരുന്ന കാബേജ്, കോളിഫ്ളവർ തൈകൾ ആണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്താതെയും, സ്റ്റോക്കിൽ ഇല്ലാതെയും കിടക്കുന്നത്. കാബേജ്, കോളിഫ്ളവർ തൈകളുടെ ഉൽപ്പാദനവും, കൃഷിയും ഒക്ടോബർ തൊട്ട് ഫിബ്രുവരി മാസം വരെ മാത്രമേ നടത്തുവാൻ സാധിക്കുകയുള്ളൂ. ഈ സാഹചര്യത്തിൽ ഈ ചെടികൾ ഈ ഒരു കാലയളവിൽ തന്നെ ടി ചെടികൾ സ്റ്റോക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 19/ 19-01-2017)-

3-34-4 <u>ചാണകത്തിന്റെ ഉപയോഗം - രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ - അപാകതകൾ</u>

2015-16 സാമ്പത്തിക വർഷത്തിൽ വിവിധ പ്രൊജക്ടുകളിലായി സി.വി.മോഹനൻ, കുന്നോത്ത് എന്നയാളിൽ നിന്നും 755.5 ടൺ ചാണകം 17,00,000/- രൂപ നൽകിക്കൊണ്ട് വിവിധ ഘട്ടങ്ങളിലായി വാങ്ങിയിട്ടുണ്ട്. ചാണകം വാങ്ങിയ അതേ ദിവസങ്ങളിൽ തന്നെ വിവിധ ബ്ളോക്കുകളിലേക്ക് നൽകിയതായി സ്റ്റോക്ക് രജിസ്റ്ററിൽ (FCMR Vol. X, XI) രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി കേന്ദ്രത്തിലെ ദിനംപ്രതിയുള്ള ജോലികളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തുന്ന ഡി.എം.എസ്. രജിസ്റ്ററുമായി ഇത് ഒത്തുനോക്കി പരിശോധിച്ചപ്പോൾ സമാനമായ രേഖപ്പെടുത്തലുകൾ കാണുന്നില്ല. ഉദാഹരണം ചുവടെ കൊടുക്കുന്നു.

ഇൻവോയ്സ് നമ്പർ 14 തീയതി.14-12-15 പ്രകാരം 49.44 ടൺ ചാണകം ടി കേന്ദ്രത്തിൽ എത്തിയപ്പോൾ FCMR, DMS രജിസ്റ്ററുകളുടെ രേഖപ്പെടുത്തലുകൾ

FCMR Vol. XI - Page No. 242				DMS രജിസ്റ്റർ പ്രകാരം ടി ദിവസങ്ങളിൽ ചെയ്ത ജോലികൾ		
ക്രമ നം.	Date of issue	അളവ് kg.	ബ്ളോക്ക് നമ്പർ	ജോലികൾ	തൊഴിലാളികൾ	
					സ്ത്രീ	പുരുഷൻ
1	09-12-15	10720	VII	Guiding water, paddy harvesting, head loading, thresting, drying	7	15
2	10-12-15	9530	VIII	Pandal work, vegitable work, weeding, irrigation	4 (Plot No.XIV)	9 VIII, XIV
3	11-12-15	10170	IX	TC Banana work, vegetable work, irrigation	5	9
4	12-12-15	10130	XII	Second saturday – ജോലി ഇല്ല	-	-
5	13-12-15	8890	XV	ഞായർ - ജോലി ഇല്ല	-	-

FCMR രജിസ്റ്റർ പ്രകാരം വിവിധ ദിവസങ്ങളിലായി വിവിധ ബ്ളോക്കുകളിലേക്കായി ചാണകം നൽകിയ അതേ ദിവസങ്ങളിൽ ഡി.എം.എസ്. രജിസ്റ്റർ പ്രകാരം തൊഴിലാളികൾ ചാണകം ഉപയോഗിച്ചുകൊണ്ടുള്ള ജോലികൾ ചെയ്തതായി കാണുന്നില്ല. ഇത്തരത്തിൽ 10 ഇൻവോയ്സുകൾ (14 to 23) FCMR, DMS രജിസ്റ്ററുകൾ പ്രകാരം ഒത്തുനോക്കിയപ്പോൾ സമാനമായി രേഖപ്പെടുത്തലുകൾ ടി രജിസ്റ്ററിൽ ഇല്ല.

17 ലക്ഷം രൂപ ചെലവാക്കിക്കൊണ്ട് ടി വർഷത്തിൽ 755.5 ടൺ ചാണകം ടി കേന്ദ്രത്തിലേക്ക് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് ഉപയോഗിച്ചത് സംബന്ധിച്ച്, സ്റ്റോക്ക് രജിസ്റ്ററിൽ കാണുന്ന അപാകതകൾ പരിശോധിക്കപ്പെടേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 16/ 19-01-17)

3-34-5 പോളി ഹൗസുകൾ/ ഗ്രീൻ ഹൗസുകൾ/ മിസ്റ്റ് ചേമ്പർ നിർമ്മാണം - അപാകതകൾ

2015-16 വർഷത്തിൽ ചെയ്ത നിർമ്മിതികളുമായി ബന്ധപ്പെട്ട ചെലവിന്റെ വിശദാംശങ്ങൾ താഴെച്ചേർക്കുന്നു.

ക്രമ നം.	ഇനം/ ശീർഷകം സ്ഥാപനം	വിസ്തീർണ്ണം	യൂണിറ്റ് കോസ്റ്റ്	ആകെ ചെലവ്	ബിൽ നമ്പർ
1	മിസ്റ്റ് ചേമ്പർ/ 9253 ഫാം കമ്പനി, മലപ്പുറം	2000 m^2	848/ m^2	16,96,000/-	1035/15-16/ 08.12.15
2	ഹാർഡനിങ്ങ് 8287 യൂണിറ്റ്/ ഷമീർ അഹമ്മദ്	1000 m^2	-	9,69,000/-	1964/15-16/ 31.03.16
3	മിസ്റ്റ് ചേമ്പർ/ 8287 ഷമീർ അഹമ്മദ്	600 m^2	-	4,70,400/-	1965/15-16/ 31.03.16

മേൽ സൂചിപ്പിച്ച പ്രവൃത്തികൾക്ക് ഏറ്റവും കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ സ്വീകരിച്ചുവെന്ന് ഉത്തരവിൽ സൂചിപ്പിച്ചിട്ടുണ്ടെങ്കിലും ആയത് സംബന്ധിച്ച ഫയൽ ലഭ്യമാക്കിയില്ല. യൂണിവേഴ്സിറ്റി തലത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകരിക്കുകയോ ചെയ്തിട്ടില്ല. ടെണ്ടർ ലഭിക്കുന്ന സ്ഥാപനത്തിന്റെ യൂണിറ്റ കോസ്റ്റിൽ തുക അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. യൂണിവേഴ്സിറ്റി തലത്തിൽ PWD സ്റ്റാൻഡേർഡ് ഡാറ്റ, ഷെഡ്യൂൾ നിരക്ക് എന്നിവ അടിസ്ഥാനമാക്കി യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ചിട്ടില്ല. മേൽ പരാമർശങ്ങൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 14/19-01-17)

3-34-6 അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല

2015-16 വർഷത്തെ അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന അഡ്വാൻസുകൾ ക്രമീകരിച്ചിട്ടില്ല.

അഡ്വാൻസ് കൈപ്പറ്റിയ ഉദ്യോഗസ്ഥൻ	തുക	ബിൽ രജിസ്റ്റർ നമ്പർ
സിജി തോമസ്, ട്രാക്ടർ ഡ്രൈവർ	3,00,000/-	196/15-16/ 17-06-15
എൻ.രവീന്ദ്രൻ, അസിസ്റ്റന്റ്	1,70,000/-	239/15-16/ 03-07-15
സ്മിത രവി, അസിസ്റ്റന്റ് പ്രൊഫസർ	12,000/-	325/15-16/ 29-07-15
രാകേഷ്.പി.ആർ., A.S.O.	5,000/-	597/15-16/ 04-09-15
ഡോ.പി.രാജേന്ദ്രൻ, A.D.R.	60,000/-	736/15-16/ 05-10-15
രാകേഷ്.പി.ആർ., A.S.O.	13,500/-	1064/15-16/ 14-12-15
സ്മിത രവി, അസിസ്റ്റന്റ് പ്രൊഫസർ	10,000/-	1091/15-16/ 15-12-15
സ്മിത രവി, അസിസ്റ്റന്റ് പ്രൊഫസർ	5,000/-	1212/15-16/ 11-01-16
സ്മിത രവി, അസിസ്റ്റന്റ് പ്രൊഫസർ	41,400/-	1275/15-16/ 20-01-16
സ്മിത രവി, അസിസ്റ്റന്റ് പ്രൊഫസർ	25,000/-	1747/15-16/ 21-03-16
	---------- 6,41,900/- ========	

മൂന്ന് മാസത്തിലധികം പഴക്കമുള്ള അഡ്വാൻസുകൾ എത്രയും വേഗം ക്രമീകരിയ്ക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 01/ 17-01-2017).

3-34-7 <u>മെറ്റാലിക് ബോർഡുകൾ സ്ഥാപിച്ചത് - ക്വട്ടേഷൻ വിളിക്കാതെ തുക നൽകിയിരിക്കുന്നു</u>

2015-16 വർഷത്തിൽ സ്ഥാപനത്തിന്റെ വിവിധ ഇടങ്ങളിലായി മെറ്റാലിക് ബോർഡുകൾ സ്ഥാപിക്കുന്നതിനായി ഡിവൈൻ ക്രിയേഷൻസ്, സുൽത്താൻ ബത്തേരിക്ക് (ബി.ആർ. നം.1059/15-16; സി.ബി.വി. നം.84/12-15/ 11-12-2015; ചെക്ക് നം.210708 തിയ്യതി.11.12.2015) 23,140/- രൂപ നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ഇൻവോയ്സ് നമ്പർ/ തിയ്യതി	തുക
1	2991/ 14.09.2015	14400/-
2	2993/ 14.10.2015	5700/-
3	2999/ 14.10.2015	3040/-
ആകെ		**23140/-**

ഇതുമായി ബന്ധപ്പെട്ട് ക്വട്ടേഷൻ വിളിച്ചതിന്റെയോ നിരക്കുകൾ നിശ്ചയിച്ചതിന്റെയോ വിശദാംശങ്ങൾ ഹാജരാക്കുന്നതിന് നിർദ്ദേശിച്ചെങ്കിലും (ഓഡിറ്റ് എൻക്വയറി നമ്പർ 12/ 19.01.17) ഹാജരാക്കുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ ചെലവ് തുക 23,140/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 12/ 19-01-2017)

3-34-8 <u>പൂപ്പൊലി - ലൈറ്റ് & സൗണ്ട് ക്വട്ടേഷൻ വിളിച്ച് നടപ്പാക്കിയത്, അപാകതകൾ - 21,32,069/- രൂപ തടസ്സപ്പെടുത്തുന്നു</u>

1) ലൈറ്റ് & സൗണ്ട് ക്വട്ടേഷൻ/ടെണ്ടർ ക്ഷണിച്ചു കൊണ്ട് പത്ര പരസ്യം നൽകിയിട്ടില്ല.

2) ക്വട്ടേഷൻ ഉറപ്പിച്ച സ്ഥാപനവുമായി കരാറിൽ ഏർപ്പെട്ടതിന്റെ രേഖകൾ ഇല്ല.

2015-16 വർഷത്തെ പൂപ്പൊലിയുമായി ബന്ധപ്പെട്ട് ലൈറ്റ് & സൗണ്ട് വാടക ഇനത്തിൽ 21,32,069/- രൂപ ന്യൂസ്റ്റാർ ലൈറ്റ് ആന്റ് സൗണ്ട്, മലപ്പുറത്തിന് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	ബിൽ നമ്പർ	ചെക്ക് നമ്പർ/ തിയ്യതി	തുക
1	138/01-16	466179/ 25.01.16	1,00,000/-
2	16/2-16	466203/ 03.02.16	1,00,000/-
3	28/2-16	466212/ 10.02.16	3,00,000/-
4	244/2-16	466228/ 11.06.16	16,32,069/-
			---------- 21,32,069/- =========

ടി ചെലവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

3) മൂന്നു തവണ മുൻകൂറുകളായി 5 ലക്ഷം രൂപയും, അവസാനമായി 16,32,069/- രൂപയും നൽകിയതായി കാണുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട കരാറുകാരൻ നൽകിയ ഫൈനൽ ബില്ലുകൾ, സബ്ബ് ബില്ലുകൾ, ചെലവ് വിശദാംശങ്ങൾ എന്നിവ ഓഡിറ്റിന് പരിശോധിക്കാനായി ലഭ്യമായിട്ടില്ല.

ഈയൊരു സാഹചര്യത്തിൽ ടി ഇനത്തിൽ വന്ന 21,32,069/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം 9/ 19.01.2017)

3-34-9 ഇൻവോയ്സുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം

ഇൻവോയ്സ് രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന ഇൻവോയ്സുകൾ ക്രമീകരിക്കുന്നതിൽ കാലതാമസം വന്നതായി കാണുന്നു.

ക്രമ നമ്പർ	അഡ്രസ്സ്	ഇൻവോയ്സ് നമ്പർ	തിയ്യതി	തുക (₹)
1	എ.ആർ.എസ്. ആനക്കയം	56/12-13	21.03.2013	120
2	എ.ആർ.എസ്.ആനക്കയം	27/13-14	27.08.2013	20,287
3	സെക്രട്ടറി. അമ്പലവയൽ പഞ്ചായത്ത്	32/13-14	01.10.2013	2,130
4	എ.ടി.ഐ.സി.മണ്ണത്തി	43/13-14	15.11.2013	12,844
5	ഐ.എൽ.എഫ്.എസ്. പൂക്കോട്	46/13-14	04.12.2013	2,233
6	കെ.എഫ്.ഡി.സി.,കോട്ടയം	1/14-15	22.05.2014	7,000
7	ഐ.എൽ.എഫ്.സി.പൂക്കോട്	3/14-15	02.06.2014	2,115
8	എ.ആർ.എസ്.ആനക്കയം	6/14-15	10.06.2014	34,912
9	എ.ആർ.എസ്.മണ്ണത്തി	4/14-15	10.06.2014	12,000
10	കെ.വി.എ.എസ്.യു.പൂക്കോട്	9/14-15	24.06.2014	2,45,700
11	കെ.വി.എ.എസ്.യു.പൂക്കോട്	10/14-15	24.06.2014	3,79,200
12	എ.ടി.ഐ.സി.മണ്ണത്തി	15/14-15	07.06.2014	1,43,500
13	എ.ടി.ഐ.സി.മണ്ണത്തി	19/14-15	19.07.2014	28,025
14	ആർ.എ.ആർ.എസ്.പട്ടാമ്പി	23/14-15	05.08.2014	4,038
15	എ.ആർ.എസ്.ആനക്കയം	26/14-15	23.08.2014	7,71,265
16	എ.ടി.ഐ.സി.മണ്ണത്തി	29/14-15	30.08.2014	32,585
17	എ.ആർ.എസ്.ആനക്കയം	33/14-15	11.09.2014	8,550
18	എ.ആർ.എസ്.ആനക്കയം	34/14-15	25.09.2014 & 11.10.2014	58,045
19	മുള്ളൻകൊല്ലി, എ.ഒ.	36/14-15	15.10.2014	2,536
20	ഐ.എൽ.എഫ്.സി.പൂക്കോട്	42/14-15	01.10.2014	9,120

21	ഐ.എൽ.എഫ്.സി.പൂക്കോട്	43/14-15	01.10.2014	5,000
22	എ.ആർ.എസ്.ആനക്കയം	51/14-15	27.11.2014	17,100
23	ദ മാനേജിംഗ് ഡയറക്ടർ, ആറളം ഫാം	57/14-15	19.12.2014	1,48,750
24	ദ പ്രൊഫ.& ഹെഡ് എ.ആർ.എസ്.ആനക്കയം	63/14-15	29.12.2014	34,770
25	എ.ഡി.ആർ., ആർ.എ.ആർ. എസ്. പീലിക്കോട്	70/14-15	11.02.2015	12,350
26	പ്രൊഫ.& ഹെഡ്, എ.ആർ. എസ്., ആനക്കയം	73/14-15	24.02.2015	15,846
27	പ്രൊഫ.& ഹെഡ്, എ.ആർ. എസ്., ആനക്കയം	74/14-15	24.02.2015	33,725
28	എ.ഡി.ആർ., ആർ.എ.ആർ.എസ്. പീലിക്കോട്	89/14-15	03.03.2015	53,153
29	പ്രൊഫ.& ഹെഡ്, എ.ടി.ഐ.സി. മണ്ണുത്തി	90/14-15	03.03.2015	83,790
30	കെ.എഫ്.ഡി.സി.കോട്ടയം	48/14-15	27.11.2014	7,000
31	എ.ആർ.എസ്.ആനക്കയം	51/14-15	27.11.2014	17,100
32	ഡെ.ഡയറക്ടർ, എസ്.എച്ച്.എം.,	52/14-15	29.11.2014	5,28,000
33	ദ മാനേജിംഗ് ഡയറക്ടർ, ആറളം ഫാം	57/14-15	19.12.2014	1,48,750
34	ദ പ്രൊഫ & ഹെഡ് എ.ആർ.എസ്.ആനക്കയം	63/14-15	29.12.2014	34,770
35	എ.ഡി.ആർ., ആർ.എ. ആർ. എസ്. പീലിക്കോട്	70/14-15	11.02.2015	12,350
36	പ്രൊഫ & ഹെഡ് എ.ആർ.എസ്.ആനക്കയം	73/14-15	24.02.2015	15,846
37	പ്രൊഫ.& ഹെഡ് എ.ആർ.എസ്.ആനക്കയം	74/14-15	24.02.2015	33,725

38	എ.ഒ., കൃഷിഭവൻ, മുള്ളൻകൊല്ലി	76/14-15	25.02.2015	2,20,000
39	എ.ഡി.ആർ., ആർ.എ.ആർ.എസ്., പീലിക്കോട്	89/14-15	03.03.2015	53,153
40	ദ പ്രൊഫ.& ഹെഡ്, എ.ടി.ഐ.സി., മണ്ണുത്തി	90/14-15	03.03.2015	83,790
41	പ്രൊഫ. & ഹെഡ് എ.ആർ.എസ്.ആനക്കയം	94/14-15	10.03.2015	3,325
42	പ്രൊഫ.& ഹെഡ്. എ.ആർ.എസ്.ആനക്കയം	95/14-15	11.08.2015	8,313
43	പ്രൊഫ. & ഹെഡ് എ.ആർ.എസ്.ആനക്കയം	96/14-15	16.03.2015	14,250
44	പ്രൊഫ. & ഹെഡ് എ.ആർ.എസ്.ആനക്കയം	98/14-15	17.03.2015	19,000
45	കോളേജ് ഓഫ് വെറ്റിനറി, പൂക്കോട്	100/14-15	20.03.2015	12,320
46	പ്രൊഫ.& ഹെഡ് എ.ആർ.എസ്.ആനക്കയം	103/14-15	24.03.2015	63,650
47	ഡി.ടി.പി.സി.കൽപ്പറ്റ	108/14-15	28.03.2015	7,970
48	എ.ആർ.എസ്.ആനക്കയം	114/14-15	30.03.2015	22,135
49	പ്രിയദർശിനി എസ്റ്റേറ്റ്, മാനന്തവാടി	2/15-16	16.04.2015	28,000
50	ദ പ്രൊഫ.& ഹെഡ്. കെ.വി.കെ.അമ്പലവയൽ	5/15-16	08.05.2015	6,000
51	പ്രൊഫസ്സർ & ഹെഡ്, എ.ആർ.എസ്., ആനക്കയം	7/15-16	20.05.15	45,000/-
52	ഐ.എഫ്. വെള്ളായണി	8/15-16	04.06.15	79,580/-
53	എ.ആർ.എസ്. ആനക്കയം	10/15-16	12.06.15	25,944/-
54	എ.ആർ.എസ്. ആനക്കയം	17/15-16	27.06.15	72,915/-
55	പ്രൊഫസ്സർ & ഹെഡ്, കെ.വി.കെ., അമ്പലവയൽ	23/15-16	15.07.15	37,500/-

56	കെ.ഐ.ഐ.ഡി.സി., തിരുവനന്തപുരം	24/15-16	18.08.15	2,97,950/-
57	കെ.വി.കെ., കണ്ണൂർ	25/15-16	18.08.15	11,875/-
58	പ്രൊഫസ്സർ&ഹെഡ്, കെ.വി.കെ., അമ്പലവയൽ	31/15-16	25.08.15	9,568/-
59	സി.ആർ.എസ്. പാമ്പാടുംപാറ	34/15-16	04.09.15	30,521/-
60	പ്രൊഫസ്സർ&ഹെഡ്, കെ.വി.കെ., അമ്പലവയൽ	35/15-16	10.09.15	5,968/-
61	കെ.ഐ.ഐ.ഡി.സി., തിരുവനന്തപുരം.	36/15-16	14.09.15	21,50,000/-
62	എ.ആർ.എസ്. ആനക്കയം	48/15-16	03.12.15	26,125/-
63	പ്രൊഫസ്സർ & ഹെഡ്, ആനക്കയം	59/15-16	05.02.16	760/-
64	പ്രൊഫസ്സർ & ഹെഡ്, ആനക്കയം	70/15-16	05.03.16	9,500/-
65	കെ.വി.കെ., അമ്പലവയൽ	73/15-16	15.03.16	68,357/-
66	പ്രൊഫസ്സർ&ഹെഡ്, ഐ.എഫ്. വെള്ളായണി	80/15-16	29.03.16	42,750/-

ഇൻവോയ്സുകൾ ക്രമീകരിക്കാനുള്ള നടപടികൾ എത്രയും പെട്ടെന്ന് സ്വീകരിക്കേണ്ടതാണ്.

3-34-10 <u>വരവ് ചെലവ് കണക്കുകൾ ലഭ്യമല്ല – 'പൂപ്പൊലി' 2015-16 വർഷത്തെ ഓഡിറ്റ് നടത്തിയിട്ടില്ല</u>

പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, അമ്പലവയലിൽ നടന്നുവരുന്ന പൂപ്പൊലിക്കാവശ്യമായ ചെലവുകൾ സ്റ്റേഷനിലെ തന്നെ വിവിധ പദ്ധതികളിലായി ബുക്ക് ചെയ്യുന്നതിനാൽ പൂപ്പൊലിക്ക് മാത്രമായി നടന്ന ചെലവിന്റെ കൃത്യത, ആധികാരികത എന്നിവ പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല. മാത്രമല്ല 2015-16 വർഷത്തിൽ നടന്ന 'പൂപ്പൊലി'യുടെ വരവ് ചെലവുകൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകാൻ

ഓഡിറ്റ് അന്വേഷണ പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല. അതുകൊണ്ട് ടി വർഷത്തെ 'പൂപ്പൊലി'യുടെ കണക്കുകൾ ഓഡിറ്റ് പരിശോധിച്ചിട്ടില്ല.

3-34-11 <u>നീക്കിയിരിപ്പ് തുക-തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു</u>

2015-16 വർഷത്തെ UFAST പ്രകാരമുള്ള വാർഷിക കണക്കിലെ കേന്ദ്രത്തിന്റെ ടി വർഷാവസാനമുള്ള നീക്കിയിരിപ്പ് തുക 3,10,65,365/- രൂപയാണ്. ടി തുകയിൽ 1,54,67,039/- 'cash in hand' ഇനത്തിലാണ് നീക്കിയിരിപ്പായി ഇരിക്കുന്നത്. ഇതുസംബന്ധിച്ചുള്ള ഓഡിറ്റ് അന്വേഷണം 2/17.01.2017 ന് നൽകിയിട്ടുള്ള മറുപടിയിൽ ഡാറ്റാ എൻട്രിയിൽ വന്ന പിഴവാണ് ഇതിന് കാരണമെന്ന് അറിയിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച പിഴവ് പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 2,3,/ 17.1.2017)

3-34-12 <u>മുൻവർഷം ഒടുക്കാൻ അവശേഷിച്ച LIC, IT തുകകൾ തൻവർഷവും ഒടുക്കിയതായി വാർഷിക കണക്കിൽ രേഖപ്പെടുത്തിയിട്ടില്ല.</u>

മുൻവർഷം (2014-15) LIC, IT, SLI ഇനത്തിൽ അടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന 5,55,826/- രൂപ ടി വർഷത്തെ വാർഷിക കണക്കിലും 'previous years unpaid suspense kept pending' ഇനത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തെറ്റായ ഡാറ്റാ ഏൻട്രി മൂലം സംഭവിച്ച പിശകാണ് ഇതെന്ന് ഓഡിറ്റ് അന്വേഷണ നമ്പർ 3/8-01-2017 ന് മറുപടി നൽകിയിട്ടുണ്ട്. വാർഷിക കണക്കിൽ സംഭവിച്ചിട്ടുള്ള ടി അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-35 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കുമരകം

3-35-1 സർവ്വകലാശാലയുമായി ഒപ്പിട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി എസ്.ബി.റ്റി. ചാർജ്ജുകൾ ഈടാക്കിയിരുന്നു- 7,127/- രൂപ തിരികെ ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടില്ല.

26.02.2015 ൽ എസ്.ബി.റ്റി.യുമായി ഏർപ്പെട്ട മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ് പ്രകാരം സർവ്വകലാശാലയ്ക്ക് നൽകുന്ന സേവനങ്ങൾ എല്ലാം സൗജന്യമായിരിക്കുമെന്ന് എസ്.ബി.റ്റി. സമ്മതിച്ചിട്ടുള്ളതാണ്. എന്നാൽ ഇതിന് വിരുദ്ധമായി ആർ.എ.ആർ.എസ്. ന്റെ വിവിധ അക്കൗണ്ടുകളിൽനിന്നും വിവിധ ചാർജ്ജുകൾ, ചെക്ക് ബുക്കിന്റെ വില എന്നീ ഇനങ്ങളിൽ തുകകൾ ഈടാക്കിയിരുന്നു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നം.	അക്കൗണ്ട് നം.	ഈടാക്കിയ തുക (രൂപ)
1	67010460118	1030/-
2	57038176480	4977/-
3	67338965107	90/-
4	67010459238	1030/-
ആകെ		**7127/-**

ഈ തുക തിരികെ ഈടാക്കാൻ സ്ഥാപനത്തിൽ നിന്നും യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തുക അതാത് അക്കൗണ്ടുകളിലേയ്ക്ക് തിരികെ ഈടാക്കേണ്ടതാണ്.

3-35-2 ചെക്ക് വഴി തുകകൾ അക്കൗണ്ടിലേക്ക് ഒടുക്കിയത് കളക്ഷനിൽ കുറവ് - 2,962/-രൂപ

ഓഡിറ്റിന് ഹാജരാക്കിയ വാർഷിക കണക്കുകൾ പ്രകാരം എസ്.ബി.റ്റി. കുമരകം ശാഖയിലെ ആർ.എ.ആർ.എസ്.ന്റെ അക്കൗണ്ട് നം. 57038188033 ലേയ്ക്ക് 7.7.10 ൽ ഒടുക്ക് വരുത്തിയ ചെക്ക് തുകയിൽ നിന്നും 2957/-രൂപയും 5.11.2011 ൽ ഒടുക്ക് വരുത്തിയതിൽ 5 രൂപയും ചേർത്ത് 2962/- രൂപയുടെ കുറവ് കാണിച്ചിട്ടുണ്ട്. ഇതു

സംബന്ധിച്ച് ഓഡിറ്റ് എൻകയറി നം.14/2015-16 തിയ്യതി, 30.03.2017 നൽകിയിരുന്നുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ദീർഘനാളായ വിഷയമായിരുന്നിട്ടും ഈ കുറവ് തുക ഉത്തരവാദികളിൽനിന്നും ഈടാക്കി സർവ്വകലാശാല ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാനുള്ള നടപടികൾ സർവ്വകലാശാലയുടെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടില്ല.

3-35-3 എസ്.ബി.റ്റി. കറന്റ് അക്കൗണ്ട് സൂക്ഷിക്കുന്നു-പലിശയിനത്തിൽ ലഭിക്കേണ്ട തുക ലഭിക്കുന്നില്ല-സർവ്വകലാശാലയ്ക്ക് ഭീമമായ നഷ്ടം.

സ്ഥാപനത്തിൽ 57038176480 നമ്പരായി എസ്.ബി.റ്റി.കുമരകം ശാഖയിൽ ഒരു കറന്റ് അക്കൗണ്ട് സൂക്ഷിച്ചുവരുന്നു. 01.04.2015 ൽ ഈ അക്കൗണ്ടിലെ മുന്നിരിപ്പ് 1,01,41,019/- രൂപയും 31.3.2016 ലെ നീക്കിയിരിപ്പ് 38,32,557/- രൂപയുമായിരുന്നു. ഈ അക്കൗണ്ട് ഇതുവരേയും സേവിംഗ്സ് ബാങ്ക് അക്കൗണ്ടാക്കി മാറ്റിയിട്ടില്ല. ആകയാൽ പലിശ ഇനത്തിൽ സർവ്വകലാശാലയ്ക്ക് ഭീമമായ നഷ്ടം സംഭവിച്ചിട്ടുണ്ട്. റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ നിർദ്ദേശമനുസരിച്ച് സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലെ നിക്ഷേപങ്ങൾക്ക് ദിനംപ്രതിയാണ് പലിശ ലഭിക്കുന്നത് (4% എന്ന നിരക്കിൽ). അത്തരത്തിൽ 38,32,557/- രൂപയ്ക്ക് ഒരു ദിവസം ലഭിക്കേണ്ടിയിരുന്ന പലിശ 420 രൂപയായിരുന്നു (38,32,557 x4%/365).

മേൽ പ്രസ്താവിച്ച കറന്റ് അക്കൗണ്ട് (നം. 57038176480) ഉടൻ തന്നെ സേവിംഗ്സ് ബാങ്ക് അക്കൗണ്ടാക്കി മാറ്റേണ്ടതാണ്.

3-35-4 വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

വൗച്ചറുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1. വൗച്ചറുകളോടൊപ്പം സൂക്ഷിച്ച ബില്ലുകൾ റദ്ദ് ചെയ്തിട്ടില്ല
2. സുരക്ഷാജീവനക്കാരുടെ മസ്റ്റർ റോളുകൾ സൂക്ഷിച്ചിട്ടില്ല. പകരം സുരക്ഷാ ജോലികൾ കരാറെടുത്ത വ്യക്തിയുടെ ഇൻവോയ്സ് അടിസ്ഥാനത്തിൽ വേതനം നൽകിയിരിക്കുന്നു.

3. ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ തുകകൾ സർവ്വകലാശാല സഹകരണസംഘത്തിൽ ഒടുക്കിയതിന് കൈപ്പറ്റ് രസീത് ഹാജരാക്കിയിട്ടില്ല. (ഉദാ: വൗച്ചർ നം. 39/12-15 തുക 23928/-)

4. കരാർ ജീവനക്കാരുടെ മസ്റ്റർ റോളുകൾക്ക് പകരം സൂക്ഷിച്ചിരിക്കുന്നത് ഹാജർ സ്റ്റേറ്റ്മെന്റുകളാണ് (ഉദാ: വൗച്ചർ നം. 42/12-1 തുക 253333/- ചെക്ക് നം. 59146/5.12.15, വൗച്ചർ നം. 43/12- 15 തുക 34500/- ചെക്ക് നം. 59146/5.12.15)

ചെലവ് തുകകൾ സാധൂകരിക്കുന്ന രേഖകൾ വൗച്ചറുകളോടൊപ്പം ചേർത്ത് വൗച്ചറുകൾ കൃത്യമായ രീതിയിൽ സൂക്ഷിക്കേണ്ടതാണ്.

3-36 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പട്ടാമ്പി

3-36-1 പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി ചെലവാക്കി

"identification of microsatellite works associated with drought tolerant traits in rice" എന്ന KSCSTE പ്രൊജക്ടിലെ പ്രൊജക്ട് ഫെലോ ആയ ശ്രീ.പ്രവീൺകുമാർ.വി.പി.ക്ക് ടി പ്രൊജക്ടിൽ നിന്നും നൽകേണ്ടിയിരുന്ന ഫെലോഷിപ്പ് അരിയർ തുക (4/14 to 8/14)യായ 15,107/- രൂപ സംസ്ഥാന സർക്കാർ നൽകുന്ന പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി ചെലവഴിച്ചു. ഒരു ബാഹ്യ ഏജൻസിയുടെ ധനസഹായത്തിൽ നടത്തുന്ന പ്രൊജക്ടിന് ആവശ്യമായി വന്നിട്ടുള്ള ടി തുക പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ചിരിക്കുന്നത് ആശാസ്യമല്ല. ആയത് പ്ലാൻ ഫണ്ടിലേക്ക് തിരിച്ച് അടക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 01/ 15.02.2017).

3-36-2 തീർപ്പാക്കാത്ത ഇൻവോയ്സുകൾ

2015-16 സാമ്പത്തിക വർഷത്തിൽ ടി കേന്ദ്രത്തിൽ നിന്നും വിവിധ സ്ഥാപനങ്ങളിലേക്ക് നൽകിയിട്ടുള്ള ഇൻവോയ്സുകളുടെ ഇനത്തിൽ 4,43,647/- രൂപ ഇനിയും ലഭിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	ഇൻവോയ്സ് നമ്പർ	സ്ഥാപനത്തിന്റെ പേര്	തുക
1	5/15-16/ 23-05-15	സീനിയർ അഗ്രി. ഓഫീസർ, സ്റ്റേറ്റ് സീഡ് ഫാം, മലപ്പുറം	14,400/-
2	8/15-16/ 22-06-15	മാനേജർ, നാഷണൽ സീഡ് കോ-ഓപ്പറേഷൻ, പാലക്കാട്	8,550/-
3	16/15-16/ 28-07-15	അസിസ്റ്റന്റ് ഡയറക്ടർ, കൃഷി വകുപ്പ്, അഗളി ബ്ളോക്ക്, അട്ടപ്പാടി	29,250/-
4	20/15-16/ 16-09-15	പ്രോഗ്രാം കോ-ഓഡിനേറ്റർ, കെ.വി.കെ., മലപ്പുറം	3,450/-
5	23/15-16/ 07-10-15	പ്രോഗ്രാം കോ-ഓർഡിനേറ്റർ, കെവി.കെ., മലപ്പുറം.	3,000/-
6	24/15-16/ 16-10-15	പ്രോഗ്രാം കോ-ഓർഡിനേറ്റർ, കെവി.കെ., മലപ്പുറം.	2,500/-
7	44/15-16/ 29-01-16	അഡീഷണൽ ഡയറക്ടർ ഓഫ് അഗ്രികൾച്ചർ, കേരള സ്റ്റേറ്റ് സീഡ് അതോറിറ്റി, തൃശ്ശൂർ	3,17,333/-
8	73/15-16/ 21-03-16	അസ്സോസ്സിയേറ്റ് ഡീൻ, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര	49,924/-
9	68/15-16/ 22-03-16	അസോസ്സിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് (ഹോർട്ടി ഡിവിഷൻ)	15,240/-
			---------- 4,43,647/- =========

മേൽ സൂചിപ്പിച്ച തുക എത്രയും പെട്ടെന്ന് ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 02/ 16.02.2017).

3-36-3 <u>സ്യൂഡോമോണാസ്, ട്രൈക്കോഡർമ്മ – സ്റ്റോക്കിൽ കുറവ് - 29,430/- രൂപ നഷ്ടം</u>

2015-16 സാമ്പത്തിക വർഷത്തിൽ ടി കേന്ദ്രത്തിലേക്ക് 2726 കി.ഗ്രാം. സ്യൂഡോമോണാസും, 894 കി.ഗ്രാം ട്രൈക്കോഡർമയും ഉൽപ്പാദിപ്പിച്ചു നൽകിയ

ഇനത്തിൽ (4/15 to 3/16) ശ്രീമതി.ദീപ.കെ.സി.(പട്ടാമ്പി)-ക്ക് 83,830/- രൂപ നൽകിയിട്ടുണ്ട്. എന്നാൽ ഇതിന്റെ സ്റ്റോക്ക് പരിശോധിച്ചപ്പോൾ ഇത്രയും അളവ് ഭൗമജീവകങ്ങൾ സ്റ്റോക്കിലേക്ക് വന്നതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	ഉല്പാദിപ്പിച്ച തീയതി	ബിൽ നമ്പർ	തുക	സ്യൂഡോമോണാസ്		ട്രൈക്കോഡർമ്മ	
				ബില്ലു പ്രകാരം ഉൽപ്പാദിപ്പിച്ച അളവ് (കിലോഗ്രാം)	സ്റ്റോക്കിൽ രേഖപ്പെടുത്തിയ അളവ് (കിലോഗ്രാം)	ബില്ലു പ്രകാരം ഉൽപ്പാദിപ്പിച്ച അളവ് (കിലോഗ്രാം)	സ്റ്റോക്കിൽ രേഖപ്പെടുത്തിയ അളവ് (കിലോഗ്രാം)
1	4/15 to 6/15	170/7-15/ 002513/ 17.7.15	9840/-	258	250	156	100
2	7/15	114/8-15/ 002517/ 19.8.15	3660/-	111	-	48	-
3	8/15	88/9-15/ 003501/ 15.9.15	5000/-	223	259	18	85
4	9/15	146/10-15/ 113982/ 21.10.15	5690/-	190	232	63	10
5	10/15	124/11-15/ 113984/ 19.11.15	6010/-	206	118	63	35
6	11/15	102/12-15/ 080334/ 10.12.15	5210/-	169	240	61	51
7	12/15	135/1-16/ 119844/ 16.01.16	10220/-	424	428	58	70
8	1/16	102/2-16/ 119882/ 11.02.16	5870/-	169	151	83	140

9	2/16	51/3-16/ 119914/9.3.16	8580/-	267	354	108	80
10	3/16	193/3-16/ 211129/ 28.3.16	23750/-	709	534	319	241
			83830/-	**2726**	**2566**	**977**	**812**

<u>സ്റ്റോക്കിലുള്ള കുറവ് - അതിന്റെ മൂല്യം</u>

ഇനം	ആകെ ഉൽപ്പാദിപ്പിച്ച അളവ്	സ്റ്റോക്കിൽ രേഖപ്പെടുത്തിയ അളവ്	കുറവ് (കി.ഗ്രാം)	മൂല്യം
സൂഡോമോണാസ്	2726 കിലോ	2566 കിലോ	160	160x75=12000
ട്രൈക്കോഡർമ്മ	977 കിലോ	811 കിലോ	166	166x105=17430
ആകെ				**29430/-**

സൂഡോമോണാസ് - 1 കിലോ @ 75/-
ട്രൈക്കോഡർമ്മ - 1 കിലോ @ 105/-

29,430/- രൂപ മൂല്യം വരുന്ന ഭൗമജീവകങ്ങൾ ടി സ്റ്റോക്ക് രജിസ്റ്റർ പ്രകാരം കുറവായിട്ട് കാണുന്നു. ആയത് സംബന്ധിച്ച് വിശദമായ പരിശോധന നടത്തേണ്ടതും സ്റ്റോക്കിൽ വന്നിട്ടുള്ള കുറവ് ഉത്തരവാദിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 08/ 21.02.2017)

3-36-4 <u>F D രജിസ്റ്റർ സൂക്ഷിക്കുന്നില്ല</u>

ടി കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന അഗ്രികൾച്ചർ ഡിപ്ലോമ കോഴ്സുമായി ബന്ധപ്പെട്ട് F/D A/c No.67249688531 പ്രകാരം 2,00,000/- രൂപ ഫിക്സഡ് ഡെപ്പോസിറ്റ് തുകയായി നിലനിൽക്കുന്നുണ്ട്. എന്നാൽ ഇതിന്റെ വിശദാംശങ്ങൾ കാലാനുസൃതമായി രേഖപ്പെടുത്തുന്നതിനുള്ള ഫിക്സഡ് ഡെപ്പോസിറ്റ് രജിസ്റ്റർ കേന്ദ്രത്തിൽ സൂക്ഷിച്ചിട്ടില്ല. ഡെപ്പോസിറ്റ് തുക, കാലാവധി, പലിശ, പുതുക്കൽ തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് ഇത്തരത്തിലുള്ള രജിസ്റ്റർ ഓഫീസിൽ സൂക്ഷിക്കേണ്ടതാണ്.

3-36-5 കാട്ടേഷൻ ക്ഷണിക്കാതെയുള്ള വാങ്ങലുകൾ

2015-16 സാമ്പത്തിക വർഷത്തിൽ ടി കേന്ദ്രത്തിലെ വിവിധ പ്രൊജക്ടുകളിലെ ആവശ്യങ്ങളിലേക്കായി 1,16,076/- രൂപ വിലവരുന്ന രാസവസ്തുക്കൾ, കെമിസ്റ്റ് തൃശ്ശൂരിൽ നിന്നും കാട്ടേഷൻ നടപടികൾ സ്വീകരിക്കാതെ, ഹോർട്ടികൾച്ചർ കോളേജ്, വെള്ളാനിക്കര ഉണ്ടാക്കിയ റേറ്റ് കോൺടാക്ട് (ഓർഡർ നം. GL(1)2501/2014 dt.26-11-2015 Asso. Dean) അടിസ്ഥാനത്തിൽ വാങ്ങിയിട്ടുണ്ട്. എന്നാൽ ടി റേറ്റ് കോൺടാക്ട് ഉത്തരവിനെ സർവ്വകലാശാലയുടെ മറ്റെല്ലാ കേന്ദ്രങ്ങൾക്കും അടിസ്ഥാനമാക്കാനുള്ള അംഗീകാരം സർവ്വകലാശാല അധികാരികൾ ഇതിന് നൽകിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നമ്പർ	ബിൽ നമ്പർ	പ്രൊജക്ട് ശീർഷകം	തുക
1	249/3-16/ 211145/30-3-16	9309	31,530/-
2	251/3-16/ 121613/30-3-16	6102	67,128/-
3	552/3-16/ 292591/31-3-16	9309	17,418/-

കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15,000/- രൂപയിൽ കൂടുതൽ വരുന്ന വാങ്ങലുകൾക്ക് കാട്ടേഷൻ നിർബന്ധമാണ്. അതുകൊണ്ട് തന്നെ കാട്ടേഷൻ ക്ഷണിക്കാതെ നടത്തിയിട്ടുള്ള ടി വാങ്ങലുകൾ ക്രമവിരുദ്ധമായി ഓഡിറ്റ് കാണുന്നു.
(ഓഡിറ്റ് അന്വേഷണം നമ്പർ 07/ 20.02.2017)

3-36-6 നീക്കിയിരിപ്പ് തുക – അപാകതകൾ

യുഫാസ്റ്റ് പ്രകാരം ടി കേന്ദ്രത്തിന്റെ 2015-16 വർഷത്തിലെ നീക്കിയിരിപ്പ് തുക 45,24,283/- രൂപ ആണ്. ഇത് UFAST Annual Bank & Cash Account Summary-ലെ 44 ഇനങ്ങളിലുള്ള ആകെ നീക്കിയിരിപ്പ് തുകയാണ്. എന്നാൽ ടി സ്റ്റേറ്റ്മെന്റിൽ ക്രമ നമ്പർ 34-ലെ നീക്കിയിരിപ്പ് തുക (-)1,11,27,346/-, ക്രമ നമ്പർ 41-ലെ നീക്കിയിരിപ്പ് തുക

5,97,379/-, ക്രമ നമ്പർ 43-ലെ നീക്കിയിരിപ്പ് തുക 4,955/- എന്നീ തുകകൾ അതാതിന്റെ മാന്വൽ ആയി സൂക്ഷിക്കുന്ന ക്യാഷ് ബുക്കുകളിൽ കാണുന്നില്ല. നീക്കിയിരിപ്പിലുള്ള ടി അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-36-7 റീകൺസീലിയേഷൻ - ബാങ്ക് നീക്കിയിരിപ്പ് തുക തെറ്റ്

യുഫാസ്റ്റ് പ്രകാരമുള്ള വാർഷിക കണക്കിൽ വിവിധ അക്കൗണ്ടുകളുടെ റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റുകളിൽ ബാങ്ക് നീക്കിയിരിപ്പ് തുക തെറ്റായി രേഖപ്പെടുത്തി കാണുന്നു. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	അക്കൗണ്ട് നമ്പർ	റീകൺസീലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിരിക്കുന്ന ബാങ്ക് പാസ്സ് ബുക്ക് ക്ലോസിങ്ങ് ബാലൻസ്	യഥാർത്ഥ ബാങ്ക് പാസ്സ് ബുക്ക് ക്ലോസിങ്ങ് ബാലൻസ്
1	57061805446 Station main A/c.	27,38,527/-	20,85,677/-
2	67170405981 Diploma RF	42,20,830/-	62,16,359/-
3	67218634569 - EAP	89,85,493/-	81,46,761/-
4	67338042021- RF.NSP.BSP	17,68,255/-	17,67,655/-
5	67338042485 RF. Tissue	8,62,556/-	18,62,356/-
6	67338042746 RF – Bio control	3,85,013/-	4,02,723/-
7	67338042882 RF - Seri	13,34,383/-	13,15,844/-
8	67010349576 RF-ICAR Megaseed	12,26,354/-	12,89,154/-

മേൽ സൂചിപ്പിച്ച അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 09/ 21.02.2017).

3-37 പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, പീലിക്കോട്

3-37-1 ബുക്ക് ലെറ്റ് പ്രിന്റിങ്ങിന് തുക നൽകിയത് - ബുക്ക് ലെറ്റ് ലഭിച്ചിട്ടില്ല

സി.ബി.വി. നമ്പർ - 0432/03-2016/ 31.03.16

ചെക്ക് നമ്പർ - 725111 തുക- 15,000/-

കശുമാവിനെക്കുറിച്ച് ബുക്ക് ലെറ്റ് അച്ചടിക്കുന്നതിനായി (മൾട്ടികളർ ഗ്ലോസി പ്രിന്റ്) പാക്കനാർ ഓഫ് സെറ്റ് പ്രസ്, ചെറുവത്തൂരിന് മേൽപ്രകാരം തുക നൽകിയെങ്കിലും (1000 എണ്ണത്തിന് 15/- രൂപ നിരക്കിൽ) ബുക്ക് ലെറ്റ് ലഭ്യമാക്കിയിട്ടില്ല. ബുക്ക് ലെറ്റ് അച്ചടിക്കുവാൻ കെ.എ.യു. പ്രസ്സിന്റെ സേവനം ഉപയോഗിച്ചില്ല. 15,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം 14/ 19.01.17).

3-37-2 ഡി.ഡി.കൾ യഥാസമയം ഹാജരാക്കിയില്ല – സർവ്വകലാശാലയ്ക്ക് നഷ്ടം 7,500/- രൂപ

അഡ്വാൻസ്ഡ് റൈസ് ബ്രീഡിങ്ങ് കം സീഡ് പ്രൊഡക്ഷൻ സെന്റർ എന്ന പ്രോജക്ടിന്റെ ഭാഗമായി ബ്ലോക്ക് L-ലെ 622-ാം നമ്പർ കെട്ടിടത്തിൽ എയർകണ്ടീഷണർ സ്ഥാപിക്കുന്നതിനും, കെട്ടിട നവീകരണത്തിനുമായി മത്സരാടിസ്ഥാനത്തിൽ ക്വട്ടേഷനുകൾ ക്ഷണിച്ചിരുന്നു. ആയതിലേക്ക് ക്വട്ടേഷൻ സമർപ്പിച്ചവർ ഡെപ്പോസിറ്റ് ഇനത്തിൽ വിവിധ ബാങ്കുകളിൽ നിന്ന് എടുത്തിട്ടുള്ള ഡി.ഡി.കൾ ആണ് ഹാജരാക്കിയിരുന്നത്. എന്നാൽ മേൽ ഡി.ഡി.കൾ യഥാസമയം ഹാജരാക്കാതെ കാലഹരണപ്പെട്ട് പോയിട്ടുള്ളതും ആണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഡി.ഡി. നമ്പർ	തീയതി	തുക
611922	20.03.15	500/-

611920	20.03.15	500/-
611921	20.03.15	500/-
292727	21.03.15	1000/-
292726	21.03.15	1000/-
292725	21.03.15	1000/-
292729	21.03.15	1000/-
292724	21.03.15	1,000/-
292728	21.03.15	1,000/-
		---------- 7,500/- ========

ഡി.ഡി. യഥാസമയം ബാങ്കിൽ ഹാജരാക്കാതിരുന്നതിനാൽ സർവ്വകലാശാലയ്ക്ക് 7500/- രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ആയത് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം 7/19.01.17).

3-37-3 <u>പദ്ധതി പ്രവർത്തനങ്ങൾക്ക് 10,00,000/- രൂപ നൽകിയെങ്കിലും പദ്ധതി പൂർത്തിയാക്കുന്നതിൽ കാലതാമസം</u>

Development of production units for hybrid coconut seedlings and other planting materials in three southern Districts of Kerala എന്ന പ്രോജക്ടിന്റെ ഭാഗമായി Modification of works of the coconut store cum lab buildings in to a seed nut storage unit with pollen bank എന്ന പ്രവർത്തിക്ക് വേണ്ടി തവനൂർ എഞ്ചിനീയറിങ്ങ് ഡിവിഷന് 31.03.16 തീയതിയിൽ 713702-ാം നമ്പർ ചെക്ക് പ്രകാരം 10,00,000/- രൂപ കൈമാറിയിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ മേൽ പ്രവർത്തി ആരംഭിച്ചതായി രേഖപ്പെടുത്തലുകൾ ഇല്ല. ഓഡിറ്റ് അന്വേഷണ പ്രകാരം പ്രവർത്തിയുടെ പുരോഗതി ആരാഞ്ഞിരുന്നു എങ്കിലും നാളിതുവരെ മറുപടി

ലഭ്യമാക്കിയിട്ടില്ല. 31.03.16-ന് 10,00,000/- രൂപ കൈമാറിയതിനു ശേഷം പ്രവർത്തി ആരംഭിച്ചിട്ടില്ലെങ്കിൽ ആയത് ഗുരുതരമായ വീഴ്ചയാണ്. പദ്ധതി പ്രവർത്തനങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം 16/ 20.01.17).

3-38 ഓണാട്ടുകര പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, കായംകുളം.

3-38-1 സെയിൽസ് കൗണ്ടർ നടത്തിപ്പ് നിർദ്ദേശങ്ങൾ പാലിക്കണം

1. ഡെയിലി കളക്ഷൻ പ്രകാരം ഓരോ ദിവസത്തേയും വരവ് തുകകൾ അതാത് ദിവസം 4 മണിക്ക് ശേഷം അക്കൗണ്ടന്റിനെ ഏൽപ്പിക്കുന്നു. എന്നാൽ ഈ തുകകൾ കൈപ്പറ്റിയതായി ഈ രജിസ്റ്ററിൽ അക്കൗണ്ടന്റ് രേഖപ്പെടുത്തി കാണുന്നില്ല.
2. ഓരോ ദിവസവും ആവശ്യത്തിനുമാത്രം രസീത് ബുക്കുകൾ ഒ.എ.ആർ.എസ്. -ൽ നിന്നും കൗണ്ടറിലേയ്ക്ക് നൽകിവരുന്നു. കൗണ്ടർ രാവിലെ 9 മണിക്ക് പ്രവർത്തനം തുടങ്ങുന്നതിനാൽ രസീത് ബുക്കുകൾ ഉപയോഗിച്ച് തീരുന്ന സന്ദർഭങ്ങളിൽ അക്കൗണ്ടന്റ് (ഒ.എ.ആർ.എസ്.) രാവിലെ 10 മണിക്ക് എത്തിയശേഷം പുതിയ രസീത് ബുക്ക് നൽകുന്നത് വരെ, രസീത് ഇല്ലാതെ തന്നെ സാധനങ്ങൾ വിൽപ്പന നടത്തി വരുന്നു.
3. കണക്കിൽപ്പെടാത്ത തുകകൾ (ബാക്കി നൽകേണ്ട നാണയങ്ങൾ ആളുകൾ തിരികെ വാങ്ങാതെ വരുന്നവ) പ്രതിദിന കളക്ഷൻ രജിസ്റ്ററിൽ അക്കൗണ്ട് ചെയ്ത് ഒ.എ.ആർ.എസ്. ൽ ഒടുക്കുന്നില്ല. പകരം ഇങ്ങനെയുണ്ടാകുന്ന തുക യാതൊരു കണക്കുമില്ലാതെ കൗണ്ടറിൽത്തന്നെ സൂക്ഷിക്കുന്നു. ഈ പ്രവണത സാമ്പത്തിക വിനിമയ ചട്ടങ്ങൾക്ക് വിരുദ്ധമായതിനാൽ ഒഴിവാക്കേണ്ടതാണ്.

3-39 റൈസ് റിസർച്ച് സ്റ്റേഷൻ, മങ്കൊമ്പ്

3-39-1 നെല്ല് ഗവേഷണ കേന്ദ്രത്തിലെ ബോട്ട് അറ്റകുറ്റപ്പണികൾ നടത്തിയതിലെ അപാകതകൾ

നെല്ല് ഗവേഷണ കേന്ദ്രത്തിൽ പാടങ്ങൾ സന്ദർശിക്കുവാൻ ഉപയോഗിച്ചുവന്നിരുന്ന ബോട്ടിന്റെ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കേണ്ടതുണ്ടെന്ന് 22.07.10-ൽ റിപ്പോർട്ട് ചെയ്തുവെങ്കിലും 18.09.12-ൽ മാത്രമാണ് 4,32,821/- രൂപയുടെ എസ്റ്റിമേറ്റ് (അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, തുറമുഖ ഡിവിഷനിൽ നിന്നും) ലഭിച്ചത്. ഈ ബോട്ടിന് ഇൻഷ്വറൻസ് കവറേജ് നിലവിലില്ലായിരുന്നു. 31.12.12-ൽ നൽകിയ ടെണ്ടർ നോട്ടീസ് പ്രകാരം ഏറ്റവും കുറഞ്ഞ നിരക്കായ 1,05,500/- രൂപ രേഖപ്പെടുത്തിയത് മെസ്സേർസ്. സുഷമ എഞ്ചിനീയറിങ്ങ് വർക്സ് ആയിരുന്നു.

എന്നാൽ മെസ്സേർസ്. സുഷമ എഞ്ചിനീയറിങ്ങ് വർക്സിനെ ബോട്ടിന്റെ അറ്റകുറ്റ പ്രവർത്തി ഏൽപ്പിക്കാതെ, ബോട്ട് ഉയർത്തി പരിശോധിക്കുവാൻ തീരുമാനിക്കുകയും പ്രസ്തുത സ്ഥാപനത്തെ തന്നെ 28.02.14-ൽ 15,200/- രൂപയ്ക്ക് ബോട്ട് ഉയർത്തി പരിശോധിക്കൽ പ്രവർത്തി ഏൽപ്പിക്കുകയാണുണ്ടായത്. (ആദ്യ എസ്റ്റിമേറ്റിൽ ഈ ഇനം 10,000/- രൂപ നിരക്ക് രേഖപ്പെടുത്തിയിരുന്നു). ഇപ്രകാരം കുറഞ്ഞ നിരക്ക് (1,05,500/- രൂപ) രേഖപ്പെടുത്തിയ സ്ഥാപനത്തിന് ആ തുകയ്ക്ക തന്നെ ബോട്ട് അറ്റകുറ്റ പ്രവർത്തി ഏൽപ്പിക്കാത്തതിനുള്ള കാരണം വ്യക്തമാക്കിയിട്ടില്ല.

22.03.14-ൽ 13,00,000/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കി 29.12.14-ൽ മാസത്തിനകം പ്രവർത്തി പൂർത്തിയാക്കണമെന്ന വ്യവസ്ഥ ഉൾപ്പെടുത്തി പുതുക്കിയ ടെണ്ടർ നോട്ടീസ് പുറപ്പെടുവിച്ചു.

പുതുക്കിയ ടെണ്ടറിലും കുറഞ്ഞ നിരക്കായ 12,49,200/- രൂപ രേഖപ്പെടുത്തിയ മെസ്സേർസ്. സുഷമ എഞ്ചിനീയറിങ്ങ് വർക്സിനാണ് പ്രവർത്തി നൽകിയത്. ഈ

സ്ഥാപനത്തിന് 30.3.16-ൽ 1,45,700/- രൂപയുടെ (ഇനം 1 -5) പാർട്ട് ബില്ല് സി.ബി.വി.322/3-16, ചെക്ക് നം.75200 തീയതി. 31.03.16 പ്രകാരം നൽകിയെങ്കിലും നാളിതുവരെ പ്രവർത്തി പൂർത്തീകരിക്കുകയോ യാതൊരു പുരോഗതിയും കൈവരിക്കുകയോ ചെയ്തിട്ടില്ല.

താഴെ സൂചിപ്പിച്ചിട്ടുള്ള അപാകതകളുടെ അടിസ്ഥാനത്തിൽ ചെലവ് ചെയ്ത 1,45,700/- രൂപ ഓഡിറ്റിൽ തടസ്സം ചെയ്യുന്നു.

1. കാലാനുസൃതമായി ബോട്ടിന്റെ ഇൻഷ്വറൻസ് പുതുക്കിയിട്ടില്ല.
2. 22.7.10-ൽ അറ്റകുറ്റപ്പണികൾ ആവശ്യമുണ്ടെന്ന് റിപ്പോർട്ട് ലഭിച്ച ബോട്ടിന്റെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ശരിയായ രീതിയിൽ എസ്റ്റിമേറ്റ് എടുത്ത് ടെണ്ടർ സ്വീകരിച്ച് പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.
3. അറ്റകുറ്റപ്പണികൾക്കായി 31.12.12-ൽ 1,05,500/- രൂപ രേഖപ്പെടുത്തിയ മെസ്സേർസ്. സുഷമ എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനത്തിന് ടി തുകയ്ക്ക് പ്രവർത്തി നൽകാത്തതിന്റെ കാരണം വ്യക്തമാക്കിയിട്ടില്ല.
4. ഈ സ്ഥാപനത്തിന് പ്രവർത്തി നൽകിയപ്പോൾ ഏർപ്പെട്ട കരാർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.
5. മെസ്സേർസ്.സുഷമ എഞ്ചിനീയറിങ്ങ് എന്ന സ്ഥാപനത്തിനു തന്നെ ബോട്ട് "Houling"-ന് 15.03.14-ന് 15,200/- രൂപ നൽകിയിട്ടുണ്ടെങ്കിലും പാർട്ട് ബില്ലിന്റെ ആദ്യ ഇനമായി ടി തുക വീണ്ടും നൽകി.
6. ടെണ്ടർ നോട്ടീസ് പ്രകാരം 2 മാസം കൊണ്ട് പൂർത്തിയാക്കേണ്ടിയിരുന്ന പ്രവർത്തി നാളിതവരെ പൂർത്തിയാക്കിയിട്ടില്ല.

ബോട്ടിന്റെ അറ്റകുറ്റപ്പണികൾ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 8/ 21.03.2017)

3-39-2 <u>കാലാവസ്ഥാ വ്യതിയാനവും വെള്ളപ്പൊക്കവും സംബന്ധിച്ച മുന്നറിയിപ്പ് നൽകാനുള്ള പദ്ധതി - ഉപയോഗത്തിൽ വരുത്തേണ്ടതാണ്.</u>

ഉപഗ്രഹങ്ങളിൽ നിന്നും ആവശ്യമായ വിവരങ്ങൾ ലഭ്യമാക്കി കർഷകർക്ക് ഡിസ്പ്ലേ ബോർഡുകൾ വഴി കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് അറിവ് നൽകുകയും, അച്ചൻകോവിൽ, പമ്പ, മീനച്ചിൽ, മണിമല ആറുകളിൽ ഉപകരണങ്ങൾ സ്ഥാപിച്ച് ജലനിരപ്പ് ഉയരുന്നത് സംബന്ധിച്ച് ജനങ്ങൾക്ക് മുൻകൂറായി അറിയിപ്പ് നൽകി മുൻകരുതൽ സ്വീകരിക്കുവാൻ സജ്ജമാക്കുവാനും ഉദ്ദേശിച്ചുകൊണ്ടുള്ള പദ്ധതിക്കായി വിവിധ ഉപകരണങ്ങളും ഡിസ്പ്ലേ ബോർഡുകളും വാങ്ങുവാനും ആയത് സ്ഥാപിക്കുവാനുമായി ആകെ 19,12,223/- രൂപ ചെലവ് ചെയ്തിട്ടുണ്ട്. 2013 ഫെബ്രുവരിയിൽ സ്ഥാപിച്ച് ഉപകരണങ്ങൾ ബാറ്ററി ചാർജ്ജ് തീർന്നത് കാരണം 2015 മുതൽ ഡാറ്റാ ലഭ്യമാകാതെ വരികയും തുടർന്ന് ആഗസ്റ്റ് 2016-ൽ ഉപകരണങ്ങൾ നീക്കം ചെയ്യുകയുമുണ്ടായി.

2015-16-ലെ ഓഡിറ്റ് വേളയിൽ 2016 മാർച്ച് മാസം വരെ പദ്ധതിയിലെ ഉപകരണങ്ങൾക്കായി വാങ്ങിയ 10 ബി.എസ്.എൻ.എൽ. സിമ്മുകളുടെ വാടക ഒടുക്കി വരുന്നതായി കാണുന്നു.

19,12,233/- രൂപ ചെലവ് ചെയ്ത് സ്ഥാപിച്ച കർഷകർക്ക് വളരെ പ്രയോജനപ്രദമായിരുന്ന പ്രസ്തുത ഉപകരണങ്ങൾ നിലവിൽ ഉപയോഗശൂന്യമായി സ്റ്റോക്ക് ചെയ്തിരിക്കുകയാണ്.

ഈ ഉപകരണങ്ങൾ ആവശ്യമായ അറ്റകുറ്റപ്പണികൾ ചെയ്യുവാനുള്ള ഫണ്ട് ടി പദ്ധതിയിൽ ലഭ്യമല്ല എന്നാണ്, പദ്ധതി ഉപേക്ഷിക്കുവാൻ കാരണമായി ഓഡിറ്റ് എൻകയറിയുടെ മറുപടിയിൽ സൂചിപ്പിച്ചിട്ടുള്ളത്.

കാലാവസ്ഥാ വ്യതിയാനം സംബന്ധിച്ച് കൂട്ടനാട്ടിലെ കർഷകർക്ക് മുന്നറിയിപ്പ് നൽകി അവരെ മുൻകരുതലുകൾ എടുക്കുവാൻ പ്രാപ്തരാക്കുവാനായി രൂപീകരിച്ച പദ്ധതിക്കായുള്ള ഉപകരണങ്ങൾ അറ്റകുറ്റപ്പണികൾ നിർവ്വഹിക്കുവാനുള്ള ഫണ്ട് അടിയന്തിരമായി ലഭ്യമാക്കുവാനും വൻ തുക ചെലവഴിച്ച് സ്ഥാപിച്ച ടി ഉപകരണങ്ങൾ ഫലപ്രദമായി പ്രയോജനപ്പെടുത്തുവാനും ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 9/ 21.03.2017)

3-39-3 ആദായ നികുതി ഈടാക്കുന്നതിൽ കുറവ്

സ്ഥാപനത്തിലെ സുരക്ഷാ ജീവനക്കാരെ നിയമിച്ചിരിക്കുന്നത് മെസ്സേർസ്. ബ്രൈറ്റ് സെക്യൂരിറ്റി സർവ്വീസ്, ആലപ്പുഴ എന്ന സ്ഥാപനത്തിൽ നിന്നുമാണ്. ഇതിനായി ഈ സ്ഥാപനത്തിന് നൽകിയിരിക്കുന്ന പ്രതിഫലം ഒരു വർഷത്തിൽ മുപ്പതിനായിരത്തിനു മേലെ ആകയാൽ 2% നിരക്കിലായിരുന്നു ആദായനികുതി ഈടാക്കേണ്ടിയിരുന്നത്. എന്നാൽ 1.03% എന്ന നിരക്കിലാണ് ആദായനികുതി ഈടാക്കി വരുന്നത്.

സ്ഥാപനങ്ങളുമായി പ്രതിവർഷം 30,000/- രൂപയ്ക്ക് മേൽ വരുന്ന കോൺട്രാക്ടുകളിൽ 2% ആദായനികുതി (സ്ഥാപനങ്ങൾക്ക്) ഈടാക്കി കേന്ദ്ര സർക്കാരിന്റെ ആദായനികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

3-40 നെല്ല് ഗവേഷണ കേന്ദ്രം, വൈറ്റില.

3-40-1 രശീതിന്റെ ഉപയോഗം - അപാകതകൾ

1. സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്ന രശീത് ബുക്കുകളിൽ ഒന്നും തന്നെ 'സർട്ടിഫിക്കറ്റ് ഓഫ് കൗണ്ട്' രേഖപ്പെടുത്തുകയോ അവയുടെ എണ്ണം സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തുമ്പോൾ ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അത് സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

2. അനാവശ്യമായ റദ്ദാക്കലുകളും വെട്ടിത്തിരുത്തലുകളും കാണുന്നു. റദ്ദാക്കിയ രശീതുകളിൽ റദ്ദാക്കിയതിന്റെ കാരണമോ ഓഫീസ് മേധാവിയുടെ സാക്ഷ്യപ്പെടുത്തലുകളോ ഇല്ല.
3. പല രശീതികളിലും കാർബൺ പൂർണ്ണമായി പതിയാത്തിടത്ത് തുകകൾ രേഖപ്പെടുത്തുന്നു.
4. അതാത് ദിവസങ്ങളിലെ വരവ് തുക അടവാക്കുന്നതിൽ കാലതാമസം വരുത്തുന്നുണ്ട്. ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

തിയ്യതി	അടവാക്കേണ്ട തുക	അടവാക്കിയ തിയ്യതി	റിമാർക്സ്
19.06.2015 മുതൽ 30.06.2015 വരെ	1,03,714	01.07.2015	12 ദിവസം വൈകി അടവാക്കി
21.07.2015 മുതൽ 26.07.2015 വരെ	1,18,528	27.07.2015	6 ദിവസം വൈകി അടവാക്കി
28.07.2015 മുതൽ 07.08.2015 വരെ	1,42,928	10.08.2015	14 ദിവസം വൈകി അടവാക്കി
06.01.2016 മുതൽ 10.01.2016 വരെ	1,25,168	11.01.2016	6 ദിവസം വൈകി അടവാക്കി

മേൽ സൂചിപ്പിച്ച അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 3/ 16.02.2017).

3-40-2 <u>ഫണ്ട് വകമാറ്റി ചെലവഴിച്ചു. 17,000/- രൂപ തടസ്സപ്പെടുത്തുന്നു</u>

CBV No. : 0018/05-2015

തിയ്യതി : 07.05.2015

തുക : 17,000/- (ചെക്ക് നം. 366943 / 07.05.2015)

കേരള ഗവൺമെന്റിന്റെ പദ്ധതി സഹായത്തോടെയുള്ള DMTC പ്രോജക്ടിൽ റിസർച്ച് അസിസ്റ്റന്റ് ആയ ഡോ.ശ്രീജ.എസ്.ജെ. യുടെ ഏപ്രിൽ 2015 ലെ വേതനമായ 17,000/- രൂപ റിവോൾവിംഗ് ഫണ്ട് പ്രോജക്ടായ ബയോ കൺട്രോൾ ആന്റ് ബയോ ഫെർട്ടിലൈസർ പ്രൊഡക്ഷൻ യൂണിറ്റിന്റെ ശീർഷകത്തിൽ നിന്നാണ് നൽകിയിരിക്കുന്നത്. വകമാറ്റി ചെലവഴിച്ച ടി തുക തിരികെ അടയ്ക്കുന്നതു വരേക്കും മേൽ സൂചിപ്പിച്ച തുക ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ - 5/ 17.02.2017).

3-40-3 വാർഷിക കണക്കിലെ നീക്കിയിരുപ്പ്, മുന്നിരിപ്പ് തുകകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിന്റെ 2015-16 വർഷത്തെ വാർഷികക്കണക്കുപ്രകാരം പണമായുള്ള മുന്നിരിപ്പ്, നീക്കിയിരുപ്പ് തുകകൾ 27,011/- രൂപയാണ്. എന്നാൽ 2015-16 വർഷത്തെ ക്യാഷ് ബുക്ക് പ്രകാരം പണമായുള്ള മുന്നിരിപ്പ് 19914/- രൂപയും, നീക്കിയിരുപ്പ് 78591/- രൂപയുമാണ്. ടി വ്യത്യാസം സംബന്ധിച്ച് മറുപടി നൽകേണ്ടതാണ്.

3-41 ഓർണിത്തോളജി ഡിപ്പാർട്ട്മെന്റ്, ഹോർട്ടികൾച്ചർ കോളേജ്

3-41-1 റിപീറ്റ് ഓർഡർ പ്രകാരം വാങ്ങൽ നടത്തിയത്

സ്കീം - GOK plan Project – severity of mealy bug infestation studies

CBV No. 420/15-16, 31-03-16 തുക – 5,00,000/-

മേൽ പ്രോജക്ടിലേക്ക് 2015-16 വർഷം Nano drop spectro photometer എന്ന ഉപകരണം വാങ്ങിയിരിക്കുന്നത് CPBMB, College of Horticulture എന്ന

സ്ഥാപനത്തിന്റെ റിപീറ്റ് ഓർഡർ പ്രകാരമാണ്. ഇപ്രകാരം റിപീറ്റ് ഓർഡർ അനുസരിച്ച് വാങ്ങൽ നടത്തുന്നതിന് ആധികാരികമായ രേഖകൾ ലഭ്യമാക്കിയിട്ടില്ല. മാത്രമല്ല CPBMB എന്ന സ്ഥാപനം ഇതേ ഉപകരണം വാങ്ങിയതിന്റെ ബിൽ, വർക്കിങ്ങ് കണ്ടീഷൻ വ്യക്തമാക്കുന്ന രേഖകൾ എന്നിവ ലഭ്യമായിട്ടില്ല.

ഉപകരണം യഥാർത്ഥത്തിൽ ലഭിച്ച തീയതി, സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടില്ല. സ്ഥാപനവുമായി വെച്ച എഗ്രിമെന്റിന്റെ പകർപ്പ് ലഭ്യമായിട്ടില്ല. തുക ബാങ്കിലേക്ക് കൈമാറിയതായി കാണുന്നുവെങ്കിലും ഉപകരണം നൽകിയ സ്ഥാപനത്തിന് നാളിതുവരെ തുക കൈമാറിയിട്ടില്ല. മേൽ കാരണങ്ങളാൽ 5,00,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് അന്വേഷണം നമ്പർ 1/ 07.04.2017).

3-41-2 അഡ്വാൻസ് രജിസ്റ്റർ പരിപാലിക്കുന്നില്ല

അഗ്രികൾച്ചറൽ ഓർണിത്തോളജി ഡിപ്പാർട്ട്മെന്റിൽ മുൻകൂർ രജിസ്റ്റർ പരിപാലിച്ചിട്ടില്ല. മുൻകൂർ നൽകുന്നതും ക്രമീകരിക്കുന്നതുമായ വൗച്ചറുകളുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്. ഇപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിച്ചാലാണ് സമയബന്ധിതമായി ക്രമീകരിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കാൻ സാധിക്കൂ. അതിനാൽ അഡ്വാൻസ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 4/ 07.04.2017)

3-42 കുട്ടനാട് പാക്കേജ്, (അഗ്രിക്കൾച്ചറൽ എഞ്ചിനീയറിങ്ങ് പ്രോജക്ട്)

3-42-1 വൻ തുക ചെലവഴിച്ച് വാങ്ങിയ ഉപകരണങ്ങൾ ഉപയോഗിക്കാതെ പാഴാക്കുന്നു

കുട്ടനാട് പദ്ധതിയുടെ ഫണ്ടിൽ നിന്ന് ഉപയോഗിച്ച് വിവിധ ഉപകരണങ്ങൾ വാങ്ങുവാനായും പുതിയ ഉപകരണങ്ങൾ പരീക്ഷണാടിസ്ഥാനത്തിൽ

നിർമ്മിക്കുവാനായും വൻതുക ചെലവ് ചെയ്തിട്ടുണ്ട്. 2015-16 വരെ ഉപകരണങ്ങൾ വാങ്ങുവാനായി ആകെ ചെലവ് ചെയ്ത തുകയുടെ വിശദാംശം ആവശ്യപ്പെട്ടുകൊണ്ടുള്ള ഓഡിറ്റ് എൻകുയറി നം.9 ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

2015-16 ൽ വാങ്ങിയ ചില ഉപകരണങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം.	ഉപകരണം	തുക
1	Carbondioxide & Oxygen Analyser	21,50,000/-
2	Water Activity Metre	3,53,419/-
3	Ball Mill	56,130/-
4	Hammer Mill	1,64,400/-
5	Cone Polisher	2,98,500/-
6	Fludized bed dryer	10,00,000/-
7	Freezer dryer	5,15,250/-
8	Mass Spectro Meter	31,00,000/-
9	U.V. Visible Spectrometer	10,75,080/-
10	Combine Harvester	24,89,500/-
11	Brignetting Machine	9,55,000/-

എന്നാൽ പരിശോധന നടത്തിയപ്പോൾ പ്രസ്തുത ഉപകരണങ്ങളിൽ ഭൂരിഭാഗവും നാളിതുവരെ ഉപയോഗിച്ചിട്ടില്ലാത്ത രീതിയിലും ചില ഉപകരണങ്ങൾ ഉപയോഗിച്ചിട്ട് നാളുകൾ കഴിഞ്ഞതായും മനസ്സിലാക്കുന്നു.

ഉദാ: പവർ ട്രില്ലർ - 09.06.2016 ന് ശേഷം ഉപയോഗിച്ചിട്ടില്ല

മിനി ട്രില്ലർ - 08.05.2015 വരെ (ആകെ 9 ദിവസം) മാത്രമേ ഉപയോഗിച്ചിട്ടുള്ളൂ.

കമ്പയിൻഡ് ഹാർവെസ്റ്റർ - ഉപയോഗിച്ചിട്ടില്ല

വാട്ടർ വീഡ് ഹാർവെസ്റ്റർ - 18.03.2016 ന് ശേഷം ഉപയോഗിച്ചിട്ടില്ല

കൂടാതെ മറ്റ് പല ലാബ് ഉപകരണങ്ങളും നാളിതുവരെ സ്ഥാപിക്കുകയോ ഉപയോഗിച്ച് തുടങ്ങുകയോ ചെയ്തിട്ടില്ല. 'Establishing centre for Farm Machinery Research Development and Training', 'Research Project on Eradication and utilization of Water Hyacinth' എന്നീ പദ്ധതികൾ പ്രകാരം വാങ്ങിയ ഈ ഉപകരണങ്ങൾ ഉപയോഗശൂന്യമായി തീരാതിരാക്കാൻ നിലവിലെ കാർഷിക രീതികൾക്കനുസൃതമായി മാറ്റങ്ങൾ വരുത്തുകയും കർഷകർക്ക് പ്രസ്തുത ഉപകരണങ്ങൾ ഉപയോഗിച്ച് നവീനമായ കൃഷിരീതികൾ അവലംബിക്കുവാൻ ആവശ്യമായ പരിശീലനം ലഭ്യമാക്കുകയും ചെയ്യേണ്ടതാണ്. ആയത് ഫലപ്രദമായി ഉപയോഗിക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-43 കമ്പോസ്റ്റ് എൻറിച്ച്മെന്റ് യൂണിറ്റ്

3-43-1 കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ മസ്റ്റർ റോൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല

കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ദിവസേനയുള്ള വിശദാംശങ്ങൾ ഉൾക്കൊള്ളുന്ന മസ്റ്റർ റോൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ദിവസ വേതനം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ഹാജർ രേഖപ്പെടുത്തുന്നതിന് മസ്റ്റർ റോൾ ഉപയോഗിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിക്കേണ്ടതാണ്. നിലവിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ ഹാജർ മാസാവസാനം ഒന്നിച്ച് രേഖപ്പെടുത്തി വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തുന്ന രീതിയാണ് ഇവിടെ ഉള്ളത്. ഇത് ശരിയായ രീതിയല്ല. കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ പ്രാഥമിക രേഖയാണ് ആ സ്ഥാപനത്തിലെ മസ്റ്റർ റോൾ. ഈ രേഖ ദിവസേന എഴുതി പരിപാലിക്കേണ്ടതാണ്. പ്രോജക്ടിൽ ദിവസവേതനം അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന സ്കിൽഡ് അസിസ്റ്റന്റുമാരുടെ ഹാജർ മസ്റ്റർ റോളിൽ രേഖപ്പെടുത്തേണ്ടതാണ്.

3-43-2 ലേബർ കോൺട്രാക്ടറിൽ നിന്നും ഇൻകംടാക്സ് ഈടാക്കിയിട്ടില്ല

ആർ.എഫ്.ന്റെ (CUCE-RF) ഭാഗമായി 2015-16 വർഷത്തേക്ക് കമ്മീഷൻ (No.CUCEI/2015-16, Dt.16.03.15) അനുസരിച്ച് ലേബർ കോൺട്രാക്ടറെ നിയമിച്ച് തൊഴിലാളികൾക്ക് വേതനം നൽകിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	ബിൽ നമ്പർ	സി.ബി.വി.		മാസം	തുക	ലേബർ കോൺട്രാക്ടറുടെ പേര്
		നമ്പർ	തീയതി			
1	7/05-2015	2/15-16	04.05.15	04/15	22,400/-	ഇന്ദിര.പി.ജി., കാടാമ്പുഴ വീട്, വെള്ളാനിക്കര
2	3/06-2015	4/15-16	03.06.15	05/15	24,080/-	"
3	5/07-2015	6/15-16	02.07.15	06/15	25,760/-	"
4	2/09-2015	11/15-16	03.09.15	08/15	14,560/-	"
5	4/08-2015	7/15-16	01.08.15	07/15	21,560/-	"
6	3/10-2015	13/15-16	01.10.15	09/15	20,160/-	"
7	4/11-2015	15/15-16	02.11.15	10/15	24,920/-	"
8	2/12-2015	17/15-16	02.12.15	11/15	24,640/-	"
9	4/1-2016	22/15-16	01.01.16	12/15	26,880/-	"
10	2/2-2016	26/15-16	05.02.16	01/16	25,760/-	"
11	2/3-2016	31/15-16	03.03.16	02/16	26,880/-	"
12	3/3-2016	32/15-16	31.03.16	03/16	25,760/-	"
	ആകെ ലേബർ തുക				---------- 2,83,360/- ========	

എന്നാൽ ഇൻകംടാക്സ് ആക്ട്, സെക്ഷൻ 192-സി അനുസരിച്ച് കോൺട്രാക്ടർമാരിൽ നിന്നും ഈടാക്കേണ്ട 1% ഇൻകംടാക്സ് ഈടാക്കിയിട്ടില്ല. ആയത് പിഴ സഹിതം ലേബർ കോൺട്രാക്ടറിൽ നിന്നോ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവത്തക്കി അറിയിക്കേണ്ടതാണ്.

3-43-3 വാർഷിക ധനകാര്യ പത്രികയിലെയും യു-ഫാസ്റ്റിലെയും കണക്കുകൾ പൊരുത്തപ്പെടുന്നില്ല.

2015-16 കാലയളവിലെ ധനകാര്യപത്രിക, യുഫാസ്റ്റ് ജനറേറ്റഡ് സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചു. വിവിധ ബാങ്ക് അക്കൗണ്ടുകളിൽ ഉള്ള ബാലൻസ് തുകകൾ വ്യത്യാസപ്പെട്ടിരിക്കുന്നതായി കണ്ടെത്തി. ആയതിന്റെ വിശദ വിവരം താഴെച്ചേർക്കുന്നു. കണക്കുകൾ പൊരുത്തപ്പെടുത്തി വിവരം അറിയിക്കേണ്ടതാണ്.

ക്രമ നം.	അക്കൗണ്ട് നമ്പർ	യുഫാസ്റ്റ് പ്രകാരം കണക്ക്	പാസ്ബുക്ക് പ്രകാരം കണക്ക്
1	എസ്.ബി.അക്കൗണ്ട് നം.1936 വെള്ളാനിക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	മുന്നിരിപ്പ് - 19,528/- നീക്കിയിരിപ്പ് - 9,419/-	മുന്നിരിപ്പ് - 82,728/- നീക്കിയിരിപ്പ്- 35,109/-
2	എസ്.ബി.അക്കൗണ്ട് നം.1690 വെള്ളാനിക്കര സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്	മുന്നിരിപ്പ് - 4,00,305/- നീക്കിയിരിപ്പ്- 3,65,120/- ബാങ്ക് പാസ്സ് ബുക്ക് പ്രകാരം കാഷ് ബാലൻസ് - (4,63,507/-)	മുന്നിരിപ്പ് - 3,49,831/- നീക്കിയിരിപ്പ്-3,84,473/-
3	എസ്.ബി.ടി. അക്കൗണ്ട് നം.67215604195	യുഫാസ്റ്റ് കണക്കുകൾ മുന്നിരിപ്പ് -12,03,358/- നീക്കിയിരിപ്പ്- 2,71,523/-	മുന്നിരിപ്പ്- 32,03,308/- നീക്കിയിരിപ്പ്-2,71,523/-

3-44 സെൻട്രൽ നഴ്സറി, വെള്ളാനിക്കര

3-44-1 കന്നുകാലി ഇൻഷുറൻസ് പുതുക്കിയില്ല. നഷ്ടപരിഹാരത്തുക നഷ്ടപ്പെട്ടു

സെൻട്രൽ നഴ്സറിയുടെ കീഴിലുള്ള കന്നുകാലി ഫാമിൽ നിന്നും ഒരു പശുവിനെ ഇറച്ചിക്കായി മണ്ണുത്തി മീറ്റ് ടെക്നോളജി യൂണിറ്റിലേക്ക് 30/11/2016 തിയ്യതി കൈമാറി. എന്നാൽ മീറ്റ് ടെക്നോളജി യൂണിറ്റിന്റെ MTU/CUP/15/1/RENDERING 2016/16

തീയതി.30.11.16-ലെ സർട്ടിഫിക്കറ്റ് പ്രകാരം പശു രോഗാവസ്ഥയിലാണെന്നും ഇറച്ചി ഭക്ഷ്യയോഗ്യമല്ലെന്നും അറിയിച്ചു. കള്ളിംഗിനായി കൈമാറുന്ന സമയത്ത് പശുവിന് ഇൻഷുറൻസ് ഉണ്ടായിരുന്നില്ല. തൽഫലമായി സ്ഥാപനത്തിന് പശുവിന് ഇൻഷുറൻസ് തുകയിനത്തിൽ ലഭിക്കുമായിരുന്ന തുക നഷ്ടപ്പെട്ടു. കൃത്യസമയത്ത് ഇൻഷുറൻസ് പുതുക്കാത്തതിനാൽ വീഴ്ച വന്നതാണ് നഷ്ടപരിഹാരത്തുക നഷ്ടപ്പെടാൻ കാരണം. ഇത്തരം അപാകതകൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

3-44-2 ലൈവ് സ്റ്റോക്ക് രജിസ്റ്ററുകളുടെ പരിപാലനത്തിലെ അപാകതകൾ

വെള്ളാനിക്കര സെൻട്രൽ നഴ്സറിയുടെ കീഴിലായി പ്രവർത്തിച്ചുവരുന്ന ലൈവ് സ്റ്റോക്ക് ഫാമിലെ രജിസ്റ്ററുകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

3-44-2-1 കാറ്റിൽ സ്റ്റോക്ക് രജിസ്റ്റർ

നിലവിൽ 21 എണ്ണം മുതിർന്ന കന്നുകാലികളാണ് ഫാമിൽ ഉള്ളത്. 7 എണ്ണം കുട്ടികളും ഉണ്ട്. എന്നാൽ രജിസ്റ്ററിൽ കന്നുകാലികളുടെ എണ്ണത്തെക്കുറിച്ച് ശരിയായ വിവരങ്ങൾ ഇല്ല. കൃത്യമായ അനിമൽ നമ്പർ രജിസ്റ്ററിൽ ഇല്ല. കന്നുകാലികളുടെ ദേഹത്തും നമ്പർ പ്രദർശിപ്പിച്ചിട്ടില്ല. മുഴുവൻ വിവരങ്ങളും ചേർത്ത് രജിസ്റ്റർ പരിഷ്കരിക്കേണ്ടതാണ്.

3-44-2-2 ഗോട്ട്-ഷീപ്പ് സ്റ്റോക്ക് രജിസ്റ്റർ

ആണാടുകളും, പെണ്ണാടുകളും ഉൾപ്പെടെ 51 എണ്ണമാണ് ഫാമിൽ നിലവിലുള്ളത്. എന്നാൽ രജിസ്റ്ററിൽ ഈ വിവരങ്ങൾ വ്യക്തമല്ല. ആണിനങ്ങളുടേയും, പെണ്ണിനങ്ങളുടേയും എണ്ണം, പ്രസവിച്ചു വരുന്നതോ, അല്ലാതെയോ സ്റ്റോക്കിൽ വരുന്ന വർദ്ധനവ്, വിൽപ്പന മൂലമുള്ള കുറവ് ചെയ്യൽ എന്നിവ കൃത്യമായി രേഖപ്പെടുത്തി വരുന്നില്ല. അവശ്യ വിവരങ്ങൾ ചേർത്ത് രജിസ്റ്റർ പരിഷ്കരിക്കേണ്ടതാണ്.

3-44-2-3 റാബിറ്റ്

നൂറ്റിരണ്ട് എണ്ണം റാബിറ്റുകളാണ് ഇപ്പോൾ ഫാമിൽ ഉള്ളത്. ഇവയിലും സ്റ്റോക്ക് രജിസ്റ്റർ പൂർണ്ണമല്ല. എത്ര ആണിനങ്ങൾ, പെണ്ണിനങ്ങൾ, പ്രസവശേഷം കൂട്ടിച്ചേർക്കുന്ന ആരോഗ്യമുള്ള കുഞ്ഞുങ്ങൾ, വിൽപ്പന വിവരം, ശേഷിക്കുന്ന എണ്ണം എന്നിങ്ങനെ വ്യക്തമായ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിഷ്കരിക്കേണ്ടതാണ്.

3-44-3 ഗോട്ട് - ഷീപ്പുകൾക്ക് ഇൻഷുറൻസ് ഇല്ല

ഓഡിറ്റ് വർഷത്തിൽ ഫാമിൽ 51 എണ്ണം ആടുകളാണ് ഉള്ളത്. ഇവക്കൊന്നിനും തന്നെ ഇൻഷുറൻസ് പരിരക്ഷ ഇല്ല. ഇവയിൽ പലതും തൻവർഷം മരണപ്പെട്ടിട്ടുണ്ട്. പരിശോധന സമയത്ത് ലഭ്യമായ പോസ്റ്റ്മോർട്ടം റിപ്പോർട്ടുകൾ പ്രകാരം വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

തിയ്യതി	പ്രായം	ഇനം	രജിസ്റ്റർ നമ്പർ ഓഫ് സ്പെസിമെൻ
16-08-16	1 വർഷം	ഗോട്ട്	13/16-17
26-03-16	4 വർഷം	ഗോട്ട്	2035/16-17
09-07-16	4 വർഷം	ഗോട്ട്	267/16-17

മേൽ പ്രകാരം 3/16 മുതൽ 7/16 വരെ കാലയളവിൽ 3 എണ്ണം ആടുകളാണ് മരണപ്പെട്ടിട്ടുള്ളത്. ഇൻഷുറൻസ് ചെയ്തിരുന്നുവെങ്കിൽ ആനുപാതികമായ നഷ്ടപരിഹാരത്തുക ലഭിക്കുമായിരുന്നു. മാത്രമല്ല 51 എണ്ണം ആടുകളുള്ള ഒരു ഫാമിൽ അവയെ ഇൻഷുറൻസ് ചെയ്യാത്തത് തികച്ചും അശാസ്ത്രീയമായ ഒരു നടപടിയാണ്.

3-44-4 ലൈവ്സ്റ്റോക്ക് ഫാമിൽ നിന്നുള്ള പാൽ വിൽപ്പന

ഓഡിറ്റ് വർഷത്തിൽ 400 മുതൽ 500 ലിറ്റർ വരെ പാൽ ഓരോ മാസവും വിൽപ്പനയുണ്ട്. ഇത് സെൻട്രൽ നഴ്സറിയിൽ നിന്നുള്ള കൂപ്പൺ വഴിയാണ് വിറ്റുവരുന്നത്. എന്നാൽ ഏത് കൂപ്പൺ വഴി പാൽ വിറ്റു എന്ന് കാണിക്കുന്ന രജിസ്റ്ററോ, രേഖയോ സ്ഥാപനത്തിൽ സൂക്ഷിക്കുന്നില്ല. അടിസ്ഥാന രേഖകളുടെ അഭാവത്തിൽ വിൽക്കുന്ന കൂപ്പണുകളും, വിതരണം ചെയ്യുന്ന പാലും തമ്മിലുള്ള ബന്ധത്തിന്റെ കൃത്യത ഉറപ്പുവരുത്താനായിട്ടില്ല.

3-44-5 ഡി.എം.എസ്. രജിസ്റ്റർ പരിപാലിക്കുന്നതിലെ പോരായ്മകൾ

സ്റ്റേഷനിലെ ഡി.എം.എസ്. രജിസ്റ്റർ പരിപാലനത്തിലെ പ്രധാന പോരായ്മകൾ ചുവടെ ചേർക്കുന്നു.

1. പെർമനെന്റ് ലേബർമാരുടെ വിവരങ്ങൾ മാത്രമാണ് ഡി.എം.എസ്. രജിസ്റ്ററിൽ ചേർത്തുവരുന്നത്.
2. നിരവധി കോൺട്രാക്ട് ജീവനക്കാർ, കുടുംബശ്രീ പ്രവർത്തകർ എന്നിങ്ങനെയുള്ളവരുടെ ജോലി വിവരങ്ങൾ ഡി.എം.എസ്.-ൽ ചേർക്കുന്നില്ല.
3. ചെയ്ത ജോലിയുടെ അളവ്, അല്ലെങ്കിൽ വിസ്തീർണ്ണം തുടങ്ങിയ വിവരങ്ങൾ ഡി.എം.എസ്.-ൽ ഇല്ല.
4. ഡി.എം.എസ്. രജിസ്റ്ററും മറ്റ് രജിസ്റ്ററുകളായ എൻ.ഒ.ആർ., സ്റ്റോക്ക് രജിസ്റ്റർ ഇവ തമ്മിൽ നിലവിൽ ഒരു ബന്ധവും ഇല്ല.

ഫാം രജിസ്റ്ററുകൾ തമ്മിൽ പരസ്പര ബന്ധം ഉണ്ടായിരിക്കേണ്ടത് ഫാം പ്രവർത്തനങ്ങളുടെ കാര്യക്ഷമത വിലയിരുത്തുന്നതിന് സഹായകമാണ്. രജിസ്റ്ററുകൾ പൂർണ്ണ വിവരങ്ങൾ ചേർത്ത് പരിഷ്കരിക്കേണ്ടതാണ്.

3-44-6 രശീതി ബുക്കുകൾ, കമ്പ്യൂട്ടർ രശീതികൾ, സോഫ്റ്റ് വെയർ, ഇൻവോയ്സ് എന്നിവയിലെ പൊതു അപാകതകൾ

കാർഷിക സർവ്വകലാശാലയിൽ നിന്നും ലഭിക്കുന്ന രശീത പുസ്തകങ്ങളുടെ എണ്ണം ബന്ധപ്പെട്ട അധികാരികൾ സാക്ഷ്യപ്പെടുത്തുകയോ, സ്റ്റോക്ക് ബുക്ക് ആധികാരികമായി സൂക്ഷിക്കുകയോ ചെയ്യുന്നില്ല.

പ്രിന്റ് ചെയ്യുന്നതിനുള്ള സ്റ്റേഷനറിയ്ക്ക് ഒരു കേന്ദ്രീകൃത ശേഖരണവും, വിതരണവും ഇല്ല. കേവലം പേപ്പർ റോളുകൾ കടകളിൽ നിന്നും വാങ്ങി വരുന്നു. ഒരേ രശീതികൾ എത്ര തവണ വേണമെങ്കിലും പ്രിന്റ് ചെയ്യാം എന്ന അവസ്ഥ നിലനിൽക്കുന്നു.

ഇൻവോയ്സുകൾ കാരണം രേഖപ്പെടുത്താതെ ക്യാൻസൽ ചെയ്യുവരുന്നു. ഇങ്ങനെ സോഫ്റ്റ് വെയറിൽ ക്യാൻസൽ ചെയ്യാനുള്ള അധികാരം സ്റ്റേഷന് കൈമാറിയിട്ടില്ല.

തീർപ്പാക്കാത്ത ഇൻവോയ്സുകളുടെ ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

ക്രമ നം.	ഇൻവോയ്സ് നമ്പർ	അഡ്രസ്സ്	തുക
1	82/15-16/ 09.03.16	ലൈവ് സ്റ്റോക്ക് റിസർച്ച് സ്റ്റേഷൻ, തിരുവാഴക്കുന്ന്.	1,200/-
2	1/16-17/ 11.04.16	പ്രൊഫസ്സർ & ഹെഡ്, എ.ആർ.എസ്., ചാലക്കുടി.	19,000/-
3	13/16-17/ 12.05.16	അസ്സോസ്സിയേറ്റ് ഡീൻ, കോളേജ് ഓഫ് ഹോർട്ടികൾച്ചർ, വെള്ളാനിക്കര.	5,700/-
4	63/16-17/ 11.07.16	അസ്സോസ്സിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്. പട്ടാമ്പി.	920/-
5	88/16-17/ 09.09.16	അസ്സോസ്സിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച്, ആർ.എ.ആർ.എസ്., കാസർകോഡ്	88,825/-
6	95/16-17/ 19.10.16	സൂപ്രണ്ട്, അഗ്രിക്കൾച്ചർ ഫാം, കഴക്കൂട്ടം.	9,360/-

7	103/13-14/ 15.11.13	ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, വെജ് യ ഫ്രൂട്ട്, മൈത്രി ഭവൻ, കാക്കനാട്.	26,400/-
8	9/14-15/ 20.05.14	സ്പെഷ്യൽ ഓഫീസർ, ATIC, മണ്ണത്തി.	30,400/-
9	16/14-15/ 05.06.14	"	14,250/-
10	20/14-15/ 17.06.14	"	23,275/-
11	39/14-15/ 12.08.14	"	6,175/-
12	40/14-15/ 13.08.14	"	8,550/-
13	46/14-15/ 05.09.14	"	8,550/-
14	53/14-15/ 16.10.14	പ്രൊഫസ്സർ & ഹെഡ്, FSRS, സദാനന്ദപുരം, കൊട്ടാരക്കര.	18,668/-
15	64/14-15/ 23.12.14	"	4,750/-
16	80/14-15/ 11.02.15	അസ്സോസ്സിയേറ്റ് പ്രൊഫസ്സർ & ഹെഡ്, ഇൻഫർമേഷൻ കം സെയിൽസ് സെന്റർ.	54,744/-
		ആകെ	---------- 3,20,767/- =========

3-45 ഒലേരി കൾച്ചർ ഡിപ്പാർട്ട്മെന്റ്

3-45-1 ഇൻവോയ്സുകൾ ക്രമീകരിച്ചിട്ടില്ല

സ്ഥാപനത്തിൽ നിന്നും പച്ചക്കറി വിത്തുകൾ, ഇൻവോയ്സ് പ്രകാരം സർവ്വകലാശാലയുടെ വിവിധ സ്റ്റേഷനുകളിലേയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ഇൻവോയ്സുകൾ ക്രമീകരിച്ചിട്ടില്ല.

ക്രമ നം.	**ഇൻവോയ്സ്**			**ഇൻവോയ്സ് സ്വീകരിച്ച സ്ഥാപനത്തിന്റെ പേര്**
	നമ്പർ	തിയ്യതി	തുക	
1	13/15-16	22.6.15	1615	അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ആർ.എ.ആർ.എസ്., അമ്പലവയൽ.

2	29/15-16	1.10.15	3373	അസോസിയേറ്റ് ഡയറക്ടർ ഓഫ് റിസർച്ച് ആർ.എ.ആർ.എസ്., അമ്പലവയൽ.
3	48/15-16	21.1.16	7125	പ്രൊഫസർ & ഹെഡ് എ.ആർ.എസ്. ചാലക്കുടി.

ആയതിനാൽ ഇൻവോയ്സുകൾ കാലതാമസം കൂടാതെ ക്രമീകരിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, ആയത് ക്രമീകരിച്ച് അറിയിക്കേണ്ടതുമാണ്.

3-46 സെൻട്രൽ ട്രെയിനിങ്ങ് ഇൻസ്റ്റിറ്റ്യൂട്ട്, മണ്ണുത്തി

3-46-1 നാളിതുവരെ മുൻകൂർ ക്രമീകരിച്ചിട്ടില്ല – നടപടികൾ സ്വീകരിക്കേണ്ടതാണ്

കെ.എഫ്.സി. വോള്യം-1 ആർട്ടിക്കിൾ 99 പ്രകാരവും 04/10/11-ലെ ധനവകുപ്പിന്റെ GO(P)No.419/11 ഉത്തരവു പ്രകാരവും മുൻകൂർ തുക കൈപ്പറ്റിയതിന് 3 മാസത്തിനകം ഫൈനൽ ബിൽ (എല്ലാ ചെലവു രേഖകളുമടക്കം) സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ താഴെപ്പറയും പ്രകാരമുള്ള ചെലവിന് മുൻകൂർ കൈപ്പറ്റി നാളിതുവരെ ക്രമീകരിക്കുവാൻ നടപടിക്രമങ്ങളൊന്നും സ്വീകരിച്ചിട്ടില്ല. ആയതിനാൽ മുഴുവൻ തുകയും ക്രമീകരിക്കാത്ത കാലയളവിലേക്ക് (കൈപ്പറ്റിയ തീയതി മുതൽ) പ്രതിവർഷം 18% പിഴപ്പലിശ സഹിതം തിരികെ ഈടാക്കേണ്ടതാണ്.

ക്രമ നം.	അഡ്വാൻസ് കൈപ്പറ്റിയത്	ഉദ്ദേശ്യം	തുക/ ചെക്ക് നമ്പർ/ തീയതി	തീർപ്പാക്കിയത്
1	ഡോ.ജി.അരുളരശൻ, അസിസ്റ്റന്റ് പ്രൊഫസർ, കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി.	'Rodants pest management training'	1,25,000/- ചെ.നം. 010759/ 05/2/16	നാളിതുവരെ തീർപ്പാക്കിയിട്ടില്ല.

3-46-2 <u>അഡ്വാൻസ് തുക കൈപ്പറ്റി മൂന്നു മാസത്തിനകം ക്രമീകരിച്ചിട്ടില്ല. പലിശ കണക്കാക്കി തിരിച്ചു പിടിക്കേണ്ടതാണ്.</u>

ഫിനാൻസ് (എക്സ്പെൻഡിച്ചർ, ബി ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവ് (ജി.ഒ. (പി) നം.419/11 ഫിൻ. തീയതി. തിരുവനന്തപുരം 4/10/11) പ്രകാരവും ആർട്ടിക്കിൾ 99 കെ.എഫ്.സി. വോള്യം 1 പ്രകാരവും മുൻകൂർ തുക കൈപ്പറ്റിയതിന് 3 മാസത്തിനകം ഫൈനൽ ബിൽ (എല്ലാ ചെലവു രേഖകളും സഹിതം) സമർപ്പിച്ചിരിക്കേണ്ടതാണ്. എന്നാൽ താഴെപ്പറയുന്ന ചെലവുകൾക്ക് പ്രസ്തുത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. മേലിൽ മുൻകൂറുകൾ സമയപരിധിക്കകം ക്രമീകരിക്കേണ്ടതാണ്.

ക്രമ നം.	അഡ്വാൻസ് കൈപ്പറ്റിയത്	ഉദ്ദേശ്യം	തുക/ ചെക്ക് നമ്പർ/ തീയതി	തീർപ്പാക്കിയത്
1	ഡോ.പി.രാജേന്ദ്രൻ, ആർ.എ.ആർ.എസ്., കെ.എ.യു. അമ്പലവയൽ	വൊക്കേഷണൽ ടെയിനിങ്ങ് പ്രോഗ്രാം പോസ്റ്റ് ഹാർവസ്റ്റ് & വാല്യു അഡീഷൻ ടെക്നോളജീസ്	58,454/- ചെക്ക് നം.010676/ 23/4/15	സി.ബി.നം. 248/15-16 തീ.15/2/16
2	ഡോ.പി.രാജേന്ദ്രൻ, ആർ.എ.ആർ.എസ്., കെ.എ.യു., അമ്പലവയൽ	ടെക്നിക്ക്സ് ആൻഡ് ആപ്ളിക്കേഷൻസ് ഓഫ് മൈക്രോബയോളജി	33,348/- ചെക്ക് നം.010677/ 24/4/15	CB No. 251/15-16 dt.15/02/16
3	പി.എ.വത്സല, പ്രൊഫസർ&ഹെഡ്, കോളേജ് ഓഫ് ഹോർട്ടിക്കൾച്ചർ	പ്ളാന്റ് ടിഷ്യു കൾച്ചർ & ആപ്ളിക്കേഷൻസ് ഫോർ ടീച്ചേഴ്സ്	12,502/- ചെക്ക് നം. 010679/ 6/5/15	CB No. 110/16-17 തീ.30/9/16
4	അലക്സാണ്ടർ ജോർജ്ജ്, പ്രൊഫസർ&ഹെഡ് സി.ടി.ഐ. മണ്ണുത്തി	എച്ച്.ആർ.ഡി. പ്രോഗ്രാം ഫോർ ടെക്നിക്കൽ, പാരാ, പ്രൊഫഷണൽ & അഡ്മിനിസ്ട്രേഷൻ സ്റ്റാഫ് ഓഫ് കോളേജ് ഓഫ് ഹോർട്ടികൾച്ചർ, വെള്ളാനിക്കര.	50,000/- 010700/ 22/7/15	CB No. 301/15-16/ 31/3/16

5	ഡോ.എ.ലത, അസോസിയേറ്റ് പ്രൊഫസർ, ARS, KAU, മണ്ണുത്തി	സർവ്വീസ് കോഓപ്പറേറ്റീവ് ബാങ്ക് കവിഞ്ഞൽ ഗാർഡൻലാൻഡ് മെക്കനൈസേഷൻ & കൾട്ടിവേഷൻ	1,25,000/- ചെ.നം.010707/ 13/08/15	സി.ബി.നം. 249/15-16/ 04/02/16
6	ഡോ.ഷൈല ജോസഫ്, അസോസിയേറ്റ് പ്രൊഫസർ, എ.ആർ.എസ്., മണ്ണുത്തി	അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ, എ.ആർ.എസ്., മണ്ണുത്തി	1,91,167/- ചെ.നം. 010710/ 3/9/15	സി.ബി.നം. 305/15-16/ 31/3/16
7	ഡോ.എസ്.എസ്നലിറ്റ പ്രൊഫസർ&ഹെഡ് കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി	ട്രെയിനിങ്ങ് പ്രോഗ്രാം ഓൺ മാംഗോ ഫ്ളവറിങ്ങ് & കൾച്ചർ ആപ്ളിക്കേഷൻ	27,000/- ചെക്ക് നം.010712/ 10/9/15	സി.ബി.നം. 138/16-17/ 28/10/16
8	ഡോ.ഷൈല ജോസഫ്, അസിസ്റ്റന്റ് പ്രൊഫസർ, മണ്ണുത്തി	'ഗാർഡൻലാൻഡ് മെക്കനൈസേഷൻ'	010707/ 20/8/15	C.B.No. 237/15-16/ 07/1/16

3-47 കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി.

3-47-1 ക്വട്ടേഷൻ ക്ഷണിക്കാതെയുള്ള വാങ്ങൽ നടപടികൾ-ക്രമവിരുദ്ധം

കേരള സ്റ്റോർ പർച്ചേസ് മാന്വൽ പ്രകാരം 15,000/- രൂപയ്ക്ക് മുകളിൽ വരുന്ന വാങ്ങലുകൾ ക്വട്ടേഷൻ നടപടിക്രമങ്ങൾ അനുസരിച്ചായിരിക്കണം ചെയ്യേണ്ടത്. എന്നാൽ താഴെ സൂചിപ്പിച്ചിരിക്കുന്ന വാങ്ങലുകളിൽ ക്വട്ടേഷൻ നടപടിക്രമങ്ങൾ സ്വീകരിക്കാതെ, സർവ്വകലാശാലയുടെ മറ്റ് കേന്ദ്രങ്ങൾ ക്വട്ടേഷൻ പ്രകാരം വാങ്ങിച്ച നടപടികൾ സ്വീകരിച്ചുകൊണ്ട് ടി സ്ഥാപനങ്ങളിലേക്ക് നേരിട്ട് പർച്ചേസ് ഓർഡറുകൾ നൽകിക്കൊണ്ടാണ് ചെയ്തിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു.

ക്രമ നം.	ബിൽ നം. ചെക്ക് നം.	പ്രോജക്ട് ശീർഷകം	വിശദാംശങ്ങൾ	തുക
1	96/3-15-16 767659/31.03.16	2084	Lumiar Floor Cabinet S.S. (Horizontal Floor)	58,000/-

2	96/3-15-16 767659/31.03.16	2084	Auto Clave (vertical) PG 450 X 600 Chemind, Thrissur.	61,230/-
3	95/3-15-16 767659/31.03.16	2084	Elelctronic Balance, Chemind, Thrissur.	32,632/-
4	69/3-15-16 767646/31-3-16	2067	Laptop and ints accesories, M/s.Gnome, Thrissur.	68,000/-

പർച്ചേസ് മാന്വൽ പ്രകാരമല്ലാത്ത ഇത്തരം വാങ്ങലുകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 04/ 10.02.2017)

3-47-2 നിർമ്മാണ പ്രവൃത്തി - വാറ്റ് ഈടാക്കിയിട്ടില്ല

'6158' എന്ന ശീർഷകത്തിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ടിൽ 2015-16 സാമ്പത്തിക വർഷത്തിൽ 1,92,800/- രൂപ ചെലവഴിച്ചുകൊണ്ട് ഒരു ക്ലൗൺ ഉദ്പ്പാദക യൂണിറ്റ് നിർമ്മിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ബിൽ നം. 29/12-15-16 (231639/22.12.15) പ്രകാരം ശ്രീ. കൃഷ്ണകുമാർ കെ.വി., K&K maintenance & Co., പുതുക്കാട്, തൃശ്ശൂർ എന്നവർക്ക് ടി തുക കൈമാറുകയും ചെയ്തു. എന്നാൽ ടി തുകയിൽ നിന്നും വാറ്റ് ഈടാക്കിയിട്ടില്ല.

ക്ലൗൺ ഉദ്പ്പാദക യൂണിറ്റ് നിർമ്മാണം-ചെലവ് : 1,92,800

വാറ്റ് + സർവ്വീസ് ടാക്സ് 4% : 7,712

മേൽ സൂചിപ്പിച്ച വാറ്റ് തുകയായ 7,712/- രൂപ ശ്രീ. കൃഷ്ണകുമാർ കെ.വി. എന്നവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 6/ 10.02.2017).

3-47-3 റിവോൾവിംഗ് ഫണ്ടുകൾ - വരവിൽ കൂടുതൽ ചെലവ്

കാർഷിക സർവ്വകലാശാലയിലെ റിവോൾവിംഗ് ഫണ്ടിന്റെ മാർഗ്ഗരേഖ (R2/65600/11 dated, 22.11.2012) പ്രകാരം റിവോൾവിംഗ് ഫണ്ടുകൾ "commercially viable and sustainable" ആയിരിക്കണം. എന്നാൽ ടി കേന്ദ്രത്തിൽ പ്രവർത്തിക്കുന്ന റിവോൾവിംഗ് ഫണ്ടുകളുടെ കണക്കുകൾ പരിശോധിക്കുമ്പോൾ രണ്ട് റിവോൾവിംഗ് ഫണ്ടുകളിലും വരവിൽക്കൂടുതൽ ചെലവ് വന്നിരിക്കുന്നതായി കാണുന്നു.

ശീർഷകം	തൻവർഷത്തെ വരവ്	തൻവർഷത്തെ ചെലവ്	വരവിൽ കൂടുതൽ ചെലവ്
6168	1,98,463	2,76,816	78,353
6158	2,11,970	3,48,617	1,36,647

ടി റിവോൾവിങ്ങ് ഫണ്ടുകൾ സ്വയം പര്യാപ്തമാകാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 03/ 09.02.2017).

3-47-4 പൂരം സ്റ്റാൾ നടത്തിപ്പിനു നൽകിയ മുൻകൂർ ക്രമീകരിച്ചിട്ടില്ല -35,000/-

CBV No. : 33/2/15-16 dated, 17.02.2016
CB No. : 203/15-16
തുക : 35,000/-

ഉത്രാളിക്കാവ് പൂരം സ്റ്റാൾ തയ്യാറാക്കുന്നതിനും നടത്തിപ്പിനുമായി പ്രൊഫസർ അരുൾ അരശന് നൽകിയ 35,000/- രൂപയുടെ മുൻകൂർ ഇതുവരേയും ക്രമീകരിച്ചതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ നൽകിയ തുക പലിശ സഹിതം തിരികെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 05/ 10.02.2017).

3-47-5 വാർഷിക കണക്ക് - അപാകതകൾ

3-47-5-1 നീക്കിയിരിപ്പ് തുക-അപാകത

2015-16 വർഷത്തെ ടി കേന്ദ്രത്തിന്റെ ആകെ നീക്കിയിരിപ്പ് തുക 59,07,682.51 ആണ്. 7 ഇനങ്ങളിലെ ആകെ നീക്കിയിരിപ്പ് തുകയാണ് ഇത്.

ക്രമ നം.	ഇനം	തുക
1	കറന്റ് അക്കൗണ്ട്	25,49,558.65
2	ഇന്റേർണൽ രസീപ്റ്റ് അക്കൗണ്ട്	7,324.86
3	RF (അക്കൗണ്ട് ഭൗമജീവകം)	52,430.00
4	RF Muzhroom	1,18,120.00
5	EAP അക്കൗണ്ട്	46,846.00
6	Agri FIESTA അക്കൗണ്ട്	21,16,100.00
7	Cash Book	10,17,303.00
ആകെ		**59,07,682.51**

മേൽ സൂചിപ്പിച്ച അക്കൗണ്ടുകളിൽ ക്രമ നമ്പർ 5,6,7 എന്നീ ഇനങ്ങളിൽ വരുന്ന 46846/-, 2116100/-, 1017303/- എന്നീ തുകകൾ മാന്വലായി സൂക്ഷിക്കുന്ന ക്യാഷ് ബുക്കുമായി ഒത്തു പോകുന്നില്ല. (As per Cash Book Cash Book : 153/-, EAP : Nil, Agri FIESTA : 3004) ടി വ്യത്യാസങ്ങൾ പരിശോധിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

3-47-5-2 പിൻവലിച്ച തുക – വ്യത്യാസം

UFAST വാർഷിക സംക്ഷിപ്തം പ്രകാരം 2015-16 വർഷത്തെ ആകെ പിൻവലിച്ച തുക 2,36,98,089/- ആണ് എന്നാൽ UFAST ൽ തന്നെ തയ്യാറാക്കിയിട്ടുള്ള Annual

Bank & Cash A/c Summary പ്രകാരം ആകെ പിൻവലിച്ച തുക 2,62,57,204/- രൂപയാണ്.

UFAST Annual Abstract പ്രകാരം	UFAST Annual Bank & Cash Summary	വ്യത്യാസം
2,36,98,089	2,62,57,204	25,59,115

യൂ ഫാസ്റ്റ് പ്രകാരം തയ്യാറാക്കിയിട്ടുള്ള ടി സ്റ്റേറ്റ്മെന്റുകളിൽ കാണുന്ന പിൻവലിച്ച തുകയിലുള്ള വ്യത്യാസം പരിശോധിക്കുകയും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

(ഓഡിറ്റ് അന്വേഷണം നമ്പർ 02/ 07.02.2017).

3-48 കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി പ്രസ്സ്, മണ്ണുത്തി.

3-48-1 സാങ്കേതിക വിഭാഗം സ്ഥിരം ജീവനക്കാരുടെ കുറവ് പ്രസ്സിന്റെ പ്രവർത്തനത്തെ ബാധിക്കുന്നു.

ടെക്സ്റ്റ് ബുക്കുകൾ, ടെക്നിക്കൽ ബുള്ളറ്റിനുകൾ, റിസർച്ച് ജേണൽ, മാഗസിനുകൾ, ആന്വൽ റിപ്പോർട്ട്, രശീതി ബുക്ക്, ചോദ്യപേപ്പറുകൾ എന്നിവയുടെ അച്ചടി ജോലികളാണ് പ്രസ്സിൽ ചെയ്തുവരുന്നത്. എന്നാൽ അച്ചടി ജോലികൾ ചെയ്യേണ്ട സാങ്കേതിക വിഭാഗം ജീവനക്കാരുടെ കുറവ് പ്രസ്സിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. നിലവിലുള്ള സാങ്കേതിക വിഭാഗം ജീവനക്കാരുടെ വിവരം ചുവടെ ചേർക്കുന്നു.

ക്രമ നം.	തസ്തിക	അനുവദിച്ചത്	നിലവിലുള്ളത്	ഒഴിവ്
1	പ്രസ്സ് മാനേജർ	1	0	1
2	ജനറൽ ഫോർമാൻ	1	0 1 (കരാർ നിയമനം)	1
3	സീനിയർ ഫോർമാൻ	1	0	1

4	ജൂനിയർ ഫോർമാൻ	1	0 1 (ഡെപ്യൂട്ടേഷൻ)	1
5	പ്രൂഫ് റീഡർ	2	0 1 (കരാർ നിയമനം) 1 (ദിവസ വേതനം)	2
6	കംപ്യൂട്ടർ	1	0	1
7	പ്രിന്റേർസ്	8	0 4 (കരാർ നിയമനം)	8
8	കംപോസിറ്റർ (ഡി.റ്റി.പി. ഓപ്പറേറ്റർ)	5	0 2 (കരാർ നിയമനം) 1 (ദിവസ വേതനം)	5
9	ബൈൻഡർ	10	0 4 (കരാർ നിയമനം) 2 (ദിവസ വേതനം)	10
10	ഹെൽപ്പർ	1	1 (സ്ഥിരം നിയമനം)	0

മേൽ സാങ്കേതിക വിഭാഗം തസ്തികയിൽ ഹെൽപ്പർ തസ്തികയിൽ മാത്രമാണ് സ്ഥിരം ജീവനക്കാരുള്ളത്. പ്രസ്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി സാങ്കേതിക തസ്തികയിൽ സ്ഥിരം ജീവനക്കാരെ നിയമിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 01/ 09.02.2017).

3-48-2 <u>ഉപയോഗശൂന്യമായ ഉപകരണങ്ങൾ ലേലം ചെയ്ത് ഒഴിവാക്കേണ്ടതാണ്</u>

